# എന്റെ പേർ അരം



032,6
K5

…ില്യ… …രോയൻ

MUL
288586

# എന്റെ പേര് ആരം

(Malayalam)

Ente Per Aram

My Name is Aram

Novel

**By WILLIAM SAROYAN**

Translated by

E. K. PURUSHOTHAMAN, M. A.

First Published January 1965

Printed at

INDIA PRESS, KOTTAYAM

Price Rs. 1·50

Publishers:

**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:

NATIONAL BOOK STALL

Kottayam Kerala State India

# എന്റെ പേർ ആരം

വില്യം സരോയൻ

വിവർത്തനം

ഈ. കെ. പുരുഷോത്തമൻ, എം. എ.

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 1.50

University Grants Commission

MY NAME IS ARAM

by WILLIAM SAROYAN

Original Publisher: HARCOURT, BRACE & Co.

Copyright 1937, 1938, 1939, 1940 by
WILLIAM SAROYAN

Copyright, 1961 by BANTAM BOOKS; INC.

288586

032,6

K5

MADRAS UNIVERSITY LIBRARY
7 MAR 2003
CHENNAI-600 005

S1677 B1031 49/64-65 1-2000

ലേഖകൻ, 1915 മുതൽ 1925 വരെയുള്ള ഭൂതകാലത്തിലെ, താൻ ഏഴുവയസ്സായി ഈ ലോകത്തിലെ ഒരു പ്രത്യേകവ്യക്തിയായി ജീവിക്കാൻ തുടങ്ങിയതുമുതൽ, പതിനേഴാം വയസ്സിൽ സ്വന്തം ജന്മദേശം വിട്ട് ലോകത്തിൻെറ മററു ചില ഭാഗങ്ങളിലേക്കു പോയതുവരെയുള്ള കാലഘട്ടത്തിലെ, മധുരസ്മരണകൾ, കാലിഫോർണിയായിലെ ഫ്രെസ്നോവിലുള്ള ജനങ്ങൾക്കും, ആ കാലത്തു് അവിടെയുണ്ടായിരുന്ന കുടുംബാംഗങ്ങൾക്കും—എന്നു പറഞ്ഞാൽ ആഹ്ലാദപൂർവ്വം ചിരിക്കാൻ വകനൽകുന്ന ഒരു ജനസഞ്ചയത്തെ ഉൾക്കൊള്ളുന്ന അസുന്ദരമായ ഒരു കൊച്ചു പട്ടണത്തിനും, മുഴുവൻ മനുഷ്യവർഗ്ഗത്തേയും ഉൾക്കൊള്ളുന്ന അഭിമാനികളും കോപിഷ്ഠരും ആയ സരോയന്മാർക്കും—സമർപ്പിക്കുകയാണു്.

## ഉള്ളടക്കം

അഴകുള്ള ഒരു വെള്ളക്കുതിരയുമൊത്ത്
കഴിച്ച ഒരു വേനൽക്കാലം 9

ഹാൻഫോർഡിലേക്ക് ഒരു യാത്ര 23

മാതളനാരകങ്ങൾ 39

'നമ്മുടെ ഭാവികവികളിൽ ഒരാൾ
എന്നു പറയാം' 56

അമ്പതുവാര ഓട്ടം 61

പഴയ രീതിയിലുള്ള നല്ലൊരു പ്രേമകഥ—
പ്രേമഗാനങ്ങളും മറ്റും ഒത്തിണങ്ങിയത് 73

എന്റെ മാതുലപുത്രനായ ദിക്രാൻ—ഒരു വാഗ്മി 86

പ്രെസ്ബിറ്റേറിയൻ പള്ളിയിലെ
ഗായകസംഘം 98

സക്സസ്സ് 115

മൂന്നു നീന്തൽക്കാരും യേലിൽനിന്നുള്ള
ഒരു കച്ചവടക്കാരനും 126

ഒജിബ്‌വേവംശക്കാരനായ
ലോക്കോമൊട്ടീവ് 38 140

അമേരിക്കൻയാത്രക്കാരനു ലഭിച്ച ഒരു
പഴഞ്ചൻ ഉപദേശം 156

ദുഃഖിതനും പാവപ്പെട്ടവനും ആയ അറബി 160

അവിശ്വാസികളോട് ഒരു വാക്ക് 172

# അഴകുള്ള ഒരു വെള്ളക്കുതിരയുമൊത്ത് കഴിച്ച ഒരു വേനൽക്കാലം

ലോകം അത്ഭുതങ്ങളുടെ കൂത്തരങ്ങും ജീവിതം മനോഹരമായ ഒരു സ്വപ്നവും ആയി അനുഭവപ്പെട്ടിരുന്ന ആ നല്ലകാലത്തൊരുദിവസം—അന്നെനിക്ക് ഒമ്പതു വയസ്സായിരുന്നു—എന്റെ മാതുലപുത്രന്മാരിൽ ഒരാളായ മുറാദ്ദചേട്ടൻ വെളുപ്പിന് നാലുമണിക്ക് എന്റെ വീട്ടിൽ വന്ന് എന്നെ വിളിച്ചുണർത്തി. ഞാനൊഴികെ, മുറാദിനെ പരിചയമുണ്ടായിരുന്നവരെല്ലാം അയാളെ ഒരു പിരിയനായാണ് കണക്കാക്കിയിരുന്നതു്.

എന്റെ മുറിയുടെ ജനാലയ്ക്കു പുറത്തുനിന്ന് അയാൾ വിളിച്ചു: "ആരം!"

ഞാൻ കിടക്കയിൽനിന്നു ചാടിയെഴുന്നേററു് ജനാലയ്ക്കു പുറത്തേക്കു നോക്കി.

ഞാൻ കണ്ടതു് എനിക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല.

നേരം വെളുത്തുകഴിഞ്ഞിരുന്നില്ല. പക്ഷേ, അതു വേനൽക്കാലമായിരുന്നു. പ്രഭാതം പൊട്ടിവിടരാൻ ഏതാനും നിമിഷങ്ങളേ വേണ്ടിയിരുന്നുള്ളുതാനും. അതുകൊണ്ട് ഞാൻ സ്വപ്നം കാണുകയല്ലെന്നു ബോദ്ധ്യമാകുവാൻ വേണ്ടത്ര വെളിച്ചം ഉണ്ടായിരുന്നു.

മുറാദ്ചേട്ടൻ ഭംഗിയുള്ള ഒരു വെള്ളക്കുതിരപ്പുറത്തിരിക്കയാണു്.

ഞാൻ ജനാലയിലൂടെ തല പുറത്തേക്കിട്ടു. ഒരു പക്ഷേ, ഞാൻ സ്വപ്നം കാണുകയാകാം. പക്ഷേ, ഞാൻ അതു ശരിക്കും കണ്ടതുതന്നെയാണു്.

മുറാദ് ആർമീനിയൻഭാഷയിൽ പറഞ്ഞു: "അതേടോ. ഇതൊരു കുതിരയാണു്. നീ സ്വപ്നം കാണുകയൊന്നുമല്ല. ഇതിന്മേൽ സവാരിചെയ്യണമെങ്കിൽ വേഗം വന്നോ."

ഭാഗ്യംകൊണ്ടു് ഈ ലോകത്തിൽവന്നു പിറക്കാൻ ഇടയായിട്ടുള്ളവരിൽ ആരെക്കാളും കൂടുതലായി ജീവിതം ആസ്വദിക്കുന്ന ആളാണു് മുറാദ് എന്നെനിക്കു് അറിയാമായിരുന്നു. എങ്കിലും ഇതു് എനിക്കുകൂടി വിശ്വസിക്കാൻ പ്രയാസമായ ഒന്നായിരുന്നു.

ഒന്നാമതു്, എന്റെ ആദ്യകാലസ്വപ്നങ്ങളെല്ലാം കുതിരകളെപ്പററിയുള്ളവയായിരുന്നു. അതേപോലെ എനിക്കെന്നുമുണ്ടായിരുന്ന ഒരു കൊതി, കുതിരസ്സവാരി ചെയ്യണമെന്നതും.

എന്റെ ആവേശത്തിനു കാരണം ഇതായിരുന്നു.

രണ്ടാമതു്, ഞങ്ങൾ ദരിദ്രരായിരുന്നു.

അതുകൊണ്ടാണു്, ഞാൻ കണ്ടതു വിശ്വസിക്കുവാൻ എനിക്കു പ്രയാസം തോന്നിയതു്.

ഞങ്ങൾ ദരിദ്രരായിരുന്നു. ഞങ്ങൾക്കു പണം ഉണ്ടായിരുന്നില്ല. ഗാരോഗ്ലാനിയൻ കുടുംബം മുഴവൻതന്നെ നിർദ്ധനരായിരുന്നു. ഞങ്ങളുടെ ഭക്ഷണത്തിനു് ആവശ്യമായ പണം എവിടെനിന്നു കിട്ടിയിരുന്നു എന്നു് ആക്കും ഒരിക്കലും പറയാൻ കഴിഞ്ഞിരുന്നില്ല; കുടുംബത്തിലെ പ്രായംചെന്നവക്കുപോലും അക്കാര്യം അറിഞ്ഞുകൂടായി

രുന്നു. ഇങ്ങനെയാണെങ്കിലും ഏററവും മുഖ്യമായ സംഗതി, ഒരിക്കലും മോഷണം നടത്തിയിട്ടില്ല എന്ന പ്രശസ്തി ഞങ്ങൾ നേടിയിരുന്നു എന്നതാണു്. ഇക്കാര്യത്തിൽ ഏതാണ്ടൊരു പത്തു നൂററാണ്ടുകാലത്തെ പ്രശസ്തിതന്നെ ഞങ്ങൾക്കുണ്ടു്. ഞങ്ങൾ ലോകമെന്നു കണക്കാക്കിപ്പോന്ന പ്രദേശത്തെ ഏററവും സമ്പന്നമായ കുടുംബം ഞങ്ങളുടേതായിരുന്ന കാലത്തും ആ പ്രശസ്തി ഉണ്ടായിരുന്നു. ഇതിൽ ഞങ്ങൾ അഭിമാനംകൊണ്ടു. ശരിയിലും തെററിലും ഞങ്ങൾ വിശ്വസിച്ചിരുന്നു. ഞങ്ങളിൽ ഒരാൾ പോലും കളവു നടത്തുകയില്ല.

അതുകൊണ്ടു്, എനിക്കു് ആ കുതിരയെ കാണാമായിരുന്നിട്ടും, അതിന്റെ ശബ്ദം കേൾക്കാമായിരുന്നിട്ടും, മുറാദുചേട്ടനോ, എനിക്കോ, അല്ലെങ്കിൽ ഞങ്ങളുടെ കുടുംബത്തിൽ ഉണർന്നിരിക്കുന്നതോ ഉറങ്ങിക്കിടക്കുന്നതോ ആയ മററുവല്ലവക്കുമോ, ആ കുതിരയുമായി എന്തെങ്കിലും ബന്ധമുണ്ടെന്നു വിശ്വസിക്കാൻ കഴിഞ്ഞില്ല. കാരണം, ഒരു കുതിരയെ വാങ്ങാൻ വേണ്ടത്ര പണം മുറാദുചേട്ടന്റെ കൈവശം ഉണ്ടാവാൻ ഇടയില്ല എന്നെനിക്കറിയാമായിരുന്നു. കുതിരയെ വാങ്ങാൻ പണമില്ല; അതിനെ കട്ടെടുക്കുകയുമില്ല. എങ്കിൽ അതു പിന്നെ എങ്ങനെ ഇവിടെ വന്നു?

ഞാൻ ആദ്യം മുറാദുചേട്ടന്റെ മുഖത്തേക്കു നോക്കി; പിന്നെ കുതിരയുടെ നേരെയും.

ഞാൻ ചോദിച്ചു: "എവിടെനിന്നു കട്ടെടുത്തു ഈ കുതിരയെ?"

"സവാരിചെയ്യണമെങ്കിൽ ജനാലയിലൂടെ ചാടിവാ," എന്നായിരുന്നു അയാളുടെ ഉത്തരം.

അപ്പോൾ അതു സത്യമാണു്. കുതിരയെ അതിന്റെ

ഉടമസ്ഥന്റെ പക്കൽനിന്നു് മുറാദ് തട്ടിക്കൊണ്ടു വന്നിരിക്കയാണു്. അതേപ്പററി സംശയമേയില്ല. അയാൾ വന്നിരിക്കുന്നതു് എനിക്കു സവാരിചെയ്യണോ വേണ്ടയോ എന്നു ചോദിക്കാനാണു്.

ശരി, ഒന്നു സവാരിചെയ്യാൻവേണ്ടി ഒരു കുതിരയെ മോഷ്ടിക്കുന്നതു്, മററന്തെങ്കിലും, പണമോ മറ്റോ, മോഷ്ടിക്കുന്നതുപോലെയല്ലെന്നു് എനിക്കു തോന്നി. ഞാൻ ആലോചിച്ചേടത്തോളം, വാസ്തവത്തിൽ അതു കളവേയല്ലായിരിക്കാം. എന്നേയും മുറാദിനേയുംപോലെ കുതിരക്കമ്പമുള്ളവരെ സംബന്ധിച്ചേടത്തോളം അതു് ഒരു കളവല്ലതന്നെ. ഞങ്ങൾ ആ കുതിരയെ വില്ക്കാൻ ശ്രമിക്കാത്തേടത്തോളംകാലം അതു് ഒരിക്കലും കളവായി തീരുകയില്ല. ആ കുതിരയെ വില്ക്കുക എന്നതു് ഒരിക്കലും സംഭവിക്കുകയുമില്ല.

"ഞാൻ എന്തെങ്കിലും എടുത്തിടട്ടെ," ഞാൻ പറഞ്ഞു.

"ശരി, പക്ഷേ, വേഗം വേണം," മുറാദ് മറുപടി പറഞ്ഞു.

ഞാൻ എന്റെ ഉടുപ്പുകൾ വലിച്ചുവാരി ഇട്ടു; എന്നിട്ടു ജനാലയിലൂടെ പുറത്തേക്കു ചാടി; അതിനുശേഷം കുതിരപ്പുറത്തു ചാടിക്കയറി മുറാദിന്റെ പിറകിൽ ഇരിപ്പുറപ്പിച്ചു.

അക്കൊല്ലം ഞങ്ങൾ പട്ടണത്തിന്റെ അതിർത്തിയിലാണു് താമസിച്ചിരുന്നതു്. ഞങ്ങളുടെ വീടിന്റെ പിറകിൽ വിജനമായ ഭൂവിഭാഗങ്ങളായിരുന്നു. മൂന്നു മിനിട്ടിനുള്ളിൽ ഞങ്ങൾ പട്ടണത്തിൽനിന്നു പുറത്തുകടന്നു. അതോടെ കുതിര പായാൻ തുടങ്ങി. തെളിഞ്ഞ, രമണീയമായ അന്തരീക്ഷം. ഓട്ടുന്ന കുതിരപ്പുറത്തിരിക്കുന്ന അനു

ഭവം തികച്ചും ആവേശകരമായിരുന്നു. ഞങ്ങളുടെ കുടുംബത്തിലെ ഏററവും വലിയ പിരിയന്മാരിൽ ഒരാളെന്നു പരിഗണിക്കപ്പെട്ടിരുന്ന മുറാദ് പാടാൻ തുടങ്ങി—എന്നു പറഞ്ഞാൽ അയാൾ തൊള്ള തുറക്കാൻ തുടങ്ങിയെന്നർത്ഥം.

ഓരോ കുടുംബത്തിലും അല്പം പിരിയഴഞ്ഞ ഒരംഗം കാണും. ഞങ്ങളുടെ കുടുംബത്തിലെ പിരിയൻ മുറാദു ചേട്ടനായിരുന്നു. മുറാദിനുമുമ്പ്, അതു് കൊസ്രോവമ്മാവനായിരുന്നു. കറുകറുത്ത തലമുടിയുള്ള വളരെ വലിയ ഒരു മനുഷ്യൻ. "അതു സാരമില്ല," എന്നു് ഉച്ചത്തിൽ പറഞ്ഞുകൊണ്ടു് ആരേയും സംസാരമദ്ധ്യേ തടയുന്ന ഒരാൾ.

പറഞ്ഞുവരുന്നതു് എന്തു കാര്യത്തെപ്പററിയാണെന്നു് അദ്ദേഹത്തിനു ചിന്തയുണ്ടായിരുന്നില്ല. ഒരിക്കൽ അദ്ദേഹത്തിൻെറ സ്വന്തം മകൻ വീട്ടു തീപിടിച്ച കഥ അറിയിക്കാൻ പീടികയിലായിരുന്ന അച്ഛൻെറ അട്ടത്തേക്കു് ഓടിച്ചെല്ലുകയുണ്ടായി. കൊസ്രോവമ്മാവൻ അലറിയത്രെ, "അതു സാരമില്ല."

മുറാദിനു് ഞങ്ങളുടെ കുടുംബത്തിൽ ഈ മനുഷ്യനോടായിരുന്നു ഏറ്റവും അടുപ്പം—മുറാദിൻെറ അച്ഛൻ സോറാബ്, കുഴപ്പമൊന്നുമില്ലാത്ത ഒരു സാധാരണ മനുഷ്യനായിരുന്നെങ്കിലും, ഞങ്ങളുടെ കുടുംബത്തിൽ അങ്ങനെയായിരുന്നു. ഒരാൾക്കു തൻെറ മകനെ സംബന്ധിച്ചേടത്തോളം ശാരീരികമായ പിതൃത്വമുണ്ടെങ്കിലും ആത്മീയമായ പിതൃത്വം ലഭിച്ചുവെന്നുവരില്ല.

ഞങ്ങൾ കുതിരസ്സവാരി തുടൎന്നു; മുറാദ് തൻെറ പാട്ടും. ഞങ്ങളെ സംബന്ധിച്ചേടത്തോളം ഞങ്ങൾ, ഞങ്ങളുടെ ചില അയൽക്കാർ പറയാറുണ്ടായിരുന്ന,

ഞങ്ങളുടെ ആ പൂർവ്വികരാജ്യത്തായിരുന്നു. കുതിരയെ അതിനുവേണ്ടിടത്തോളം ഓടാൻ ഞങ്ങൾ വിട്ടു.

ഒടുവിൽ മുറാദ്ദചേട്ടൻ പറഞ്ഞു: "താഴെ ഇറങ്ങ്. എനിക്ക് ഒററയ്ക്കൊന്ന് സവാരി ചെയ്യണം."

"എന്നെ ഒററയ്ക്കു സവാരി ചെയ്യാൻ സമ്മതിക്കുമോ?" ഞാൻ ചോദിച്ചു.

"അതു കുതിരയാണു തീരുമാനിക്കേണ്ടതു്. ഏതായാലും ഇപ്പോൾ താഴെ ഇറങ്ങ്."—മുറാദ്ദചേട്ടൻ പറഞ്ഞു.

"ഞാൻ സവാരിചെയ്യാൻ കുതിര സമ്മതിക്കും," ഞാൻ മറുപടി പറഞ്ഞു.

ചേട്ടൻ പറഞ്ഞു: "നമുക്കു നോക്കാം. എനിക്കു കുതിരകളെയെല്ലാം നല്ലവണ്ണം അറിയാം എന്ന സംഗതി നീ മറന്നുകളയല്ലേ."

"കുതിരകളെപ്പററി തനിക്കറിയാവുന്നതെല്ലാം എനിക്കും അറിയാം," ഞാൻ പ്രതിവചിച്ചു.

"തന്റെ രക്ഷയ്ക്കുവേണ്ടി നമുക്കു തല്ക്കാലം അങ്ങനെ വിശ്വസിക്കാം. ഇപ്പോൾ താഴത്തേക്കു് ഇറങ്ങ്," ചേട്ടൻ പറഞ്ഞു.

"ശരി, പക്ഷേ, ഒറ്റയ്ക്കു് ഈ കുതിരയെ ഒന്നു് ഓടിക്കാമോ എന്നു പരീക്ഷിക്കാൻ എന്നെ അനുവദിക്കണമെന്ന കാര്യം താൻ ഓർമ്മിക്കണം കെട്ടോ," ഞാൻ പറഞ്ഞു.

ഞാൻ കുതിരപ്പുറത്തുനിന്നിറങ്ങി. മുറാദ്ദചേട്ടൻ വിളിച്ചുകൂകി, "ഓട്ട്." കുതിര അതിന്റെ പിൻകാലിന്മേൽ ഉയന്നു നിന്നു; എന്നിട്ടു് ഞാൻ അതുവരെ കണ്ടിട്ടുള്ളതിലും വേഗത്തിൽ പായാൻ തുടങ്ങി. മുറാദ്ദചേട്ടൻ ആ കുതിരയെ ഉണങ്ങിക്കിടക്കുന്ന പാടങ്ങളിലൂടെ, ഒരരുവിക്കരയിലേക്കു് ഓടിച്ചു; ആ അരുവിയുടെ മറുകരയ്ക്കു്

അയാൾ കടന്നു; എന്നിട്ട് അഞ്ചുമിനിട്ടിന്നുള്ളിൽ മേലാകെ നനഞ്ഞുകുളിച്ച് അയാൾ മടങ്ങിയെത്തി.

സൂര്യൻ ഉദിച്ചുയരുകയായിരുന്നു.

“ഇനി എൻെറ ഊഴമാണ്,” ഞാൻ പറഞ്ഞു.

മുറാദ്ദചേട്ടൻ കുതിരപ്പുറത്തുനിന്നിറങ്ങി. “ഓടിച്ചോ,” അയാൾ പറഞ്ഞു.

ഞാൻ കുതിരപ്പുറത്തേക്കു ചാടിക്കയറി. നിങ്ങൾക്ക് ആലോചിക്കാവുന്നതിൽവച്ച് ഏററവും വലിയ ഭയം, ഒരു നിമിഷനേരത്തേക്ക് എന്നെ പിടികൂടി. കുതിര അനങ്ങിയതേയില്ല.

മുറാദ്ദചേട്ടൻ ചോദിച്ചു: “നീ എന്തുംനോക്കിയാണ് ഇരിക്കുന്നതു്? ആളുകളെല്ലാം ഉണൎന്നെഴുന്നേല്ക്കുന്നതിനു മുമ്പ് നമുക്കിവനെ മടക്കിക്കൊണ്ടുപോണം.

അപ്പോഴേക്കു, കുതിര ഒരിക്കൽക്കൂടി അതിൻെറ പിൻകാലുകളിൽ നിവൎന്നുനിന്നു. തുടൎന്ന്, അതു് ഓടാൻ തുടങ്ങി. എന്താണു ചെയ്യേണ്ടതെന്ന് എനിക്കറിഞ്ഞുകൂടായിരുന്നു. പാടത്തിലൂടെ അരുവിക്കരയിലേക്ക് ഓടേണ്ടതിനു പകരം ആ കുതിര, നിരത്തിലൂടെ ദിക്രാൻ ഹലാബിയൻെറ മുന്തിരിത്തോട്ടത്തിലേക്കു ചെന്നു്, മുന്തിരിവള്ളികൾ കവച്ചുചാടാൻ തുടങ്ങി. അതു് ഏഴു മുന്തിരിവള്ളികളുടെ മീതേകൂടി ചാടിയപ്പോഴേക്ക് ഞാൻ താഴെ വീണുപോയി. കുതിര അതിൻെറ ഓട്ടം തുടൎന്നു.

മുറാദ്ദചേട്ടൻ നിരത്തിലൂടെ ഓടിവന്നു. അയാൾ വിളിച്ചുപറഞ്ഞു: “ആ കുതിരയെ പിടിക്കാതെ പറ്റില്ല. നീ ഈ വഴിയേ ഓടിക്കോ, ഞാൻ ഇതിലേ പോകാം. നിനക്കതിനെ പിടികിട്ടിയാൽ ഉപദ്രവിക്കാതെ. ഞാൻ ഉടനെ വന്നെത്തിക്കോളാം.”

ഞാൻ നിരത്തിലൂടെ ഓട്ടം തുടന്നു. മുറാദുചേട്ടൻ പാടം മുറിച്ചുകടന്നു് അരുവിക്കരയിലേക്കും ഓടി.

അരമണിക്കൂർ വേണ്ടിവന്നു അയാൾക്കു കുതിരയെ കണ്ടുപിടിച്ചു കൊണ്ടുവരാൻ.

"ചാടിക്കയറിക്കോ," അയാൾ പറഞ്ഞു. എല്ലാവരും ഉണരുന്നേഴുന്നേററു കഴിഞ്ഞു.

"നമ്മൾ എന്തു ചെയ്യും?" ഞാൻ അന്വേഷിച്ചു.

മുറാദുചേട്ടൻ പറഞ്ഞു: "ഒന്നുകിൽ ഇവനെ മടക്കി കൊണ്ടുപോകണം. അല്ലെങ്കിൽ നാളെ നേരം വെളുക്കുന്നതുവരെ ആരും കാണാത്ത ഒരിടത്തു് ഇതിനെ ഒളിപ്പിച്ചു നിർത്തണം."

അയാൾ അതിനെ മടക്കിക്കൊണ്ടുകകയില്ലെന്നും, ആരും കാണാത്തൊരിടത്തു സൂക്ഷിക്കുകയേ ഉള്ളുവെന്നും എനിക്കറിയാമായിരുന്നു; കുറേക്കാലത്തേക്കെങ്കിലും.

"നമ്മൾ ഇതിനെ എവിടെ സൂക്ഷിക്കും?" ഞാൻ ആരാഞ്ഞു.

"എനിക്കൊരു സ്ഥലം അറിയാം," അയാൾ മറുപടി പറഞ്ഞു.

"എത്ര കാലമായി താൻ ഈ കുതിരയെ കട്ടെടുത്തിട്ടു്?" ഞാൻ അന്വേഷിച്ചു.

കഴിഞ്ഞ കുറെ ദിവസമായിട്ടു് മുറാദുചേട്ടൻ ഈ സവാരി നടത്തുന്നുണ്ടായിരിക്കണമെന്നും, കുതിരസ്സവാരി ചെയ്യാനുള്ള എന്റെ അത്യാഗ്രഹം അറിയാമായിരുന്നതുകൊണ്ടു മാത്രമാണു്, ഇന്നു രാവിലെ എന്നെ വിളിക്കാൻ വന്നതെന്നും, പെട്ടെന്നു് എനിക്കൊരു ഭൂതോദയമുണ്ടായി.

"കുതിരയെ കട്ടതാണെന്നു് ആരാ പറഞ്ഞേ?" ചേട്ടൻ ചോദിച്ചു.

"അതു പോട്ടെ, ഈ രാവിലെയുള്ള സവാരി തുടങ്ങിയിട്ട് എത്ര ദിവസമായി?" ഞാൻ അന്വേഷിച്ചു.

"ഇന്നു രാവിലെയേ തുടങ്ങിയുള്ളു," മുറാദ് ചേട്ടൻ മറുപടി പറഞ്ഞു.

"സത്യമാണോ പറയുന്നേ?" ഞാൻ ചോദിച്ചു.

"തീർച്ചയായും അല്ല," ചേട്ടൻ സമ്മതിച്ചു. "പക്ഷേ, നമ്മെ ആരെങ്കിലും കണ്ടുപിടിച്ചുപോയാൽ അതാണ് പറയേണ്ടതെന്നർത്ഥം. നമ്മൾ രണ്ടുപേരും നുണ പറയണമെന്നെനിക്കില്ല. നമ്മൾ കുതിരസ്സവാരി തുടങ്ങിയതു് ഇന്നു രാവിലെയാണെന്നു മാത്രമേ നിനക്കറിയൂ. മനസ്സിലായോ?"

"ശരി," ഞാൻ സമ്മതിച്ചു.

പഴയ ഒരു മുന്തിരിത്തോട്ടത്തിലെ തൊഴുത്തിലേക്കു്, മുറാദുചേട്ടൻ കുതിരയെ നടത്തിക്കൊണ്ടുപോയി. ഫെറ്റവാജിയൻ എന്നൊരു കർഷകൻേറതായിരുന്നു, മുമ്പൊരു കാലത്തു് ആ തോട്ടം.

ഞങ്ങൾ വീട്ടിലേക്കു നടന്നു.

ചേട്ടൻ പറഞ്ഞു: "കുതിരയെ പായിക്കുന്നതു് അത്ര എളുപ്പമുള്ള പണിയൊന്നുമല്ല. പക്ഷേ, ഞാൻ പറഞ്ഞില്ലേ, എനിക്കു കുതിരകളെ നല്ലവണ്ണം അറിയാം. എനിക്കാവശ്യമുള്ളതെല്ലാം കുതിരയെക്കൊണ്ടു ചെയ്യിക്കാൻ എനിക്കു കഴിയും. കുതിരകൾക്കു് എന്റെ ഇംഗിതം മനസ്സിലാകും."

"എങ്ങനെയാണതു സാധിക്കുക?" ഞാൻ അന്വേഷിച്ചു.

"ഞാനും കുതിരയും തമ്മിലൊരു ധാരണയിലെത്തും," ചേട്ടൻ പറഞ്ഞു.

"എന്തുതരത്തിലുള്ള ധാരണ?" ഞാൻ ചോദിച്ചു.

"ലളിതവും യഥാർത്ഥവുമായ ഒന്നു്," ചേട്ടൻ മറു പടി പറഞ്ഞു.

"കുതിരകളുമായി അങ്ങനെയൊരു ധാരണയിലെത്തുന്നതെങ്ങനെയെന്നു പഠിച്ചാൽ കൊള്ളാമായിരുന്നു," ഞാൻ പറഞ്ഞു.

മുറാദ് പറഞ്ഞു: "നീ ഇപ്പോഴും ഒരു ചെറിയ കുട്ടിയാണ്. നിനക്കൊരു പതിമ്മൂന്നു വയസ്സാകുമ്പോഴേക്ക് അതു നിനക്കു മനസ്സിലാകും?"

ഞാൻ വീട്ടിൽ മടങ്ങിയെത്തി, വമ്പിച്ചൊരു പ്രാതൽ അകത്താക്കി.

അന്നു വൈകുന്നേരം കൊസ്രോവമ്മാവൻ വീട്ടിൽ വന്നു. പുക വലിച്ചുകൊണ്ടും പൃഥ്വികരാജ്യത്തെ കഥകൾ പറഞ്ഞുകൊണ്ടും അദ്ദേഹം അങ്ങനെയിരുന്നു. അപ്പോഴേക്കു മറെറാരു സന്ദർശകൻ അവിടെയെത്തി. ജോൺ ബൈറോ എന്നൊരു കൃഷിക്കാരനായിരുന്നു അതു്. അയാൾ കുറച്ചുനേരം പുകയുംവലിച്ചിരുന്നു. എന്നിട്ട് വിഷാദത്തോടെ പറഞ്ഞു: "കഴിഞ്ഞമാസം കളവുപോയ എൻെറ വെള്ളക്കുതിരയെ ഇതുവരെ കണ്ടുകിട്ടിയില്ല. എനിക്കിതു മനസ്സിലാക്കാൻ കഴിയുന്നില്ല."

കൊസ്രോവമ്മാവൻ വമ്പിച്ച കോപത്തോടെ അലറി: "അതു സാരമില്ല. ഒരു കുതിര നഷ്ടപ്പെട്ടാൽ എന്താ? നമുക്കു നമ്മുടെ മാതൃഭൂമിതന്നെ നഷ്ടപ്പെട്ടില്ലേ? പിന്നെ ഒരു കുതിരയെ ചൊല്ലിയുള്ള ഈ കരച്ചിൽ എന്തിനാണു്?"

ജോൺ ബൈറോ പറഞ്ഞു: "പട്ടണത്തിൽ താമസിക്കുന്ന നിങ്ങൾക്കു് അങ്ങനെയൊക്കെപ്പറയാം. പക്ഷേ, ഒരു കുതിരയെക്കൂടാതെ ഉൾനാട്ടുകാരനായ ഒരാൾ എങ്ങനെ കഴിഞ്ഞുകൂടാനാണു്?"

“അതു സാരമില്ല,” കൊസ്സ്രോവമ്മാവൻ അലറി.

“ഇവിടെ വന്നെത്താൻ എനിക്കു പത്തുനാഴിക നടക്കേണ്ടിവന്നു,” ജോൺ ബൈറോ ആവലാതിപ്പെട്ടു.

“നിങ്ങൾക്കു കാലുകളുണ്ടല്ലോ,” കൊസ്സ്രോവമ്മാവൻ ഒച്ചകൂട്ടി.

“എൻെറ ഇടത്തുകാൽ വേദനിക്കുന്നു,” ആ കൃഷിക്കാരൻ പറഞ്ഞു.

“അതു സാരമില്ല,” കൊസ്സ്രോവമ്മാവൻ അലറി.

“ആ കുതിരയ്ക്കുവേണ്ടി ഞാൻ അറുപതു ഡോളർ മുടക്കിയിട്ടുണ്ട്,” കൃഷിക്കാരൻ പറഞ്ഞു.

“എന്താണീ പണം?” കൊസ്സ്രോവമ്മാവൻ ചോദിച്ചു.

എന്നിട്ട് അദ്ദേഹം എഴുന്നേറ്റ് പുറത്തേക്കു പോയി.

എൻെറ അമ്മ ഒരു വിശദീകരണവുമായി വന്നു.

“മാർദ്ദവമുള്ള ഒരു ഹൃദയമാണ് അദ്ദേഹത്തിന്റേതു്,” അമ്മ പറഞ്ഞു: “മാതൃഭൂമിയോടുള്ള വേർപാട് അദ്ദേഹത്തെ വളരെയധികം വിഷമിപ്പിക്കുന്നുണ്ട്.”

കൃഷിക്കാരൻ പൊയ്ക്കഴിഞ്ഞപ്പോൾ ഞാൻ മുറാദ്ദ്ചേട്ടൻെറ വീട്ടിലേക്ക് ഓടി.

മുറാദ് ഒരു മരച്ചുവട്ടിലിരുന്നു്, പറക്കാൻ കഴിയാതെ വിഷമിക്കുന്ന ഒരു പക്ഷിയുടെ തകന്ന ചിറകു് ശരിപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു. അയാൾ പക്ഷിയോടു സംസാരിക്കുന്നുമുണ്ടായിരുന്നു.

“എന്താ കാര്യം?” അയാൾ അന്വേഷിച്ചു.

“ആ കൃഷിക്കാരൻ, ജോൺ ബൈറോ,” ഞാൻ പറഞ്ഞു. “അയാൾ ഞങ്ങളുടെ വീട്ടിൽ വന്നിരുന്നു. അയാൾക്കു തൻെറ കുതിരയെ കിട്ടണം. താൻ അതിനെ

ഒരുമാസം വച്ചുകൊണ്ടിരുന്നില്ലേ? ഞാൻ സവാരി ചെയ്യാൻ പഠിച്ചുകഴിയുന്നതുവരെ അതിനെ മടക്കി ക്കൊടുക്കുകയില്ലെന്നു താൻ സത്യംചെയ്യണം.''

"നീ സവാരി പഠിക്കാൻ ഒരു കൊല്ലമെടുക്കും,'' മുറാദുചേട്ടൻ പറഞ്ഞു.

"എങ്കിൽ ഒരു കൊല്ലം നമുക്ക് ആ കുതിരയെ സൂക്ഷിക്കാം,'' ഞാൻ പറഞ്ഞു.

മുറാദുചേട്ടൻ ചാടിയെണീററു.

അയാൾ ഉറക്കെ ചോദിച്ചു: "എന്തു്? ഗാരോഗ്ലാനി യൻകുടുംബത്തിലെ ഒരംഗത്തോട്ട് കക്കാനാണോ നീ പറയുന്നതു്? കുതിരയെ അതിന്റെ ശരിയായ ഉടമസ്ഥനു് മടക്കിക്കൊടുക്കണം.''

"എപ്പോൾ?'' ഞാൻ ചോദിച്ചു.

"ചുരുങ്ങിയതു് ആറുമാസത്തിനുള്ളിലെങ്കിലും,'' മുറാദ് പറഞ്ഞു.

അയാൾ പക്ഷിയെ ആകാശത്തേക്കു് എറിഞ്ഞു. ആ പക്ഷി വളരെയധികം പണിപ്പെട്ടു—രണ്ടുപ്രാവശ്യം താഴേക്കു വീണു എന്നുതന്നെ പറയാം. അവസാനം അതു് ഉയരത്തിൽ ചൊവ്വിനു പറന്നു ദൂരേക്കു പോയി.

രണ്ടാഴ്ചക്കാലത്തേക്കു്, ദിവസേന രാവിലെ ഞാനും മുറാദുചേട്ടനുംകൂടി, കുതിരയെ, അതിനെ ഒളിപ്പിച്ചു നിർത്തിയിരുന്ന തൊഴുത്തിൽനിന്നു് പുറത്തേക്കു കൊണ്ടു പോരുമായിരുന്നു. എല്ലാ ദിവസവും ഒററയ്ക്കു സവാരി ചെയ്യാനുള്ള എന്റെ ഊഴം വരുമ്പോൾ, കുതിര മുന്തിരി വള്ളികളുടേയും ചെറുചെടികളുടേയും മീതെക്കൂടി ചാടി, എന്നെ നിലത്തു വീഴ്ത്തി, ദൂരേക്കു് ഓടിപ്പോകും. എങ്കിലും മുറാദിനെപ്പോലെ സവാരിചെയ്യാൻ, കാലക്രമേണ എ നിക്കും സാധിക്കുമെന്നു് ഞാൻ വിശ്വസിച്ചുപോന്നു.

ഒരുദിവസം കാലത്ത് ഫെററപ്പാജിയൻെറ പഴയ മുന്തിരിത്തോപ്പിലേക്കു മടങ്ങുന്നവഴി ഞങ്ങൾ ജോൺ ബൈറോവിന്റെ മുമ്പിൽ ചെന്നുചാടി. അയാൾ പട്ടണത്തിലേക്കു പോകുന്നവഴിയായിരുന്നു.

മുറാദ്ദചേട്ടൻ പറഞ്ഞു: "വത്തമാനമെല്ലാം ഞാനായിക്കോളാം. ഈ കൃഷിക്കാരുടെ സമ്പ്രദായമെല്ലാം എനിക്കു നല്ലവണ്ണം അറിയാം."

"നമസ്കാരം, ജോൺ ബൈറോ!" മുറാദ്ദചേട്ടൻ ആ കൃഷിക്കാരനെ നോക്കി പറഞ്ഞു.

ആ കർഷകൻ കുതിരയെ ആകമാനം നല്ലവണ്ണമൊന്നു നോക്കി.

"എന്റെ സ്നേഹിതന്മാരുടെ മക്കളെ, നമസ്കാരം," അയാൾ പറഞ്ഞു. "നിങ്ങളുടെ ഈ കുതിരയുടെ പേരു് എന്താ?"

മുറാദ്ചേട്ടൻ ആർമീനിയൻ ഭാഷയിൽ പറഞ്ഞു: "മമ ഹൃദയം."

ജോൺ ബൈറോ പറഞ്ഞു: "നല്ല കുതിര, അതിനൊത്ത നല്ല പേരും. ഏതാനും ആഴ്ചകൾക്കുമുമ്പു് കളവുപോയ എന്റെ കുതിരയെപ്പോലെതന്നെയിരിക്കുന്നു ഇതു്. ഞാൻ ഇതിൻെറ വായ്ക്കുള്ളിൽ ഒന്നു നോക്കിക്കോട്ടേ?"

"എന്താ വിരോധം," മുറാദ് സമ്മതിച്ചു.

ആ കൃഷിക്കാരൻ കുതിരയുടെ വായ്ക്കുള്ളിലേക്കു നോക്കി.

അയാൾ പറഞ്ഞു: "നിങ്ങളുടെ അച്ഛനമ്മമാരെ എനിക്കു നല്ല പരിചയമില്ലായിരുന്നെങ്കിൽ ഇതു് എന്റെ കുതിരതന്നെയാണെന്നു് ഞാൻ വിചാരിച്ചേനേ. നിങ്ങളുടെ കുടുംബത്തിൻെറ സൽപ്പേരു് എനിക്കു നല്ലവണ്ണം

അറിയാം. എങ്കിലും ഇതു് എൻെറ കുതിരയെപ്പോലെ തന്നെയിരിക്കുന്നു. എന്നെപ്പോലെ ദൃഢവിശ്വാസിയായ ഒരാളല്ലെങ്കിൽ, അയാൾ, തൻെറ ഹൃദയത്തേക്കാൾ കണ്ണുകളെ തീർച്ചയായും വിശ്വസിച്ചേനേ. ശരി, കുട്ടികളേ, പിന്നെക്കാണാം.''

“നല്ലതു വരട്ടെ. ജോൺ ബൈറോ,'' മുറാദ്ദുചേട്ടൻ പറഞ്ഞു.

പിറേറദിവസം അതിരാവിലെ ഞങ്ങൾ കുതിരയെ ജോൺ ബൈറോയുടെ തോട്ടത്തിലുള്ള തൊഴുത്തിൽ കൊണ്ടുപോയി കെട്ടി. നായ്ക്കൾ യാതൊരു ശബ്ദവുമുണ്ടാക്കാതെ ഞങ്ങളുടെ പിറകേ ചുററിനടന്നു.

“എനിക്കു നായ്ക്കളെപ്പററി എല്ലാമറിയാം,'' മുറാദ്ദുചേട്ടൻ പറഞ്ഞു.

മുറാദ്ദുചേട്ടൻ കുതിരയെ കെട്ടിപ്പിടിച്ചു്, തൻെറ മൂക്കു് അതിൻെറ മൂക്കിനു സമീപം അണച്ചുനിന്നു; അതിനുശേഷം ഞങ്ങൾ അവിടം വിട്ടു.

അന്നു് ഉച്ചതിരിഞ്ഞു് ജോൺ ബൈറോ ഞങ്ങളുടെ വീട്ടിൽ വന്നു്, കളവുപോയിട്ടു തിരിച്ചുകിട്ടിയ കുതിരയെ, എൻെറ അമ്മയെ കാണിച്ചുകൊടുത്തു.

അയാൾ പറഞ്ഞു: “എന്താണു് ഇതേപ്പറ്റി വിചാരിക്കേണ്ടതെന്നു് എനിക്കറിഞ്ഞുകൂടാ. കുതിരയ്ക്കു മുമ്പത്തേക്കാൾ ശക്തി വച്ചിട്ടുണ്ടു്; അവൻ കൂടുതൽ മര്യാദക്കാരനുമായിരിക്കുന്നു. ദൈവസഹായംതന്നെ.''

ആ സമയത്തു് കൊസ്രോവമ്മാവൻ വീട്ടിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിനു വല്ലാതെ ദേഷ്യംവന്നു. അദ്ദേഹം അലറി: “മിണ്ടാതിരി, മനുഷ്യാ, മിണ്ടാതിരി. നിങ്ങൾക്കു കുതിരയെ തിരിച്ചു കിട്ടി. അതു് അത്ര വലിയ കാര്യമൊന്നുമല്ല.''

## ഹാൻഫോർഡിലേക്ക് ഒരു യാത്ര

എൻെറ അമ്മാവൻ പാവം ജോർഗി, ഒരു കൊല്ലം, തൻെറ സൈക്കിളിൽ, ഇരുപത്തിയേഴ മൈൽ അകലെയുള്ള ഹാൻഫോർഡിലേക്ക് കെട്ടുകെട്ടുകയുണ്ടായി. അവിടെ അദ്ദേഹത്തിനൊരു ജോലി കിട്ടാനുണ്ടായിരുന്നത്രെ. ഞാനും അദ്ദേഹത്തിൻെറകൂടെ പോയി—എൻെറ മാതുലപുത്രനായ വാസ്കിനെ അയയ്ക്കാനായിരുന്നു ആദ്യമുണ്ടായ ആലോചനയെങ്കിലും.

തങ്ങളുടെ കൂട്ടത്തിൽ ജോർഗിയെപ്പോലെ ഒരു വിഡ്ഢിയുണ്ടെന്ന കഥ പുറത്തറിയുന്നതു് കുടുംബത്തിലാക്കും ഇഷ്ടമുണ്ടായിരുന്നില്ല. എങ്കിലും അതേസമയം, വേനൽക്കാലത്തു കുറെ ദിവസത്തേക്കു് അയാളെ മറക്കാൻ കഴിഞ്ഞാൽക്കൊള്ളാമെന്നും അവക്കുണ്ടായിരുന്നു. അയാൾ ഹാൻഫോർഡിലേക്കു പോയി അവിടത്തെ വത്തക്കത്തോട്ടങ്ങളിൽ എന്തെങ്കിലും ഒരു ജോലി സമ്പാദിച്ചാൽ എല്ലാം ശുഭമാകും. ജോർഗിക്കു് സ്വന്തമായി സ്വല്പം പണം സമ്പാദിക്കാൻ കഴിയും; അതേസമയം അയാൾ അകലത്തായിരിക്കുകയും ചെയ്യും. അയാളെ അകറ്റിനിർത്താൻ കഴിയുക എന്നതായിരുന്നു മുഖ്യം.

എൻെറ മുത്തച്ഛൻ പറഞ്ഞു: "അവനും അവൻെറ സിത്താറും, രണ്ടും പോട്ടെ. ഒരു മനുഷ്യൻ ദിവസം മുഴുവൻ മരത്തണലിൽ കുത്തിയിരുന്നു സിത്താർ വായിക്കുന്നതായി ഏതെങ്കിലും പുസ്തകത്തിൽ വർണ്ണിക്കുന്നതു കാണാനിടവന്നാൽ, ഞാൻ പറയുന്നതു വിശ്വസിച്ചോളു,

ആ ഗ്രന്ഥകാരനു് യാതൊന്നും അറിയില്ല, തീർച്ചയാണു്. പണം, അതാണു് പ്രധാനം. അവൻ പോട്ടെ, പോയി വെയിലത്തുനിന്നു് കുറച്ചുദിവസം പണിയെടുക്കട്ടെ. അവനും അവൻെറ സിത്താറും—രണ്ടും പോട്ടെ ഇവിടെനിന്നു്."

"നിങ്ങൾ ഇപ്പോൾ ഇങ്ങനെയെല്ലാം പറയും. പക്ഷേ, ഒരാഴ്ച കഴിഞ്ഞോട്ടെ, പാട്ടു കേൾക്കണമെന്നു നിങ്ങൾക്കു തോന്നാൻ തുടങ്ങും—" മുത്തശ്ശി പറഞ്ഞു.

മുത്തശ്ശൻ മറുപടി പറഞ്ഞു: "ആ പറഞ്ഞതു ബുദ്ധിയല്ല. പാട്ടു പാടുന്നവനാണു് യഥാർത്ഥത്തിൽ ആനന്ദം അനുഭവിക്കുന്നവൻ എന്നു് ഏതെങ്കിലും ഗ്രന്ഥത്തിൽ നിങ്ങൾ കാണാനിടവന്നാൽ, തീച്ചയാണു്, ആ എഴുത്തുകാരൻ ഒരു സ്വപ്നജീവിയായിരിക്കും. അവൻ പോട്ടെ. ഹാൻഫോർഡിലേക്കു് ഇരുപത്തിയേഴ മൈലുണ്ടു്. വേണ്ടത്ര അകന്ന പ്രദേശംതന്നെ."

മുത്തശ്ശി വീണ്ടും പറഞ്ഞു: "നിങ്ങൾ ഇപ്പോൾ ഇങ്ങനെയൊക്കെപ്പറയും. പക്ഷേ, മൂന്നു ദിവസത്തിനുള്ളിൽ നിങ്ങൾ വ്യസനിക്കുവാൻ തുടങ്ങും. കെട്ടിയിട്ട ഒരു മൃഗത്തെപ്പോലെ നിങ്ങൾ ചുററിനടക്കുന്നതു ഞാൻ കാണേണ്ടിവരും. ഞാനായിരിക്കും അതു കാണാനുണ്ടാകുക; അതു കണ്ടു് ചിരിക്കുന്നതും ഞാനായിരിക്കും."

"നീയൊരു പെണ്ണാണു്. സ്ത്രീ സത്യമായും അതിശയകരമായ ഒരു സൃഷ്ടിയാണെന്നു് ആരെങ്കിലും എഴുതിയിട്ടുണ്ടെങ്കിൽ, അയാൾ തൻെറ ഭാര്യയിൽനിന്നു മുഖം തിരിച്ചിരുന്നു സ്വപ്നം കാണുകയായിരിക്കണം. അവൻ പോട്ടെ," മുത്തച്ഛൻ പറഞ്ഞു.

മുത്തശ്ശി തുടന്നു: "നിങ്ങൾക്കു പണ്ടത്തെപ്പോലെ

ചെറുപ്പമല്ല; അതാണ് കാര്യം. അതുകൊണ്ടാണ് നിങ്ങൾ ഇങ്ങനെ കിടന്നലറുന്നത്."

"നീ വായ മൂടിക്കോ," മുത്തച്ഛൻ പറഞ്ഞു. "മൂടിക്കോ, ഇല്ലെങ്കിൽ എൻെറ പുറങ്കയ്യ് അങ്ങോട്ട നീളും."

മുത്തച്ഛൻ, ആ മുറിയിലുള്ള തൻെറ മക്കളുടേയും പേരക്കിടാങ്ങളുടേയും നേരെനോക്കി പറഞ്ഞു: "അവൻ തന്റെ സൈക്കിളിന്മേൽ ഫാൻഫോർഡിലേക്കു പോട്ടെ എന്നാണു ഞാൻ പറയുന്നത്. നിങ്ങൾ എന്തു പറയുന്നു?"

ആരുമൊന്നും മിണ്ടിയില്ല.

മുത്തച്ഛൻ പറഞ്ഞു: "അപ്പോൾ ആ കാര്യം തീർച്ചയായി. ഇനി, ആരെയാണ് അവൻെറ കൂടെ അയയ്ക്കേണ്ടത്? നമ്മുടെ പിള്ളേരിൽ ആരെയാണ് ജോർഗിയുടെ കൂടെ ഫാൻഫോർഡിലേക്കയയ്ക്കുക? നിർബ്ബന്ധിച്ചയയ്ക്കാൻ പാകത്തിന്, വികൃതി ആരാണ്? മറെറാരു പട്ടണത്തിലേക്കുള്ള യാത്ര ഒരു ചെറുപ്പക്കാരന് സുഖകരമായ ഒരനുഭവമാണെന്ന് ഏതെങ്കിലും പുസ്തകത്തിൽ നിങ്ങൾ കണ്ടാൽ, ഉറപ്പിച്ചോളൂ, ആ എഴുത്തുകാരൻ മിക്കവാറും എൺപതോ തൊണ്ണൂറോ എത്തിയ ഒരു വൃദ്ധനായിരിക്കും; കുട്ടിക്കാലത്ത് അയാൾ തൻെറ സ്വന്തം സ്ഥലത്തുനിന്നു രണ്ടുമൈലിൽ കൂടുതൽ സഞ്ചരിച്ചിട്ടുണ്ടാവില്ല. ആരെയാണു നമ്മൾ അയയ്ക്കുക? വാസ്കോ? വാസ്കിനെ ആയാലോ? എടാ, നീ ഇങ്ങോട്ട നീങ്ങിനില്ല്."

എൻെറ മാതുലപുത്രന്മാരാൽ ഒരാളായ വാസ്ക് നിലത്തുനിന്ന് എഴുന്നേറ്റ് മൂപ്പീന്നിന്റെ മുമ്പിൽ ചെന്നുനിന്നു. അദ്ദേഹം അവനെ കുനിഞ്ഞു നോക്കി, തൻെറ കൈയ്യ് അവൻെറ മുഖത്തു വച്ചു. അദ്ദേഹത്തിൻെറ കൈയ്യ്, അവൻെറ തല ഏതാണ്ടു മുഴുവൻതന്നെ മൂടിയിരുന്നു. വാസ്ക് അനങ്ങിയില്ല.

"നിനക്കു നിന്റെ അമ്മാവൻ ജോർഗിയുടെ കൂടെ ഹാൻഫോർഡിലേക്കു പോകാമോ?" മുത്തച്ഛൻ അന്വേഷിച്ചു.

"മുത്തച്ഛനു് അതാണിഷ്ടമെങ്കിൽ ഞാൻ പോകാം," വാസ്ക് മറുപടി പറഞ്ഞു.

"ഒരു നിമിഷമൊന്നാലോചിച്ചോട്ടെ," മൂപ്പീന്നു പറഞ്ഞു: "നമ്മുടെ കുടുംബത്തിലെ വിഡ്ഢിയാണു് ജോർഗി. നീയും അതെ. രണ്ടു വിഡ്ഢികളെ ഒരുമിച്ചയയ്ക്കുന്നതു ബുദ്ധിയാണോ?"

അദ്ദേഹം മററുള്ളവരുടെ നേരെ തിരിഞ്ഞു പറഞ്ഞു: "നിങ്ങൾ ഇതേപ്പററി എന്താണു ചിന്തിക്കുന്നതെന്നു് എന്നോടു പറയൂ. ഒരേ കുടുംബത്തിലുള്ള മുതിന്ന ഒരു വിഡ്ഢിയേയും, മുതിർന്നുവരുന്ന ഒരു വിഡ്ഢിയേയും ഒരുമിച്ചു് അയയ്ക്കുന്നതു ബുദ്ധിയാണോ? ആക്കെങ്കിലും അതുകൊണ്ടു ഗുണമുണ്ടോ? തുറന്നു പറയൂ. എങ്കിൽ എനിക്കതേപ്പററി ആലോചിക്കാമല്ലോ?"

സോറാബമ്മാവൻ പറഞ്ഞു: "അതാണു് ചെയ്യേണ്ടതു് എന്നാണു് എനിക്കു തോന്നുന്നതു്. ഒരു വിഡ്ഢിക്കു കൂട്ടു് മറെറാരു വിഡ്ഢി. മുതിന്നവൻ ജോലി ചെയ്യാൻ, പയ്യൻ വീടു നോക്കാനും ഭക്ഷണം ഉണ്ടാക്കാനും."

മുത്തച്ഛൻ പറഞ്ഞു: "ഒരുപക്ഷേ, ശരിയാകാം. ആലോചിച്ചുനോക്കാം. ഒരു വിഡ്ഢിയും കൂടെ മറെറാരു വിഡ്ഢിയും. ഒരാൾ ജോലി ചെയ്യാൻ, മറ്റൊരാൾ വീടു നോക്കാനും ഭക്ഷണം ഉണ്ടാക്കാനും. എടാ, നിനക്കു ഭക്ഷണം ഉണ്ടാക്കാൻ അറിയാമോ?"

"പിന്നെ, അവനു വയ്ക്കാനെല്ലാം അറിയാം. ചോറുണ്ടാക്കാനെങ്കിലും അവനു കഴിയും. തീർച്ച," മുത്തശ്ശി പറഞ്ഞു.

"ശരിയാണോടാ, ചോറിൻെറ കായ്യം പറഞ്ഞതു്? മുത്തച്ഛൻ അന്വേഷിച്ചു. നാലു കോപ്പ വെള്ളവും ഒരു കോപ്പ അരിയും പാകത്തിനുപ്പും. നിനക്കതു കഴിക്കാൻ പാകത്തിനു് ആക്കിയെടുക്കാൻ കഴിയുമോ? അതോ ഞങ്ങൾ മനോരാജ്യം വാഴുകയാണോ?" മുത്തച്ഛൻ അന്വേഷിച്ചു.

"തീർച്ചയായും അവനു് അരിവയ്ക്കാൻ കഴിയും," മുത്തശ്ശി പറഞ്ഞു.

"ദേ, എൻെറ പുറങ്കൈയു് നിൻെറ വായിൻെറ നേരെ പുറപ്പെട്ടിട്ടുണ്ടു് കെട്ടോ," മുത്തച്ഛൻ പറഞ്ഞു. "പയ്യൻതന്നെ പറയട്ടെ. നിനക്കു ചെയ്യാൻ കഴിയുമോടാ? പറ. ഏതെങ്കിലും ഒരു പുസ്തകത്തിൽ ഒരു കുട്ടി ഒരു വൃദ്ധനോടു ബുദ്ധിപൂർവ്വം മറുപടി പറഞ്ഞതായി എഴുതിക്കണ്ടാൽ, ആ എഴുത്തുകാരനു് യാതൊന്നും നിശ്ചയമില്ല എന്നാണത്ഥം. എടാ, നിനക്കതു വായിൽവച്ചു കഴിക്കാൻ പാകത്തിനു വേവിച്ചെടുക്കാൻ കഴിയുമോ?"

"ഞാൻ അരിവച്ചിട്ടുണ്ടു്, അതു ഭക്ഷണത്തിൻെറ രൂപത്തിൽ കിട്ടിയിട്ടുണ്ടു്," വാസ്ക് പറഞ്ഞു.

മുത്തച്ഛൻ ചോദിച്ചു: "വേണ്ടത്ര ഉപ്പുണ്ടായിരുന്നുവോ അതിൽ? നീ നുണ പറഞ്ഞാൽ, ദാ, ഈ കൈയോർമ്മിച്ചോ!"

ഒരു നിമിഷത്തേക്കു് വാസ്ക് മറുപടിയൊന്നും പറഞ്ഞില്ല. അവൻ ശരിയായ വാക്കുകൾക്കുവേണ്ടി തപ്പുന്നതുപോലെ തോന്നി.

മുത്തച്ഛൻ പറഞ്ഞു: "എനിക്കു മനസ്സിലായി. നീ ഉണ്ടാക്കിയ ആ ഭക്ഷണത്തെപ്പറ്റി നിനക്കുതന്നെ വലിയ തൃപ്തിയില്ല. എന്തായിരുന്നു അതിനു കുററം? സത്യം പറഞ്ഞോ, അതാണെനിക്കു് എപ്പോഴും ഇഷ്ടം. പേടി

ക്കാതെ പറഞ്ഞോ. ധൈര്യമായി സത്യം പറഞ്ഞുകഴി ഞ്ഞാല്‍, പിന്നെ അതില്‍ക്കൂടുതലായി ഒരാള്‍ക്കും ഒന്നും ചോദിക്കാനില്ല. ആ ചോറിന്റെ കാര്യത്തില്‍ നിനക്കെന്താണു വിഷമം?''

വാസ്ക് പറഞ്ഞു: ''അതിനു് ഉപ്പു കൂടുതലായിരുന്നു. രാത്രിയും പകലും നിറയെ വെള്ളം കുടിക്കേണ്ടിവന്നു; അത്രയ്ക്കു് ഉപ്പില്‍ കച്ചിരുന്നു അതു്.''

''കൂടുതല്‍ വിസ്തരിക്കുകയൊന്നുംവേണ്ട, അതേപ്പറ്റി,'' മുത്തച്ഛന്‍ പറഞ്ഞു: ''സത്യം മാത്രം പറഞ്ഞാല്‍ മതി. ചോറിനു് ഉപ്പു് കൂടുതലായിരുന്നു. സ്വാഭാവികമായും രാത്രിയും പകലും മുഴുവന്‍ വെള്ളം കുടിക്കേണ്ടിവന്നു നിങ്ങള്‍ക്കു്. അത്തരം ചോറു് ഞങ്ങളെല്ലാം തിന്നിട്ടുണ്ടു്. രാത്രിയും പകലും മുഴുവന്‍ വെള്ളം കുടിക്കേണ്ടിവന്നതുകൊണ്ടു് ആദ്യമായി അങ്ങനെ ചെയ്യേണ്ടിവന്ന ആര്‍മീനിയക്കാരന്‍ നീയാണെന്നൊന്നും വിചാരിക്കേണ്ട. അതിനു് ഉപ്പു കൂടുതലായിരുന്നു എന്നു മാത്രം പറഞ്ഞാല്‍മതി എന്നോടു്. പഠിക്കാന്‍വേണ്ടിയല്ല ഞാന്‍ ഇവിടെ ഇരിക്കുന്നതു്. എനിക്കതെല്ലാം നിശ്ചയമുണ്ടു്. അതില്‍ ഉപ്പു കൂടുതലായിരുന്നു എന്നു പറഞ്ഞു നിര്‍ത്തിക്കോ; പിന്നെ ഞാന്‍ തീരുമാനിച്ചോളാം, നിന്നെയാണോ അയയ്ക്കേണ്ടതെന്നു്.''

മുത്തച്ഛന്‍ മററുള്ളവരുടെ നേരെ തിരിഞ്ഞു.

അദ്ദേഹം പറഞ്ഞു: ''പോകേണ്ടതു് ഇവന്‍തന്നെ എന്നാണു് എനിക്കു തോന്നുന്നതു്. പക്ഷേ, നിങ്ങള്‍ക്കു് എന്തെങ്കിലും പറയാനുണ്ടെങ്കില്‍ തുറന്നു പറഞ്ഞോളൂ. ഉപ്പു കൂടിയ ചോറു് കാടിവെള്ളത്തേക്കാള്‍ നല്ലതാണു്. വാസ്ക് ഗാരോഗ്ലാനിയനെത്തന്നെ അയയ്ക്കുകയോ? അല്ലെങ്കില്‍ പിന്നെ ആരു്?''

സോറാബമ്മാവൻ പറഞ്ഞു: "ഒന്നുകൂടി ആലോചിച്ചുനോക്കിയപ്പോൾ, രണ്ടു വിഡ്ഢികളെ തനിച്ചങ്ങനെ അയയ്ക്കുന്നതു് അത്ര പന്തിയാവില്ലെന്നു തോന്നുന്നു. ആരമാകട്ടെ എന്നാണു് ഞാൻ പറയുന്നതു്. അവന്റെ ചെയ്തികൾക്കു്, അവനെത്തന്നെയാണു് അയയ്ക്കേണ്ടതു്."

എല്ലാവരും എന്റെ നേരെ നോക്കി.

"ആരം?" മുത്തച്ഛൻ അന്വേഷിച്ചു: "ആ ചിരിക്കുന്ന പയ്യനെപ്പററിയാണോ നീ പറഞ്ഞതു്? ഉറക്കെച്ചിരിക്കുന്ന ആരം ഗാരോഘ്ലാനിയനെ?"

മുത്തശ്ശി ചോദിച്ചു: "പിന്നെ ആരെപ്പററിയാണു് അവൻ പറഞ്ഞേ? അവൻ ആരെയാണു് ഉദ്ദേശിച്ചതെന്നു് നിങ്ങൾക്കു നല്ല നിശ്ചയമുണ്ടല്ലോ."

മുത്തച്ഛൻ പതുക്കെ തിരിഞ്ഞു്, അര മിനിട്ടുനേരം മുത്തശ്ശിയുടെ നേരെ തുറിച്ചുനോക്കി; എന്നിട്ടു പറഞ്ഞു: "ഒരു മനുഷ്യൻ, ഒരു പെൺകുട്ടിയുമായി പ്രേമത്തിലായി അവളെ വിവാഹം കഴിച്ചു എന്നു് ഏതെങ്കിലും ഒരു ഗ്രന്ഥത്തിൽ നിങ്ങൾ കണ്ടാൽ, തീർച്ചയാണു്, ആ ഗ്രന്ഥകാരൻ എഴുതുന്നതു്, തൊണ്ണൂറേറഴാംവയസ്സിൽ കുഴിയിലേക്കു കാലുംനീട്ടിയിരിക്കുമ്പോഴും ആവശ്യത്തിൽക്കൂടുതൽ സംസാരിക്കുന്ന ഒരു പ്രകൃതക്കാരിയായിരിക്കും ആ പെൺകുട്ടി എന്നു മനസ്സിലാക്കാത്ത തീരെ ചെറുപ്പക്കാരനായ ഒരാളെപ്പററി ആയിരിക്കും. കൂടുതൽ ചെറുപ്പമായ ഒരാളെയാണു് ആ ഗ്രന്ഥകാരൻ മനസ്സിൽ കാണുന്നതു്."

"ആരമിനെ, ആരം ഗാരോഘ്ലാനിയനെയാണോ നീ ഉദ്ദേശിച്ചതു്?" അദ്ദേഹം ചോദിച്ചു.

"അതേ," സോറാബമ്മാവൻ പറഞ്ഞു.

"അത്ര വലിയൊരു തെററു് എന്താണു് അവൻ ചെയ്തതു്?" മുത്തച്ഛൻ അന്വേഷിച്ചു.

"അവനറിയാം," സോറാബമ്മാവൻ പറഞ്ഞു.

"ആരം ഗാരോഗ്ലാനിയൻ," മുത്തച്ഛൻ വിളിച്ചു.

ഞാൻ എഴുന്നേററു മുത്തച്ഛൻെറ മുമ്പിൽ ചെന്നു നിന്നു. അദ്ദേഹം തൻെറ വലിയ കൈയ്യ് സാവധാനം എൻെറ മുഖത്തു വച്ചു.

"നീ എന്താടാ ചെയ്തതു്?" അദ്ദേഹം ചോദിച്ചു.

ഞാൻ ചെയ്ത വിക്രിയകളെപ്പററി ഓർത്തു് ഞാൻ ചിരിക്കാൻ തുടങ്ങി. ഒരുനിമിഷം അതു കേട്ടുകൊണ്ടിരുന്നശേഷം മുത്തച്ഛനും എന്നോടൊപ്പം ചിരിക്കാൻ തുടങ്ങി.

അദ്ദേഹവും ഞാനും മാത്രമേ ചിരിച്ചുള്ളു. മററുള്ളവർ ചിരിക്കാൻ ധൈര്യപ്പെട്ടില്ല. തന്നെപ്പോലെ ചിരിക്കാൻ കഴിയില്ലെങ്കിൽ ചിരിക്കുകയേ അരുതെന്നു് മുത്തച്ഛൻ അവരോടു പറയാറുണ്ടു്. ഈ ലോകത്തിൽ, അദ്ദേഹത്തെപ്പോലെ ചിരിച്ചിരുന്ന മററു് ഒരേ ഒരു ഗാരോഗ്ലാനിയൻ ഞാൻ മാത്രമായിരുന്നു.

"ആരം ഗാരോഗ്ലാനിയൻ, പറയൂ, എന്താണു നീ ചെയ്തതു്?" മുത്തച്ഛൻ അന്വേഷിച്ചു.

ഞാൻ ചോദിച്ചു: "ഏതാ പറയേണ്ടതു്?"

മുത്തച്ഛൻ സോറാബമ്മാവൻെറ നേരേ തിരിഞ്ഞു പറഞ്ഞു: "ഏതാ? ഏതു വികൃതിത്തമാണു് ഇവിടെ പറയേണ്ടതെന്നു് ഇവനോടു പറയൂ. ഒരുപാടെണ്ണം ഉണ്ടെന്നു തോന്നുന്നല്ലോ."

"അവനറിയാം 'ഏതാ പറയേണ്ടതെന്നു്,'" സോറാബമ്മാവൻ പറഞ്ഞു.

ഞാൻ ചോദിച്ചു: "അയൽപക്കക്കാരോടെല്ലാം നിങ്ങളൊരു കിറുക്കനാണെന്നു പറഞ്ഞുനടന്ന കാര്യമാണോ?"

സോറാബമ്മാവൻ ഒന്നും പറയാൻ കൂട്ടാക്കിയില്ല.

"അതോ, നിങ്ങളുടെ സംഭാഷണരീതി അനുകരിച്ചുകൊണ്ടുനടന്ന കാര്യമാണോ പറയേണ്ടതു്?" ഞാൻ ചോദിച്ചു.

"ഇവനെത്തന്നെയാണു് ജോർഗിയുടെകൂടെ അയക്കേണ്ടതു്," സോറാബമ്മാവൻ പറഞ്ഞു.

"നിനക്കു് അരിവയ്ക്കാൻ അറിയാമോ?" മുത്തച്ഛൻ അന്വേഷിച്ചു.

സോറാബമ്മാവൻെറ സംഭാഷണരീതി ഞാൻ അനുകരിച്ചതിനെപ്പററി കൂടുതലൊന്നും ചോദിക്കാൻ അദ്ദേഹം മിനക്കെട്ടില്ല. എനിക്കു് അരിവയ്ക്കാൻ അറിയാമെങ്കിൽ, ഞാൻ ജോർഗിയുടെകൂടെ ഹാൻഫോർഡിലേക്കു പോകണം; അങ്ങനെയാണു് വന്നു കലാശിച്ചിരിക്കുന്നതു്. എനിക്കു പോകണമെന്നുണ്ടായിരുന്നു തീർച്ച. യാത്രചെയ്യുന്നതു് ഒരു കുട്ടിയെ സംബന്ധിച്ചേടത്തോളം സുഖകരമായ ഒരനുഭവമാണെന്നു് എഴുതിയ എഴുത്തുകാരൻ എന്തായാലും തരക്കേടില്ല; വിഡ്ഢിയായാലും മററെന്തായാലും കൊള്ളാം; എനിക്കു പോകണമെന്നുണ്ടായിരുന്നു.

"എനിക്കു് അരിവയ്ക്കാനറിയാം," ഞാൻ മറുപടി പറഞ്ഞു.

"എന്തരം, ഉപ്പു കൂടിയതോ?" മുത്തച്ഛൻ അന്വേഷിച്ചു.

"ചിലപ്പോൾ ഉപ്പു കൂടിയെന്നിരിക്കും, ചിലപ്പോൾ കൃത്യമായിരിക്കും," ഞാൻ പറഞ്ഞു.

"നമുക്കു് ആലോചിച്ചുനോക്കാം," മുത്തച്ഛൻ പറഞ്ഞു.

അദ്ദേഹം ആലോചിച്ചുകൊണ്ട് അങ്ങനെ നിന്നു.

മൂന്നു വലിയ ഗ്ലാസ്സു വെള്ളം, അദ്ദേഹം മുത്തശ്ശിയോട് ആവശ്യപ്പെട്ടു.

മുത്തശ്ശി അടുക്കളയിലേക്കു പോയി. അല്പസമയം കഴിഞ്ഞു മൂന്നു വലിയ ഗ്ലാസ്സു നിറയെ വെള്ളവുമായി മടങ്ങിവന്നു. ഒന്നിനുപിറകേ ഒന്നായി മുത്തച്ഛൻ അതു കുടിച്ചു; അതിനുശേഷം ചിന്താദ്യോതകമായ മുഖഭാവത്തോടെ അദ്ദേഹം മററുള്ളവരുടെനേരേ നോക്കി.

അദ്ദേഹം പറഞ്ഞു: "ചിലപ്പോൾ ഉപ്പു കൂടുതലാകും, ചിലപ്പോൾ കൃത്യമായിരിക്കും. ഇവനെയാണോ ഹാൻഫോർഡിലേക്കയയ്ക്കേണ്ടതു്?"

സോറാബമ്മാവൻ പറഞ്ഞു: "അതേ, ഇവനെത്തന്നെ."

"ശരി, അങ്ങനെതന്നെയാകട്ടെ. അക്കാര്യം ഇതോടെ അവസാനിച്ചു. ഞാൻ കുറേനേരം ഒററയ്ക്കിരുന്നോട്ടെ."

ഞാൻ പോകാൻ തിരിഞ്ഞു; മുത്തച്ഛൻ എൻെറ കഴുത്തിനുപിടിച്ചു നിത്തി.

"ഒരുനിമിഷം നില്ക്കു്," അദ്ദേഹം പറഞ്ഞു.

ഞങ്ങൾ രണ്ടുപേരും മാത്രമായിക്കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: "നിൻെറ സോറാബമ്മാവൻെറ വത്തമാനംപറച്ചിൽ അനുകരിച്ചുകാണിക്കു."

ഞാൻ പറഞ്ഞതുപോലെ ചെയ്തു; മുത്തച്ഛൻ തൊള്ള തൊറന്നു ചിരിച്ചു.

അദ്ദേഹം പറഞ്ഞു: "ഹാൻഫോർഡിലേക്കു പൊയ്ക്കോ. ആ വിഡ്ഢി ജോർഗിയോടുകൂടി പൊയ്ക്കോ. ഉപ്പു പാകത്തിനിട്ടോ അല്ലെങ്കിൽ കൂടുതലിട്ടോ എങ്ങനെയെങ്കിലും ഭക്ഷണം ഉണ്ടാക്കിക്കോ."

ഇങ്ങനെ, ജോർഗിഅമ്മാവൻ ഹാൻഫോർഡിലേക്കു പോകുമ്പോൾ കൂടെ പോകുവാൻ ഞാൻ തിരഞ്ഞെടുക്കപ്പെട്ടു.

പിറേറദിവസം രാവിലെ സൂര്യോദയത്തിനു മുമ്പു തന്നെ ഞങ്ങൾ പുറപ്പെട്ടു. ഊഴമിട്ട് സൈക്കിൾ ചവിട്ടിയും നടന്നും ഞങ്ങൾ യാത്രചെയ്തു. ഉച്ചതിരിഞ്ഞു്, നേരം വൈകിയിട്ടേ ഞങ്ങൾ ഹാൻഫോർഡിൽ എത്തിയുള്ളു.

വത്തക്കയുടെ കാലം കഴിഞ്ഞു് ജോലി തീരുന്നതുവരെ ഞങ്ങൾ ഹാൻഫോർഡിൽ താമസിക്കണമെന്നായിരുന്നു തീരുമാനം. അതായിരുന്നു ആവശ്യം. വെള്ളവും ഭക്ഷണം പാകം ചെയ്യാൻ സൗകര്യവുമുള്ള ഒരു വീടന്വേഷിച്ച് ഞങ്ങൾ പട്ടണത്തിൽ ചുററി. ഞങ്ങൾ ആറോ ഏഴോ വീടുകൾ നോക്കി. അതിൽപ്പിന്നെയാണ് ജോർഗിക്കു് ഇഷ്ടപ്പെട്ട ഒരു വീട്ട് ഞങ്ങൾ കണ്ടെത്തിയതു്. ആ രാത്രിതന്നെ ഞങ്ങൾ അവിടെ താമസമാക്കി. പതിനൊന്നു മുറികളുള്ള ഒരു വീടായിരുന്നു അതു്. പൈപ്പുവെള്ളം ലഭിക്കുന്ന ഒരടുക്കളയും രണ്ടു കിടക്കകൾ ഇട്ടിട്ടുള്ള ഒരു മുറിയും അവിടെ ഉണ്ടായിരുന്നു. മറ്റു മുറികളിലൊന്നും യാതൊന്നും ഉണ്ടായിരുന്നില്ല. ജോർഗി അമ്മാവൻ തന്റെ സിത്താർ പുറത്തെടുത്തു; നിലത്തിരുന്നു് അതും മീട്ടി അദ്ദേഹം പാടാൻ തുടങ്ങി. മനോഹരമായിരുന്നു ആ സംഗീതം. ചിലപ്പോൾ അതു് വിഷാദാത്മകമാകും; ചിലപ്പോൾ ആനന്ദാത്മകവും. പക്ഷേ, എല്ലായ്പോഴും അതു മനോഹരമായിരുന്നു. എത്രനേരം അദ്ദേഹം അങ്ങനെ സിത്താറും മീട്ടി പാടിക്കൊണ്ടിരുന്നു എന്നെനിക്കറിയില്ല. അവസാനം വിശപ്പു തോന്നിയ

പ്പോൾ പെട്ടെന്നു ചാടിയെഴുന്നേറ്റ് അദ്ദേഹം പറഞ്ഞു: "ആരം, എനിക്കു ചോറു വേണം."

അന്നു രാത്രി ഞാൻ ഉണ്ടാക്കിയ ഭക്ഷണത്തിനു് ഉപ്പു കൂടുതലായിരുന്നു. പക്ഷേ, ജോർഗിഅമ്മാവൻ പറഞ്ഞു: "ആരം, ഇതൊന്നാന്തരമായിരിക്കുന്നു."

പ്രഭാതത്തിൽ കിളികൾ ഞങ്ങളെ വിളിച്ചുണർത്തി.

"ജോലി—നിങ്ങൾ ഇന്നാണു തുടങ്ങേണ്ടതു്, ഓർമ്മയില്ലേ?" ഞാൻ ചോദിച്ചു.

"ഇന്നോ?" ജോർഗിഅമ്മാവൻ ഉറക്കെ ചോദിച്ചു.

സങ്കടത്തോടെ അദ്ദേഹം വീട്ടിൽനിന്നു പുറത്തേക്കു പോയി. ഞാൻ പുറത്തിറങ്ങി, ചവിട്ടുപടികളിൽ ചെന്നിരുന്നു. പകൽവെളിച്ചത്തിൽ അതു് സുന്ദരമായ ഒരു പ്രദേശമായി തോന്നി. നാലു വീടുകളും ഒരു പള്ളിയും മാത്രമുള്ള ഒരു തെരുവായിരുന്നു അതു്. ഞാൻ ഏതാണ്ടു് ഒരു മണിക്കൂറോളം അവിടെ ഇരുന്നു. അപ്പോഴേക്കു് ജോർഗിഅമ്മാവൻ, സൈക്കിൾ റോട്ടിൽ ഇടംവലം ഓടിച്ചുകൊണ്ടു്, മുഖത്തു വലിയൊരു ചിരിയുമായി വന്നെത്തി.

"ഇക്കൊല്ലം ഇല്ല, ദൈവത്തിനു് സ്തുതി," അദ്ദേഹം പറഞ്ഞു.

അദ്ദേഹം സൈക്കിളിൽനിന്നു്, റോഡരുകിൽ വളർന്നുനിന്നിരുന്ന ഏതാനും പൂക്കളുടെ മേലേക്കു വീണു.

"എന്തു്?" ഞാനു് ചോദിച്ചു.

"ഇല്ല, ജോലിയില്ല, ദൈവം തുണച്ചു," അദ്ദേഹം പറഞ്ഞു.

അദ്ദേഹം ഒരു പൂവെടുത്തു മണത്തു.

"ജോലിയില്ലെന്നോ?" ഞാൻ ചോദിച്ചു.

"ജോലിയില്ല, ദൈവം തുണച്ചു," അദ്ദേഹം പറഞ്ഞു.

ചിരിച്ചുകൊണ്ടു് അദ്ദേഹം പൂവിന്മേലേക്കുനോക്കി.

"എന്തേ ഇല്ലാത്തേ?" ഞാൻ അന്വേഷിച്ചു.

"വത്തക്കകൾ," അദ്ദേഹം പറഞ്ഞു.

"അവയെന്തു പററി?" ഞാൻ ചോദിച്ചു.

"അവയുടെ കാലംകഴിഞ്ഞു," അദ്ദേഹം പറഞ്ഞു.

"അതു സത്യമല്ല," ഞാൻ പറഞ്ഞു.

"അവയുടെ കാലംകഴിഞ്ഞു, ഞാൻ പറഞ്ഞതു വിശ്വസിച്ചോളൂ, കാലംകഴിഞ്ഞു—" ജോർഗിഅമ്മാവൻ പറഞ്ഞു.

ഞാൻ പറഞ്ഞു: "നിങ്ങളുടെ അച്ഛൻ നിങ്ങളുടെ തല അടിച്ചുപൊളിക്കും."

"കാലംകഴിഞ്ഞു, വത്തക്ക എല്ലാം പറിച്ചുകഴിഞ്ഞു, ദൈവം തുണച്ചു—" അദ്ദേഹം പറഞ്ഞു.

"ആരു പറഞ്ഞു ഇതു്?" ഞാൻ ചോദിച്ചു.

"കൃഷിക്കാരൻതന്നെ പറഞ്ഞതാ, കൃഷിക്കാരൻ തന്നെയാണു് അതു പറഞ്ഞതു്," ജോർഗിഅമ്മാവൻ പറഞ്ഞു.

ഞാൻ അഭിപ്രായപ്പെട്ടു: "അയാൾ അതു വെറുതെ പറഞ്ഞതാകും. നിങ്ങളെ വേദനിപ്പിക്കണ്ട എന്നു് അയാൾ കരുതിയിരിക്കും. നിങ്ങൾക്കു ജോലി ചെയ്യാൻ ഇഷ്ടമില്ല എന്നു് അറിയാവുന്നതുകൊണ്ടു് അയാൾ അങ്ങനെ പറഞ്ഞതാകും."

ജോർഗിഅമ്മാവൻ പറഞ്ഞു: "ദൈവം സഹായിച്ചു. കാലംമുഴുവൻ കഴിഞ്ഞിരിക്കുന്നു. വത്തക്ക മുഴുവൻ പറിച്ചുകഴിഞ്ഞു."

“നമ്മൾ ഇനി എന്താണു ചെയ്യുക? വത്തക്കയുടെ കാലം തുടങ്ങിയിട്ടേയുള്ളു,” ഞാൻ പറഞ്ഞു.

അദ്ദേഹം പറഞ്ഞു: “അതവസാനിച്ചുകഴിഞ്ഞു. നമുക്ക് ഈ വീട്ടിൽ ഒരുമാസം താമസിക്കാം. എന്നിട്ട് വീട്ടിലേക്കു മടങ്ങാം. ഇവിടെ താമസിക്കുന്നതിനു് ആറു് ഡോളർ നമ്മൾ കൊടുത്തുകഴിഞ്ഞിട്ടുണ്ടു്. അരി മേടിക്കാൻ വേണ്ട പണം നമ്മുടെ കൈയിൽ ഉണ്ടുതാനും. നമുക്ക് ഇവിടെ ഒരുമാസം സ്വപ്നത്തിൽ മുഴകി ജീവിക്കാം, എന്നിട്ട് വീട്ടിലേക്കു പോകാം.”

“പണമൊന്നും കൂടാതേയോ?” ഞാൻ ചോദിച്ചു.

“പക്ഷേ, നല്ല ആരോഗ്യത്തോടെ,” അദ്ദേഹം മറുപടി പറഞ്ഞു.

ജോർഗിഅമ്മാവൻ തുള്ളിച്ചാടി അകത്തേക്കു പോയി, തന്റെ സിത്താറിന്റെ അരികിൽ ചെന്നിരുന്നു. അദ്ദേഹത്തിൻെറ കാര്യത്തിൽ എന്താണു ചെയ്യേണ്ടതു് എന്നു തീരുമാനിക്കാൻ സാധിക്കുന്നതിനുമുമ്പു് അദ്ദേഹം സിത്താർ വായിക്കാനും പാടാനും തുടങ്ങിക്കഴിഞ്ഞു. ഞാൻ ഇരുന്നിടത്തുനിന്നു് എഴുന്നേല്ക്കുകയോ അദ്ദേഹത്തെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുകയോ ഉണ്ടായില്ല; ആ ഗാനം അത്രവളരെ മനോഹരമായിരുന്നു. ഞാൻ അതും ശ്രദ്ധിച്ചുകൊണ്ടു പുറത്തു ചവിട്ടുപടിയിൽ ഇരുന്നു.

ഞങ്ങൾ ആ വീട്ടിൽ ഒരു മാസം താമസിച്ചു; അതിനുശേഷം വീട്ടിലേക്കു മടങ്ങി. എന്റെ മുത്തശ്ശിയാണു് ആദ്യം ഞങ്ങളെ കണ്ടതു്.

അവർ പറഞ്ഞു: “നിങ്ങൾ രണ്ടുപേരും സമയത്തു തന്നെ മടങ്ങിയെത്തി. അദ്ദേഹം ഒരു മൃഗത്തെപ്പോലെ

അലറുന്നുണ്ടായിരുന്നു. പണമെല്ലാം എൻെറ അട്ടക്കൽ തന്നേക്കു."

"പണമൊന്നുമില്ല," ഞാൻ പറഞ്ഞു.

"ഇവൻ ജോലി ചെയ്തോ?" മുത്തശ്ശി ചോദിച്ചു.

"ഇല്ല, ഈ ഒരു മാസം മുഴുവൻ അദ്ദേഹം സിത്താറും മീട്ടി കഴിച്ചുകൂട്ടി," ഞാൻ പറഞ്ഞു.

"നീ വച്ച ചോറു് എങ്ങനെയുണ്ടായിരുന്നു?" മുത്തശ്ശി ചോദിച്ചു.

ഞാൻ പറഞ്ഞു: "ചിലപ്പോൾ ഉപ്പു കൂടിയിരിക്കും, ചിലപ്പോൾ കൃത്യമായിരിക്കും. എന്തായാലും ഇദ്ദേഹം ജോലിയൊന്നും ചെയ്യുകയുണ്ടായില്ല."

"അവൻെറ അച്ഛൻ അറിയണ്ട അതു്," മുത്തശ്ശി പറഞ്ഞു.

അവർ വീട്ടിനുള്ളിലേക്കു പോയി, കുറച്ചു പണം എടുത്തുകൊണ്ടുവന്നു് എൻെറ കൈയിൽ തന്നു.

"അദ്ദേഹം വരുമ്പോൾ ഈ പണം അദ്ദേഹത്തിൻെറ കൈയിൽ കൊടുത്തേക്കു," അവർ പറഞ്ഞു.

അവർ ഒരു നിമിഷം എൻെറ നേരെ നോക്കിയിട്ടു തുടന്നു: "ആരം ഗാരോഗ്ലാനിയൻ!"

"മുത്തശ്ശി പറഞ്ഞപോലെ ഞാൻ ചെയ്യാം," ഞാൻ സമ്മതിച്ചു.

വീട്ടിലെത്തിയപ്പോൾ മുത്തച്ഛൻ അലറാൻ തുടങ്ങി.

അദ്ദേഹം ചോദിച്ചു: "മടങ്ങിയെത്തിക്കഴിഞ്ഞോ? കാലം ഇത്രവേഗം കഴിഞ്ഞോ? അവൻ സമ്പാദിച്ച പണമെവിടെ?"

ഞാൻ പണം അദ്ദേഹത്തിൻ്റെകൈയിൽ കൊടുത്തു.

"മുഴുവൻ സമയവും പാട്ടുപാടിക്കളയാൻ ഞാൻ അവനെ അനുവദിക്കില്ല. തൻെറ ബുദ്ധിമാന്മാരായ മക്കളെ

ക്കാൾ കൂടുതലായി, ഒരച്ഛൻ, തന്റെ വിഡ്ഢിയായ മകനെ സ്നേഹിക്കുന്നു എന്നു് ഏതെങ്കിലും പുസ്തകത്തിൽ നിങ്ങൾ കാണാനിടവന്നാൽ, ആ ഗ്രന്ഥകാരൻ കല്യാണം കഴിക്കാത്ത ആളായിരിക്കും തീർച്ച.''

ജോർഗിഅമ്മാവൻ ഒരു മരത്തിന്റെ ചുവട്ടിൽ ഇരുന്നു് സിത്താർ വായിക്കാനും പാടാനും തുടങ്ങി. മുത്തച്ഛൻ പെട്ടെന്നു സംസാരം നിത്തി ശ്രദ്ധിച്ചു. അദ്ദേഹം തന്റെ കസേരയിൽ ഇരുന്നു, ഷൂസ് അഴിച്ചുമാററി.

മൂന്നോ നാലോ ഗ്ലാസ് വെള്ളം കുടിക്കുവാൻവേണ്ടി ഞാൻ അടുക്കളയിലേക്കു പോയി. തലേ രാത്രിയിലെ ചോറിനു് ഉപ്പു പാകത്തിനല്ല, കൂടുതൽ ഉണ്ടായിരുന്നു. ഞാൻ മടങ്ങിയെത്തിയപ്പോൾ വൃദ്ധൻ കസേരയിൽ, പുഞ്ചിരിച്ചുകൊണ്ടു് ഉറങ്ങിക്കിടക്കുകയായിരുന്നു; അദ്ദേഹത്തിന്റെ മകൻ ജോർഗി മനോഹരവും വിഷാദസങ്കുലവും ആയ ശബ്ദത്തിൽ, ഉച്ചസ്ഥായിയിൽ, ലോകം മുഴവൻ കേൾക്കാൻതക്കവിധം പാടുകയും.

## മാതളനാരകങ്ങൾ

ഇതുവരെ ഉണ്ടായിട്ടുള്ളവരിൽ വച്ച് ഏററവും നല്ല കൃഷകനായിരുന്നു എൻെറ അമ്മാവൻ മെലിക് എന്നു പറഞ്ഞുകൂടാ. അദ്ദേഹം ആവശ്യത്തിൽ കൂടുതൽ ഒരു സ്വപ്നജീവിയായിരുന്നു. സൗന്ദര്യമായിരുന്നു അദ്ദേഹത്തിന്നാവശ്യം. സൗന്ദര്യം കൃഷിചെയ്യാനും അതു വളൎന്നുവരുന്നതു കാണാനും അദ്ദേഹം ആഗ്രഹിച്ചു. ലോകം മുഴുവൻ ചെറുപ്പമായി തോന്നിയിരുന്ന ആ പഴയ നല്ല കാലങ്ങളിൽ, ഒരു കൊല്ലം ഞാൻതന്നെ ഒരു നൂറിൽ കൂടുതൽ മാതളനാരകങ്ങൾ അമ്മാവനുവേണ്ടി നട്ടിട്ടുണ്ട്. ഞാൻ ഒരു ട്രാക്ടർ ഓടിക്കുകയുമുണ്ടായി. അമ്മാവനും അതു ചെയ്തു. അതെല്ലാം കേവലം സൗന്ദര്യത്തെപ്രതിയായിരുന്നു; ഒരു കൃഷിയായിരുന്നില്ല അതു്. മരങ്ങൾ നടുക, അവ വളൎന്നുവരുന്നതു കാണുക,—ഇതു രണ്ടും അമ്മാവനു് ഇഷ്ടമായിരുന്നു. അത്രതന്നെ.

പക്ഷേ, അവ വളൎന്നില്ലെന്നു മാത്രം. മണ്ണിൻെറ കുഴപ്പമായിരുന്നു കാരണം. മരുഭൂമിക്കു സമമായിരുന്നു ആ മണ്ണു്. അതു് ഉണങ്ങിവരണ്ടിരുന്നു. താൻ വാങ്ങിയ അറുനൂററി എൺപതു് ഏക്കർ മരുഭൂമിയുടെ നേരെ കൈവീശിക്കൊണ്ടു്, ഇതുവരെ കേട്ടിട്ടുള്ളതിൽവച്ച് ഏററവും മനോഹരമായ ആർമീനിയൻ ഭാഷയിൽ അദ്ദേഹം പറഞ്ഞു: "ഇവിടെ ഈ വരണ്ട ഭൂമിയിൽ ഒരു പൂന്തോട്ടം വികസിച്ചുവരും; സുന്ദരങ്ങളായ വസ്തുക്കൾ ഇവിടെ നിലവിൽ വരും."

"ശരി," ഞാൻ സമ്മതിച്ചു.

ഞങ്ങളുടെ കുട്ടംബത്തിൽ ഞാൻ മാത്രമായിരുന്നു, അമ്മാവൻ വാങ്ങിയ നിലം കണ്ടിരുന്നതു്. എനിക്കു കാൎയ്യങ്ങൾ മനസ്സിലാകുമെന്നു് അദ്ദേഹത്തിന്നറിയാമായിരുന്നു. എനിക്കു മനസ്സിലായിതാനും. എനിക്കും അദ്ദേഹത്തിനും ഒരുപോലെ അറിയാമായിരുന്നു, അദ്ദേഹം വാങ്ങിയതു്, ഉപയോഗശൂന്യമായ മരുഭൂമിയാണെന്നു്. സിയറാ നെവാസപൎവ്വതങ്ങളുടെ താഴ്വാരത്തിൽ, എല്ലാറ്റിൽനിന്നും വളരെ അകന്നുകിടക്കുന്ന വിജനമായ ഒരു പ്രദേശത്തായിരുന്നു അതു്. വരണ്ട ഉഷ്ണഭൂമിയിൽ മുളക്കുന്ന എല്ലാത്തരം ചെടികളും ആ ഭൂമി നിറയെ ഉണ്ടായിരുന്നു. അനേകവിധത്തിലുള്ള ചെറുജന്തുക്കളും അവിടെ ഉണ്ടായിരുന്നു. ആ ഭൂമിക്കു മീതേകൂടി വലിയ കാട്ടുപക്ഷികൾ മാത്രമേ സഞ്ചരിച്ചിരുന്നുള്ളു. ഏകാന്തതയുടേയും സത്യത്തിൻേറയും വിളനിലമായിരുന്നു അതു്. പ്രകൃതി തൻെറ അഹന്തയുടേയും ഏകാന്തതയുടേയും വരൾച്ചയുടേയും സൗന്ദൎയ്യത്തിൻേറയും ഉച്ചസ്ഥിതിയിൽ അവിടെ വിളയാടി.

ഞാനും അമ്മാവനുംകൂടി, കാറിൽ ആ നിലത്തിന്റെ മദ്ധ്യത്തിൽ ചെന്നിറങ്ങി, വരണ്ട മണ്ണിലൂടെ നടക്കാൻ തുടങ്ങി.

"ഈ നിലം എൻെറ നിലമാണു്," അദ്ദേഹം പറഞ്ഞു.

ആ വരണ്ട മണ്ണിലൂടെ അദ്ദേഹം സാവധാനം നടന്നു. ഒരു ഓന്തു്, മണ്ണിൽ അമ്മാവൻെറ കാല്ക്കീഴിലൂടെ ഓടിപ്പോയി. അമ്മാവൻ എന്റെ തോളത്തുകയറിപ്പിടിച്ചു് അവിടെ നിലയായി.

"എന്തു ജന്തുവാണതു്?" അമ്മാവൻ ചോദിച്ചു.

"ഞങ്ങളിതിനെ ഓന്തെന്നാണ് വിളിക്കുന്നതു്," ഞാൻ പറഞ്ഞു.

ആ ജന്തു ഏതാണ്ടു് മൂന്നടി അകലെ ചെന്നുനിന്നു്, തല ഞങ്ങളുടെ നേരെ തിരിച്ചു.

എന്റെ അമ്മാവൻ ആ ചെറിയ ജന്തുവിന്റെ നേരെ കുനിഞ്ഞുനോക്കി.

"ഇതിനു വിഷമുണ്ടോ?" അദ്ദേഹം ചോദിച്ചു.

"തിന്നാനോ? അതോ അതു നമ്മളെ തിന്നാൻ ശ്രമിച്ചാലോ?" ഞാൻ അന്വേഷിച്ചു.

"രണ്ടു വിധത്തിലും," അമ്മാവൻ പറഞ്ഞു.

ഞാൻ പറഞ്ഞു: "തിന്നാൻ ഇതത്ര നല്ലതാണെന്നു തോന്നുന്നില്ല. ഞാൻ ഇവയെ ധാരാളം പിടിച്ചെട്ടുതതിട്ടുണ്ടു്. നമ്മൾ പിടിച്ചെടുക്കുമ്പോൾ അവ സങ്കടപ്പെടും, പക്ഷേ, ഒരിക്കലും നമ്മെ ഉപദ്രവിക്കില്ല. ഇതിനെ ഞാൻ പിടിക്കട്ടെ?"

"പിടിച്ചുകൊണ്ടു വരൂ," അമ്മാവൻ പറഞ്ഞു.

അമ്മാവൻ നോക്കിക്കൊണ്ടിരിക്കെ ഞാൻ ആ ഓന്തിനെ പിടിച്ചുകൊണ്ടുവന്നു.

"സൂക്ഷിക്കണം, അതിനു വിഷമില്ല എന്നു് നിനക്കു തീർച്ചയാണോ?" അമ്മാവൻ ചോദിച്ചു.

"ഞാൻ ഇത്തരം ഒരുപാടെണ്ണത്തിനെ പിടിച്ചിട്ടുണ്ടു്," ഞാൻ പറഞ്ഞു.

ഞാൻ ആ ജന്തുവിനെ അമ്മാവന്റെ അടുത്തേക്കു കൊണ്ടുചെന്നു. ഭയം കാണിക്കാതിരിക്കാൻ അദ്ദേഹം ശ്രമിച്ചു.

"കൗതുകമുള്ള ഒരു ചെറുജീവി, അല്ലേ?" അദ്ദേഹം ചോദിച്ചു. അദ്ദേഹത്തിന്റെ ശബ്ദത്തിനു് വിറയലുണ്ടായിരുന്നു.

"ഇതിനെയൊന്നു പിടിച്ചുനോക്കണമെന്നുണ്ടോ?" ഞാൻ അന്വേഷിച്ചു.

അമ്മാവൻ പറഞ്ഞു: "വേണ്ട, നീ പിടിച്ചോ. ഇത്തരം ഒരു ജന്തുവിൻെറ ഇത്രയ്ക്കടുത്ത് ഇതിനുമുമ്പ് ഞാൻ പോയിട്ടേ ഇല്ല. അല്ലാ, ഇതിനു കണ്ണുണ്ടല്ലോ. ഇതിനു നമ്മെ കാണാൻ കഴിയുമായിരിക്കും ഇല്ലേ?"

"കഴിയുമെന്നാണെനിക്കു തോന്നുന്നതു്. ഇപ്പോൾ അതു നിങ്ങളുടെ നേരെയാണു നോക്കുന്നതു്," ഞാൻ പറഞ്ഞു.

അമ്മാവൻ ആ ജന്തുവിൻെറ കണ്ണുകളിലേക്കു നോക്കി. ആ ജന്തു അമ്മാവൻെറ കണ്ണുകളിലേക്കും നോക്കി. ഒരരമിനിട്ടു മുഴുവൻ അവർ അന്യോന്യം കണ്ണോടുകണ്ണു നോക്കിനിന്നു. അതിനുശേഷം ആ ജന്തു തല തിരിച്ചു നിലത്തേക്കു നോക്കി.

"ഇത്തരം ഒരായിരം എണ്ണം കൂടിയാൽ ഒരു മനുഷ്യനെ കൊല്ലാൻ കഴിയുമെന്നു തോന്നുന്നു," അമ്മാവൻ പറഞ്ഞു.

ഞാൻ പറഞ്ഞു: "അവ ഒരിക്കലും അങ്ങനെ കൂട്ടം കൂട്ടമായി സഞ്ചരിക്കാറില്ല. ഒന്നിൽ കൂടുതലായി ഒരിക്കലും കാണുകയില്ലെന്നുതന്നെ പറയാം."

"വലിയ ഒരെണ്ണത്തിനു് ഒരുപക്ഷേ, ഒരാളെ കൊല്ലാൻ കഴിഞ്ഞേക്കുമല്ലേ?" അമ്മാവൻ തിരക്കി.

"ഇവ വളരെ വലുതാവില്ല; ഇത്രയേ അവ വളരൂ," ഞാൻ മറുപടി പറഞ്ഞു.

"ഈ ചെറിയ ജന്തുക്കൾക്കു്, വളരെ വലിയ കണ്ണുകളാണല്ലോ ഉള്ളതു്. പിടിച്ചെടുക്കുന്നതുകൊണ്ടു് ഇവയ്ക്കു വിരോധമൊന്നുമില്ലെന്നു് നിനക്കു തീർച്ചയാണോ?" അമ്മാവൻ ചോദിച്ചു.

“താഴേക്കു വിട്ടാൽ ഉടനെതന്നെ, ഇവ അതേപ്പറ്റി യെല്ലാം മറക്കുമെന്നാണ് ഞാൻ കരുതുന്നതു്,” ഞാൻ പറഞ്ഞു.

“വാസ്തവമായും നിനക്കങ്ങനെ തോന്നുന്നുണ്ടോ?” അമ്മാവൻ അന്വേഷിച്ചു.

“അവയ്ക്കു വല്യതായൊന്നും ഓർമ്മിക്കാൻ കഴിയുമെന്നെനിക്കു തോന്നുന്നില്ല,” ഞാൻ പറഞ്ഞു.

അമ്മാവൻ പറഞ്ഞു: “ആ പാവത്തിനെ താഴെ വിട്ടേക്കൂ; ദൈവം സൃഷ്ടിച്ച ചെറുജീവികളോടു നാം ദയവുള്ളവരായിരിക്കണം. ഇതിനു വിഷമില്ല; ഇതു് ഇനിയും വല്യതാവില്ല; ഇതു കൂട്ടംചേർന്നു സഞ്ചരിക്കുകയില്ല; യാതൊന്നും ഓർമ്മിക്കുകയില്ല;—ഇതെല്ലാം വാസ്തവമാണെങ്കിൽ ഇതിനെ മണ്ണിലേക്കു വിട്ടേക്കൂ; നമ്മോടൊപ്പം ഈ ഭൂമുഖത്തു ജീവിക്കുന്ന ചെറുജീവികളോട്ട് നാം കരുണ കാണിക്കണം.”

“ശരി,” ഞാൻ സമ്മതിച്ചു.

ഞാൻ ആ ജന്തുവിനെ മണ്ണിൽ വച്ചു.

“പതുക്കെ; എന്റെ നിലത്തിൽവച്ച്, ഈ വിചിത്രജന്തുവിനു് ആപത്തൊന്നും പററണ്ട,” അമ്മാവൻ പറഞ്ഞു.

ആ ഓന്തു് അകലേക്കു് ഓടിപ്പോയി.

“ഈ ചെറുജീവികൾ ഇത്തരം പ്രദേശങ്ങളിൽ നൂററാണ്ടുകളായി ജീവിച്ചുപോരുന്നവയാണ്,” ഞാൻ പറഞ്ഞു.

“നൂററാണ്ടുകളായോ? നിനക്കു തീർച്ചയുണ്ടോ?” അമ്മാവൻ ചോദിച്ചു.

ഞാൻ പറഞ്ഞു: “തീർച്ചയൊന്നുമില്ല; എങ്കിലും

അങ്ങനെയാണ് എനിക്കു തോന്നുന്നതു്. ഏതായാലും, ഇപ്പോഴും അവ ഇവിടെ ഉണ്ടു്."

എൻെറ അമ്മാവൻ, തൻെറ നിലത്തിലേക്കും, അവിടെ വളൎന്നുനില്ക്കുന്ന കള്ളി തുടങ്ങിയ പാഴ്ച്ചെടികളിലേക്കും, തലയ്ക്കു മീതെയുള്ള ആകാശത്തേക്കും എല്ലാം കണ്ണോടിച്ചു.

"ഇക്കാലമത്രയും അവ എന്തായിരിക്കും തിന്നിട്ടുണ്ടാവുക?" അദ്ദേഹം ഉറക്കെ ചോദിച്ചു.

"എനിക്കറിയില്ല," ഞാൻ പറഞ്ഞു.

"എന്നാലും, നിൻെറ അഭിപ്രായത്തിൽ, എന്തായിരിക്കും അവ തിന്നിട്ടുണ്ടാവുക?" അദ്ദേഹം ആരാഞ്ഞു.

"ചെറുപ്രാണികളായിരിക്കുമെന്നു തോന്നുന്നു."

"ചെറുപ്രാണികളോ? എന്തുതരം പ്രാണികൾ?" അമ്മാവൻ ഉറക്കെ ചോദിച്ചു.

ഞാൻ പറഞ്ഞു: "ചെറിയ പ്രാണികൾ, അവയുടെ പേരൊന്നും എനിക്കറിയില്ല. നാളെ സ്കൂളിൽ ചെന്നാൽ കണ്ടുപിടിക്കാൻ കഴിയും."

ഞങ്ങൾ തിരിഞ്ഞുനടന്നു്, കാറിൽ വന്നു കയറി.

"ഞാൻ ഇതൊരു തോട്ടമാക്കാൻപോവുകയാണു്," അമ്മാവൻ പറഞ്ഞു.

"ശരി, കൊള്ളാം," ഞാൻ പറഞ്ഞു.

അമ്മാവൻ തുടൎന്നു: "അതിനുള്ള വിഷമതകൾ എന്തെല്ലാമാണെന്നു് എനിക്കറിയാം, അവ മറികടക്കേണ്ടതെങ്ങനെയെന്നും എനിക്കറിയാം."

"എങ്ങനെ?" ഞാൻ ചോദിച്ചു.

"ഈ ഓന്തുകളുടെ കാര്യമാണോ നീ ചോദിക്കുന്നതു്?" അമ്മാവൻ തിരക്കി.

"വിഷമതകളെപ്പററിയാണ് ഞാൻ ചോദിച്ചത്," ഞാൻ പറഞ്ഞു.

"ആദ്യമായി ഞാൻ ചെയ്യാൻപോകുന്നത്, ഏതാനും മെക്സിക്കൻകാരെ കൂലിക്കേർപ്പെട്ടത്തി, അവരെക്കൊണ്ട് ജോലിചെയ്യിക്കലാണ്," അമ്മാവൻ പറഞ്ഞു.

"എന്തു ജോലി?" ഞാൻ അന്വേഷിച്ചു.

"നിലം വെടിപ്പാക്കൽ," അമ്മാവൻ പറഞ്ഞു: "അതിനുശേഷം ഞാൻ അവരെക്കൊണ്ട് കിണറു കുഴിപ്പിക്കും."

"എവിടെ കുഴിക്കും?" ഞാൻ ചോദിച്ചു.

അമ്മാവൻ പറഞ്ഞു: "നേരേ കീഴോട്ട്. വെള്ളം കിട്ടിക്കഴിഞ്ഞാൽ അവരെക്കൊണ്ട ഞാൻ നിലം തെളിപ്പിക്കും. എന്നിട്ട ഞാൻ കൃഷി തുടങ്ങും."

"എന്താണ് ഇവിടെ കൃഷിചെയ്യാൻ പോകുന്നതു ? ഗോതമ്പോ?" ഞാൻ ചോദിച്ചു.

"ഗോതമ്പോ?" എന്റെ അമ്മാവൻ ഉറക്കെ ചോദിച്ചു: "ഗോതമ്പുകൊണ്ട ഞാൻ എന്തുചെയ്യാൻ? റൊട്ടിക്കു കടയിൽ അഞ്ചു സെൻറ വിലയുള്ളൂ. ഞാൻ മാതളനാരകങ്ങൾ നടാൻപോവുകയാണ്."

"മാതളനാരങ്ങയ്ക്കു് എന്താണു വില?" ഞാൻ അന്വേഷിച്ചു.

"മാതളനാരങ്ങയെപ്പററി ഈ രാജ്യത്തു കേട്ടിട്ടേയില്ല എന്നു പറയാം," അമ്മാവൻ പറഞ്ഞു.

"അതു മാത്രമാണോ കൃഷിചെയ്യാൻ പോകുന്നത്?" ഞാൻ ചോദിച്ചു.

"മററു പലതരം മരങ്ങൾ നടണമെന്ന് എൻെറ മനസ്സിൽ ഉണ്ട്," അമ്മാവൻ പറഞ്ഞു.

"മെക്സിക്കൻ കൂലിക്കാർക്കു വെള്ളം കണ്ടെത്താൻ

വിഷമമൊന്നുമുണ്ടാകില്ലെന്നു വിചാരിക്കാം. ഈ മണ്ണിന്നടിയിൽ വെള്ളം ഉണ്ടാകുമോ?" ഞാൻ ചോദിച്ചു.

"പിന്നില്ലേ! മുഖ്യമായ കാര്യം പണി അങ്ങോട്ടു തുടങ്ങുക എന്നതാണു്. മാതളനാരങ്ങകൾ," അമ്മാവൻ പറഞ്ഞു.

അദ്ദേഹം കാർ ഓടിക്കുവാൻ തുടങ്ങി. വരണ്ട ആ ഭൂമിയിൽനിന്നു്, വരണ്ടുകിടക്കുന്ന റോട്ടിലേക്കു ഞങ്ങൾ വന്നെത്തി. റോട്ടിൽ എത്തുന്നതുവരെ കാറു് സാവധാനമാണു പോന്നിരുന്നതു്; റോട്ടിലെത്തിയതോടെ ഞങ്ങൾ വേഗത കൂട്ടി.

അമ്മാവൻ പറഞ്ഞു: "ഒരുകാര്യം. വീട്ടിൽ എത്തിയാൽ അവിടെ ആരോടും ഈ തോട്ടത്തിന്റെ കാര്യം നീ മിണ്ടിപ്പോകരുതു്."

"ശരി," ഞാൻ സമ്മതിച്ചു. (തോട്ടമോ? എന്തു തോട്ടം! ഞാൻ മനസ്സിൽ കരുതി.)

അമ്മാവൻ തുടന്നു: "അവരെ ഒന്നമ്പരപ്പിക്കണമെനിക്കു്. നിന്റെ മുത്തശ്ശിയുടെ മട്ടു് നിനക്കറിഞ്ഞുകൂടേ? എന്റെ പദ്ധതി ഞാൻ നടപ്പാക്കും. എന്നിട്ടു്, എല്ലാം ശരിയായിക്കഴിയുമ്പോൾ, ഞാൻ വീട്ടുകാരെ മുഴവൻ ഈ തോട്ടത്തിലേക്കു കൂട്ടിക്കൊണ്ടുവന്നു്, അവരെ അത്ഭുതപ്പെടുത്തിക്കളയും."

"അതു ശരി," ഞാൻ പറഞ്ഞു.

"ഒരു ജീവിയോടുപോലും ഒററക്ഷരം മിണ്ടിപ്പോകരുതു്," അമ്മാവൻ പറഞ്ഞു.

"ശരി," ഞാൻ ഏററു.

മെക്സിക്കൻകൂലിക്കാർ ഭൂമി വെടുപ്പാക്കാൻ തുടങ്ങി. രണ്ടുമാസംകൊണ്ടു് അവർ ഏതാണ്ടു് പത്തു് ഏക്കറോളം തെളിച്ചെടുത്തു. അവർ ഏഴു പേരുണ്ടായിരുന്നു. അവക്കു്

ഒന്നുംതന്നെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. എല്ലാം വളരെ വിചിത്രമായിത്തോന്നി അവക്ക്; എങ്കിലും അങ്ങനെയൊന്നും അവർ പറയുകയുണ്ടായില്ല. അവക്കു കൂലി കിട്ടുന്നുണ്ടായിരുന്നു; അതായിരുന്നു പ്രധാന കാര്യം.

കള്ളിച്ചെടികൾ കുറച്ചുകാലത്തേക്കു മാത്രമേ അകന്നുനിന്നുള്ളു. ആദ്യം തെളിച്ച ഭാഗങ്ങളിൽ, ഇതിനകം പുതിയ കള്ളിച്ചെടികൾ നിറഞ്ഞുകഴിഞ്ഞിരുന്നു. അമ്മാവൻ ഇതു കണ്ട് വല്ലാതെ അത്ഭുതപ്പെട്ടു.

കാഷികോപകരണങ്ങൾ വ്യാപാരംചെയ്യുന്ന റായനുമായി അമ്മാവൻ കാര്യങ്ങളെല്ലാം ചച്ചചെയ്തു. കുതിരകളേയുംകൊണ്ടു വിഡ്ഢിക്കളി കളിക്കണ്ടെന്നു റായൻ അദ്ദേഹത്തോടു പറഞ്ഞു. നല്ലൊരു ട്രാക്ടർ ഉപയോഗിക്കുന്നതാണ് ഇപ്പോഴത്തെ പരിഷ്കാരം; ഒരു കൊല്ലത്തെ ജോലി ഒരു ദിവസംകൊണ്ടു തീക്കാം.

ഉടനെ അമ്മാവൻ ഒരു ട്രാക്ടർ വാങ്ങി. ചന്തമുള്ള ഒന്നായിരുന്നു അതു്. റായൻെറ കമ്പനിയിൽനിന്ന് ഒരാൾ വന്ന് ഡിഗോവിനെ ട്രാക്ടർ ഓടിക്കാൻ പഠിപ്പിച്ചു. പിറെറ ദിവസം ഞാനും അമ്മാവനും നിലത്തിലെത്തിയപ്പോൾ, ട്രാക്ടർ നിലത്തിൻ്റെ മദ്ധ്യത്തിലായിരുന്നു. മരുഭൂമിയുടെ പ്രശാന്തതയിൽ അതിൻ്റെ ശബ്ദം ഞങ്ങൾ മുഴങ്ങിക്കേട്ടു. അത്ഭുതകരമായ ഒരു യന്ത്രമാണതെന്ന് അമ്മാവൻ സമ്മതിച്ചു.

അദ്ദേഹം പറഞ്ഞു: "കണ്ടോ പുതിയ യുഗം വന്നുചേന്നിരിക്കുന്നു. പതിനായിരം കൊല്ലം മുമ്പ്, നൂറ് ആളുകൾ ഒരാഴ്ച പണിയെടുത്താലേ, ഈ ട്രാക്ടർ ഇന്നൊരു ദിവസംകൊണ്ടു ചെയ്ത ജോലി തീരൂ."

"പതിനായിരം കൊല്ലം മുമ്പോ? ഇന്നലെയെന്നാകും പറയാൻ വിചാരിച്ചതു്, അല്ലേ?" ഞാൻ ചോദിച്ചു.

"നിനക്കു ചൂളംവിളിക്കാൻ അറിയാമോ?" അമ്മാവൻ ചോദിച്ചു.

"ഓഹോ, ഏതു പാട്ടാണു കേൾക്കേണ്ടതു്?" ഞാൻ അന്വേഷിച്ചു.

"പാട്ടോ? എനിക്കൊരു പാട്ടും കേൾക്കേണ്ട. ട്രാക്റ്റർ ഓടിക്കുന്ന ആ മെക്സിക്കൻകൂലിക്കാരനെ ചൂളമടിച്ചു വിളിച്ചാൽമതി," അമ്മാവൻ പറഞ്ഞു.

"എന്തിനു്?" ഞാൻ ചോദിച്ചു.

അമ്മാവൻ പറഞ്ഞു: "എന്തിനാണെന്നൊന്നും നോക്കേണ്ട; ചൂളമടിച്ചോ. നമ്മൾ ഇവിടെയുണ്ടെന്നു് അയാൾ അറിയണം; അയാളുടെ ജോലി നമുക്കു തൃപ്തിയായി എന്നും അയാൾ അറിഞ്ഞോട്ടെ. ഏതാണ്ടൊരിരുപതു് ഏക്കറോളം അയാൾ തെളിച്ചിട്ടുണ്ടാകും."

"ശരിയാണു്," ഞാൻ പറഞ്ഞു.

ഞാൻ, രണ്ടു കൈയിലേയും ചൂണ്ടാണിവിരലും നടുവിരലും കൂട്ടിപ്പിടിച്ചു, വായിൽ തള്ളിക്കേറ്റി, എന്റെ ശക്തിയെല്ലാം ഉപയോഗിച്ചു് ഊതി. വലിയ ഒച്ചയില്ലുള്ള ഒരു ചൂളമായിരുന്നു അതു്. എങ്കിലും ഡിഗോ അതു കേട്ടതായി തോന്നിയില്ല. അയാൾ കുറെയേറെ ദൂരെയായിരുന്നു. ഞങ്ങൾ അയാളുടെ നേക്കാണു് നടന്നിരുന്നതു്; അതുകൊണ്ടു്, എന്തിനാണു് അയാളെ ചൂളമടിച്ചു വിളിക്കാൻ അമ്മാവൻ പറഞ്ഞതെന്നു് എനിക്കു മനസ്സിലായില്ല.

"ഒരിക്കൽക്കൂടി," അമ്മാവൻ പറഞ്ഞു.

ഞാൻ ഒരിക്കൽക്കൂടി ചൂളമടിച്ചു; പക്ഷേ, ഡിഗോ അതും കേട്ടില്ല.

"ഒന്നുകൂടി ഉറക്കെ," അമ്മാവൻ ആവശ്യപ്പെട്ടു.

ഇപ്രാവശ്യം ഞാൻ വളരെ ഉറക്കെ, എന്നേക്കൊ

ണ്ടാകാവുന്നതും അതിൽ കൂട്ടതല്പം ഉറക്കെ ചൂളമടിച്ചു. അമ്മാവൻ കൈകൊണ്ടു ചെവി പൊത്തിപ്പിടിച്ചു. എന്റെ മുഖം വളരെയേറെ ചുവക്കുകയും ചെയ്തു. ട്രാക്ടർ ഓടിച്ചിരുന്ന മെക്സിക്കൻ, ഇത്തവണ ചൂളംവിളി കേട്ടു. അയാൾ ട്രാക്ടറിന്റെ വേഗത കുറച്ച്, അതു തിരിച്ച്, ഞങ്ങളുടെ നേരേ ഓടിച്ചു വന്നു.

ഒരൊന്നര മിനിട്ടിനുള്ളിൽ ട്രാക്ടരും മെക്സിക്കനും ഞങ്ങളുടെ അട്ടത്തെത്തി. മെക്സിക്കൻ ആകെ സന്തുഷ്ടനായി കാണപ്പെട്ടു. അയാൾ ട്രാക്ടറിൽനിന്നു താഴെയിറങ്ങി.

"ഇതൊരത്ഭുതവസ്തുവാണ്," അയാൾ പറഞ്ഞു.

"തനിക്കിതു് ഇഷ്ടപ്പെട്ടല്ലോ, സന്തോഷമായി," അമ്മാവൻ പറഞ്ഞു.

"ഇതിൽ കയറി ഒന്നോടിക്കണോ?" മെക്സിക്കൻ, അമ്മാവനോടു ചോദിച്ചു.

അമ്മാവനു തീർച്ചയില്ലായിരുന്നു; അദ്ദേഹം എന്റെ നേരെ നോക്കി.

"പൊയ്ക്കോ, അതിൽ ചാടിക്കയറി, കുറെദ്ദൂരം ഒന്നു പോയിട്ടു വന്നോ," അദ്ദേഹം എന്നോടു പറഞ്ഞു.

ഡിഗോ ട്രാക്ടറിൽ കയറി ഇരുന്നിട്ട്, എന്നെ കയറുവാൻ സഹായിച്ചു. അയാൾ ഇരിപ്പിടത്തിൽ ഇരുന്നു; ഞാൻ അയാളുടെ പിറകിൽ നിന്നു. ട്രാക്ടർ വിറച്ച്, തുള്ളി, മുന്നോട്ടു നീങ്ങി. അതു വേഗത്തിൽ സഞ്ചരിക്കുകയും വലിയ ശബ്ദമുണ്ടാക്കുകയും ചെയ്തു. മെക്സിക്കൻ ആ ട്രാക്ടർ വലിയൊരു വൃത്തത്തിൽ ഓടിച്ചു, വീണ്ടും അമ്മാവന്റെ അരികിൽ കൊണ്ടുവന്നു നിർത്തി. ഞാൻ ചാടി താഴെയിറങ്ങി.

"ശരി, ഇനി തന്റെ ജോലിക്കു പൊയ്ക്കോ," അമ്മാവൻ മെക്സിക്കനോടു പറഞ്ഞു.

പല മാസങ്ങൾ കഴിഞ്ഞേ, അമ്മാവനു് ആ ഭൂമിയിൽനിന്നു വെള്ളം കിട്ടിയുള്ളു. അവിടെയെല്ലാം അദ്ദേഹം കുഴിപ്പിച്ചുനോക്കി; പക്ഷേ, വെള്ളം കിട്ടിയില്ലെന്നുമാത്രം. ടെക്സാസിൽനിന്നു് റോയ് എന്നു പേരായ ഒരു വിദഗ്ദ്ധനും അയാളുടെ ഇളയ രണ്ടു സഹോദരന്മാരും കൂടി വന്നു്, വെള്ളം കണ്ടെത്താൻവേണ്ടി, ആ നിലം മുഴവൻ പരിശോധിക്കുകയുണ്ടായി. വെള്ളം കണ്ടുപിടിക്കാമെന്നു് അവർ അമ്മാവനോടു് ഉറപ്പു പറഞ്ഞു. മൂന്നു മാസം വേണ്ടിവന്നു, അവക്കു് അതു സാധിക്കാൻ. വെള്ളം കിട്ടി; പക്ഷേ, വളരെ കുറച്ചേ ഉണ്ടായിരുന്നുള്ളു. കുറച്ചുകാലംകൊണ്ടു സ്ഥിതിഗതികൾ മെച്ചപ്പെട്ടുമെന്നു് അമ്മാവനോടു പറഞ്ഞു്, വിദഗ്ദ്ധന്മാർ ടെക്സാസിലേക്കു മടങ്ങി.

പകുതി നിലം തെളിച്ചുകഴിഞ്ഞു; കുറച്ചു വെള്ളവും കിട്ടിയിരിക്കുന്നു; ഇനി കൃഷി തുടങ്ങാം.

ഞങ്ങൾ മാതളനാരകങ്ങൾ നട്ടു. ഏററവും നല്ല ഇനമായിരുന്നു അവ; വളരെ വിലയുള്ളവയും. ഏതാണ്ടു് എഴുനൂറു തൈകൾ ഞങ്ങൾ നട്ടു. ഞാൻതന്നെ ഒരു നൂറെണ്ണം നട്ടിട്ടുണ്ടാകും. അമ്മാവനും കുറെയെണ്ണം നട്ടു. വിചിത്രവും വിജനവുമായ ആ അകന്ന പ്രദേശത്തു് ഇരുപതേക്കർ മാതളനാരകത്തോപ്പു് ഞങ്ങൾ നിർമ്മിച്ചിരിക്കുന്നു. ഏററവും സുന്ദരമായ വിസ്മിത്തമായിരുന്നു അതു്; എന്റെ അമ്മാവനു് അതിനോടു വലിയ പ്രേമമായിരുന്നുതാനും. ഒരേയൊരു വിഷമം, അദ്ദേഹത്തിന്റെ പണം മിക്കവാറും തീർന്നു, എന്നതായിരുന്നു. ആ അറുനൂറ്റി എൺപതു് ഏക്കർ നിലം മുഴവൻ ഒരു തോട്ടമാക്കി

മാററാനുള്ള തന്റെ പദ്ധതി നടപ്പിലാക്കുന്നതിനു പകരം, തന്റെ സമയവും പണവും മുഴുവൻ മാതളനാരകങ്ങൾക്കു വേണ്ടി ചെലവാക്കാൻ അമ്മാവൻ തീരുമാനിച്ചു.

അദ്ദേഹം പറഞ്ഞു: "തല്ക്കാലത്തേക്കു മാത്രമാണിതു്. മാതളനാരങ്ങ വിററു് നമുക്കു പണം കിട്ടാൻ തുടങ്ങുന്നതുവരേക്കും മാത്രം."

"അതു ശരി," ഞാൻ പറഞ്ഞു.

എനിക്കു തീർച്ചയില്ലായിരുന്നു, എങ്കിലും എനിക്കു തോന്നി, വരുന്ന രണ്ടുമൂന്നു കൊല്ലത്തേക്കെങ്കിലും ഈ ചെറിയ ചെടികളിൽ നാരങ്ങയൊന്നും ഉണ്ടാകാൻ പോകുന്നില്ലെന്നു്. പക്ഷേ, ഞാൻ ഒന്നും പറഞ്ഞില്ല. മെക്സിക്കൻ കൂലിക്കാരെയെല്ലാം അമ്മാവൻ പറഞ്ഞയച്ചു; ഞാനും അമ്മാവനും തന്നെ തോട്ടത്തിലെ പണികളെല്ലാം ചെയ്യാൻ തുടങ്ങി. ട്രാക്ടരും നിലവും ഉണ്ടല്ലോ; ഇടയ്ക്കിടയ്ക്കു് ഞങ്ങൾ നിലത്തിൽ ചെന്നു്, ട്രാക്ടർ ഓടിച്ചു മാതളനാരകങ്ങളുടെ ഇടയ്ക്കുള്ള മണ്ണെല്ലാം ഇളക്കിയിട്ടു. മൂന്നുകൊല്ലം ഈ ജോലി തുടർന്നു.

അമ്മാവൻ പറഞ്ഞു: "നീ നോക്കിക്കോ, ഒരിക്കൽ ഈ മരുഭൂമിയിൽ, ലോകത്തിലേക്കുംവച്ചു് ഏററവും മനോഹരമായ തോട്ടം നിനക്കു കാണാൻ കഴിയും."

ഇപ്പോഴും കൂടുതൽ വെള്ളമൊന്നും കിട്ടിയിരുന്നില്ല. വല്ലപ്പോഴുമൊരിക്കൽ പെട്ടെന്നു് കുറച്ചു കൂടുതൽ വെള്ളം കണ്ടെന്നിരിക്കും; അമ്മാവനു് വളരെ സന്തോഷമാകും; പക്ഷേ, പിറേറദിവസത്തേക്കു് അതു് ഏതാണ്ടു മുഴുവൻ തന്നെ വററിയിരിക്കും. മാതളനാരകങ്ങൾ ജീവൻ നിലനിത്താൻവേണ്ടി സമരംചെയ്യുകയായിരുന്നു; പക്ഷേ, കായ്ക്കാൻ വേണ്ടത്ര വെള്ളം ഒരിക്കലും അവയ്ക്കു കിട്ടുകയുണ്ടായില്ല.

നാലുകൊല്ലം കഴിഞ്ഞപ്പോൾ അവ പൂത്തു. 'അമ്മാവന്ന് അതൊരു സുദിനമായിരുന്നു. പൂത്തുനില്ക്കുന്ന മരങ്ങൾ കണ്ടപ്പോൾ അദ്ദേഹം സന്തോഷംകൊണ്ടു മതിമറന്നുപോയി.

പക്ഷേ, ആ പൂക്കളിൽ കാര്യമായൊന്നും കായ്ക്കുകയുണ്ടായില്ല. അവ വളരെ മനോഹരങ്ങളായിരുന്നു. അത്ര തന്നെ. മനോഹരങ്ങളും ഏകാന്തങ്ങളും. അക്കൊല്ലം അമ്മാവന്ന് മൂന്നു ചെറിയ മാതളംപഴങ്ങൾ പറിച്ചെടുക്കാൻ ഒത്തു.

അതിലൊന്ന് ഞാൻ തിന്നു; ഒന്ന് അമ്മാവൻ തിന്നു; ബാക്കി ഒന്ന് ഞങ്ങൾ അമ്മാവന്റെ ആപ്പീസിൽ സൂക്ഷിച്ചു.

അടുത്ത വർഷം എനിക്കു പതിനഞ്ചു വയസ്സായി. അതോടെ, എന്നെ സംബന്ധിച്ചേടത്തോളം പലേ അത്ഭുതങ്ങളും സംഭവിച്ചു. ഞാൻ പല നല്ല എഴുത്തുകാരുടേയും ഗ്രന്ഥങ്ങൾ വായിച്ചു; അമ്മാവനോളംതന്നെ എനിക്കു പൊക്കംവച്ചു. തോട്ടത്തിനുവേണ്ടി അമ്മാവനു വളരെയധികം പണം ചെലവായി. പക്ഷേ, വേഗംതന്നെ മാതളംപഴങ്ങൾ വില്ക്കാൻ തുടങ്ങാമെന്നും, അങ്ങനെ തൻെറ പണം മടങ്ങിവരുമെന്നും, ആ മരുഭൂമി ഒരു തോട്ടമാക്കി മാററാനുള്ള തൻെറ പദ്ധതി നടപ്പാക്കാൻ കഴിയുമെന്നും ആയിരുന്നു എന്നും അദ്ദേഹത്തിൻെറ വിചാരം.

പക്ഷേ, മരങ്ങൾ കാര്യമായൊന്നും നന്നായില്ല. അവ കുറച്ചൊന്നു വളൎന്നു; പക്ഷേ, കാണത്തക്കവണ്ണമൊന്നുമില്ലായിരുന്നു. അവയിൽ പലതും ഉണങ്ങിക്കരിഞ്ഞുപോയി.

“പുതിയ ചെടികളൊന്നും നമുക്ക് ഇപ്പോൾ നടേണ്ട; അതു പിന്നീടാകാം,” അമ്മാവൻ പറഞ്ഞു.

അദ്ദേഹം അപ്പോഴും നിലത്തിൻെറ വില അടച്ചു നുണ്ടായിരുന്നു.

അടുത്ത കൊല്ലം ഏതാണ്ട് ഇരുനൂറ് മാതളംപഴങ്ങൾ ഉണ്ടായി. ഞാനും അമ്മാവനുംകൂടി അതെല്ലാം പറിച്ചെടുത്തു. അവ ഏററെക്കുറെ, തൊടമില്ലാത്ത പഴങ്ങളായിരുന്നു. ഞങ്ങൾ അതെല്ലാം ഭംഗിയുള്ള പെട്ടികളിലാക്കി. അതിനുശേഷം അമ്മാവൻ അവയെല്ലാം, ചിക്കാഗോവിലെ ഒരു വ്യാപാരശാലയിലേക്ക് കപ്പലിൽ അയച്ചുകൊടുത്തു. പതിനൊന്നു പെട്ടികളുണ്ടായിരുന്നു.

ഒരു മാസത്തേക്ക്, ആ വ്യാപാരശാലയിൽനിന്നു യാതൊരു വിവരവും കിട്ടിയില്ല. അതുകൊണ്ട് ഒരു ദിവസം രാത്രി അമ്മാവൻ ചിക്കാഗോവിലേക്കു ടെലിഫോൺ വിളിച്ചു. വ്യാപാരശാലയുടെ ഉടമസ്ഥനായ ഡെഗാസ്റ്റിനോ, അമ്മാവനോടു പറഞ്ഞു. ആക്കും മാതളംപഴം ആവശ്യമില്ലെന്നു്.

അമ്മാവൻ ടെലിഫോണിലൂടെ ഉറക്കെ വിളിച്ചു ചോദിച്ചു: "ഒരു പെട്ടിക്കു് എന്തു വിലയാണു് നിങ്ങൾ കാണുന്നതു്?"

"ഒരു ഡോളർ" ഡെഗാസ്റ്റിനോ മറുപടി പറഞ്ഞു.

"അതുപോരാ, ഒരു പെട്ടിക്കു് അഞ്ചു ഡോളറിൽ കുറഞ്ഞു് എനിക്കു വേണ്ട," അമ്മാവൻ വിളിച്ചുപറഞ്ഞു.

"പെട്ടിക്കു് ഒരു ഡോളർവച്ചുതന്നെ, ആക്കും അതു വേണ്ട," ഡെഗാസ്റ്റിനോ പറഞ്ഞു.

"എന്തുകൊണ്ടു്?" അമ്മാവൻ ചോദിച്ചു.

"അതെന്താണെന്നുതന്നെ അവക്കറിയില്ല," ഡെഗാസ്റ്റിനോ ഉത്തരംപറഞ്ഞു.

അമ്മാവൻ വിളിച്ചുചോദിച്ചു: "നിങ്ങൾ എന്തു

കച്ചവടക്കാരനാണ്? മാതളംപഴങ്ങളാണതു്. ഒരു പെട്ടിക്ക് അഞ്ചു ഡോളര് കിട്ടണമെനിക്ക്.''

കച്ചവടക്കാരന് പറഞ്ഞു: ''എനിക്കതു വില്ക്കാന് കഴിയില്ല. ഞാന്തന്നെ ഒന്നു തിന്നുനോക്കി. അത്ര വലിയ വിശേഷമൊന്നും ഞാന് കണ്ടില്ല അതിനു്.''

''നിങ്ങള്ക്കു കമ്പമാണ്. മാതളംപഴംപോലെ വിശേഷപ്പെട്ട മററാരു പഴമില്ല. ഒരു പെട്ടിക്ക് അഞ്ചു ഡോളര് അതിന്റെ പകുതിവിലപോലുമാവില്ല.'' അമ്മാവന് പറഞ്ഞു.

ഡെഗാസ്റ്റിനോ ഉറക്കെ വിളിച്ചുപറഞ്ഞു: ''ഞാന് അവ എന്തുചെയ്യണം? എനിക്ക് അവ വില്ക്കാന് കഴിയില്ല. എനിക്ക് അവ ആവശ്യമില്ല.''

''അതു ശരി,'' അമ്മാവന് വിഷാദംകലന്ന താഴ്ന്ന സ്വരത്തില് പറഞ്ഞു. ''മടക്കി അയച്ചേക്കു, എനിക്ക് മടക്കി അയച്ചുതന്നേക്കൂ.''

ടെലിഫോണില് സംസാരിക്കാന് അമ്മാവനു് പതിനേഴ ഡോളറോളം ചെലവായി.

അങ്ങനെ ആ പതിനൊന്നു പെട്ടികളും മടങ്ങിവന്നു.

ഞാനും അമ്മാവനുംകൂടി, ആ മാതളംപഴങ്ങളില് ഭൂരിഭാഗവും തിന്നു.

പിന്നത്തെക്കൊല്ലം അമ്മാവനു് നിലത്തിന്റെ വിലയില് ഒന്നുംതന്നെ അടയ്ക്കാന് കഴിഞ്ഞില്ല. അദ്ദേഹം, തനിക്ക് ആ നിലം തന്ന ആള്ക്കുതന്നെ അതിന്റെ ആധാരങ്ങളെല്ലാം മടക്കിക്കൊടുത്തു. ആ സമയത്തു ഞാന് ആപ്പീസില് ഉണ്ടായിരുന്നു.

അമ്മാവന് പറഞ്ഞു: ''മിസ്റ്റര് ഗ്രിഫിത്തു്, നിങ്ങളുടെ നിലം ഞാന് നിങ്ങള്ക്കു മടക്കിത്തരേണ്ടിവന്നിരിക്കുന്നു. പക്ഷേ, നിങ്ങളോട്ട് ഒരു ചെറിയ കാര്യം അപേ

ക്ഷിച്ചാൽ കൊള്ളാമെന്നുണ്ട് എനിക്കു്. ആ ഭൂമിയിൽ ഇരുപതേക്കർ സ്ഥലത്ത് ഞാൻ മാതളനാരകങ്ങൾ നട്ടിട്ടുണ്ട്. ആ മരങ്ങൾ സംരക്ഷിക്കുന്നതിനു് നിങ്ങളെന്നെ അനുവദിച്ചാൽ നന്നായിരുന്നു."

"അവ സംരക്ഷിക്കുകയോ? എന്തിനുവേണ്ടി?" ഗ്രിഫിത്ത് ചോദിച്ചു.

അമ്മാവൻ വിവരിച്ചുകൊടുക്കാൻ ശ്രമിച്ചു; പക്ഷേ, അദ്ദേഹത്തിനതു കഴിഞ്ഞില്ല. യഥാർത്ഥത്തിൽ താല്പര്യമില്ലാത്ത ഒരാളെ കാര്യംപറഞ്ഞു് മനസ്സിലാക്കാൻ ശ്രമിക്കുന്നതു വെറുതെയാണു്.

അങ്ങനെ അമ്മാവനു് ആ നിലം നഷ്ടപ്പെട്ടു; കൂടെ ആ മരങ്ങളും.

ഏതാണ്ട് മൂന്നുകൊല്ലത്തിനുശേഷം ഞാനും അമ്മാവനുംകൂടി ആ നിലം സന്ദർശിച്ചു. ഞങ്ങൾ മാതളനാരകങ്ങളുടെ സമീപത്തേക്കു് നടന്നുചെന്നു. അവയെല്ലാം ഉണങ്ങിപ്പോയിരുന്നു. നിലമെല്ലാം വീണ്ടും കള്ളിച്ചെടികൾകൊണ്ടു നിറഞ്ഞിരുന്നു. ഉണങ്ങിനില്ക്കുന്ന ചെറിയ മാതളവൃക്ഷങ്ങളെക്കഴിച്ചാൽ, ആ ഭൂമി, പണ്ടുപണ്ടേ ഉണ്ടായിരുന്ന അതേ രൂപത്തിൽത്തന്നെയായിരുന്നു.

ഞങ്ങൾ കുറച്ചുനേരം അവിടെ ചുററിനടന്നതിനുശേഷം കാറിലേക്കു മടങ്ങി.

ഞങ്ങൾ കാറിൽക്കയറി പട്ടണത്തിലേക്കു തിരിച്ചുപോയി.

ഞങ്ങൾ യാതൊന്നും സംസാരിച്ചില്ല. വളരെയധികം പറയാനുണ്ടായിരുന്നു. അതിനുതക്ക വാക്കുകൾ ഇല്ലായിരുന്നുതാനും.

## 'നമ്മുടെ ഭാവികവികളിൽ ഒരാളെന്നു പറയാം'

ഏമേഴ്സൺസ്കൂളിൽ പതിനഞ്ചുപേരുള്ള ഒരു ക്ലാസ്സിൽ ഞാൻ പതിന്നാലാം സ്ഥാനം വഹിച്ചിരുന്ന കാലത്തൊരിക്കൽ, വിദ്യാഭ്യാസബോർഡ് സ്ഥിതിഗതികളെപ്പററി പര്യാലോചിക്കാൻ ഒരുദിവസം നീക്കിവയ്ക്കുകയുണ്ടായി.

കൊല്ലങ്ങൾക്കു മുമ്പാണിതു്.

അന്നു് എനിക്കു് ഏതാണ്ടു് ഒമ്പതു വയസ്സു പ്രായമുണ്ടായിരുന്നു; ഞാൻ മര്യാദക്കാരനായിരുന്നു.

അക്കാലത്തു് ചെറിയ പട്ടണങ്ങളിലെ കുട്ടികളുടെ കാര്യത്തിൽ വിദ്യാഭ്യാസബോർഡ് കാര്യമായൊന്നും ചെയ്തിരുന്നില്ല.

എന്നിരുന്നാലും, ചില പ്രെസ്ബിറ്റേറിയൻ പുരോഹിതന്മാർ വന്നു്, മുമ്പിലെമ്പാടും നിരന്നിരിക്കുന്ന കുഞ്ഞുമുഖങ്ങളിലേക്കു നോക്കി പറയുമായിരുന്നു: "നിങ്ങളാണു് അമേരിക്കയുടെ ഭാവിനേതാക്കന്മാർ; ഭാവിയിലെ വ്യവസായപ്രമാണികൾ; ഭാവിയിലെ രാജ്യതന്ത്രജ്ഞർ; ഭാവിയിലെ കവികൾ."

ഇത്തരം പ്രസംഗം എന്നെ എന്നും രസിപ്പിച്ചിരുന്നു. കാരണം, ജിമ്മിവോൾട്ടയേയും ഫ്രാങ്കി സൂസയേയും പോലെയുള്ള എൻെറ സ്നേഹിതന്മാർ ഭാവിയിൽ ഏതുതരം വ്യവസായപ്രമാണികളാവുക എന്നതിനെപ്പററി ചിന്തിക്കുക എനിക്കു് ഇഷ്ടമുള്ള പണിയായിരുന്നു.

ആ കുട്ടികളെ എനിക്കറിയാം.

അവർ വലിയ പന്തുകളിക്കാരായിരുന്നു; പക്ഷേ, അവർ വ്യവസായപ്രമാണികളാകുമെന്ന് എനിക്കു തോന്നിയില്ല; അവർ അങ്ങനെ ആയില്ലതാനും. ഭാവിയിൽ എന്തുചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് അവരോടു ചോദിച്ചാൽ; ഞങ്ങൾക്കറിഞ്ഞുകൂടെന്നേ അവർ പറയുമായിരുന്നുള്ളു. അവക്ക് ഉദ്ദേശമൊന്നുമില്ലായിരുന്നു എന്നാണെൻെറ ഊഹം.

ഏതായാലും ഞങ്ങളുടെ വിദ്യാഭ്യാസബോർഡിനു്, ഞങ്ങൾ എഴുത്തും വായനയും പഠിപ്പിക്കാൻ ശ്രമിക്കുന്ന കുട്ടികളെ സംബന്ധിച്ചു് അങ്ങനെ ഉയന്ന ആശകളൊന്നും ഉണ്ടായിരുന്നില്ല.

എങ്കിലും സ്ഥിതിഗതികളെപ്പററി വേഗത്തിൽ ഒരു പര്യാലോചന നടത്തുന്നതിനു്, ഞങ്ങളുടെ വിദ്യാഭ്യാസബോർഡ് ഒരു ദിവസം കണ്ടെത്തി. ഏഴു മണിക്കൂർ നേരത്തെ വിചിന്തനത്തിനുശേഷം പൊതുവിദ്യാലയത്തിലെ ഓരോ കുട്ടിയേയും വൈദ്യപരിശോധനയ്ക്കു വിധേയമാക്കണമെന്നു് അവർ തീരുമാനിച്ചു. പട്ടണത്തിലെ ദരിദ്രമായ ഭാഗങ്ങളിൽ നിവസിക്കുന്ന കുട്ടികളുടെ ആരോഗ്യനില മനസ്സിലാക്കുക എന്നതായിരുന്നു ഉദ്ദേശം.

ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ളതനുസരിച്ചു നോക്കിയാൽ, ഞാൻ താമസിക്കുന്ന പ്രദേശത്തുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ചുരുങ്ങിയതു് ആറോ ഏഴോ കാര്യങ്ങളിലെങ്കിലും കുറവുകൾ ഉണ്ടായിരുന്നു.

പക്ഷേ, ഞങ്ങൾക്കു് ഏതാണ്ടു് ആവശ്യത്തിൽ കൂടുതൽതന്നെ ആരോഗ്യമുണ്ടെന്നും, തീച്ചയായും ഞങ്ങൾ ആവശ്യത്തിൽ കൂടുതൽ ശബ്ദമുണ്ടാക്കുന്നുണ്ടെന്നും അദ്ധ്യാപകന്മാക്കറിയാമായിരുന്നു.

എവിടെയോ, എന്തോ തെററുണ്ടായിരിക്കണം.

ഞങ്ങളുടെ വിദ്യാഭ്യാസബോർഡ് അതു് എന്താണെന്നു കണ്ടുപിടിക്കാൻതന്നെ തീരുമാനിച്ചു.

അവർ കണ്ടുപിടിക്കുകയും ചെയ്തു.

ഗ്രന്ഥങ്ങൾ തെററാണെന്നു് അവർ കണ്ടെത്തി.

ഈ സന്ദർഭത്തിലാണു്, ആദ്യമായി, ഞാൻ ഒരു കവിയാണെന്നു്, സന്തോഷത്തോടും ദേഷ്യത്തോടുംകൂടി ഞാൻ മനസ്സിലാക്കിയതു്. മററു് അറുനൂറു ഭാവിരാജ്യതന്ത്രജ്ഞന്മാരുമൊത്തു് ഒരു ഉച്ചസമയത്തു്, എൻെറ പട്ടണത്തിലെ, പൊതുസമ്മേളനശാലയിൽ നിന്നിരുന്നതു് ഞാൻ ഓക്കുന്നു. വൃദ്ധയായ മിസ്സ് ഒഗിൽവി എന്റെ പേരു്, സ്പഷ്ടമായ സ്വരത്തിൽ, ഈണത്തോടെ വിളിച്ചതും എനിക്കു് ഓർമ്മയുണ്ടു്.

പതിനേഴ ചവിട്ടുപടികൾ കയറി സ്റ്റേജിലേക്കെത്താനും അതിൻെറ നടുവിലേക്കു ചെല്ലാനും, ഷർട്ടുരാനും, ശ്വാസം ഉള്ളിലേക്കു വലിക്കാനും, പുറത്തേക്കു വിടാനും ശരീരത്തിൻെറ അളവുകൾ എടുപ്പിക്കാനും എല്ലാമുള്ള എൻെറ ഊഴം വന്നെത്തി.

പതിനേഴ പടികൾ നടന്നുകയറുന്നതിനു പകരം, ഞാൻ സ്റ്റേജിലേക്കു നേരെ ചാടിക്കയറി.

വൃദ്ധയായ മിസ്സ് ഒഗിൽവി പൊതുവിദ്യാലയങ്ങളുടെ സൂപ്രേണ്ടായ റിക്കെൻബെക്കറുടെ നേരെ തിരിഞ്ഞു ഭയത്തോടെ ഇങ്ങനെ അറിയിച്ചതു് ഞാൻ ഓർമ്മിക്കുന്നു: "ഗാരോസ്ലാനിയൻ ആണിതു്—ഞങ്ങളുടെ ഒരു ഭാവികവി എന്നു പറയാം."

എന്റെ നേരെ പെട്ടെന്നൊന്നു നോക്കിയിട്ടു് റിക്കെൻബെക്കർ പറഞ്ഞു: "ഓ, അതു കൊള്ളാമല്ലോ."

ഞാൻ എൻെറ ഷർട്ടൂരി അവിടെ നിന്നു.

മിസ്സ് ഒഗിൽവി പറഞ്ഞു: "നോക്കു, ഒരെഴുത്തു കാരൻ."

"ശ്വാസം ഉള്ളിലേക്കു വലിക്കു," റിക്കെൻബെക്കർ പറഞ്ഞു.

"എത്ര നേരത്തേക്കു്?" ഞാൻ ചോദിച്ചു.

"കഴിയുന്നത്ര നേരം," റിക്കെൻബെക്കർ മറുപടി പറഞ്ഞു.

ഞാൻ ശ്വാസം ഉള്ളിലേക്കു വലിക്കാൻ തുടങ്ങി. നാലുമിനിട്ടു കഴിഞ്ഞപ്പോഴും ഞാൻ ശ്വാസം ഉള്ളിലേക്കു വലിക്കുകതന്നെയായിരുന്നു. സ്വാഭാവികമായും പരിശോധനോദ്യോഗസ്ഥന്മാർ അല്പമൊന്നമ്പരന്നു. ഞാൻ ശ്വാസം കഴിച്ചുകൊണ്ടിരിക്കെത്തന്നെ, അവർ തിരക്കിട്ടു് ഒരു കൂടിയാലോചന നടത്തി. രണ്ടുമിനിട്ടു നേരത്തെ ചൂടുപിടിച്ച ചർച്ചകൾക്കുശേഷം, എന്നോടു ശ്വാസം കഴിക്കുന്നതു മതിയാക്കാൻ പറയാൻ അവർ തീരുമാനിച്ചു. എന്നോടു നിർത്താൻ പറഞ്ഞില്ലെങ്കിൽ, ഒരുപക്ഷേ, ആ സായാഹ്നം മുഴുവൻ ഞാൻ ശ്വാസം ഉള്ളിലേക്കു വലിച്ചുകൊണ്ടിരുന്നേക്കുമെന്നു് മിസ്സ് ഒഗിൽവി അവരെ പറഞ്ഞു മനസ്സിലാക്കി.

"തല്ക്കാലത്തേക്കു് ഇത്രയും മതി," റിക്കെൻബെക്കർ പറഞ്ഞു.

"ഇത്ര വേഗമോ?" ഞാൻ ചോദിച്ചു. "ഞാൻ ഇനിയും തുടങ്ങിയിട്ടുതന്നെയില്ല."

"ഇനി ശ്വാസം പുറത്തേക്കു വിടു," അദ്ദേഹം പറഞ്ഞു.

"എത്രനേരം?" ഞാൻ ചോദിച്ചു.

"എൻെറ ദൈവമേ!" റിക്കെൻബെക്കർ പറഞ്ഞു. "നിങ്ങൾ അ[illegible]നോട പറയുകയാണു നല്ലതു്. അല്ലെ

MADRAS UNIVERSITY LIBRARY MAR 2003
MUL 288586
32,6 K5

ങ്കിൽ ഈ സായാഹ്നം മുഴുവൻ അവൻ ശ്വാസം പുറത്തേക്കു വിട്ടുകൊണ്ടിരിക്കും," മിസ്സ് ഒഗിൽവി പറഞ്ഞു.

"മൂന്നോ നാലോ മിനിട്ടു നേരം," റിക്കെൻബെക്കർ പറഞ്ഞു.

ഞാൻ നാലുമിനിട്ടുനേരം ശ്വാസം പുറത്തേക്കു വിട്ടു. അതിനുശേഷം, ഷർട്ടിട്ടിട്ട് "പൊയ്ക്കോട്ടേ," എന്നു ഞാൻ ചോദിച്ചു.

"കാര്യങ്ങൾ എങ്ങനെയുണ്ട്? എൻെറ ശരീരസ്ഥിതി നന്നാണോ?" ഞാൻ പരിശോധകന്മാരോട് അന്വേഷിച്ചു.

റിക്കെൻബെക്കർ പറഞ്ഞു: "അതേപ്പററി നമുക്കു കൂടുതലൊന്നും പറയണ്ട. പൊയ്ക്കോളൂ."

അടുത്ത വഷം, ആരോഗ്യപരിശോധന ഇനി ആവശ്യമില്ലെന്ന് ഞങ്ങളുടെ വിദ്യാഭ്യാസബോർഡ് തീരുമാനിച്ചു. ഭാവിവ്യവസായപ്രമാണിമാരുടെ കാര്യത്തിലും ഭാവിരാജ്യതന്ത്രജ്ഞന്മാരുടെ കാര്യത്തിലും എല്ലാം ആരോഗ്യപരിശോധന കുഴപ്പംകൂടാതെ നടന്നു എങ്കിലും, ഭാവികവികളുടെ കാര്യം വരുമ്പോൾ പരിശോധന ആകെ അട്ടിമറിഞ്ഞുപോകുന്നു. എന്താണു ചെയ്യേണ്ടതെന്നോ, ചിന്തിക്കേണ്ടതെന്നോ ആക്കും അറിഞ്ഞുകൂടാ.

## അൻപതുവാര ഓട്ടം

പന്ത്രണ്ടുവയസ്സുള്ളപ്പോൾ ഒരിക്കൽ എനിക്കു ന്യൂയോക്കിൽനിന്നു് ഒരു കത്തു കിട്ടി. അതോടെ ഞാൻ, നഗരത്തിൽ ഞങ്ങൾ താമസിച്ചിരുന്ന ഭാഗത്തുള്ളവരിൽ വച്ചു് ഏററവും ശക്തിമാനായ മനുഷ്യനാകാൻതന്നെ തീരുമാനിച്ചു. എന്റെ സ്നേഹിതൻ, ലയണൽ സ്ട്രോങ്ങ് ഫോർട്ടിന്റേതായിരുന്നു ആ എഴുത്തു്. അദ്ദേഹം പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന പരസ്യം വെട്ടിയെടുത്തു് ഒപ്പിട്ടു് ഞാൻ അദ്ദേഹത്തിനു് അയച്ചുകൊടുത്തിരുന്നു. അദ്ദേഹം ഉടനേതന്നെ എനിക്കു മറുപടി എഴുതി. നിശ്ചയമായും അസാധാരണമായ ഒരു മനസ്സോടുകൂടിയ ആളാണു് ഞാനെന്നും, ഒരുവിധത്തിൽ പറഞ്ഞാൽ സ്വപ്നാടനക്കാരെന്നും ദിവാസ്വപ്നക്കാരെന്നും വിവരിക്കാവുന്ന ഭൂമിയിലെ മറ്റു മിക്ക മനുഷ്യരേയുംപോലെയല്ലാതെ, ഒരിക്കൽ വലിയൊരാളാവാനുള്ളവനാണു് ഞാനെന്നും അദ്ദേഹം അതിൽ എഴുതിയിരുന്നു.

അദ്ദേഹത്തിനു് എന്നേപ്പററി തോന്നിയ അഭിപ്രായം, എനിക്കു സ്വയം തോന്നിയിരുന്നതിനോടു് വളരെയേറെ സാദൃശ്യം വഹിച്ചിരുന്നു. എങ്കിലും, ന്യൂയോക്കിലുള്ള ഒരു മനുഷ്യൻ, അതും ലോകത്തിലേക്കുംവച്ചു് ഏററവും വലിയ ശരീരത്തിന്റെ ഉടമസ്ഥനായ ഒരാൾ, ആ അഭിപ്രായങ്ങളെ ശരിവയ്ക്കുന്നു എന്നറിയുന്നതു് സന്തോഷകരംതന്നെയാണല്ലോ. ആ എഴുത്തോടുകൂടി, സ്ട്രോങ്ങ് ഫോർട്ടിന്റെ മിക്കവാറും നഗ്നങ്ങളായ അനേകം ചിത്രങ്ങളും അയച്ചിരുന്നു. അദ്ദേഹം വളരെ വലുപ്പമുള്ള ഒരു

മനുഷ്യനായിരുന്നു. ഒരുകാലത്തു് അദ്ദേഹം ക്ഷീണിതനും കൃശഗാത്രനും ആയിരുന്നുവത്രേ. ഒരു 1920 മോഡൽ ഫോർഡ് കാർ എടുത്തുപൊക്കി കീഴ്മേൽ മറിക്കാൻ കഴിവുള്ള ഒരാളാണു് അദ്ദേഹം എന്നു തോന്നി.

അദ്ദേഹത്തെ ഒരു സ്നേഹിതനായി ലഭിക്കുക, അഭിമാനകരമായിരുന്നു.

ഒരേയൊരു ബുദ്ധിമുട്ടേയുണ്ടായിരുന്നുള്ളു: എന്റെ കൈയിൽ പണം ഉണ്ടായിരുന്നില്ല. ഞങ്ങളുടെ സ്നേഹബന്ധത്തിന്റെ ആരംഭത്തിൽ, തുക എത്രയായിരുന്നു എന്നതു ഞാൻ മറന്നു. പക്ഷേ, അതു്, ചിന്തിക്കാനേ വയ്യാത്തവിധം വലിയ ഒരു സംഖ്യയായിരുന്നു എന്നതു ഞാൻ മറന്നിട്ടില്ല. എന്നെപ്പററി നല്ല അഭിപ്രായം പറഞ്ഞതിനു് സ്റ്റോങ്ഫോർട്ടിനോടു് എനിക്കു നന്ദിയുണ്ടായിരുന്നു; എങ്കിലും ഞാനൊരു സ്വപ്നാടനക്കാരനോ ദിവാസ്വപ്നക്കാരനോ ആണെന്നു തോന്നിപ്പിക്കാതെ, എന്റെ കൈയിൽ പണമില്ല എന്ന വാസ്തവം എങ്ങനെയാണദ്ദേഹത്തെ ധരിപ്പിക്കുക എന്നെനിക്കറിഞ്ഞുകൂടായിരുന്നു. അതിനാൽ, ഞങ്ങളുടെ സ്നേഹബന്ധത്തെ ഉലയ്ക്കാൻ ഇടയാകാത്ത വാക്കുകൾക്കുവേണ്ടി എമ്പാടും പരതിക്കൊണ്ടു്, ഒന്നിനു പിറകെ ഒന്നായി ദിവസങ്ങൾ തള്ളിവിട്ടുകൊണ്ടിരിക്കെ, ഞാൻ സംഗതികളെല്ലാം ഗൈക്കോഅമ്മാവനോടു പറഞ്ഞു. അക്കാലത്തു യോഗാഭ്യാസം പരിശീലിക്കുകയായിരുന്നു അദ്ദേഹം. അദ്ദേഹം അത്ഭുതപ്പെട്ടുപോയി; എങ്കിലും അദ്ദേഹത്തിനു് സന്തോഷമായി. യോഗസിദ്ധാന്തമനുസരിച്ച്, മഹത്വത്തിലേക്കുള്ള മാർഗ്ഗം, എല്ലാ മനുഷ്യരിലും ഉള്ള അത്ഭുതകരങ്ങളായ ജീവശ്ശക്തികളെ, അവനവന്റെ ആത്മാവിൽ ഉണർത്തിവിടുകയാണെന്നു് അദ്ദേഹം പറഞ്ഞു.

സ്റ്റോങ്ങ്ഫോർട്ടിനു പണം അയച്ചാലല്ലാതെ ഞാൻ ആഗ്രഹിക്കുന്നവിധം ഒരു ശക്തിയുള്ള മനുഷ്യനായിത്തീരുന്നതിന്നു് ഒരാരംഭമിടാൻപോലും എനിക്കു കഴിയുകയില്ലെന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞു.

അമ്മാവൻ പറഞ്ഞു: "പണം, ആരം ഞാൻ പറയാം, പണംകൊണ്ടൊന്നുമാവില്ല."

ഗൈക്കോഅമ്മാവൻ ക്ഷീണിച്ച ഒരു കൊച്ചു മനുഷ്യനൊന്നുമല്ലെങ്കിലും, ലയണൽ സ്റ്റോങ്ങ്ഫോർട്ടിനോളമൊന്നുമില്ല എന്നു് തീർച്ച. ഒരു മത്സരമുണ്ടായാൽ, എനിക്കു തീർച്ചയാണു്, സ്റ്റോങ്ങ്ഫോർട്ടു് അമ്മാവനെ ഒരു പിടുത്തംപിടിച്ചു്, ഒന്നുകിൽ അദ്ദേഹത്തെക്കൊണ്ടു് തോൽവി സമ്മതിപ്പിക്കും, അല്ലെങ്കിൽ അദ്ദേഹത്തെ കൊല്ലും. പക്ഷേ, മററൊരു വിധത്തിലും ആയിക്കൂടേ? ഞാൻ സംശയിച്ചു. എൻെറ അമ്മാവൻ വലുപ്പത്തിൽ സ്റ്റോങ്ങ്ഫോർട്ടിൻെറ അരികിലെങ്ങും എത്തുകയില്ല; അതേപോലെ, സ്റ്റോങ്ങ്ഫോർട്ടിനു് അമ്മാവനോളം വേഗത്തിൽ ദേഷ്യം വരികയുമില്ല. അമ്മാവനുമായുള്ള ഒരു മത്സരത്തിൽ, എന്തായാലും, സ്റ്റോങ്ങ്ഫോർട്ടിനും കുറെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുമെന്നു് എനിക്കു തോന്നി—ഞാൻ സൂചിപ്പിക്കുന്നതു് അമ്മാവന്റെ ആത്മാവിൽ എപ്പോഴും ഉണർന്നെഴുന്നേല്ക്കുന്ന അത്ഭുതകരങ്ങളായ ജീവശ്ശക്തികളെയാണു്. പലപ്പോഴും, അമ്മാവൻ പെട്ടെന്നൊന്നു നോക്കിയാൽ വലിയൊരു മനുഷ്യനായാലും പേടിച്ചു പിന്തിരിഞ്ഞുപോകാറുണ്ടു്; അഥവാ സംസാരിച്ചുകൊണ്ടിരിക്കുന്ന ആളാണെങ്കിൽ പെട്ടെന്നു നിശ്ശബ്ദനാവുകയും ചെയ്യും.

പണത്തിൻെറ കാര്യം സ്റ്റോങ്ങ്ഫോർട്ടിനെ അറിയിക്കാൻ അനുയോജ്യമായ വാക്കുകൾ എനിക്കു കണ്ടെ

ത്താൻ കഴിയുന്നതിന്നെത്രയോ മുമ്പുതന്നെ, അദ്ദേഹത്തിൽനിന്നു് മറെറാരു കത്തു വന്നു. അതും ആദ്യത്തേതുപോലെ സ്നേഹപൂർണ്ണമായ ഒന്നായിരുന്നു; വേണമെങ്കിൽ കൂടുതൽ സ്നേഹപൂർണ്ണമെന്നു പറയാം. ഞാൻ സന്തോഷിച്ചു് ഓടിനടന്നു; എനിക്കുള്ള വിചിത്രങ്ങളായ ജീവശക്തികൾ ഉണൎന്നുവശായി. വൃക്ഷങ്ങളിൽ ഓടിക്കയറുക, കൈകുത്തി മറിയുക, തലകുത്തി മറിയുക, 1920 മോഡൽ ഫോർഡു് കാർ എടുത്തു മറിക്കാൻ ശ്രമിക്കുക എന്നിങ്ങനെ പലതും ചെയ്തു്, എൻെറ വീട്ടുകാരേയും അയൽക്കാരേയും ഞാൻ ഭ്രാന്തുപിടിപ്പിച്ചു.

സ്റ്റോങ്ങ്ഫോർട്ടിനു് എന്നോടു ദേഷ്യം തോന്നിയില്ല എന്നു മാത്രമല്ല, അദ്ദേഹം തൻെറ ഉപദേശങ്ങൾക്കുള്ള പ്രതിഫലത്തോതു് കുറയ്ക്കുകയുംചെയ്തിരിക്കുന്നു. എന്നാലും, ഇപ്പോഴത്തെ തോതനുസരിച്ചുള്ള പണവും എൻെറ പിടിയിൽ ഒതുങ്ങുന്നതായിരുന്നില്ല. ഞാൻ ദിവസേന പത്രം വില്ക്കാൻ പോയിരുന്നു; പക്ഷേ, ആ പണം നിത്യച്ചെലവിനു് ആവശ്യമുണ്ടായിരുന്നു. കുറെനാൾ ഞാൻ, അതിരാവിലെതന്നെ ഉണൎന്നു് പണവും തേടി നഗരത്തിലെങ്ങും ചുററിനോക്കി. ആറുദിവസംകൊണ്ടു്, അങ്ങനെ, ഏഴു സെൻറു് ഞാൻ കണ്ടെടുത്തു.

സ്റ്റോങ്ങ്ഫോർട്ടിൻെറ രണ്ടാമത്തെ കത്തു വന്നതിൻെറ മൂന്നാംദിവസം അദ്ദേഹത്തിൻെറ മൂന്നാമത്തെ കത്തു വന്നു. ഇതോടെ ഞങ്ങളുടെ എഴുത്തുകുത്തുകൾ ഏകപക്ഷീയമായിത്തീൎന്നു. ഞാൻ ഒരിക്കലും എഴുതുകയുണ്ടായില്ലെന്നതാണു് വാസ്തവം. സ്റ്റോങ്ങ്ഫോർട്ടിൻെറ കത്തുകൾ ആളെ കീഴ്പ്പെടുത്തുന്നവയായിരുന്നു. പണമില്ലാതെ, അവയ്ക്കു മറുപടി എഴുതുക തീരെ എളുപ്പമായിരു

ന്നില്ല. വാസ്തവത്തിൽ വേറെ യാതൊന്നുംതന്നെ പറയാനില്ലായിരുന്നു.

ആദ്യത്തെ കത്തു വന്നപ്പോൾ മഞ്ഞുകാലമായിരുന്നു. അപ്പോഴാണു്, നഗരത്തിൽ ഞങ്ങളുടെ പ്രദേശത്തെ ഏററവും ശക്തനായ മനുഷ്യനാകണമെന്നു് ഞാൻ തീരുമാനമെടുത്തതു്. എന്നെങ്കിലും, ലോകത്തിലേക്കുംവച്ചു് ഏററവും ശക്തനാകേണമെന്നും എനിക്കുണ്ടായിരുന്നു. ആ ലക്ഷ്യം നേടുന്നതെങ്ങനെയെന്നതിനെപ്പററി എനിക്കു സ്വന്തം ആശയങ്ങളുണ്ടായിരുന്നു. അതോടൊപ്പം, ന്യൂയോക്കിലുള്ള സ്റ്റോങ്ങ്ഫോർട്ടിൻെറ ഹാർദ്ദമായ സ്നേഹവും കേമമായ അഭിപ്രായവും എനിക്കു ലഭിച്ചിരുന്നു. വീട്ടിൽ ഗൈക്കോ അമ്മാവനും ഉണ്ടു്.

മഞ്ഞുകാലത്തു മുഴുവൻ, രണ്ടും മൂന്നും ദിവസം കൂടുമ്പോൾ സ്റ്റോങ്ങ്ഫോർട്ടിന്റെ ഓരോ കത്തു വന്നുകൊണ്ടിരുന്നു. വസന്തകാലത്തും അതു തുടൎന്നു. വസന്തകാലത്തിൻെറ ആരംഭത്തിൽ ന്യൂയോക്കിലുള്ള എന്റെ സുഹൃത്തിൽനിന്നു് കിട്ടിയ ആഹ്ലാദപ്രദമായ കത്തിൻെറ കാര്യം ഞാൻ നല്ലവണ്ണം ഓൎമ്മിക്കുന്നു. ഭൂമിയിലെ പുതുമയുള്ള, യുവഹൃദയങ്ങളുടെ ഋതുവായ, നവചൈതന്യത്തിൻെറയും മററും കാലമായ വസന്തൎത്തുവിന്നുള്ള, ഒരു സ്തുതിഗീതമായിരുന്നു അതു്. വാസ്തവത്തിൽ അതു മനോഹരമായ ഒരു കത്തുതന്നെയായിരുന്നു. ആ സുന്ദരമായ ഗാനത്തിൻെറ അവസാനത്തെ വാക്കുകളിൽ, പണത്തിന്റെ കാര്യം പതുക്കെ സൂചിപ്പിച്ചിരുന്നു. ആദ്യത്തേതിൻെറ ആറിലൊന്നോ ഏഴിലൊന്നോ ആയി കുറഞ്ഞിരുന്നു, തുക. അതോടൊപ്പം, നിസ്സാരനായ ഒരു വ്യക്തിയെന്ന നിലയിൽനിന്നു്, എന്നെ ശക്തനായ ഒരു മനുഷ്യനാക്കിത്തീൎക്കാനുള്ള, സ്റ്റോങ്ങ്ഫോർട്ടിൻെറ പദ്ധതി ഒരു നൂതനരൂപം

കൊള്ളുകയും ചെയ്തിരുന്നു. തനിക്കറിയാവുന്ന എല്ലാ കാര്യങ്ങളും, മൂന്നു ഡോളറിന്, ഒററത്തവണയായിത്തന്നെ എന്നെ പഠിപ്പിക്കാൻ സ്റ്റോണ്ട്ഫോർട്ട് തയ്യാറായി. പണം അദ്ദേഹത്തിന്നയച്ചുകൊടുത്താൽ പിന്നെ, ബാക്കിയെല്ലാം എനിക്കും ചരിത്രത്തിനും വിട്ടുതന്നേക്കാം എന്ന് അദ്ദേഹം എഴുതി.

ഞാൻ കാര്യങ്ങൾ ഗൈക്കോ അമ്മാവനുമായി ആലോചിച്ചു. ഇക്കാലമായപ്പോഴേക്ക് അമ്മാവൻ ഭക്ഷണം നിർത്തിയിരുന്നു; അദ്ദേഹം അഗാധമായി ചിന്തിക്കുകയും മണിക്കൂറുകളോളം നടക്കുകയും ചെയ്തിരുന്നു. മഞ്ഞുകാലത്തു മുഴുവൻ, ആഴ്ചയിൽ രണ്ടോ, മൂന്നോ ദിവസം ഞങ്ങൾ സംഭാഷണം നടത്താറുണ്ടായിരുന്നു. യോഗമാർഗ്ഗത്തിൽ നിന്നു താൻ പഠിച്ച കാര്യങ്ങളെല്ലാം സ്വന്തം രീതിയിൽ അദ്ദേഹം എന്നോടു പറഞ്ഞിരുന്നു.

അദ്ദേഹം പറഞ്ഞു: "ഞാൻ പറയാമല്ലോ, ആരം. എനിക്ക് എന്തും ചെയ്യാൻ സാധിക്കും. അത്ഭുതസിദ്ധി തന്നെയാണത്!"

അദ്ദേഹത്തിന്റെ തൂക്കം വളരെയേറെ കുറഞ്ഞിരുന്നു; അദ്ദേഹത്തിന് ഉറങ്ങാൻ കഴിഞ്ഞിരുന്നില്ല; ആ കണ്ണുകളിൽ വല്ലാത്ത ഒരു നോട്ടം പ്രത്യക്ഷപ്പെട്ടിരുന്നു; ഇങ്ങനെയെല്ലാമാണെങ്കിലും അദ്ദേഹം പറഞ്ഞതു് ഞാൻ വിശ്വസിച്ചു.

സ്റ്റോണ്ട്ഫോർട്ടിൽനിന്നു കിട്ടിയ കത്തിനെപ്പററി ഞാൻ അദ്ദേഹത്തോടു പറഞ്ഞു.

"പണം! എപ്പോഴും അയാൾ പണമാണല്ലോ ചോദിക്കുന്നതു്. എനിക്കയാളെ പിടിച്ചില്ല," അദ്ദേഹം പറഞ്ഞു.

പൊതുഗ്രന്ഥശാലയിലെ പുസ്തകങ്ങൾ നോക്കി, സൗജന്യമായിട്ടാണ്, അമ്മാവൻ തൻെറ യോഗാഭ്യസനമെല്ലാം നടത്തിയതു്. എന്നിരുന്നാലും, തനിക്ക് അതെല്ലാം ഈശ്വരനിൽനിന്നു നേരിട്ടു ലഭിക്കുകയാണെന്നാണ് അദ്ദേഹം വിശ്വസിച്ചതു്. യോഗാഭ്യാസം തുടങ്ങും മുമ്പ് അദ്ദേഹം നല്ലൊരു കുടിയനായിരുന്നു; മാത്രമല്ല സ്ത്രീകളുടെ പുറകെ പോവുകയും ചെയ്തിരുന്നു. പക്ഷേ, വെളിച്ചം ലഭിക്കാൻ തുടങ്ങിയതോടെ, മദ്യപാനവും സ്ത്രീസേവയും അദ്ദേഹം ഉപേക്ഷിച്ചു. എന്തായാലും അദ്ദേഹത്തിന് സ്റ്റോണ്ട്പോട്ടിനെക്കൊണ്ടു വലിയ ആവശ്യമൊന്നുമുണ്ടായിരുന്നില്ല.

"അയാൾക്കു കുഴപ്പമൊന്നുമില്ല," ഞാൻ അമ്മാവനോടു പറഞ്ഞു.

പക്ഷേ, അമ്മാവന് വല്ലാതെ ദേഷ്യം വന്നു; അത്ഭുതകരങ്ങളായ ജീവശ്ശക്തികളെ അദ്ദേഹം തുറന്നുവിട്ടു. അദ്ദേഹം പറഞ്ഞു: "ഞാൻ അവൻെറ തല തകർക്കും. ചെറിയ കുട്ടികളെയെല്ലാം പററിക്കാൻ നടക്കുന്നു."

"അയാൾ പററിക്കുകയൊന്നുമല്ല; മൂന്നു ഡോളർ കൊടുത്താൽ തനിക്കറിയാവുന്ന കാര്യങ്ങൾ എനിക്കു പറഞ്ഞുതരാമെന്നാണ് അയാൾ പറയുന്നതു്," ഞാൻ പറഞ്ഞു.

ഗൈക്കോ അമ്മാവൻ പറഞ്ഞു: "ഞാൻ പറഞ്ഞേക്കാം ആരം, അയാൾക്ക് ഒരു വസ്തു അറിഞ്ഞുകൂടാ. അയാൾ ഒരു ചീത്ത മനുഷ്യനാണ്."

"എനിക്കു നിശ്ചയമില്ല. പക്ഷേ, ഒന്നു പരീക്ഷിച്ചു നോക്കിയാൽക്കൊള്ളാമെന്നുണ്ടു്," ഞാൻ പറഞ്ഞു.

ഗൈക്കോ അമ്മാവൻ പറഞ്ഞു. "വിഡ്ഢിത്തമാണിതു്. എങ്കിലും ഞാൻ നിനക്കു മൂന്നു ഡോളർ തന്നേക്കാം."

ഗൈക്കോ അമ്മാവൻ എനിക്കാവശ്യമുള്ള മൂന്നു ഡോളർ തന്നു. ഞാൻ അതു നേരെ സ്റ്റോങ്ങ്ഫോർട്ടിനു് അയച്ചുകൊടുത്തു. സ്റ്റോങ്ങ്ഫോർട്ടിന്റെ നിർദ്ദേശങ്ങൾ നിറഞ്ഞ കത്തു് ന്യൂയോർക്കിൽനിന്നു് എനിക്കു കിട്ടി. വളരെ എളുപ്പമുള്ളവയായിരുന്നു ആ നിർദ്ദേശങ്ങൾ. ആകെ ചെയ്യേണ്ടതു്, രാവിലെ ഉണന്നെഴുന്നേററു് ഒരു മണിക്കൂറു നേരമോ മററോ ചില വ്യായാമങ്ങൾ പരിശീലിക്കുകയാണു്. ചെയ്യേണ്ട വ്യായാമങ്ങളെ ഉദാഹരിച്ചുകൊണ്ടുള്ള പടങ്ങളും അയച്ചിരുന്നു. നല്ല വെള്ളം കുടിക്കുക, നല്ല വായു ശ്വസിക്കുക, നല്ല ഭക്ഷണം കഴിക്കുക— ഇവയും ആവശ്യമായിരുന്നു. ഒരു ശക്തനായ മനുഷ്യനായിത്തീരുന്നതുവരെ ഇവയെല്ലാം തുടന്നുപോകണം.

നാലു ദിവസം ഞാൻ ഈ നിയമങ്ങളെല്ലാം അനുഷ്ഠിച്ചു. അഞ്ചാംദിവസം, രാവിലെ ഉണന്നെഴുന്നേററു്, വീട്ടിൽ മുഴുവൻ ഒച്ചവച്ചു്, മുത്തശ്ശിയെ ദേഷ്യം പിടിപ്പിക്കുന്നതിനു പകരം കിടന്നുറങ്ങാൻതന്നെ ഞാൻ തീരുമാനിച്ചു. രാവിലെ നേരം വെളുക്കുന്നതിനു മുമ്പേ ഉണന്നെഴുന്നേററു് മുത്തശ്ശി, എന്നെ, വിഡ്ഢിയെന്നും ഒരിക്കലും ഗുണം പിടിക്കാത്തവനെന്നും മററും ഉറക്കെ ശകാരിക്കും. അതിനു ശേഷം അഞ്ചു മിനിട്ടുനേരത്തേക്കു് അവർ കിടന്നുറങ്ങും. എന്നിട്ടു വീണ്ടും ഉണന്നെഴുന്നേററു് വാങ്ങലും വില്ക്കലുംവഴി എനിക്കൊരിക്കലും പണമുണ്ടാക്കാൻ കഴിയില്ലെന്നു് എന്നെ ശപിക്കും. പിന്നേയും കുറച്ചുകൂടി അവർ കിടന്നുറങ്ങും. പിന്നെ ഉണന്നെഴുന്നേററാൽ അവർ, ഒരു രാജാവിന്റേയും മൂന്നു മക്കളുടേയും കഥ ഉറക്കെ പറയുവാൻ തുടങ്ങുകയായി. മൂന്നുപേരിൽ ഒരാൾ അച്ഛനെപ്പോലെ ബുദ്ധിമാനായിരുന്നു, ഒരുവൻ പെൺകൊതിയനായിരുന്നു; മൂന്നാമത്തവനു് ഒരു പക്ഷിയുടെ ബുദ്ധി

പോലും ഉണ്ടായിരുന്നില്ല. പിന്നീട്, കിടക്കയിൽനിന്ന് എഴുന്നേററുവന്ന്, ഞാൻ വ്യായാമം എടുത്തുകൊണ്ടിരിക്കെ, ഉറക്കെ ആ കഥ മുഴുവൻ എന്നോട്ട് ആവർത്തിക്കും.

ലഹളക്കുട്ടി നേരം വെളുക്കുന്നതിനുമുമ്പ് മുത്തശ്ശിയെ ഉണർത്തരുതെന്നും, മര്യാദക്കാരനായി വർത്തിക്കണമെന്നും ഉള്ള ഉപദേശമാണ് ഈ കഥകൾ സാധാരണ എനിക്കു നല്കാറു്. കഥ, ഒന്നുകിൽ ഒരു രാജാവിന്റെ മൂന്നു മക്കളെപ്പററി ആയിരിക്കും; അല്ലെങ്കിൽ മൂന്നു സഹോദരന്മാരെപ്പററി ആകും; അതുമല്ലെങ്കിൽ മൂന്നു പെൺമക്കളെപ്പററിയാകാം; അഥവാ, മൂന്നു തെരുവുകളോ, അതുപോലുള്ള മറെറന്തെങ്കിലുമോ ആകാം.—എന്തായാലും അവയുടെയൊക്കെ ഉദ്ദേശം ഏറെക്കുറെ ഒന്നുതന്നെ ആയിരുന്നു.

മുത്തശ്ശി ഇത്രയൊന്നും ബുദ്ധിമുട്ടേണ്ടതില്ലായിരുന്നു; എന്തെന്നാൽ, രാവിലെയുള്ള ഈ വ്യായാമപദ്ധതി അവരെപ്പോലെതന്നെ എനിക്കും തീരെ പിടിച്ചിരുന്നില്ല. വാസ്തവത്തിൽ ഇതിലൊന്നും വലിയ കാര്യമില്ലെന്നും, ആദ്യമേ ഗൈക്കോ അമ്മാവൻ പറഞ്ഞതു വാസ്തവമാണെന്നും, എനിക്കു തോന്നിത്തുടങ്ങിയിരുന്നു.

അതുകൊണ്ട് ഞാൻ സ്റ്റോങ്ഫോർട്ടിന്റെ പദ്ധതി ഉപേക്ഷിച്ച്, എന്റെ സ്വന്തം പരിപാടിയിലേക്കു മടങ്ങി. അത് ഏറെക്കുറെ ഇങ്ങനെയായിരുന്നു. അനായാസമായി കാര്യങ്ങൾ ചെയ്യുക; എന്തെങ്കിലും ക്ലേശമോ വ്യായാമമോ കൂടാതെതന്നെ ചുററുവട്ടത്തെ ഏററവും ശക്തിമാനായ മനുഷ്യനാകുക. അതാണ് താൻ ചെയ്തതും.

ആ വസന്തകാലത്ത് ലോങ്ഫെല്ലോ സ്കൂൾ, മറെറാരു വിദ്യാലയവുമായി ഒരു കായികമത്സരം നടത്തു

വാൻ തീരുമാനിച്ചു. എല്ലാ കുട്ടികളും അതിൽ പങ്കെടുക്കണം.

എനിക്കിതൊരു സന്ദർഭമാണെന്നു ഞാൻ കരുതി. എൻെറ അഭിപ്രായത്തിൽ, ഓരോ മത്സരത്തിലും ഞാനായിരിക്കും ഒന്നാമൻ.

രാത്രിയും പകലും ഞാൻ ഈ മത്സരത്തെപ്പറ്റിയുള്ള ചിന്തയിൽ മുഴുകി. അങ്ങനെ, മത്സരത്തിൻെറ ദിവസമായപ്പോഴേക്ക്, എൻെറ ചിന്തയിൽ അൻപതുവാര ഓട്ടം ഞാൻ പല തവണ ഓടിക്കഴിഞ്ഞിരുന്നു; ഓടിവന്നുള്ള ചാട്ടവും നിന്ന നിലയിലുള്ള ചാട്ടവും ഞാൻ പലതവണ നടത്തുകയുണ്ടായി; ഉയരത്തിലുള്ള ചാട്ടത്തിലും പലപാട്ട് ഞാൻ പങ്കുകൊണ്ടു. അതിൽ ഓരോന്നിലും ഞാൻ മററു കുട്ടികളെ അമ്പേ പരാജയപ്പെടുത്തുകയും ചെയ്തു.

വാസ്തവത്തിൽ യോഗസിദ്ധിതന്നെയായ വമ്പിച്ച ഈ ആന്തരശക്തി, മത്സരത്തിൻെറ ദിവസം, ഏതാണ്ടൊരു ഭ്രാന്തിൻെറ രൂപം കൈക്കൊണ്ടു.

അവസാനം സമയമായപ്പോൾ, ഞാനും മററു മൂന്നു കുട്ടികളുംകൂടി യഥാസ്ഥാനം ചെന്നുനിന്നു്, തയ്യാറെടുത്തു്, ഓടി. കണ്ണുംപൂട്ടി ഞാൻ ഓടിയ ഓട്ടം, കായികമത്സരങ്ങളുടെ ചരിത്രത്തിൽ അതിനുമുമ്പൊരിക്കലും ഉണ്ടായിട്ടില്ലെന്നു് എനിക്കറിയാം.

ഇതിനുമുമ്പു് ഒരു മനുഷ്യജീവിയും ഇത്രവേഗം സഞ്ചരിച്ചിട്ടുണ്ടാവില്ലെന്നു് എനിക്കു തോന്നി. എന്റെ ഉള്ളിൽ ഞാൻ ആ അൻപതുവാര ദൂരം ഒരൻപതുപ്രാവശ്യം ഓടിക്കഴിഞ്ഞിരിക്കണം, ഞാൻ ഒന്നു കണ്ണുതുറന്നു നോക്കി—മററുള്ളവർ എത്രമാത്രം പിറകിലാണെന്നറിയാൻ. ഞാൻ കണ്ട കാഴ്ച എന്നെ വല്ലാതെ അമ്പരപ്പിച്ചുകളഞ്ഞു.

മൂന്നു കുട്ടികൾ എന്നേക്കാൾ നാലുവാര മുമ്പേ ഉണ്ടായിരുന്നു. അവർ ഓടി അകലുകയുമാണു്.

അവിശ്വസനീയമായിരുന്നു അതു്; പക്ഷേ, അതായിരുന്നു യാഥാർത്ഥ്യം. എന്തോ തെററു സംഭവിച്ചിട്ടുണ്ടാകണം; പക്ഷേ, ഒന്നുമുണ്ടായിരുന്നില്ല. അവരതാ, എൻെറ മുന്നിൽ ഓടി അകന്നുകൊണ്ടിരിക്കയാണു്.

കൊള്ളാം, കണ്ണു തുറന്നുപിടിച്ചുകൊണ്ടു് ഓടി ഞാൻ അവരെ മറികടക്കണമെന്നു വന്നിരിക്കുന്നു. പക്ഷേ, അവിശ്വസനീയമാംവിധം, അവർ അകന്നു പൊയ്ക്കൊണ്ടിരുന്നു. എന്നിലുള്ള അത്ഭുതകരങ്ങളായ ജീവശ്ശക്തികളെ മുഴുവൻ അഴിച്ചുവിടാൻ ഞാൻ തീരുമാനിച്ചു. എന്നിട്ടും, എങ്ങനെയെന്നറിഞ്ഞുകൂടാ, എനിക്കവരെ ഒട്ടുംതന്നെ സമീപിക്കാൻ കഴിഞ്ഞില്ല. ഒരിക്കൽക്കൂടി ഞാൻ എൻെറ ഓട്ടത്തിനു് പുതിയ ശക്തിയും ജീവനും നല്കി. ഇനി വലിയ ദൂരം ബാക്കിയില്ലായിരുന്നു; എങ്കിലും എനിക്കതു ചെയ്യാൻ കഴിയുമെന്നു ഞാൻ കരുതി.

ഇല്ല, എനിക്കതു കഴിയില്ലെന്നു വ്യക്തമായി.

ഓട്ടം അവസാനിച്ചുകഴിഞ്ഞു.

ഞാൻ ഏററവും പിറകിലായിരുന്നു, പത്തു വാരയ്ക്കു്.

അന്നു നടന്ന മറ്റു് ഓട്ടങ്ങളിലും ഏറെക്കുറെ ഇതുതന്നെയായിരുന്നു ഗതി.

വീട്ടിൽ മടങ്ങിയെത്തിയപ്പോൾ ഞാൻ വല്ലാതെ കോപിഷ്ഠനായിരുന്നു. മൂന്നു ദിവസത്തേക്കു് എനിക്കു തീരെ സുഖമില്ലായിരുന്നുതാനും. മുത്തശ്ശി വളരെ ശ്രദ്ധയോടെ എന്നെ ശുശ്രൂഷിച്ചു; ഒരുപക്ഷേ, അതാകാം ഞാൻ മരിക്കാഞ്ഞതിനു കാരണം. ഗൈക്കോ അമ്മാവൻ എന്നെ കാണാൻ വരികയുണ്ടായി. അദ്ദേഹത്തിൻെറ മുഖത്തെ ചടപ്പു മാറിയിരുന്നു. നാല്പതു ദിവസമോമറേറാ

(രാത്രി ഉൾപ്പെടെ ആയിരിക്കുമെന്നു ഞാൻ കരുതുന്നു) വിജയകരമായി ഭക്ഷണംകൂടാതെ ജീവിച്ചതിനുശേഷം ഇപ്പോൾ അദ്ദേഹം ആ വ്രതം അവസാനിപ്പിച്ചിരിക്കയാണത്രെ.

ഗാഢമായ ചിന്തയും അദ്ദേഹം ഉപേക്ഷിച്ചു; മഹത്തായ ചിന്തകളെല്ലാം ഇതിനകം അദ്ദേഹത്തിനു സ്വായത്തമായിക്കഴിഞ്ഞുവത്രെ. മദ്യപാനവും ഉറക്കമില്ലപ്പും സ്ത്രീസേവയും അദ്ദേഹം വീണ്ടും ആരംഭിച്ചു.

അദ്ദേഹം പറഞ്ഞു: "ആരം, ഞാൻ പറയാമല്ലോ, നമ്മൾ വലിയൊരു കുടുംബക്കാരാണ്; നമുക്ക് എന്തും ചെയ്യാൻ കഴിയും."

# പഴയ രീതിയിലുള്ള നല്ലൊരു പ്രേമകഥ—പ്രേമഗാനങ്ങളും മററും ഒത്തിണങ്ങിയതു്

എൻെറ മാതുലപുത്രനായ ആരക് എന്നേക്കാൾ ഒന്നരവയസ്സിനു് ഇളയതായിരുന്നു. ഇരുണ്ടു്, വട്ടമുഖത്തോടുകൂടിയ അവൻ അങ്ങേയററം മര്യാദക്കാരനായിരുന്നു. പ്രകൃത്യാതന്നെ അവൻെറ പെരുമാററം അത്തരത്തിലായിരുന്നു എന്നുമാത്രം—എൻേറതു് ആദ്യംമുതല്ക്കേ ചീത്തയായിരുന്നതുപോലെ. ഞങ്ങളുടെ അദ്ധ്യാപികയായ മിസ്സ് ഡാഫ്നെയുടെ മരവിച്ച ഹൃദയത്തെ അലിയിക്കാൻ പര്യാപ്തമായ ഒരു മധുരപ്പുഞ്ചിരികൊണ്ടു്, വിദ്യാലയത്തിൽ ഉണ്ടാകുന്ന ഏതു കുഴപ്പത്തിൽനിന്നും തല ഊരാൻ ആരക്കിനു കഴിയുമായിരുന്നു. അതേസമയത്തു് ഞാനാണെങ്കിൽ, കുഴപ്പങ്ങളുടെ നടുക്കു ചെന്നുപെട്ടു്, മിസ്സ് ഡാഫ്നെയോ അല്ലെങ്കിൽ മററാരെങ്കിലുമോ ആണു് എല്ലാററിനും കാരണം എന്നു തെളിയിക്കാൻ ഒച്ച കൂട്ടുകയാണു ചെയ്യുക.

ഞാൻ ആപ്പീസിലേക്കയയ്ക്കപ്പെടുക സാധാരണയാണു്; ചിലപ്പോൾ ഞങ്ങളുടെ ഹെഡ്മാസ്റ്ററായ ഡെറിങ്ഗറിൽനിന്നു് എനിക്കു് അടി കിട്ടാറുമുണ്ടു്.

ആരക് മറെറാരു തരക്കാരനാണു്. ശണ്ഠകൂട്ടുന്നതിൽ അയാൾക്കു താല്പര്യമില്ലായിരുന്നു. ബുദ്ധിശക്തിയിൽ അവൻ എൻെറ അടുത്തൊന്നും എത്തുമായിരുന്നില്ല. എന്നിട്ടും, എന്നേക്കാൾ ഒന്നരവയസ്സിനു് ഇളപ്പമായിരുന്ന അവൻ, സ്കൂളിൽ, എൻെറ ക്ലാസിലായിരുന്നു. അതു്

അഞ്ചാംക്ലാസല്ലായിരുന്നെങ്കിൽ കാര്യങ്ങൾ ഇത്ര വഷളായി തോന്നുമായിരുന്നില്ല. അദ്ധ്യാപകന്മാരുമായുണ്ടാകുന്ന തക്കങ്ങളിൽ സാധാരണയായി ഞാനാണു് ജയിക്കാറു്. പക്ഷേ, എന്നെ പാസാക്കി അയയ്ക്കുന്നതിൽ സന്തോഷിക്കേണ്ടതിനുപകരം, അവർ, ഒരുപക്ഷേ, അടുത്തകൊല്ലം തക്കങ്ങളിൽ ജയിച്ചു് മത്സരം സമമാക്കി കലാശിപ്പിക്കാം എന്ന ആശയോടെയാകാം എന്നു് ഞാൻ ഊഹിക്കുന്നു, എന്നെ തോല്പിക്കുകയാണു പതിവു്. അങ്ങനെയാണു്, അഞ്ചാംക്ലാസിലെ ഏററവും മുതിന്ന കുട്ടി ഞാനായിത്തീന്നതു്.

മിസ്സ് ഡാഫ്നെ, ഡെറിങ്ഗറുമായി പ്രേമത്തിലാണെന്നു പ്രഖ്യാപിക്കുന്ന ഒരു കവിതാശകലം ഒരുദിവസം ക്ലാസിലെ ബോർഡിൽ പ്രത്യക്ഷപ്പെട്ടു. അതവിടെ എഴുതിയിട്ടതു് ഞാനാണെന്നു ലോകസമക്ഷം പ്രഖ്യാപിക്കുവാൻ മിസ്സ് ഡാഫ്നെ തുനിഞ്ഞു. വാസ്തവത്തിൽ, ഞാൻ അല്ല, എന്റെ ബന്ധുവായ ആരക് ആയിരുന്നു ആ കവിത എഴുതിയതു്. ഞാനെഴുതുന്ന ഒരു കവിതയും മിസ്സ് ഡാഫ്നെയെപ്പററിയാവാൻ ഇടയില്ല; അതു കൊള്ളാവുന്ന വേറെ എന്തിനെയെങ്കിലും പററിയേ ആകൂ. എന്നിരുന്നിട്ടും, ആരുടേയും പേരെടുത്തു പറയാതെ, മിസ്സ് ഡാഫ്നെ, എന്റെ ഇരിപ്പിടത്തിന്റെ അരികിൽ വന്നുനിന്നു പറഞ്ഞു: "ആരാണു് ഈ കവിത ബോർഡിൽ എഴുതിയതെന്നു് ഞാൻ കണ്ടുപിടിക്കും; അവനെ ശിക്ഷിപ്പിക്കുകയും ചെയ്യും."

ഞാൻ ഇരിപ്പിടത്തിൽനിന്നു ചാടി എഴുന്നേററു ചോദിച്ചു: "അവനേയോ? ഇതു് എഴുതിയതു് ഒരാൺകുട്ടിയാണു്, പെൺകുട്ടിയല്ല എന്നു് എങ്ങനെയാണു് അറിഞ്ഞതു്?"

"അവിടെ ഇരിക്കു്," മിസ്സ് ഡാഫ്നെ പറഞ്ഞു.

ഞാൻ അനുസരിച്ചു. അവർ എൻെറ വലത്തെ ചെവി പിടിച്ചു തിരുമ്മി. മിസ്സ് ഡാഫ്നെയും മററു് അദ്ധ്യാപകന്മാരും പിടിച്ചു തിരുമ്മിത്തിരുമ്മി ആ ചെവിയുടെ ആകൃതിതന്നെ നഷ്ടപ്പെട്ടുപോയിരുന്നു.

ഞാൻ അവിടെയിരുന്നു്, പതുക്കെ, മിക്കവാറും എന്നോടു മാത്രമായി പറഞ്ഞു: "നിങ്ങൾ ഇതിനു് അനുഭവിക്കും."

"നാക്കടക്കിപ്പിടിച്ചോ," മിസ്സ് ഡാഫ്നെ പറഞ്ഞു.

ഞാൻ എൻെറ നാവു് പുറത്തേക്കു നീട്ടി, അതടക്കിപ്പിടിച്ചു. ക്ലാസിലെ ആൺകുട്ടികളും, പെൺകുട്ടികളും, ആർമീനിയൻകാരും, മെക്സിക്കൻകാരും, വെറും അമേരിക്കക്കാരുമെല്ലാം, ആർത്തു ചിരിച്ചു.

മിസ്സ് ഡാഫ്നെ പറഞ്ഞു: "നീ അടങ്ങിയിരുന്നോ. ഈ തോന്നിവാസം ഇനിയും ഞാൻ പൊറുക്കില്ല. മയ്യാദക്കാരനായിക്കോ."

ഞാൻ നാക്കിന്മേൽനിന്നു കൈയെടുത്തു, മയ്യാദക്കാരനാകാൻ ശ്രമിച്ചു. അദ്ധ്യാപികയ്ക്കു് ഒരു ചുവന്ന ആപ്പിൾപ്പഴം സമ്മാനിക്കാൻ ചെല്ലുന്ന ഒരുവനെപ്പോലെ ഞാൻ പുഞ്ചിരിതൂകി. ആൺകുട്ടികളും പെൺകുട്ടികളും ആർത്തു ചിരിച്ചു; മിസ്സ് ഡാഫ്നെ എൻെറ പിറകേ ക്ലാസിൽ കിടന്നു് ഓട്ടംതുടങ്ങി.

വീണ്ടും കാര്യം കുഴപ്പമായല്ലോ, മിസ്സ് ഡാഫ്നെ, എന്നെ പിടിക്കാൻവേണ്ടി ക്ലാസിൽ എൻെറ പിറകേ കിടന്നോടിക്കൊണ്ടിരിക്കേ, ഞാൻ സ്വയം പറഞ്ഞു കൊണ്ടിരുന്നു: "ഇതാ, ഞാൻ വീണ്ടും കുഴപ്പത്തിൽ ചെന്നു ചാടുകയാണു്; അതേസമയം, ഈ ബഹളത്തി

നെല്ലാം കാരണക്കാരനായ ആരക് അവിടെ വെറുതെ ഇരുന്നു ചിരിക്കുകയും.''

മിസ്സ് ഡാഫ്നെസ്സ് ഓടാൻ വയ്യാതായപ്പോൾ, ഞാൻ എൻെറ ഇരിപ്പിടത്തിലേക്കു മടങ്ങിയെത്തി. അന്നത്തെ വലിയ പ്രശ്നം വീണ്ടും ആവർത്തിക്കപ്പെട്ടു: "ആരാണ്, ബോർഡിൽ ആ പ്രേമകവിതയെഴുതിയതു്?''

മിസ്സ് ഡാഫ്നെ മനസ്വാസ്ഥ്യം സമ്പാദിച്ചു വീണ്ടും സംസാരിക്കുവാൻ തുടങ്ങി:

"ഞാൻ നിങ്ങളിലോരോരുത്തരുടേയും പേരു വിളിച്ചു് ചോദിക്കുവാൻ പോവുകയാണ്, ബോർഡിൽ കാണുന്ന ഇതു്, ഈ കവിത, എഴുതിയോ എന്നു്. നിങ്ങൾ സത്യം പറയണം. നിങ്ങൾ നുണപറഞ്ഞാൽ, വാസ്തവം ഞാൻ എങ്ങനെയെങ്കിലും കണ്ടുപിടിക്കും. അപ്പോൾ നിങ്ങൾക്കു കിട്ടുന്ന ശിക്ഷ കൂടുതൽ കഠിനമാകും.''

അവർ, ഓരോരുത്തരോടായി, ആൺകുട്ടികളോടും പെൺകുട്ടികളോടും, ആ കവിതയെഴുതിയോ എന്നു ചോദിക്കുവാൻ തുടങ്ങി. സ്വാഭാവികമായും അവരെല്ലാം ഇല്ലെന്നു മറുപടി പറയാനും തുടങ്ങി. അവർ ആരക്കിനോടും ചോദിച്ചു. അവനും, താനല്ല എന്നു മറുപടി പറഞ്ഞു. പിന്നീട് അവർ എന്നോടു ചോദിച്ചു. ഞാനല്ലെന്നു ഞാൻ മറുപടി പറയുകയും ചെയ്തു. അതു സത്യമായിരുന്നുതാനും.

"നീ ആപ്പീസിലേക്കു ചെല്ലു്,'' അവർ പറഞ്ഞു.

"ഞാൻ ബോർഡിലെങ്ങും ഒരു കവിതയും എഴുതിയില്ലല്ലോ,'' ഞാൻ പറഞ്ഞു.

ഒട്ടും സന്തോഷത്തോടുകൂടിയല്ല, ഡെറിങ്ഗർ എന്നെ സ്വീകരിച്ചതു്. രണ്ടുമിനിട്ടു കഴിഞ്ഞപ്പോൾ എന്റെ ചെയ്തികളെപ്പറ്റിയുള്ള ഒരു കുറിപ്പുമായി ക്ലാസ്സിൽ

നിന്ന് സൂസി കൊകൊമോടോ അവിടെയെത്തി. ഡെറിങ്ഗർ ആ കുറിപ്പു വായിച്ച്, ആറേഴതവണ മുഖം കൊണ്ടു ഗോഷ്ടികാണിക്കുകയും പിന്നീടു ചിരിക്കുകയും ചെയ്തു. അവസാനം അദ്ദേഹം ചോദിച്ചു: "ഈ ചെറിയ കവിതയെഴുതാൻ നിനക്കെങ്ങനെ തോന്നി?"

"ഞാനല്ല അതെഴുതിയതു്," ഞാൻ പറഞ്ഞു.

അദ്ദേഹം പറഞ്ഞു: "അതു പിന്നെ നീ അങ്ങനെയല്ലേ പറയൂ. പക്ഷേ, എന്തിനാണ് നീ അതെഴുതിയതു്?"

"ഞാനല്ല അതെഴുതിയതു്," ഞാനുറപ്പിച്ചു പറഞ്ഞു.

"മിസ്സ് ഡാഫ്നെയ്ക്കു് എന്നോടു പ്രേമമുണ്ടെന്നു നീ എങ്ങനെ അറിഞ്ഞു?" ഡെറിങ്ഗർ ചോദിച്ചു.

"അവക്കു പ്രേമമുണ്ടോ?" ഞാൻ അന്വേഷിച്ചു.

"എന്നാണല്ലോ ഇതിൽ പറയുന്നതു്. നിനക്കങ്ങനെ തോന്നാൻ എന്താണു കാരണം? അവർ പ്രേമത്തോടുകൂടി എന്റെനേരേ നോക്കുന്നതോമറേറാ നീ കണ്ടിട്ടുണ്ടോ?" ഡെറിങ്ഗർ ചോദിച്ചു.

ഞാൻ പറഞ്ഞു: "അവർ അങ്ങയുടെനേരേ ഒരുവിധത്തിൽ നോക്കുന്നതും ഞാൻ കണ്ടിട്ടില്ല. അങ്ങു് അവരുമായി പ്രേമത്തിലോമറേറാ ആണോ?"

"അതു കാണാനിരിക്കുന്നതേയുള്ളു," ഡെറിങ്ഗർ പറഞ്ഞു. "ഈ കവിത മോശമല്ല, ഒരു പരിധിവരെ."

ഞാൻ പറഞ്ഞു: "ഞാനല്ല ഈ കവിത എഴുതിയതു്. അതു തെളിയിക്കാൻ എനിക്കു കഴിയും. ഞാൻ ഈ വിധത്തിൽ എഴുതുകയില്ല."

"ബോർഡിന്മേലുള്ള കയ്യക്ഷരംപോലെയല്ല നിന്റെ കയ്യക്ഷരം എന്നാണോ നീ പറയുന്നതു്?" ഡെറിങ്ഗർ ചോദിച്ചു.

"അതേ," ഞാൻ പറഞ്ഞു: "മാത്രമല്ല, ഞാൻ ഇത്തരം കവിതകൾ എഴുതുകയുമില്ല."

"അപ്പോൾ നീ കവിതയെഴുതാറുണ്ടെന്നു സമ്മതിക്കുന്നു, ഇല്ലേ?" ഡെറിങ്ഗർ ചോദിച്ചു.

ഞാൻ പറഞ്ഞു: "ഞാൻ കവിതയെഴുതാറുണ്ട്; പക്ഷേ, ഇത്തരം കവിതയല്ല."

"ഈ കവിത നിനക്കെഴുതാൻ കഴിയുമായിരുന്നു, ഇല്ലേ?" ഡെറിങ്ഗർ അന്വേഷിച്ചു.

"ഇല്ല; ആ കവിത എൻേറതാവാൻ വയ്യ. എൻേറതു് ഒരു നല്ല കവിതയായിരിക്കും," ഞാൻ മറുപടി പറഞ്ഞു.

"നല്ലതെന്നു വച്ചാൽ? മനോഹരമോ?" ഡെറിങ്ഗർ ചോദിച്ചു.

"അതേ, മനോഹരംതന്നെ," ഞാൻ പറഞ്ഞു: "അതു് മിസ്സ് ഡാഫ്നെയെക്കുറിച്ചായിരിക്കില്ലെന്നു മാത്രം."

ഡെറിങ്ഗർ പറഞ്ഞു: "ഇതുവരെ, ആ കവിതയെഴുതിയ ആളെക്കുറിച്ച് എനിക്കു തീർച്ചയുണ്ടായിരുന്നില്ല. ഇപ്പോൾ എൻെറ സംശയം തീൎന്നു. നീ ആണു് അതെഴുതിയതു്. നിന്നെ അതിനു ശിക്ഷിച്ചേ പററൂ."

ഞാൻ എഴുന്നേററുനിന്നു് സംസാരിക്കാൻ തുടങ്ങി. ഞാൻ പറഞ്ഞു: "ഞാൻ ചെയ്യാത്ത ഒരു കാര്യത്തിനു് അങ്ങു് എന്നെ അടിക്കുകയാണു്. അങ്ങു് ഇതിനു് അനുഭവിക്കും."

അദ്ദേഹം എന്നെ അടിച്ചു; സ്കൂൾ മുഴുവൻ അതറിയുകയും ചെയ്തു. അദ്ദേഹം എൻെറ കാലു് തല്ലിയൊടിച്ചു എന്ന ഭാവത്തിലാണു് ഞാൻ ക്ലാസ്സിലേക്കു മടങ്ങിയതു്. ആ കവിത ബോർഡിൽ കാണാനില്ലായിരുന്നു. എല്ലാം

വീണ്ടും ശാന്തമായി. ആ കവിതയെഴുതിയവനെ ശരിക്കും ശിക്ഷിച്ചുകഴിഞ്ഞു; അഞ്ചാംക്ലാസ്സിൽ ഒരിക്കൽക്കൂടി സമാധാനം പുനഃസ്ഥാപിക്കപ്പെട്ടു. എന്റെ ബന്ധുവായ ആരക്, ആലിസ് ബൊവാർഡിന്റെ സ്വർണ്ണത്തലമുടിയിലേക്കു സ്നേഹപൂർവ്വം നോക്കിക്കൊണ്ട്, അനങ്ങാതിരുന്നു.

പക്ഷേ, അടുത്ത ദിവസം രാവിലെ ആരക്കിന്റെ കൈയക്ഷരത്തിൽ മറെറാരു കവിത ബോർഡിൽ പ്രത്യക്ഷപ്പെട്ടു. ഒരിക്കൽക്കൂടി, മിസ്സ് ഡാഫ്നെ, കവിതയെഴുതിയ ആളെ കണ്ടുപിടിക്കാനും അവനെ ശിക്ഷിപ്പിക്കാനും ഒരുങ്ങി. ഞാൻ ക്ലാസിലെത്തി ആ കവിത കണ്ടയുടനെ, എന്റെ പ്രതിഷേധം വിളിച്ചറിയിച്ചു. ആരക്കിന്റെ പ്രവൃത്തി അതിരുകവിഞ്ഞുപോകുന്നു. ഞാൻ അവനെ ആർമീനിയൻ ഭാഷയിൽ ഉറക്കെ ശകാരിക്കാൻ തുടങ്ങി. ചെവി കേൾക്കാത്തമട്ട്, അവൻ ഇരുന്നുകളഞ്ഞു. മിസ്സ് ഡാഫ്നെയാകട്ടെ, ഞാൻ പറഞ്ഞതു മുഴുവൻ അവരുടെ നേരെയാണെന്നുകരുതി. "നിർത്ത്, നിർത്ത്, എന്തെങ്കിലും പറയാനുണ്ടെങ്കിൽ അതു് എല്ലാവർക്കും മനസ്സിലാകുന്ന ഭാഷയിൽ പറയൂ." അവർ പറഞ്ഞു.

ഞാൻ അറിയിച്ചു. "ആകെ എനിക്കു പറയാനുള്ളതു്, ഞാനല്ല ആ കവിത എഴുതിയതെന്നാണ്. ഇന്നലത്തേതും ഞാനല്ല എഴുതിയതു്. ഈ കവിത കാരണം എനിക്കു വീണ്ടും ശിക്ഷ കിട്ടുകയാണെങ്കിൽ, ആരെങ്കിലും അതിന്റെ ഫലം ഉടനെ അനുഭവിക്കാതിരിക്കില്ല."

"അവിടെ ഇരിക്കു്," മിസ്സ് ഡാഫ്നെ ആജ്ഞാപിച്ചു.

അവർ ഒരു പായ കടലാസെടുത്തു്, ആ കവിതയുൾപ്പെടെ എന്തെല്ലാമോ അതിൽ നിറയെ എഴുതിയതി

നശേഷം, എന്നോട്ട് അതു് ആപ്പീസിൽ കൊണ്ടുപോയി കൊടുക്കാൻ ആവശ്യപ്പെട്ടു.

"എന്തിനാ ഞാൻ? ഞാനല്ല ആ കവിത എഴുതിയതു്," ഞാൻ പറഞ്ഞു.

"പറഞ്ഞതു കേട്ടോള്ളൂ," മിസ്സ് ഡാഫ്നെ പറഞ്ഞു.

ഞാൻ ആപ്പീസിൽ ചെന്നപ്പോൾ ഡെറിങ്ഗർ ചോദിച്ചു: "നീ എന്താ വൈകിയതു്? എവിടെ, ആ കുറിപ്പു കാണട്ടെ. എന്താണു് ഇത്തവണ നീ ഉണ്ടാക്കിയ കുഴപ്പം?"

അദ്ദേഹം ആ കുറിപ്പുവാങ്ങി വളരെ സാവധാനം വായിച്ചു. മൂന്നോ നാലോ തവണ അദ്ദേഹമതു വായിച്ചു നോക്കി. അദ്ദേഹത്തിനു് സന്തോഷമായി; മാത്രമല്ല, എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞേടത്തോളം അദ്ദേഹം പ്രേമത്തിൽ പെട്ടിരുന്നുതാനും. മുഖത്തു് ഒരു വലിയ ചിരിയുമായി അദ്ദേഹം എൻെറ നേരെ തിരിഞ്ഞു.

ഞാൻ പറഞ്ഞു: "ഞാനല്ല ഈ കവിത എഴുതിയതു്; ഇന്നലത്തേതും ഞാനല്ല എഴുതിയതു്. കുറച്ചെന്തെങ്കിലും പഠിക്കണം. മററുള്ളവരെ വിഷമിപ്പിക്കാതെ സൈ്വരമായി ജീവിക്കണം—അത്രയേ എനിക്കുവേണ്ടു!"

"മതി, മതി," ഡെറിങ്ഗർ പറഞ്ഞു

അദ്ദേഹം തികച്ചും സന്തുഷ്ടനായിരുന്നു.

"അങ്ങു് അവരുമായി പ്രേമത്തിലാണെങ്കിൽ അതു് അങ്ങയുടെ സ്വന്തം കാര്യം. എന്നെ അതിലിട്ടു വലിക്കണ്ട," ഞാൻ പറഞ്ഞു.

"നീ ഇക്കാര്യത്തിൽ കുറച്ചു രമ്യത കാണിക്കണമെന്നേ ഞാൻ പറയുന്നുള്ളൂ. ഏതായാലും നിന്നെ ശിക്ഷിക്കാതെ നിവൃത്തിയില്ല," ഡെറിങ്ഗർ പറഞ്ഞു.

“അതു പാടില്ല; അങ്ങ് എന്നെ ശിക്ഷിക്കുകയാണെങ്കിൽ അങ്ങ് അതിന്റെ ഫലം അനുഭവിക്കും.”

“പക്ഷേ, ഇന്നത്തെ കവിതയുടെ കാര്യം? അതിനു നിന്നെ ശിക്ഷിച്ചേ പററൂ. നാളത്തെ കഥ, പിന്നെയല്ലേ?” ഡെറിങ്ഗർ പറഞ്ഞു.

“പററില്ല, ഒന്നും ചെയ്യാൻ പാടില്ല,” ഞാൻ ശഠിച്ചു.

“എന്നാൽ ശരി,” ഡെറിങ്ഗർ പറഞ്ഞു.

“ഇനി എനിക്കു പോകാമല്ലോ?” ഞാൻ ചോദിച്ചു.

“ഓഹോ,” ഡെറിങ്ഗർ പറഞ്ഞു, “ഞാൻ ഇതേപ്പററി ഒന്നാലോചിച്ചോട്ടേ.”

ഞാൻ ആപ്പീസിൽനിന്നു് പുറത്തേക്കിറങ്ങാൻ തുടങ്ങി.

ഡെറിങ്ഗർ പറഞ്ഞു: “ഒരു നിമിഷം നില്ക്കു്. നീ കിടന്നു നിലവിളിക്കുന്നതു കേട്ടില്ലെങ്കിൽ എല്ലാവരും വിചാരിക്കും, ഇതിലെന്തോ കളിപ്പുണ്ടെന്നു്. അതുകൊണ്ടു് പത്തു പ്രാവശ്യം ഉറക്കെ നിലവിളിച്ചതിനുശേഷം പോയാൽ മതി.”

“നിലവിളിക്കുകയോ? അടി കൊള്ളാതെ നിലവിളിക്കാൻ എനിക്കു വയ്യ,” ഞാൻ പറഞ്ഞു.

“ഓ, നിശ്ചയമായും നിനക്കു സാധിക്കും. വേദനയെടുത്തപോലെ ഉറക്കെ നിലവിളിച്ചാൽ മതി. നിനക്കു സാധിക്കും അതു്,” ഡെറിങ്ഗർ പറഞ്ഞു.

“എനിക്കു തോന്നുന്നില്ല, എനിക്കു സാധിക്കുമെന്നു്,” ഞാൻ പറഞ്ഞു.

"ഞാൻ ഈ കസേരമ്മേലിട്ട് പത്തു പ്രാവശ്യം അടിക്കാം; അതൊപ്പിച്ച് നീ ഉറക്കെ നിലവിളിച്ചാൽ മതി," ഡെറിങ്ങ്ഗർ നിർദ്ദേശിച്ചു.

"അതു പററുമെന്ന് അങ്ങേയ്ക്കു തോന്നുന്നുണ്ടോ?" ഞാൻ ചോദിച്ചു.

"തീർച്ചയായും പററും," അദ്ദേഹം പറഞ്ഞു, "ശരി, തയാറായിക്കോ."

ഡെറിങ്ങ്ഗർ കസേരമ്മേലിട്ടടിച്ചു; ഞാൻ തലേദിവസത്തെപ്പോലെതന്നെ ഉറക്കെ നിലവിളിക്കാൻ ഒരു ശ്രമം നടത്തി. പക്ഷേ, അതു് യഥാർത്ഥമായി തോന്നിയില്ല; എന്തോ അതിനൊരു കുറവുണ്ടായിരുന്നു.

ഞങ്ങൾ ആ പരിപാടി തുടൎന്നുകൊണ്ടിരിക്കേ, മിസ്സ് ഡാഫ്നെ ആപ്പീസിലേക്കു വന്നു. പക്ഷേ, അവിടത്തെ ബഹളംകൊണ്ട് ഞങ്ങളതറിഞ്ഞില്ല.

പത്താമത്തെ അടി കഴിഞ്ഞപ്പോൾ ഞാൻ ഡെറിങ്ങ്ഗറുടെ നേരെ തിരിഞ്ഞു പറഞ്ഞു: "ആ, പത്തെണ്ണമായി."

അതോടെ ഞാൻ മിസ്സ് ഡാഫ്നെയെ കാണുകയും ചെയ്തു. അവരവിടെ വായുംപൊളിച്ചു നില്ക്കുകയായിരുന്നു.

"കുറച്ചുകൂടി ഇരിക്കട്ടെടാ, കണക്കിനായിക്കോട്ടെ," ഡെറിങ്ങ്ഗർ പറഞ്ഞു.

മിസ്സ് ഡാഫ്നെ ആപ്പീസിൽ എത്തിയിട്ടുണ്ടെന്ന് എനിക്ക് അദ്ദേഹത്തോടു പറയാൻ കഴിയുന്നതിന്നു മുമ്പ്, അദ്ദേഹം വീണ്ടും കസേരയിന്മേൽ അടിക്കാൻ തുടങ്ങി; ഞാൻ ഉറക്കെക്കരയാനും.

എല്ലാം കഴിഞ്ഞു് തിരിഞ്ഞു നോക്കിയപ്പോഴാണ് ഡെറിങ്ങ്ഗർ അവരെ—തന്റെ പ്രേമഭാജനത്തിനെ—കണ്ടതു്.

മിസ്സ് ഡാഫ്നെ യാതൊന്നും മിണ്ടിയില്ല; അവൾക്കു മിണ്ടാൻ കഴിഞ്ഞില്ല. ഡെറിങ്ഗർ ചിരിച്ചു. ആകെ വിഡ്ഢിയായൊരു മട്ടുണ്ടായിരുന്നു അദ്ദേഹത്തിന്ന്; എന്താണു ചെയ്യേണ്ടതെന്നും അദ്ദേഹത്തിന്നറിഞ്ഞുകൂടായിരുന്നു.

"ഞാൻ ഇവനെ ശിക്ഷിക്കുകയാണ്," അദ്ദേഹം പറഞ്ഞു.

"എനിക്കു മനസ്സിലായി," മിസ്സ് ഡാഫ്നെ പറഞ്ഞു.

അവൾക്കൊന്നും മനസ്സിലായിരുന്നില്ല; എന്തായാലും മുഴുവൻ മനസ്സിലായിരുന്നില്ല, തീർച്ച.

"ഈ സ്കൂളിൽ ഒരുവനും ഇങ്ങനെ വികൃതിത്തം കാണിക്കാൻ ഞാൻ സമ്മതിക്കില്ല," ഡെറിങ്ഗർ പറഞ്ഞു.

അദ്ദേഹത്തിന്ന് അവരോടു കഠിനമായ പ്രേമമുണ്ടായിരുന്നു. കൈകൾ അങ്ങുമിങ്ങും വീശി എന്തെല്ലാമോ പറഞ്ഞു സമർത്ഥിക്കാൻ അദ്ദേഹം ശ്രമിച്ചുനോക്കി. പക്ഷേ, കസേരയ്ക്കിട്ടടിക്കുക, കുട്ടി ഉറക്കെ നിലവിളിക്കുക,—അദ്ദേഹത്തിന്റെ ഈ ശിക്ഷാസമ്പ്രദായത്തെപ്പറ്റി മിസ്സ് ഡാഫ്നെയ്ക്കു വലിയ മതിപ്പു തോന്നിയില്ല. അദ്ദേഹവും ഈ പയ്യനുംകൂടി യഥാർത്ഥപ്രേമത്തെ പുച്ഛിക്കുകയാണ്. അവർ, നിർവ്വികാരം അദ്ദേഹത്തിൻെറ നേരെ നോക്കി.

"കസേരയ്ക്കിട്ടടിച്ചതിനെപ്പറ്റിയാണോ? ശരിക്കുള്ള ശിക്ഷ ഒന്നു പരീക്ഷിച്ചുനോക്കുകയായിരുന്നു ഞങ്ങൾ, അല്ലേ കുഞ്ഞേ?" ഡെറിങ്ഗർ ചോദിച്ചു.

"അല്ല, നമ്മൾ അതല്ല ചെയ്തിരുന്നത്," ഞാൻ പറഞ്ഞു.

മിസ്സ് ഡാംഫ്നെ അവിടെനിന്നു് ഓടിക്കളഞ്ഞു. ഡെറിങ്ഗർ ഇരിപ്പിടത്തിലേക്കു താണു.

"നോക്കു്, എന്തു പണിയാണു നീ ചെയ്തതു്," അദ്ദേഹം ചോദിച്ചു.

ഞാൻ പറഞ്ഞു: "അങ്ങേയ്ക്കു് അവരെ പ്രേമിക്കണമെങ്കിൽ, ആയിക്കോളൂ. പക്ഷേ, എന്നെ അതിനിടയിൽ വലിച്ചിടേണ്ട."

"ശരി, അതങ്ങനെ അവസാനിച്ചു," ഡെറിങ്ഗർ പറഞ്ഞു.

അദ്ദേഹത്തിനു വളരെ ദുഃഖമുണ്ടായിരുന്നു.

അദ്ദേഹം പറഞ്ഞു: "ശരി, ക്ലാസ്സിലേക്കു പൊയ്ക്കോളൂ."

"ആ കവിത ഞാനല്ല എഴുതിയതെന്നു് അങ്ങയെ ബോദ്ധ്യപ്പെടുത്തണമെന്നെനിക്കുണ്ട്," ഞാൻ പറഞ്ഞു.

"അതിനിവിടെ യാതൊരു പ്രസക്തിയുമില്ല," ഡെറിങ്ഗർ പറഞ്ഞു.

"അങ്ങയ്ക്കതറിയണമെന്നുണ്ടാകുമെന്നു ഞാൻ വിചാരിച്ചു," ഞാൻ പറഞ്ഞു.

"അതുകൊണ്ടിനി പ്രയോജനമില്ല, ഈ സംഭവത്തിനുശേഷം അവൾക്ക് എന്നേപ്പററി ഒരിക്കലും വലിയ മതിപ്പുണ്ടാകാൻ ഇടയില്ല," അദ്ദേഹം പറഞ്ഞു.

"അങ്ങയ്ക്കു സ്വയം ഒരു കവിത എഴുതി അവൾക്കു കൊടുത്തുകൂടെ?" ഞാൻ ചോദിച്ചു.

"എനിക്കു കവിതയെഴുതാൻ അറിഞ്ഞുകൂടാ," ഡെറിങ്ഗർ പറഞ്ഞു.

"ഓ, എങ്ങനെയെങ്കിലും ഒന്നു കുത്തിക്കുറിച്ചുണ്ടാക്കിയാൽ മതി," ഞാൻ പറഞ്ഞു.

ഞാൻ തിരികെ ക്ലാസ്സിൽ ചെന്നപ്പോൾ മിസ്സ്

ഡാഫ്നെ വളരെ മര്യാദയോടെയാണ് പെരുമാറിയതു്. ഞാനും അതെ. സംഗതികൾ എനിക്കറിയാമെന്നു് അവക്കറിയാമായിരുന്നു. അവർ വിഷമം വല്ലതും ഉണ്ടാക്കിയാൽ, ആ പ്രേമം അവസാനിപ്പിക്കാനോ അല്ലെങ്കിൽ അവരെക്കൊണ്ടു് അദ്ദേഹത്തെ വിവാഹം കഴിപ്പിക്കാനോ എനിക്കു കഴിയുമെന്നു് അവക്കറിയാമായിരുന്നു; അതു കൊണ്ടു് അവർ വളരെ സ്നേഹത്തിലായിരുന്നു. രണ്ടാഴ്ച്ചയുള്ളിൽ സ്കൂൾ അടച്ചു. വീണ്ടും സ്കൂൾ തുറന്നപ്പോൾ മിസ്സ് ഡാഫ്നെ അവിടേക്കു വരികയുണ്ടായില്ല. ഒന്നുകിൽ ഡെറിങ്ഗർ അവർക്കു കവിതയൊന്നും എഴുതി സമർപ്പിച്ചിരിക്കില്ല; അല്ലെങ്കിൽ എഴുതിക്കൊടുത്ത കവിത നന്നല്ലായിരുന്നിരിക്കും; അതല്ലെങ്കിൽ താൻ അവരെ പ്രേമിക്കുന്നുണ്ടെന്നു് അദ്ദേഹം അവരെ അറിയിച്ചിരിക്കില്ല; അഥവാ അറിയിച്ചിട്ടു്, അവർ അതു പരിഗണിക്കാത്തതാകാം; അതുമല്ലെങ്കിൽ, അദ്ദേഹത്തിൻെറ വിവാഹാഭ്യർത്ഥന അവർ, ഞാൻ എല്ലാം അറിഞ്ഞിരുന്നു എന്നതുകൊണ്ടു നിരസിച്ചിരിക്കാം; എന്നിട്ടു് തൻെറ ഹൃദയത്തകർച്ചയിൽനിന്നു രക്ഷനേടാൻ മറെറാരു സ്കൂളിലേക്കു മാററം വാങ്ങിച്ചിരിക്കും.

അങ്ങനെയെന്തെങ്കിലുമായിരിക്കും.

# എൻെറ മാതുലപുത്രനായ ദിക്രാൻ—ഒരു വാഗ്മി

ഒരു ഇരുപതു കൊല്ലം മുമ്പ് സാൻജോകചിൻ വാലിയിലെ ആർമീനിയക്കാർ വാഗ്മിത്വത്തെ, ഏററവും മഹത്തായ, ഏററവും മേന്മയേറിയ, ഏററവും പ്രധാനപ്പെട്ട കലയായിട്ടാണ് കണക്കാക്കിയിരുന്നതു്. വേണമെങ്കിൽ, അതിനെ മാത്രമേ കലയായി ഗണിച്ചിരുന്നുള്ളു എന്നു പറയാം. ഫ്രെസ്നോവിനു ചുററുമുള്ള മുന്തിരിക്കൃഷിക്കാരെല്ലാംതന്നെ, പ്രസംഗിക്കാൻ കഴിവുള്ള ഒരാളെ, വിദ്യാസമ്പന്നനായ ഒരാളായി പരിഗണിച്ചുപോന്നു. ഇക്കാലമത്രയും കഴിഞ്ഞിട്ടും ഇപ്പോഴും സ്ഥിതി അതുതന്നെയാണെന്നാണ് എനിക്കു തോന്നുന്നതു്. ആ മുന്തിരിത്തോപ്പുകാരിൽ ആക്കുംതന്നെ പ്രസംഗകല വശമില്ലായിരുന്നു. അതുകൊണ്ടു് പതിഞ്ഞ മട്ടിൽ ആരംഭിച്ചു്, ആ കൃഷിക്കാരെ അടിമുടി ഇട്ടു് ഉലയ്ക്കാൻതക്കവണ്ണം ശബ്ദമുയത്തി പ്രസംഗിക്കുന്ന വാഗ്മികൾ, അവരുടെ ദൃഷ്ടിയിൽ ഒരു അത്ഭുതംതന്നെ ആയിരുന്നു; മാത്രമല്ല, അത്തരം പ്രാസംഗികരെ പണ്ഡിതന്മാരായി അവർ ഗണിക്കാനും അതു് ഇടയാക്കി.

“എന്തൊരു ശബ്ദകോലാഹലം!” ആ കൃഷിക്കാർ സ്വയം പറയും. കൃഷിക്കാർ അവിടെയുള്ള മൂന്നു പള്ളികളിൽ ഏതെങ്കിലും ഒന്നിലാണ് സമ്മേളിക്കുക. അവിടെവച്ചു്, തങ്ങളുടെ കണ്ണുനീരു തുടച്ചുകൊണ്ടും മൂക്കു പിഴിഞ്ഞുകൊണ്ടും, അവർ തല്ക്കാലാവേശത്തിനു് അടിമപ്പെട്ടു് തങ്ങളുടെ കഴിവനുസരിച്ചു സംഭാവനചെയ്യും.

ചിലപ്പോൾ, എന്തെങ്കിലും പ്രത്യേകാവശ്യത്തിന്നായി പിരിവു നടത്തുമ്പോഴുംമറ്റും, പണം കൊടുക്കുന്ന സന്ദർഭത്തിൽ, ആ കക്ഷികർ എഴുന്നേററുനിന്നു വിളിച്ചുപറയും: "ഗെർഡിഷ് കസാബിയൻ, അയാളുടെ ഭാര്യ ആരക്സി, അവരുടെ മൂന്നു കുട്ടികൾ, ഗോക്കൻ, സിറാക്, ടൂമാൻ— എല്ലാവരും ചേർന്ന് അൻപതു സെൻറ്!"

പ്രസംഗത്തിലും പണം സംഭാവനചെയ്യുന്നതിലും കൃഷിക്കാർ പരസ്പരം തോല്പിക്കാൻ ശ്രമിച്ചിരുന്നു. ഏതെങ്കിലും ഒരു കൃഷിക്കാരൻ, എഴുന്നേററുനിന്ന്, ഒരു ആണിനെപ്പോലെ, പരസ്യമായി, എന്തെങ്കിലും സംഭാവന ചെയ്യാൻ മടിച്ചാൽ—പാവം! പണവും ഇല്ല, നിർദ്ദയനായി എഴുന്നേററു നില്ക്കാനുള്ള തൻേറടവും ഇല്ല! ഈ മനോഭാവംകാരണം, പണം നല്കാൻ കഴിവില്ലാത്ത കൃഷിക്കാരൻ (പക്ഷേ, നല്കണമെന്ന് അങ്ങേയററത്തെ ആഗ്രഹം ഉണ്ടായിരിക്കും.) ഓരോ കൊല്ലവും വിഷാദമൂകനായി കുത്തിയിരിക്കും; അവസാനം നല്ലകാലം വരുമ്പോൾ അയാൾ ചാടി എഴുന്നേററു്, പരിഭ്രാന്തിയോടെ ചുററും നോക്കി വിളിച്ചുപറയും: "മനോഹരമായ ദിക്രാനാഗർട്ട് നഗരത്തിൽ താമസിക്കുന്ന ഈ കുടുംബത്തിന്റെ ദരിദ്രകാലം കഴിഞ്ഞുപോയിരിക്കുന്നു. അഞ്ചു് പാംപലോണിയൻ സഹോദരന്മാരുംകൂടി ഇരുപത്തിയഞ്ചു സെൻറു്!" ഇതും പറഞ്ഞു തല ഉയർത്തിപ്പിടിച്ച് നിറഞ്ഞ ഹൃദയത്തോടെ വീട്ടിലേക്കു മടങ്ങും. ദരിദ്രരോ? അതേ, പഴയ കാലത്തു്. പക്ഷേ, ഇപ്പോൾ അങ്ങനെയല്ല. (ആ അഞ്ചു വലിയ മനുഷ്യരും കുടുംബസ്നേഹത്തോടെ പരസ്പരം നോക്കും; തങ്ങളുടെ മക്കളെ പിടിച്ചു മുമ്പിൽ നിർത്തും, സ്നേഹത്തോടെതന്നെ; സ്വന്തം നാട്ടുകാരുടെ കണ്ണിൽ, ഇനിയും തങ്ങൾ നിസ്സാരന്മാരല്ലല്ലോ

എന്ന ആഹ്ലാദത്തിൽനിന്നും ഉളവാകുന്ന സമീപപൂർവ്വ ദേശത്തിൻെറ പ്രത്യേകതയായ, വിചിത്രവികാരമാണിതു്.)

വിദ്യാലയത്തിലോ, പള്ളിയിലെ ഒരു യോഗത്തിലോ, അല്ലെങ്കിൽ മററെവിടെയെങ്കിലുമോ, തന്റെ മകൻ എഴുന്നേററുനിന്നു പ്രസംഗിച്ചു എന്നറിയുന്ന ഒരു കൃഷിക്കാരനേക്കാൾ, അഭിമാനിയായി മററൊരാളുണ്ടാവുകയില്ല.

ആ കൃഷിക്കാരൻ, എൺപത്തിയെട്ടു വയസ്സായ തന്റെ അച്ഛന്റെ അടുക്കൽച്ചെന്നു് ഉറക്കെപ്പറയും: "നമ്മുടെ പയ്യൻ! അവൻ പറയുന്നതു കേൾക്കു! എൻെറ മകൻ വാഹൻ ആണതു്. അങ്ങയുടെ പേരക്കുട്ടി. പതിനൊന്നു വയസ്സേ ആയിട്ടുള്ളു അവനു്. അവൻ യൂറോപ്പിനെപ്പററി പ്രസംഗിക്കുന്നു!"

മുത്തച്ഛൻ തലകുലുക്കിക്കൊണ്ടു്, താനീകേൾക്കുന്നതെന്തെന്നു് അത്ഭുതപ്പെട്ടു. പതിനൊന്നു വയസ്സായ ഒരു കുട്ടിക്കു് ഇത്ര ബുദ്ധിയോ? അവൻ യൂറോപ്പിനെപ്പററി സംസാരിക്കുകയോ? വൃദ്ധനു് യൂറോപ്പു് എവിടെയാണെന്നുതന്നെ യഥാർത്ഥത്തിൽ അറിയില്ല. അമേരിക്കയിലേക്കു വരുന്നവഴി താനതിലെ കടന്നുപോന്നിട്ടുണ്ടെന്നു് അദ്ദേഹത്തിനറിയാമെന്നു മാത്രം. "യെവ്റോബാ." യൂറോപ്പു്. പക്ഷേ, പെട്ടെന്നു യൂറോപ്പിന്റെ കാര്യത്തിൽ എന്താണു സംഭവിച്ചതു്? ആ കുട്ടി ഇങ്ങനെ പ്രസംഗിക്കാൻപോലും?

സ്ത്രീകൾ സന്തോഷംകൊണ്ടു മതിമറക്കും; അമ്മമാക്കു തങ്ങളെപ്പററിത്തന്നെ ഒരത്ഭുതം തോന്നും. അവർ തലകുലുക്കിക്കൊണ്ടു് പരസ്പരം നോക്കും; ഇംഗ്ലീഷിൽ ആ കുട്ടി ചെയ്ത പത്തുമിനിട്ടുനേരത്തെ പ്രസംഗം കഴിയുമ്പോൾ, അതിലൊരക്ഷരം തങ്ങൾക്കു മനസ്സിലായിട്ടില്ലെ

ങ്കിൽക്കൂടി, അവർ സന്തോഷാശ്രുക്കൾ പൊഴിക്കും. എന്തൊരത്ഭുതകാൎയ്യമാണതു്!—കുഞ്ഞു ബെർജി. ഇംഗ്ലീഷുപോട്ടെ, ആർമീനിയനിൽപ്പോലും രണ്ടുവാക്കു പറയാൻ കഴിയാത്ത ഒരു കൈക്കുഞ്ഞായിരുന്നു, ഇന്നലെവരെ അവൻ. ഇപ്പോൾ ഇതാ, കൈകൾ വീശിക്കൊണ്ടും, മുകളിലേക്കും പടിഞ്ഞാട്ടും, തെക്കോട്ടും വടക്കോട്ടും ഇടയ്ക്കിടെ തൻെറ നെഞ്ചത്തേക്കും എല്ലാം കൈ ചൂണ്ടിക്കൊണ്ടും പ്രസംഗിക്കുന്നു.

ഈ സാഹചൎയ്യത്തിൽ ഗാരോഗ്ലാനിയൻ കുടുംബത്തിലും ഒരു വാഗ്മിയുണ്ടായി എന്നതു് അതിശയകരമല്ല—പ്രാസംഗികന്മാരെയെല്ലാം വിഡ്ഢികളായാണു് കാരണവർ കരുതുന്നതെങ്കിലും.

അദ്ദേഹം പറയുമായിരുന്നു, മുഖത്തു കണ്ണട വച്ച ഒരു ചെറിയ മനുഷ്യൻ നിന്നു് ഒച്ചകൂട്ടുന്നതു കേട്ടാൽ, ഞാൻ പറയാമല്ലോ, ആ മനുഷ്യൻ ഒന്നുകിൽ ഒരു വിഡ്ഢിയായിരിക്കും; അല്ലെങ്കിൽ ഒരു നുണയൻ.

ഏററവും ഋജുവും അൎത്ഥപൂൎണ്ണവുമായവയൊഴിച്ചു്, മറെറല്ലാത്തരം സംസാരവും അദ്ദേഹത്തെ അസ്വസ്ഥനാക്കിയിരുന്നു. തനിക്കറിഞ്ഞുകൂടാത്ത കാര്യങ്ങൾ അറിയാൻ അദ്ദേഹത്തിനു് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ, അതു മാത്രമേ അദ്ദേഹത്തിനു വേണ്ടിയിരുന്നുള്ളു. സംസാരത്തിനുവേണ്ടിയുള്ള സംസാരം അദ്ദേഹം ഇഷ്ടപ്പെട്ടില്ല. എല്ലാ പൊതുയോഗങ്ങൾക്കും അദ്ദേഹം പോകും; പക്ഷേ, ഒരിക്കലും അവ അദ്ദേഹത്തെ മുഷിപ്പിക്കാതിരുന്നിട്ടില്ല. ഓരോ പ്രാസംഗികനും, കാരണവൎക്കു് എന്തുമാത്രം അതൃപ്തിയുണ്ടായിട്ടുണ്ടെന്നു് അറിയാൻ, അദ്ദേഹത്തിൻ്റെ മുഖം സശ്രദ്ധം വീക്ഷിക്കാറുണ്ടു്. അദ്ദേഹത്തിൻ്റെ ചുണ്ടുകൾ നിശ്ശബ്ദം അനങ്ങുന്നതു കാണുമ്പോൾ, അവർ ശാന്ത

മായി വേണ്ടകാൎയ്യങ്ങൾ മാത്രം പറയാൻ ശ്രമിക്കും. അദ്ദേഹത്തോട്ട നേരത്തെ സംസാരിക്കുകയും അദ്ദേഹത്തിനു തങ്ങളെപ്പോലുള്ളവരെപ്പറ്റിയുള്ള അഭിപ്രായമെന്തെന്നു് അറിയുകയും ചെയ്തിട്ടുള്ള ചിലർ കൂടുതൽ ശബ്ദമുയൎത്തി പകരംവീട്ടാനും ശ്രമിക്കാറുണ്ട്. "നമ്മുടെ ഇടയിൽ ഞങ്ങളെ പുഛിച്ചു ചിരിക്കുന്ന ചിലർ, ഞങ്ങളെ വിഡ്ഢികളെന്നു വിചാരിക്കുന്ന ചിലർ, ഉണ്ടെന്നു ഞങ്ങൾക്കറിയാം. എന്നും ഞങ്ങൾ ചുമക്കേണ്ടിവരുന്ന കുരിശാണിതു്; ഞങ്ങളതു ചുമന്നുകൊള്ളാം," എന്നിങ്ങനെ, ഇടക്കു ചിലർ തുറന്നടിക്കുകയും ചെയ്യും. ഇത്രത്തോളമാകുമ്പോൾ കാരണവർ തൻെറ കൈയു് മക്കളുടെ തലയിൽ വയ്ക്കും, ആ മക്കളാകട്ടെ, അവരുടെ കൈകൾ അവരുടെ മക്കളുടെ തലയിലേക്കു നീട്ടും; ആ കുട്ടികൾ അന്യോന്യം തൊട്ടും. എന്നിട്ട്, സ്ത്രീജനങ്ങൾ ചുറ്റുപാട്ടും നോക്കിക്കൊണ്ടിരിക്കേ, മുപ്പത്തേഴോ മുപ്പത്തെട്ടോ വരുന്ന ഗാരോഗ്ലാനിയന്മാർ ഒരുമിച്ചു് എഴുന്നേററു പുറത്തേക്കു പോരും. കാരണവർ ദേഷ്യത്തോടെ ചുററുമിരിക്കുന്ന കർഷകരെ നോക്കി പറയും: "അവർ ഇനിയും കുരിശു ചുമക്കുകയാണു്; നമുക്കു പോകാം."

ഇങ്ങനെയൊക്കെയാണെങ്കിലും ഗാരോഗ്ലാനിയൻ കുടുംബത്തിലും ഒരു പ്രാസംഗികനുണ്ടായേ മതിയാകൂ. ജനങ്ങളുടെ ആവശ്യമാണതു്. ഗാരോഗ്ലാനിയൻകുടുംബത്തിലെ ഏതെങ്കിലും ഒരംഗം. ഈ രംഗത്തു പ്രവേശിച്ചു, വാഗ്മിത്വത്തിൻെറ യഥാൎത്ഥരൂപം എന്താണെന്നു്, ശരിക്കു പറഞ്ഞാൽ, സത്യത്തിൽ അതിൻെറ യഥാൎത്ഥരൂപം എന്തായിരുന്നു എന്നു് എല്ലാവരേയും ബോദ്ധ്യപ്പെട്ടത്തേണ്ടതു് അത്യാവശ്യമാണെന്നു്, സ്വാഭാവികമായും തീരുമാനിക്കും.

ഗാരോഗ്ലാനിയൻകുടുംബത്തിലെ പ്രാസംഗികനായിത്തീർന്നതു്, സോറാബമ്മാവന്റെ രണ്ടാമത്തെ മകനായ ദിക്രാനായിരുന്നു. യുദ്ധം അവസാനിച്ച കാലത്തു് അവനു് ഒരു ഒമ്പതു വയസ്സുണ്ടായിരുന്നു; എന്നേക്കാൾ ഒരു വയസ്സു കുറവു്. പക്ഷേ, ആകൃതിയിൽ വളരെയേറെ ചെറുതായിരുന്നതിനാൽ, അവനെ എനിക്കു കണ്ണിൽ പിടിച്ചിരുന്നില്ല.

യാതൊന്നിനെപ്പറ്റിയും ശരിയായ ധാരണയില്ലാത്തവരും, ഒരിക്കലും ചിരിക്കാത്തവരും, എല്ലാ അറിവുകളും പുറമേനിന്നാണു വരുന്നതെന്നു വിശ്വസിക്കുന്നവരും ആയ അതിസമർത്ഥന്മാരായ കുട്ടികളിൽ ഒരുവനായിരുന്നു, ആദ്യംമുതല്ക്കേ അവൻ. നൂററാണ്ടുകളായി ഗാരോഗ്ലാനിയന്മാർ തങ്ങളുടെ അറിവു മുഴുവൻ, പ്രകൃത്യാതന്നെ, അന്തരാ നേടുകയായിരുന്നു. ഒരു യഥാർത്ഥ ഗാരോഗ്ലാനിയനു് ഒററനോട്ടത്തിൽ ഒരു മനുഷ്യനെ വിലയിരുത്താൻ കഴിയുമെന്നും, ആ ആളുമായി പെരുമാറേണ്ടതെങ്ങനെയെന്നറിയാനുള്ള വിശേഷബുദ്ധി അയാൾക്കുണ്ടായിരിക്കുമെന്നും, കാരണവർ സാധാരണ പറയാറുണ്ടു്.

വലിഞ്ഞുമുറുകിയ മുഖം മാത്രമായി ഒരു മനുഷ്യനെ നിങ്ങൾ കണ്ടാൽ, ഞാൻ പറയാം, അയാൾ നല്ലവനായിരിക്കില്ല. മറിച്ചു്, 'സഹോദരാ, ഞാൻ നിങ്ങളുടെ സഹോദരനല്ലേ,' എന്ന ഭാവം കണ്ണുകളിൽ കാണുന്ന ഒരാളെ നിങ്ങൾ കണ്ടുമുട്ടുകയാണെങ്കിലോ, "സൂക്ഷിച്ചോളൂ, അയാൾ ഒരു ഘാതകനായിരിക്കും," കാരണവർ പറയുമായിരുന്നു.

ശിശുവായിരിക്കുമ്പോൾത്തുടങ്ങി, ഇത്തരം ഉപദേശങ്ങൾ കേട്ടു വളരുന്നതിനാൽ, ഒരു ഗാരോഗ്ലാനിയൻ, ലോകത്തേയും അവിടത്തെ വിവിധതരം ആളുകളേയും

പറ്റി വേണ്ടത്ര അറിവോടെ വളൎന്നുവരുന്നു എന്നതു സ്വാഭാവികം മാത്രമാണു്.

ഇക്കാര്യങ്ങൾ പഠിക്കാൻ കഴിയാതിരുന്ന ഒരേ ഒരു ഗാരോല്ലാനിയൻ, എന്റെ മാതുലപുത്രനായ ദിക്രാനായിരുന്നു. അവൻ ഒരു പുസ്തകപ്പുഴ മാത്രമായിരുന്നു. അത്തരം ജീവികളെ കാരണവൎക്കു കണ്ണെടുത്തു കണ്ടുകൂടായിരുന്നു. അല്ലെങ്കിൽപ്പിന്നെ, വായനക്കാരനു്—അതായതു് കുട്ടികൾക്കു്, അവരല്ലാതെ ആരാണു് വായിക്കുന്നതു്—അതുകൊണ്ടു് യഥാൎത്ഥത്തിൽ നന്മയുണ്ടാകുന്നതായി കാണണം. ദിക്രാന്റെ കാര്യത്തിൽ യാതൊരു മെച്ചവും ഉണ്ടായതായി, കാരണവർ കണ്ടില്ല. മറിച്ചു്, അവന്റെ അറിവു തുടൎച്ചയായി കുറയുന്നതായാണു് അദ്ദേഹത്തിനു തോന്നിയതു്. ഒടുവിൽ അവനു് പതിനൊന്നു വയസ്സായപ്പോഴേക്കു്, അവനാണു് ലോങ്ഫെല്ലോവിദ്യാലയത്തിലെ ഏറ്റവും മിടുക്കനായ വിദ്യാൎത്ഥിയെന്നും, അവന്റെ അദ്ധ്യാപകന്മാരെല്ലാം അവനെക്കുറിച്ചു് അഭിമാനംകൊള്ളുന്നുണ്ടെന്നും, അവൻ നല്ലൊരു പ്രാസംഗികനാണെന്നും എല്ലാം കാരണവർ അറിഞ്ഞു.

ആ കുട്ടിയുടെ അമ്മ ഈ വാൎത്തയുമായി കാരണവരുടെ അടുക്കൽ എത്തിയപ്പോൾ അദ്ദേഹം ഉറക്കെ പറഞ്ഞു: "തീരെ മോശം. എന്തൊരു നഷ്ടം? അവനു് എന്തു പററിപ്പോയി!"

"എന്താ, ആ സ്കൂളിലേക്കുംവച്ചു് അവനാണു് ഏററവും മിടുക്കൻ," അവൻെറ അമ്മ പറഞ്ഞു.

കാരണവർ പറഞ്ഞു: "അഞ്ഞൂറു കുട്ടികളുള്ള ഒരു വിദ്യാലയത്തിൽ പതിനൊന്നു വയസ്സായ ഒരു പയ്യനാണു് ഏററവും മിടുക്കൻ എന്നു പറഞ്ഞാൽ അതു് ഒരിക്കലും വിശ്വസിക്കണ്ട. അവനെന്താണു് ഇത്ര മിടുക്കു്?

അവനു പതിനൊന്നു വയസ്സായില്ലേ? സ്വയം വലിയ ആളാണെന്ന വിചാരം ഒരു കുട്ടിക്കെന്തിനാ? വിവരമില്ലാത്ത ഒരു തള്ളയാണു നീ എന്നു പറയാതെ പറ്റില്ല. അവനെ വീട്ടിന്നുള്ളിൽനിന്നു പുറത്തു പറമ്പിലേക്കു് ഓടിക്കു്. അവൻ മററു കുട്ടികളോടൊപ്പം കളിക്കട്ടെ. പാവം കൊച്ചൻ, എങ്ങനെയാണു് ചിരിക്കേണ്ടതെന്നുകൂടി അറിയില്ല. എന്നിട്ടു്, നീ ഈ വൈകുന്നേരം വന്നിരിക്കയാണു്, അവൻ കേമനാണെന്ന വിശേഷം പറയാൻ. കൊള്ളാം, പൊയ്ക്കോ."

പക്ഷേ, ഇങ്ങനെയൊക്കെയാണെങ്കിലും ആ കുട്ടി, ക്രമത്തിൽ മുന്നോട്ടുതന്നെ പോയി. രാത്രിയും പകലും പുസ്തകത്തിൻെറ പേജുകൾ കരണ്ടുകൊണ്ടേയിരുന്നു, അവൻ. അവസാനം എല്ലാററിനും മകുടം ചാർത്തത്തക്ക വിധം, അവനു് മുഖത്തു കണ്ണട ഘടിപ്പിക്കേണ്ടിയും വന്നു. അതു് അവൻെറ ദൈന്യഭാവം വർദ്ധിക്കാൻ ഇടയാക്കി. തന്മൂലം, വീട്ടുകാരെല്ലാം ഒന്നിച്ചുചേരുന്ന സന്ദർഭങ്ങളിലെല്ലാം, കാരണവർ ചുററും കണ്ണോടിച്ചു്, ആ കുട്ടിയെ നോക്കി ഉറക്കെപ്പറയും: "എടാ പുസ്തകപ്പുഴ, വാ, ഇവിടെ."

കുട്ടി എഴുന്നേററു കാരണവരുടെ മുമ്പിൽ പോയി നില്ക്കും.

കാരണവർ പറയും: "ശരി, നീ പുസ്തകം വായിക്കാറുണ്ടു്, ഇല്ലേ? അതു കൊള്ളാം. നിനക്കിപ്പോൾ പതിനൊന്നു വയസ്സായി. നിനക്കെന്തെല്ലാം അറിയാം? പറയു്. നീ എന്തെല്ലാം പഠിച്ചിട്ടുണ്ടു്?"

"എനിക്കു് ആർമീനിയനിൽ പറയാൻ സാധിക്കുകയില്ല;" കുട്ടി പറയും.

"അതു കൊള്ളാം, എന്നാൽ ഇംഗ്ലീഷിൽ പറയൂ," കാരണവർ പറയും.

ഇതോടെ കാര്യങ്ങളെല്ലാം മനോഹരമായ രീതിയിൽ നിയന്ത്രണാതീതമായിത്തീരും. എന്റെ മാതുലപുത്രനായ ആ പതിനൊന്നു വയസ്സുകാരൻ, താൻ പുസ്തകങ്ങളിൽനിന്നു വായിച്ചറിഞ്ഞിട്ടുള്ള അത്ഭുതകാര്യങ്ങളെക്കുറിച്ചു ശരിക്കും ഒരു പ്രസംഗംതന്നെ തുടങ്ങും. അവ അത്ഭുതകരങ്ങൾതന്നെയായിരുന്നുതാനും. പ്രധാനപ്പെട്ട സംഭവങ്ങളുടെ തീയതികൾ, അവയുടെ കാരണങ്ങൾ പ്രധാനപ്പെട്ട വ്യക്തികളുടെ പേരുകൾ, സ്ഥലങ്ങൾ ഇവയെല്ലാം അവനറിയാം; കാര്യങ്ങൾ എങ്ങനെയാണ് കലാശിക്കാൻ ഇടയുള്ളതെന്നും.

വളരെ മനോഹരമായിരുന്നു അതു്, പരിമിതവും ദുഃഖകരവും ആയ രീതിയിൽ.

പെട്ടെന്നു കാരണവർ ആ കുട്ടിയുടെ പ്രസംഗം തടഞ്ഞുകൊണ്ടു ചോദിക്കും: "നീയെന്താ—ഒരു തത്തയാണോ?"

ഇങ്ങനെയെല്ലാമാണെങ്കിലും ഗാരോഗ്ലാനിയന്മാരിൽ, വ്യത്യസ്തനായ ആ പയ്യനെ കാരണവക്ക് ഇഷ്ടമാണെന്ന് എനിക്കു തോന്നി. പുസ്തകം വായിക്കുന്നവർ വിഡ്ഢികളാണ്; പ്രാസംഗികന്മാരും അങ്ങനെതന്നെ. പക്ഷേ, ഞങ്ങളുടെ പുസ്തകംവായനക്കാരനും, പ്രാസംഗികനും—ഒരു നിലയ്ക്കും അവൻ, സാധാരണ പുസ്തകംവായനക്കാരനും പ്രാസംഗികനും അല്ല—അവന്റെ കാര്യം പ്രത്യേകമാണ്. ഒന്നാമതു്, പുസ്തകം വായിച്ച് പലതും അറിഞ്ഞിട്ടുണ്ടെന്നു വിചാരിക്കുന്ന മറ്റുള്ളവരെക്കാളെല്ലാം പ്രായം കുറവാണ് അവന്. മറ്റൊന്നു്, മററുള്ളവരെ

ക്കാളെല്ലാം വളരെയേറെ വ്യക്തമായി അവൻ പ്രസംഗി ക്കുകയും ചെയ്യും.

ഇക്കാരണങ്ങളാലും, ഒരുപക്ഷേ, എന്തായാലും ആ കുട്ടി അവന്റെ സ്വന്തം വഴി പിന്തുടരുകയേയുള്ളു എന്ന തിനാലും, ഞങ്ങളെല്ലാം അവനെ ഗാരോഗ്ലാനിയന്മാരിലെ പുസ്തകവായനക്കാരനും പ്രാസംഗികനുമായി അംഗീകരി ക്കുകയും അവന്റെ ഇഷ്ടംപോലെ മുന്നോട്ട പോകാൻ അനുവദിക്കുകയും ചെയ്തു.

1920-ൽ ലോങ്ഫെല്ലോവിദ്യാലയം ഒരു പ്രത്യേ കാഘോഷം നടത്തുകയുണ്ടായി. അന്നു വൈകുന്നേരത്തെ പരിപാടികളിൽ, പാട്ട്, ഒരു ഷേക്സ്പിയർനാടകം, ദിക്രാൻ ഗാരോഗ്ലാനിയന്റെ പ്രസംഗം എന്നീ മൂന്നിന ങ്ങൾ ഉൾപ്പെട്ടിരുന്നു. 'ലോകമഹായുദ്ധം നിഷ്ഫലമാ യിരുന്നുവോ?'—അതായിരുന്നു പ്രസംഗവിഷയം. കൃത്യ സമയത്തു്, ഗാരോഗ്ലാനിയന്മാർ യോഗസ്ഥലത്തു് ഇരി പ്പുറപ്പിച്ചു; മോശമായ പാട്ടും മോശമായ നാടകാഭിനയവും കണ്ടതിനുശേഷം അവർ ഗാരോഗ്ലാനിയന്മാരിലെ ഒരേ യൊരു പ്രാസംഗികന്റെ—സോറാബിന്റെ രണ്ടാമത്തെ മകനായ ദിക്രാന്റെ പ്രസംഗം ശ്രവിച്ചു.

പ്രസംഗം കുറ്റമറ്റതായിരുന്നു. ഓരോ വാക്കും വേണ്ട വിധം ഭംഗിയായിരുന്നു; യുദ്ധം നിഷ്ഫലമല്ലായിരുന്നു എന്ന ആശയം വ്യക്തമാക്കാൻ പര്യാപ്തവും. യോഗസ്ഥല ത്തുണ്ടായിരുന്നവരെല്ലാം അതു വളരെ കേമമായിക്കരുതി. അവർ ശക്തിയായി കൈയടിച്ചു. പക്ഷേ, യഥാർത്ഥ ത്തിൽ അതു കുറെ ഏറെ കൂടുതലായിരുന്നു—കാരണവരെ സംബന്ധിച്ചാണു് ഞാൻ പറഞ്ഞതു്. അതു കേട്ടപ്പോൾ

അദ്ദേഹത്തിന്ന ചിരിവന്നു, ഒരുതരത്തിൽ നോക്കിയാൽ, ആ പ്രസംഗം ശരിക്കും കേമമായ ഒന്നായിരുന്നു. പ്രസംഗം നിങ്ങൾക്കിഷ്ടമല്ലെങ്കിലും, അതു് ഏററവും നല്ലൊരു പ്രസംഗമാണെന്നു് സമ്മതിക്കേണ്ടിവരും.

അന്നു വൈകുന്നേരം വീട്ടിൽവച്ചു്, കാരണവർ ആ കുട്ടിയെ അടുത്തു വിളിച്ചു പറഞ്ഞു: "ഞാൻ നിന്റെ പ്രസംഗം കേട്ടു. കൊള്ളാം, അനേകലക്ഷം ആളുകൾ കൊല്ലപ്പെട്ട ഒരു യുദ്ധത്തെക്കുറിച്ചാണു് നീ പ്രസംഗിച്ചതെന്നു് എനിക്കു മനസ്സിലായി. ആ യുദ്ധം നിഷ്ഫലമായില്ലെന്നാണു് നീ സമത്ഥിച്ചതെന്നും എനിക്കു മനസ്സിലായി. എനിക്കു സന്തോഷമായെന്നുതന്നെ പറയാം. പ്രൗഢവും സുന്ദരവും ആയ അത്തരം വാക്കുകൾ പതിനൊന്നു വയസ്സായ ഒരു കുട്ടിയുടെ ചുണ്ടിൽനിന്നുതന്നെ, താൻ പറയുന്നതു സത്യമാണെന്നു വിശ്വസിക്കുന്ന ഒരാളിൽനിന്നുതന്നെ, വരണം. വളർച്ചയെത്തിയ ഒരാളിൽനിന്നാണെങ്കിൽ, ഞാൻ പറയാമല്ലോ, ആ വാക്കുകൾ എനിക്കു സഹിക്കാവുന്നതിൽ അല്പം കൂടുതലായിരിക്കും. പുസ്തകം നോക്കിയുള്ള പഠനം തുടങ്ങോളു. കഠിനമായി പ്രയത്നിക്കുകയും കണ്ണിന്നു തകരാറൊന്നും പററാതിരിക്കുകയും ആണെങ്കിൽ, എനിക്കു തീർച്ചയുണ്ടു്, നിനക്കു് അറുപത്തിഏഴു വയസ്സാകുമ്പോഴേക്കു്, ഇന്നു രാത്രി നീ നിന്റെ ബാലശബ്ദത്തിൽ, ശുദ്ധമായ ഇംഗ്ലീഷിൽ പറഞ്ഞ വാക്കുകളുടെ വിഡ്ഢിത്തം നിനക്കുതന്നെ ബോദ്ധ്യമാകും. ഒരു കണക്കിനു്, ഈ കുടുംബത്തിലെ മററംഗങ്ങളെപ്പോലെതന്നെ ഞാനും നിന്നെപ്പററി അഭിമാനംകൊള്ളുന്നുണ്ടു്. നിങ്ങളെല്ലാം ഇനി പൊയ്ക്കോളൂ. എനിക്കുറങ്ങണം. എനിക്കു വയസ്സു് പതിനൊന്നല്ല; അറുപത്തേഴായി."

ഞാനൊഴിച്ച് എല്ലാവരും എഴുന്നേററു പോയി. കാരണവർ ഷൂസഴിച്ചുവയ്ക്കുന്നതുവരെ ഞാനവിടെ തങ്ങി നിന്നു. അതിനിടയ്ക്കു്, അദ്ദേഹം തന്നോടുതന്നെ പതുക്കെ പറയുന്നതു ഞാൻ കേട്ടു: "കിറുക്കു പിടിച്ചതും കൗതുകമുള്ളതും ആയ ഈ ലോകത്തിലെ കിറുക്കു പിടിച്ചവരും കൗതുകമുള്ളവരും ആയ കുട്ടികൾ!"

## പ്രെസ്ബിറേററിയൻ
## പള്ളിയിലെ ഗായകസംഘം

നമ്മുടെ രാജ്യത്തെ സംബന്ധിച്ചുള്ള വിചിത്രവും കൗതുകകരവുമായ അനേകം സംഗതികളിൽ ഒന്നു്, പ്രത്യേകിച്ചു് ലാഭമോ നഷ്ടമോ സഹിക്കാതെ, നല്ലവരായ ജനങ്ങൾ, ഒരു മതത്തിൽനിന്നു് മറ്റൊരു മതത്തിലേക്കു്, അല്ലെങ്കിൽ വിശ്വാസമില്ലായ്മയിൽനിന്നു്, സൗകര്യത്തിൽ ഒത്തുവരുന്ന ഒരു വിശ്വാസത്തിലേക്കു പരിവർത്തനം ചെയ്യുന്നതിൽ പ്രകടിപ്പിക്കുന്ന അനായാസതയാണു്.

ഉദാഹരണത്തിനു് എൻെറ കാര്യംതന്നെ. ഞാൻ ഏതാണ്ടൊരു കത്തോലിക്കനായിട്ടാണു് ജനിച്ചതെന്നു പറയാം. പക്ഷേ, പതിമൂന്നു വയസ്സാകുന്നതുവരെ എന്നെ മാമോദീസ മുക്കിയിരുന്നില്ല. ഇതു് പുരോഹിതനെ വളരെയേറെ കോപിഷ്ഠനാക്കിയതു്, ഞാൻ വ്യക്തമായി ഓർമ്മിക്കുന്നു. അദ്ദേഹം എൻെറ ബന്ധുക്കളോടു്, അവർക്കു ഭ്രാന്താണോ എന്നു ചോദിച്ചതും, അതിനു് അവർ, ഞങ്ങൾ വിദേശത്തായിരുന്നു എന്നു മറുപടി പറഞ്ഞതും എനിക്കു് ഓർമ്മയുണ്ടു്.

“പതിമൂന്നു വയസ്സായി. എന്നിട്ടും മാമോദീസ മുക്കിയിട്ടില്ല! എന്തു മനുഷ്യരാണു് നിങ്ങൾ?” പുരോഹിതൻ ഉറക്കെ ചോദിച്ചു.

‘എന്റെ അമ്മാവനായ മെലിക് മറുപടി പറഞ്ഞു: “ഞങ്ങൾ മിക്കവാറും കൃഷിക്കാരാണു്; ഞങ്ങളുടെ ഇടയിൽ ജ്ഞാനികളായ ആളുകളും ഉണ്ടായിട്ടുണ്ടെങ്കിലും.”

ഒരു ശനിയാഴ്ച വൈകുന്നേരമായിരുന്നു അതു്. മുഴ

വൻ കമ്മങ്ങളും തീരുന്നതിനു് ഏഴു മിനിട്ടിൽ കൂടുതൽ സമയം വേണ്ടിവന്നില്ല. പക്ഷേ, മാമോദീസ മുക്കിക്കഴിഞ്ഞിട്ടും എനിക്കു വ്യത്യാസമൊന്നും തോന്നിയില്ല.

എൻെറ മുത്തശ്ശി പറഞ്ഞു: "നോക്കു്, നിന്നെ മാമോദീസ മുക്കിക്കഴിഞ്ഞിരിക്കുന്നു. നിനക്കെന്തെങ്കിലും മെച്ചം തോന്നുന്നുണ്ടോ?"

"മുമ്പത്തെപ്പോലെതന്നെയുള്ള എന്നാണു് എനിക്കു തോന്നുന്നതു്." ഞാൻ പറഞ്ഞു.

"നീയിപ്പോൾ വിശ്വസിക്കുന്നുണ്ടോ? അതോ ഇപ്പോഴും നിനക്കു സംശയങ്ങളുണ്ടോ?" മുത്തശ്ശി ഉറക്കെ ചോദിച്ചു.

ഞാൻ പറഞ്ഞു: "വിശ്വസിക്കുന്നു എന്നു് എളുപ്പം പറയാൻ എനിക്കു കഴിയും. പക്ഷേ, നിങ്ങളോടു സത്യം പറയുകയാണെങ്കിൽ, എനിക്കിപ്പോഴും നല്ല തീർച്ചയായിട്ടില്ല. ഒരു ക്രിസ്ത്യാനിയാകണമെന്നെനിക്കുണ്ടു്, തീർച്ച."

"എന്നാൽ അങ്ങു വിശ്വസിച്ചോളൂ. എന്നിട്ടു് നിന്റെ ജോലി നോക്കിക്കോ," മുത്തശ്ശി പറഞ്ഞു.

എൻെറ ജോലി കുറെയെല്ലാം വിചിത്രവും, കുറെയെല്ലാം മനസ്സിലാക്കാൻ അസാദ്ധ്യവും ആയിരുന്നു.

ടൂലേർ തെരുവിലുള്ള പ്രെസ്ബിറ്റേറിയൻ പള്ളിയിലെ ബാലഗായകസംഘത്തിൽ ചേന്നു് ഞാൻ പാടാറുണ്ടു്. അതിനു് എനിക്കു ബാലൈഫാൽ എന്നു പേരായ ഒരു ക്രിസ്ത്യൻ വൃദ്ധയിൽനിന്നു് ആഴ്ചതോറും ഓരോ ഡോളർ ലഭിച്ചിരുന്നു. മുന്തിരിവള്ളികളാൽ ആവൃതമായ ഒരു കൊച്ചു വീട്ടിൽ അവർ ഒററയ്ക്കു്, ദുഃഖത്തിൽ മുഴുകി ജീവിക്കുകയായിരുന്നു. എന്റെ കൂട്ടുകാരനായ പാൻഡ്രോ കോൽക്കോഷിയൻെറ വീടിന്നു് തൊട്ടടുത്തതായിരുന്നു അവരുടെ വീടു്.

എന്നെപ്പോലെതന്നെ ഉറക്കെ സംസാരിക്കുന്നവനാണു്, ഈ കുട്ടിയും. ധാരാളം ചീത്തവാക്കുകൾ ഞങ്ങൾ അന്യോന്യം വിളിച്ചുപറയുമായിരുന്നു. ഇതു് മിസ്സോ മിസ്സിസ്സോ ആയ ബാലൈഫാലിനെ അസ്വസ്ഥയാക്കി. തന്മൂലം അവർ, അധികം വൈകിപ്പോകുന്നതിനുമുമ്പു് ഞങ്ങളെ രക്ഷിക്കാൻ തീരുമാനിച്ചു.

മിസ്സ് ബാലൈഫാൽ (ഇനിമുതൽ ഞാൻ അവരെ അങ്ങനെ വിളിക്കാം. കാരണം, ഞാൻ അറിയുമ്പോൾ അവർ ഒററയ്ക്കായിരുന്നു, തീർച്ച. അവർ എന്നെങ്കിലും വിവാഹിതയായിരുന്നുവോ, എന്നെങ്കിലും വിവാഹം കഴിക്കാൻ ആലോചിച്ചിരുന്നുവോ, അഥവാ എന്നെങ്കിലും പ്രേമത്തിൽപ്പെട്ടിരുന്നുവോ, ഇതൊന്നും എനിക്കു തീർച്ചയില്ലതാനും.)—ഞാൻ പറഞ്ഞുവന്നതു് ഇതാണു്, മിസ്സ് ബാലൈഫാൽ വിദ്യാസമ്പന്നയായ ഒരു സ്ത്രീയായിരുന്നു; അവർ കവിതകൾ വായിച്ചിരുന്നു. എളുപ്പം വ്രണപ്പെടുന്ന ഒരു പ്രകൃതമായിരുന്നു അവരുടേതു്. അവർ വീട്ടിൽനിന്നിറങ്ങുമ്പോൾ ഞങ്ങൾ സംസാരിക്കുന്നതു കേട്ടാൽ മതി, അവക്കു പിന്നെ ഒട്ടും സഹിക്കാൻ കഴിയുകയില്ല. അവർ വിളിച്ചുപറയും, "കുട്ടികളെ, കുട്ടികളെ, നിങ്ങൾ അത്തരം ചീത്തവാക്കുകളൊന്നും പറയരുതു്."

പാൻഡ്രോ കോൽക്കോഷിയൻ, ഒരുനിലയ്ക്കു നോക്കിയാൽ, ലോകത്തിലേക്കുംവച്ചു വിചാരശൂന്യനായ കുട്ടിയാണെന്നു പറയാം. മറെറാരു നിലയ്ക്കു്, അവനാണു് ഏററവും സൗമ്യനും മര്യാദക്കാരനും; ഇതാണു് എനിക്കു് അവൻെറനേരെ ഇഷ്ടംതോന്നാൻ കാരണം.

"ശരി, ബാലൈഫം കൊച്ചമ്മേ," അവൻ സമ്മതിച്ചു.

"ബാലൈഫാൽ എന്നാണു്," ആ സ്ത്രീ അവനോടു പറഞ്ഞു. "ഇങ്ങോട്ടു വരൂ, നിങ്ങൾ രണ്ടുപേരും," അവർ വിളിച്ചു.

ഞങ്ങൾ മിസ്സ് ബാലൈഫാലിന്റെ അടുക്കൽ ചെന്നു് എന്താണു വേണ്ടതെന്നന്വേഷിച്ചു.

"എന്താണു വേണ്ടതു്, ബാലൈഫംകൊച്ചമ്മേ?" പാൻഡ്രോ ചോദിച്ചു.

മിസ്സ് ബാലൈഫാൽ വീട്ടിനുള്ളിൽ പോയി ഏതാനും പുസ്തകങ്ങൾ എടുത്തുകൊണ്ടുവന്നു; എന്നിട്ടു് അവ എന്താണെന്നു നോക്കാതെതന്നെ, ഓരോന്നു് ഞങ്ങൾക്കു് ഓരോരുത്തക്കും തന്നു. എന്റെ പുസ്തകത്തിന്റെ പേരു് 'രക്ഷിക്കപ്പെട്ടു—ഒരു കുടിയന്റെ കഥ' എന്നായിരുന്നു. പാൻഡ്രോവിൻേറതു് 'ഒടുവിൽ സമാധാനം—ഒരു കുടിയന്റെ കഥ'യും.

"ഇതു് എന്തിനാണു്?" പാൻഡ്രോ ചോദിച്ചു.

"നിങ്ങൾ ഈ പുസ്തകങ്ങൾ വായിച്ചു നല്ലവരാകാൻ ശ്രമിക്കണം. നിങ്ങൾ ചീത്തവാക്കുകൾ ഉപയോഗിക്കുന്നതു നിർത്തണം," മിസ്സ് ബാലൈഫാൽ പറഞ്ഞു.

"ചീത്തവാക്കുകളെപ്പററി ഇതിലൊന്നും പറയുന്നില്ലല്ലോ," പാൻഡ്രോ പറഞ്ഞു.

"നിങ്ങൾക്കു് ഓരോരുത്തക്കും ഓരോ ഗുണപാഠം ആ പുസ്തകങ്ങളിലുണ്ടു്. അവ വായിക്കണം; ചീത്തവാക്കുകൾ ഇനി ഒരിക്കലും ഉപയോഗിക്കരുതു്," ആ സ്ത്രീ പറഞ്ഞു.

"ശരി," ഞാൻ പറഞ്ഞു. "ഇത്രയല്ലേയുള്ളു?"

മിസ്സ് ബാലൈഫാൽ പറഞ്ഞു: "ഒരു കാര്യംകൂടി. പിറകിലത്തെ മുറിയിൽനിന്നു് ആ സംഗീതയന്ത്രം മുൻവശത്തെ മുറിയിലേക്കു കൊണ്ടുവരാൻ നിങ്ങൾക്കൊന്നു സഹായിക്കാമോ?"

“ഓഹോ, എപ്പോൾ വേണമെങ്കിലും ആകാം, ബാലൈഫംകൊച്ചമ്മേ,” പാൻഡ്രോ പറഞ്ഞു.

ഞങ്ങൾ ആ സ്ത്രീയുടെ വീട്ടിന്നുള്ളിലേക്കു ചെന്നു; ആ യന്ത്രത്തിനോ ഞങ്ങൾക്കോ കേടുപറ്റാതെ എങ്ങനെയാണ് അതു് എടുത്തുമാറേറണ്ടതെന്ന് അവർ വിവരിച്ചുതന്നു; ഞങ്ങൾ സാവധാനം അതു പിറകിലത്തെ മുറിയിൽനിന്നു മുൻവശത്തെ മുറിയിലേക്ക് എത്തിക്കുകയും ചെയ്തു.

“ആ പുസ്തകങ്ങൾ വായിക്കണം,” മിസ്സ് ബാലൈഫാൽ പറഞ്ഞു.

“ശരി. കൊച്ചമ്മേ, ഇത്രയല്ലേയുള്ളു?” പാൻഡ്രോ ചോദിച്ചു.

“ഇനി, ഞാൻ ഈ സംഗീതോപകരണം വായിക്കാം, നിങ്ങൾ അതൊപ്പിച്ചു പാടണം,” അവർ പറഞ്ഞു.

“എനിക്കു പാടാൻ അറിയില്ല, ബാലൈഫംകൊച്ചമ്മേ,” പാൻഡ്രോ അറിയിച്ചു.

“ഓ, നിനക്കു പാടാൻകഴിയും പെഡ്രോ,” ആ സ്ത്രീ പറഞ്ഞു.

“പെഡ്രോ അല്ല, പാൻഡ്രോ,” പാൻഡ്രോ തിരുത്തി.

അവനോടു് മറുപടി പറയാതെ ആ വൃദ്ധ സംഗീതയന്ത്രത്തിൻെറ മുമ്പിൽ ചെന്നിരുന്നു. എന്നിട്ട്, ഞങ്ങൾ എന്തുചെയ്യണമെന്നൊന്നും പറയാതെ, അതു വായിക്കുവാൻ തുടങ്ങി. ഒരു നിമിഷത്തിനുശേഷം അവർ സ്വയം പാടാനും ആരംഭിച്ചു. പാൻഡ്രോ വളരെ പതിഞ്ഞ സ്വരത്തിൽ വളരെ ചീത്തയായ ഒരു വാക്കു പറഞ്ഞു; ഭാഗ്യത്തിനു് മിസ്സ് ബാലൈഫാൽ അതു കേട്ടില്ല. മിസ്സ് ബാലൈഫാലിൻെറ ശബ്ദം വളരെ നല്ലതൊന്നുമല്ലായി

രുന്നു. സംഗീതയന്ത്രത്തിന്റെ ശബ്ദം, അവരുടേതിനേക്കാൾ മേലേ നിന്നിരുന്നു; എങ്കിലും അവരുടെ ശബ്ദം അത്ര സുഖമുള്ളതല്ല എന്നറിയാൻ കഴിയുമായിരുന്നു.

അവർ ഞങ്ങളുടെനേരേ തിരിഞ്ഞു പറഞ്ഞു: "ശരി കുട്ടികളെ, ഇനി നിങ്ങൾ പാടൂ."

ഞങ്ങൾക്കു് ആ പാട്ടിന്റെ വാക്കുകളോ, രാഗമോ അറിയുമായിരുന്നില്ല. എങ്കിലും, മര്യാദയനുസരിച്ചു് ഞങ്ങൾ പാടാനൊരു ശ്രമമെങ്കിലും നടത്തേണ്ടതാണു്. അതു് ഞങ്ങൾ ചെയ്തു. സംഗീതയന്ത്രത്തിൽനിന്നു പുറപ്പെടുന്ന രാഗവും മിസ്സ് ബാലൈഫാൽ ഉച്ചരിക്കുന്ന വാക്കുകളും മനസ്സിലാക്കി അതൊപ്പിച്ചു പാടാൻ ഞങ്ങൾ ശ്രമിച്ചു.

ആകെ മൂന്നു പാട്ടുകൾ ഞങ്ങൾ പാടിനോക്കി. ഓരോ പാട്ടു കഴിയുമ്പോഴും പാൻഡ്രോ ചോദിക്കും: "വളരെ നന്ദി, ബാലൈഫംകൊച്ചമ്മേ, ഇനി ഞങ്ങൾക്കു പോകരുതേ?"

അവസാനം സംഗീതയന്ത്രത്തിന്റെ മുമ്പിൽനിന്നെഴുന്നേററുകൊണ്ടു് അവർ പറഞ്ഞു: "നിങ്ങൾക്കിതുകൊണ്ടു് നന്മയുണ്ടാകുമെന്നെനിക്കുറപ്പുണ്ടു്. തെമ്മാടികളായ കൂട്ടുകാർ നിങ്ങളെ കുടിക്കാൻ പ്രേരിപ്പിച്ചാൽ നിങ്ങൾ അതിനു വഴങ്ങരുതു്."

"ഞങ്ങൾ അതിൽനിന്നു പിന്തിരിയുകയേയുള്ളു, ബാലൈഫംകൊച്ചമ്മേ," പാൻഡ്രോ പറഞ്ഞു. "അല്ലേ ആരം?"

"ഞാൻ പിന്തിരിയും, തീർച്ച." ഞാൻ പറഞ്ഞു.

"ഞാനും," പാൻഡ്രോ പറഞ്ഞു: "ഇനി ഞങ്ങൾക്കു പോകരുതേ, ബാലൈഫംകൊച്ചമ്മേ?"

"ആ പുസ്തകങ്ങൾ വായിക്കണം, സമയം വൈകിയിട്ടൊന്നുമില്ല ഇപ്പോഴും," അവർ പറഞ്ഞു.

"ഞങ്ങൾ വായിക്കാം, സമയംകിട്ടിയാൽ ഉടനെ തന്നെ," പാൻഡ്രോ ഉറപ്പുകൊടുത്തു.

ഞങ്ങൾ ആ സ്ത്രീയുടെ വീട്ടിൽനിന്ന് പാൻഡ്രോവിന്റെ വീട്ടിലേക്കു പോയി. അവിടെച്ചെന്നു ഞങ്ങൾ ആ പുസ്തകങ്ങൾ വായിക്കാൻ ആരംഭിച്ചു. ഞങ്ങൾ വായിച്ചുകൊണ്ടിരിക്കേ, ആ സ്ത്രീ, തന്റെ വീട്ടിന്റെ പുറത്തുവന്നുനിന്ന് ഉറക്കെ വിളിച്ചുചോദിച്ചു: "നിങ്ങളിൽ ആരാണതു്?"

പാൻഡ്രോ അന്വേഷിച്ചു: "ഞങ്ങളിൽ ആരു് എന്താണെന്നാണു് ചോദിക്കുന്നതു്?"

മിസ്സ് ബാലൈഫാൽ ചോദിച്ചു: "നിങ്ങളിൽ ആരാണു് പാടിയതു്?"

"ഞങ്ങൾ രണ്ടുപേരും പാടി," ഞാൻ പറഞ്ഞു.

മിസ്സ് ബാലൈഫാൽ പറഞ്ഞു: "അതില്ല; നിങ്ങളിൽ ഒരാളേ പാടിയുള്ളു. നിങ്ങളിൽ ഒരാൾക്കു മനോഹരമായ ഒരു ക്രിസ്ത്യൻശബ്ദമുണ്ടു്."

"ഞാനല്ല അതു്," പാൻഡ്രോ പറഞ്ഞു.

"യൂജിൻ, നീയാണതല്ലേ?" മിസ്സ് ബാലൈഫാൽ എന്നോടു ചോദിച്ചു.

ഞാൻ പറഞ്ഞു: "യൂജിൻ അല്ല, ആരം. അല്ല; ഞാനല്ല അതു്."

"നിങ്ങളിവിടെ വരിൻ," മിസ്സ് ബാലൈഫാൽ വിളിച്ചു.

"ഞങ്ങളിൽ ആരു്?" പാൻഡ്രോ ചോദിച്ചു.

"നിങ്ങൾ രണ്ടുപേരും," ആ സ്ത്രീ പറഞ്ഞു.

ഞങ്ങൾ വീണ്ടും ആ സ്ത്രീയുടെ വീട്ടിൽ ചെന്നു.

അവർ വീണ്ടും ആ സംഗീതയന്ത്രത്തിന്റെ മുമ്പിൽ ചെന്നിരുന്നപ്പോൾ പാൻഡ്രോ പറഞ്ഞു: "എനിക്കു പാടണ്ട, പാടുന്നതു് എനിക്കിഷ്ടമല്ല."

"നീ പാടു," ആ സ്ത്രീ എന്നോടു പറഞ്ഞു.

ഞാൻ പാടി.

മിസ്സ് ബാലെലെഫാൽ ചാടി എഴുന്നേററു.

"നീയാണതു്. നീ പള്ളിയിൽ വന്നു പാടണം," അവർ പറഞ്ഞു.

"എനിക്കു വയ്യ," ഞാൻ പറഞ്ഞു.

"നീ ചീത്തവാക്കുകൾ ഒന്നും ഉപയോഗിക്കരുതു്," അവർ പറഞ്ഞു.

ഞാൻ പറഞ്ഞു: "ഞാൻ ചീത്തവാക്കുകൾ ഒന്നും ഉപയോഗിക്കാറില്ല. ജീവനുള്ള കാലത്തോളം ഇനി ചീത്തവാക്കുകൾ ഉപയോഗിക്കില്ലെന്നു ഞാൻ സത്യവും ചെയ്യാം. പക്ഷേ, പള്ളിയിൽ വന്നു ഞാൻ പാടില്ല."

"ഞാൻ കേട്ടിട്ടുള്ളതിൽവച്ചു് ഏററവും നല്ല ക്രിസ്ത്യൻ ശബ്ദമാണു് നിന്റേതു്," മിസ്സ് ബാലെലെഫാൽ പറഞ്ഞു,

"അല്ലേയല്ല," ഞാൻ പറഞ്ഞു.

"അതേ," അവർ പറഞ്ഞു.

"ശരി, എങ്ങനെയായാലും ഞാൻ പാടാനില്ല," ഞാൻ പറഞ്ഞു.

"നീ പാടണം, പാടണം," മിസ്സ് ബാലെലെഫാൽ പറഞ്ഞു.

"വളരെ നന്ദി, ബാലെലെഫാൽകൊച്ചമ്മേ, ഞങ്ങൾക്കു പോകരുതോ? അവനു് പള്ളിയിൽ വന്നു പാടാൻ ഇഷ്ടമില്ല," പാൻഡ്രോ പറഞ്ഞു.

"അവൻ പാടണം, അവൻ പാടണം," ആ സ്ത്രീ പറഞ്ഞുകൊണ്ടേയിരുന്നു.

"എന്തിന്?" പാൻഡ്രോ ചോദിച്ചു.

"അവന്റെ ആത്മാവിന്റെ നന്മയ്ക്ക്," ആ സ്ത്രീ പറഞ്ഞു, "നിന്റെ പേരെന്താ?"

ഞാൻ അതു് അവക്കു പറഞ്ഞുകൊടുത്തു.

"നീയൊരു ക്രിസ്ത്യാനിയാണല്ലോ അല്ലേ?" അവർ ചോദിച്ചു.

"എന്നാണെന്റെ വിചാരം," ഞാൻ പറഞ്ഞു.

"പ്രെസ്ബിറ്റേറിയൻ അല്ലേ?" അവർ ചോദിച്ചു.

"അതെനിക്കറിയില്ല," ഞാൻ പറഞ്ഞു.

"അതേയതേ, തീർച്ചയായും അതേ," ആ സ്ത്രീ പറഞ്ഞു. അവർ തുടന്നു: "ടൂലേർതെരുവിലെ പ്രെസ്ബിറ്റേറിയൻ പള്ളിയിൽ വന്നു നീ പാടണം; അവിടത്തെ ബാലഗായകസംഘത്തിൽച്ചേന്നു പാടണം, അടുത്ത ഞായറാഴ്ച."

"എന്തിന്?" പാൻഡ്രോ വീണ്ടും ചോദിച്ചു.

ആ സ്ത്രീ വിശദീകരിച്ചു: "നല്ല ശബ്ദം ആവശ്യമാണ്. കുട്ടികളുടെ ശബ്ദം. ഞങ്ങൾക്കു് പാട്ടുകാർ വേണം. അവൻ അടുത്ത ഞായറാഴ്ച പാടിയേ പററൂ."

"പാടാൻ എനിക്കിഷ്ടമില്ല; പള്ളിയിൽ പോകാനും എനിക്കിഷ്ടമില്ല," ഞാൻ പറഞ്ഞു.

"കുട്ടികളെ, നിങ്ങൾ ഇരിക്കിൻ, എനിക്കു നിങ്ങളോടു് കുറെ സംസാരിക്കാനുണ്ടു്," മിസ്സ് ബാലൈഫാൽ പറഞ്ഞു.

ഞങ്ങളിരുന്നു. മിസ്സ് ബാലൈഫാൽ ചുരുങ്ങിയതു മുപ്പതു മിനിട്ടു നേരത്തോളം ഞങ്ങളോടു പ്രസംഗിച്ചു.

അതിൽ ഒരു വാക്കുപോലും ഞങ്ങൾ വിശ്വസിച്ചില്ല. എങ്കിലും മര്യാദയോത്ത്, അവരുടെ ചോദ്യങ്ങൾക്കെല്ലാം, ,അവരുടെ ആഗ്രഹപ്രകാരമുള്ള മറുപടി ഞങ്ങൾ നല്കിക്കൊണ്ടിരുന്നു. പക്ഷേ, അവരോടൊപ്പം മുട്ടുകുത്തുവാൻ പറഞ്ഞപ്പോൾ ഞങ്ങൾ വിസമ്മതിച്ചു. "എപ്പോൾ വേണമെങ്കിലും സംഗീതയന്ത്രം മാററിവച്ചുകൊടുക്കാം; അല്ലെങ്കിൽ അതുപോലുള്ള ജോലികൾ ചെയ്യാം, പക്ഷേ, മുട്ടുകുത്താൻ ഞങ്ങളില്ല," എന്നു പാൻഡ്രോ പറഞ്ഞു.

"ഇനി ഞങ്ങൾക്കു പോകരുതോ?" പാൻഡ്രോ ചോദിച്ചു.

"നിൻെറ കഴിവനുസരിച്ചു നീ പാടണം. കുടിക്കാൻ പറയുന്ന ആരുമായും നീ കൂട്ടുകൂടരുത്," മിസ്സ് ബാലൈഫാൽ എന്നോടു പറഞ്ഞു.

"ശരി കൊച്ചമ്മേ," ഞാൻ പറഞ്ഞു.

"പള്ളി എവിടെയാണെന്നു നിനക്കറിയാമല്ലോ?" അവർ ചോദിച്ചു.

"ഏതു പള്ളി?" ഞാൻ തിരക്കി.

"ടൂലേർതെരുവിലെ പ്രെസ്ബിറ്റേറിയൻ പള്ളി," അവർ പറഞ്ഞു.

"അത് എവിടേയാണെന്ന് എനിക്കറിയാം," ഞാൻ പറഞ്ഞു.

"ഞായറാഴ്ച രാവിലെ ഒമ്പതരമണിയാകുമ്പോഴേക്ക്, മിസ്റ്റർ ഷെർവിൻ, നിന്നെ അവിടെ കാക്കും." അവർ പറഞ്ഞു.

പാൻഡ്രോ ഞായറാഴ്ച എന്നോടൊപ്പം പള്ളിയിലേക്കു വന്നു. പക്ഷേ, അവൻ ഗായകസംഘത്തിൻെറ കൂടെ നില്ക്കുകയോ പാടുകയോ ഉണ്ടായില്ല. അവൻ പള്ളിയിൽ ഏററവും പിറകിലത്തെ വരിയിൽ ഇരുന്ന് എല്ലാം

കാണുകയും കേൾക്കുകയും ചെയ്തു. എന്നെ സംബന്ധിച്ചാകട്ടെ, ഞാൻ പാടിയെന്നതു ശരി; പക്ഷേ, ജീവിതത്തിലൊരിക്കലും എനിക്കിത്രയ്ക്കു് അസന്തുഷ്ടി തോന്നിയിട്ടില്ല.

എല്ലാം കഴിഞ്ഞപ്പോൾ ഞാൻ പാൻഡ്രോവിനോടു പറഞ്ഞു: "ഞാനില്ല, ഇനി ഒരിക്കലും."

അടുത്ത ഞായറാഴ്ച ഞാൻ പോയില്ല എന്നതു വാസ്തവമാണെങ്കിലും, അതുകൊണ്ടു് ഒരു മെച്ചവും ഉണ്ടായില്ല. മിസ്സ് ബാലൈഫാൽ വീണ്ടും ഞങ്ങളെ അവരുടെ വീട്ടിലേക്കു വിളിച്ചുവരുത്തി. അവർ സംഗീതയന്ത്രം വായിക്കുകയും, സ്വയം പാടുകയും ഞങ്ങളെക്കൊണ്ടു പാടിക്കുകയും ചെയ്തു. എന്നെ ബാലഗായകസംഘത്തിൽ ചേർക്കണമെന്നു് അവർക്കു നിർബ്ബന്ധമുണ്ടായിരുന്നു. അതിനു ഞാനില്ലെന്നു് ഞാൻ തീർത്തു പറഞ്ഞു. അതോടെ മിസ്സ് ബാലൈഫാൽ കാര്യങ്ങൾക്കു കുറേക്കൂടി ഭൗതികമായ ഒരടിസ്ഥാനം നല്കാൻ തീരുമാനിച്ചു.

അവർ പറഞ്ഞു: "നിനക്കു മനോഹരമായ ഒരു ക്രിസ്ത്യൻശബ്ദമാണുള്ളതു്. മതത്തിനു് ആവശ്യമുള്ളതരം ശബ്ദം. നിനക്കറിയില്ലെങ്കിലും, മതം നിന്നിൽ നിറഞ്ഞുനില്ക്കുന്നുണ്ടു്. കാര്യം ഇങ്ങനെയിരിക്കെ, എല്ലാ ഞായറാഴ്ചയും എനിക്കുവേണ്ടി നീ പാടു. ഞാൻ നിനക്കു് അതിനു പണം തരാം."

"എത്ര?" പാൻഡ്രോ ചോദിച്ചു.

"അൻപതു സെൻറ്," മിസ്സ് ബാലൈഫാൽ പറഞ്ഞു.

സാധാരണയായി ഞങ്ങൾ നാലോ അഞ്ചോ പാട്ടുകൾ പാടാറുണ്ടു്. ആകെക്കൂടി അതു് ഒരരമണിക്കൂറെ എടുക്കു. പക്ഷേ, പള്ളിയിലെ കർമ്മങ്ങൾ കഴിയുന്നതു

വരെ, പിന്നെയും ഒരു മണിക്കൂർകൂടി ഞങ്ങൾ അവിടെ ഇരിക്കണം. ചുരുക്കത്തിൽ, ഇതു മുതലാവില്ല.

അതുകൊണ്ടു് എനിക്കൊരു യോജിപ്പിലെത്താൻ കഴിഞ്ഞില്ല.

“ഒരു ഡോളർ, അതിൽക്കൂടുതൽ ഒരു സെൻറുപോലും തരില്ല,” മിസ്സ് ബാലൈഫാൽ പറഞ്ഞു.

“ഒന്നേകാൽ ഡോളറാക്കു,” പാൻഡ്രോ പറഞ്ഞു.

“ഒരു ഡോളറിൽക്കൂടുതൽ ഒരു സെൻറുപോലും തരില്ല,” മിസ്സ് ബാലൈഫാൽ പറഞ്ഞു.

“ആ ഗായകസംഘത്തിലേക്കുംവച്ചു് ഏറ്റവും നല്ല ശബ്ദമാണു് അവനുള്ളതു്. എന്നിട്ടു് ഒരു ഡോളറോ? ഇത്തരം ഒരു ശബ്ദത്തിനു് ഏതു മതവും രണ്ടു ഡോളർ കൊടുക്കും.” പാൻഡ്രോ പറഞ്ഞു.

“എനിക്കു തരാൻ സാധിക്കുന്നതു ഞാൻ പറഞ്ഞു കഴിഞ്ഞു,” മിസ്സ് ബാലൈഫാൽ പറഞ്ഞു.

പാൻഡ്രോ പറഞ്ഞു: “നാട്ടിൽ വേറെ മതങ്ങളുണ്ടു്.”

ഇതു്, മിസ്സ് ബാലൈഫാലിനെ അസ്വസ്ഥയാക്കിയെന്നു തീർച്ച.

അവർ പറഞ്ഞു: “അവന്റേതു് ഒരു ക്രിസ്ത്യൻശബ്ദമാണു്; അതിനും പുറമെ അതു് പ്രെസ്ബിറ്റേറിയനുമാണു്.”

“ഓ, ബാപ്റ്റിസ്റ്റുകൾ ഇത്തരം ഒരു നല്ല ശബ്ദത്തിനു് രണ്ടു ഡോളർ സന്തോഷത്തോടെ കൊടുക്കും.” പാൻഡ്രോ പറഞ്ഞു.

“ഒരു ഡോളർ,” മിസ്സ് ബാലൈഫാൽ പറഞ്ഞു.

“എനിക്കു പാടാൻ ഇഷ്ടമില്ല, ബാലൈഫാൽ കൊച്ചമ്മേ,” ഞാൻ പറഞ്ഞു.

"അല്ല, നിനക്കു പാടാൻ ഇഷ്ടമാണ്. ഇഷ്ടമല്ലെന്നു നീ വെറുതെ വിചാരിക്കുകയാണ്. നീ പാടുമ്പോൾ നിൻെറ മുഖമൊന്നു കാണേണ്ടതാണ്," മിസ്സ് ബാലൈലെഫാൽ പറഞ്ഞു.

"പക്ഷേ, ഇതു് ഒരു ഡോളറിനു് കിട്ടുന്ന ശബ്ദമല്ല;" പാൻഡ്രോ പറഞ്ഞു.

"എന്നാൽ ശരി, കുട്ടികളേ, ഒരു ഡോളറും പതിനഞ്ചുസെൻറും തന്നേക്കാം. അതിൽ ഒട്ടും കൂടുതൽ തരില്ല," മിസ്സ് ബാലൈലെഫാൽ പറഞ്ഞു.

"ഒന്നേകാൽ ഡോളർ; അല്ലെങ്കിൽ ഞങ്ങൾ ബാപ്ററിസ്റ്റ്കളുടെ അടുക്കലേക്കു പോവുകയാണ്," പാൻഡ്രോ പറഞ്ഞു.

"ശരി," മിസ്സ് ബാലൈലെഫാൽ സമ്മതിച്ചു. അവർ തുടൎന്നു: "നിങ്ങളുമായി ഇടപെടുന്നതു് വലിയ പാടാണ് കെട്ടോ."

"വരട്ടെ, ഒരു മിനിട്ടു്," ഞാൻ പറഞ്ഞു; "എനിക്കു പാടാൻ ഇഷ്ടമില്ല. ഒന്നേകാൽ ഡോളറിനല്ല, എന്തിനായാലും, ഞാൻ പാടില്ല."

"ഒരു കരാറു് ഒരു കരാറാണ് കെട്ടോ," മിസ്സ് ബാലൈലെഫാൽ പറഞ്ഞു.

"ഞാൻ കരാറൊന്നും ചെയ്തിട്ടില്ല; പാൻഡ്രോ ആണ് എല്ലാം ചെയ്തതു്. അവൻ പാടട്ടെ, വേണമെങ്കിൽ," ഞാൻ പറഞ്ഞു.

"അവനു് പാടാൻ പററില്ല," മിസ്സ് ബാലൈലെഫാൽ പറഞ്ഞു.

"എൻറത്രയും ചീത്തയായിട്ടൊരു ശബ്ദം ഈ ഭുവനത്തിലെങ്ങുമില്ല," പാൻഡ്രോ അഭിമാനത്തോടെ പറഞ്ഞു.

"അവൻെറ വൃത്തികെട്ട ശബ്ദത്തിനു് പത്തു സെൻറ് പോലും കൊടുക്കാൻ ആളുണ്ടാവില്ല," മിസ്സ് ബാലൈഫാൽ പറഞ്ഞു.

"ഒരു സെൻറ്പോലും കിട്ടില്ല," പാൻഡ്രോ പറഞ്ഞു.

"കൊള്ളാം; പക്ഷേ, ഞാൻ പാടാൻ പോകുന്നില്ല. ഒന്നേകാൽ ഡോളറിനല്ല, എന്തിനായാലും. എനിക്കു പണമൊന്നും ആവശ്യമില്ല," ഞാൻ പറഞ്ഞു.

"നീ ഒരു കരാറുചെയ്തതല്ലേ," മിസ്സ് ബാലൈഫാൽ പറഞ്ഞു.

"അതേ, നീ സമ്മതിച്ചതാണു്," പാൻഡ്രോ പറഞ്ഞു.

മിസ്സ് ബാലൈഫാലിൻെറ ആ ഉമ്മറ മുറിയിൽ വച്ചുതന്നെ ഞാൻ പാൻഡ്രോവിൻെറ മേലേക്കു ചാടി വീണു; തുടന്നു ഞങ്ങൾ ഉരുട്ടിപ്പിടിക്കാനും തുടങ്ങി. ആ ക്രിസ്ത്യൻവൃദ്ധ ഞങ്ങളെ വേർപെടുത്താൻ ശ്രമിക്കാതിരുന്നില്ല; പക്ഷേ, ആ അടിപിടി തുടന്നു. അവസാനം, സംഗീതയന്ത്രമൊഴിച്ചു് ആ മുറിയിലുണ്ടായിരുന്ന എല്ലാ വസ്തുക്കളും തട്ടിമറിച്ചിട്ടു്, ആകെ ക്ഷീണിച്ചവശരായി കഴിഞ്ഞപ്പോൾ, ഞങ്ങൾ ആ മല്ലിടുത്തം നിത്തി.

"അപ്പോൾ, ഞായറാഴ്ച, ഒന്നേകാൽ ഡോളറിനു്," മിസ്സ് ബാലൈഫാൽ പറഞ്ഞു.

"ബാലൈഫാൽ കൊച്ചമ്മേ, പാൻഡ്രോകൂടി പാടിയാലേ, ഞാൻ ആ ഗായകസംഘത്തിൽചേന്നു പാടൂ," ഞാൻ പറഞ്ഞു.

"പക്ഷേ, അവൻെറ ശബ്ദം. അതൊട്ടും നന്നല്ല," മിസ്സ് ബാലൈഫാൽ പ്രതിഷേധിച്ചു.

“അതെനിക്കു കണക്കല്ല; ഞാൻ പാടണോ, അവനും പാടണം. ഓരോ ഞായറാഴ്ചയും അവനും എൻെറ കൂടെ പള്ളിയിലേക്കു വരണം,” ഞാൻ പറഞ്ഞു.

“നില്ക്കു, ഞാനൊന്നാലോചിക്കട്ടെ,” മിസ്സ് ബാലൈഫാൽ പറഞ്ഞു.

അവർ അക്കാര്യത്തെപ്പററി ഗാഢമായി ചിന്തിച്ചു.

“അവൻ പള്ളിയിൽ വന്ന്, ഗായകസംഘത്തിൽ ചേർന്നുനിന്നാൽ പോരേ, പാടാതെ? പാടുന്നമാതിരി അവനവിടെ നിന്നാൽ പോരേ?” മിസ്സ് ബാലൈഫാൽ ചോദിച്ചു.

“എനിക്കതുമതി, പക്ഷേ, മുഴുവൻ സമയവും അവൻ അവിടെ ഉണ്ടായിരിക്കണം,” ഞാൻ പറഞ്ഞു.

“പക്ഷേ, എനിക്കെന്തുകിട്ടും?” പാൻഡ്രോ ചോദിച്ചു.

“നോക്കു , നിനക്കും പണം തരാൻ എന്നേക്കൊണ്ടാവില്ല, തീർച്ച,” മിസ്സ് ബാലൈഫാൽ പറഞ്ഞു.

“ഞാനവിടെ പോണോ, എനിക്കു പണം കിട്ടണം,” പാൻഡ്രോ പറഞ്ഞു.

“ശരി, പാടുന്ന കുട്ടിക്ക് ഒരു ഡോളർ, പാടാത്തവന് ഇരുപത്തഞ്ചു സെൻറും,” മിസ്സ് ബാലൈഫാൽ പറഞ്ഞു.

“ലോകത്തിലൊരൊച്ചയും എൻേറതിനോളം മോശമല്ല,” പാൻഡ്രോ പറഞ്ഞു.

മിസ്സ് ബാലൈഫാൽ പറഞ്ഞു: “ന്യായമായതേ പറയാവൂ. എന്തായാലും നീ പാടുന്നില്ലല്ലോ. മററു കുട്ടികളുടെകൂടെ, വെറുതെ നില്ക്കുകയല്ലേ ചെയ്യുന്നുള്ളു.”

“ഇരുപത്തിയഞ്ചു സെൻറു പോരാ,” പാൻഡ്രോ പറഞ്ഞു.

“ശരി, പാട്ടുന്നവന്ന് ഒരു ഡോളർ, പാടാത്തവന്ന് മുപ്പത്തിയഞ്ചു സെൻറും,” മിസ്സ് ബാലൈഫാൽ പറഞ്ഞു.

“അൻപതാക്കു അതു്,” പാൻഡ്രോ ആവശ്യപ്പെട്ടു.

മിസ്സ് ബാലൈഫാൽ സമ്മതിച്ചു; “ഒരു ഡോളർ നിനക്കു്; അൻപതു സെൻറു് നിനക്കും.” അവർ പറഞ്ഞു.

“അടുത്ത ഞായറാഴ്ചമുതൽ തുടങ്ങാം അല്ലേ?” പാൻഡ്രോ ചോദിച്ചു.

“ശരി; പള്ളിയിലെ കമ്മങ്ങൾ കഴിഞ്ഞു്, ഇവിടെവച്ചു ഞാൻ പണം തരാം. ഗായകസംഘത്തിലെ മററു കുട്ടികളോടു് ഇതേപ്പററി ഒന്നും മിണ്ടിപ്പോകരുതു്.” മിസ്സ് ബാലൈഫാൽ പറഞ്ഞു.

“ഞങ്ങൾ ആരോടും പറയില്ല,” പാൻഡ്രോ സമ്മതിച്ചു.

ഇങ്ങനെ, എൻെറ പതിനൊന്നാമത്തെ വയസ്സിൽ ഞാൻ ഏറെക്കുറെ ഒരു പ്രെസ്ബിറ്റേറിയനായിത്തീന്നു—ചുരുങ്ങിയതു് ഓരോ ഞായറാഴ്ച രാവിലെയെങ്കിലും. പണത്തിനുവേണ്ടിയായിരുന്നില്ല അതു്. അങ്ങനെയൊരു കരാറുണ്ടാക്കി എന്നുമാത്രം—എന്നെക്കൊണ്ടു മതത്തിനുവേണ്ടി പാടിക്കണമെന്നു് മിസ്സ് ബാലൈഫാലിനു നിർബ്ബന്ധമായിരുന്നു.

അഞ്ചാറു മിനിട്ടുമുമ്പു് ഞാൻ പറയാൻ തുടങ്ങിയതുപോലെ, ഞങ്ങളുടെ പ്രദേശത്തിൻെറ പ്രത്യേകതയാണിതു്: ആരേയും ഒന്നിനേയും ഉപദ്രവിക്കാതെ, ഞങ്ങൾക്കേവക്കും, അല്ലെങ്കിൽ ചുരുങ്ങിയതു ഞാൻ അറിയുന്നവക്കേവക്കുമെങ്കിലും, ഒരു മതം ഉപേക്ഷിച്ചു മറ്റൊരു മതം സ്വീകരിക്കാൻ കഴിയും. പതിമൂന്നു വയസ്സായപ്പോൾ, എന്നെ ആർമീനിയൻ കത്തോലിക്കാപ്പള്ളിയിൽ മാമോദീസ

മുക്കകയുണ്ടായി. അപ്പോഴും ഞാൻ പ്രെസ്ബിറ്റേറിയന്മാക്കുവേണ്ടി പാടിക്കൊണ്ടിരുന്നു.

മാമോദീസാകർമ്മം കഴിഞ്ഞു രണ്ടുമാസം കഴിഞ്ഞപ്പോൾ എന്റെ ശബ്ദത്തിനു് മാററം വന്നു; അതോടെ മിസ്സ് ബാലൈഫോല്യമായുള്ള കരാറും അവസാനിച്ചു.

വെൻതുറാ അവന്യൂവിൽ ഉള്ള ആർമീനിയൻ കത്തോലിക്കാപ്പള്ളിയിലാകട്ടെ, ഞാൻ കൊല്ലത്തിൽ രണ്ടു തവണ മാത്രമേ പോകാറുള്ളു. മറ്റു സമയമെല്ലാം, ഞാൻ ഒരു മതത്തിൽനിന്നു മറെറാരു മതത്തിലേക്കു മാറിക്കൊണ്ടിരുന്നു. അതുകൊണ്ടു്, ഒട്ടുവിൽ എനിക്കു് ഒരു ദോഷവും ഉണ്ടായില്ലതാനും. ഇപ്പോൾ മിക്ക അമേരിക്കക്കാരേയുംപോലെ ഞാനും, എന്റേതുൾപ്പെടെ എല്ലാ മതങ്ങളിലും വിശ്വസിക്കുന്നു. ആരോടും എനിക്കു വെറുപ്പില്ല; എന്തു വിശ്വസിച്ചാലും, എന്തവിശ്വസിച്ചാലും സ്വയം നന്നായാൽ മതി.

## സർക്കസ്സ്

എപ്പോഴെങ്കിലും ഒരു സർക്കസ്സ് പട്ടണത്തിൽ പ്രദർശനത്തിനെത്തിയാൽ, അതുമതി, എനിക്കും എന്റെ പഴയ കൂട്ടുകാരനായ ജോയിറെന്നിനും ഭ്രാന്തുപിടിക്കാൻ. വേലികളിന്മേലും ഒഴിഞ്ഞ പീടികകളുടെ ജനാലകളിന്മേലും എല്ലാം സർക്കസ്സിൻെറ പരസ്യം പ്രത്യക്ഷപ്പെടേണ്ട താമസമേയുള്ളു, ഞങ്ങൾക്കു പിരിയിളകാൻ. പട്ടണത്തിലേക്കു സർക്കസ്സ് എത്തുന്നുണ്ടെന്നറിയുന്നതോടെ, ഈ ചുരുങ്ങിയ വിദ്യാഭ്യാസംകൊണ്ടു് ആർക്കെങ്കിലും എന്തെങ്കിലും ഗുണമുണ്ടായിട്ടുണ്ടോ എന്നു ഞങ്ങൾക്കു സംശയം തുടങ്ങുകയായി.

സർക്കസ്സ് പട്ടണത്തിലെത്തിയാൽ പിന്നെ ഞങ്ങളെ യാതൊന്നിനും കൊള്ളുകയില്ല. തീവണ്ടികളുടെ സമീപം ചെന്നു് മൃഗങ്ങളെ അവയിൽനിന്നിറക്കുന്നതു നോക്കിനിന്നും, കൂടാരംകെട്ടുന്ന പ്രദേശത്തു ചുറ്റിപ്പറ്റിനിന്നും മൃഗങ്ങളെ നോക്കുന്നവരുടേയും ജോലിക്കാരുടേയും മററും സേവ സമ്പാദിക്കാൻ ശ്രമിച്ചും, ഞങ്ങൾ സമയം മുഴുവൻ ചെലവഴിക്കും. മൃഗങ്ങൾക്കുവേണ്ട വെള്ളം ഞങ്ങൾ കൊണ്ടുചെന്നു കൊടുക്കും. എന്നിട്ടു്, അവിടെ ത്തന്നെ ചുററിപ്പറ്റിനിന്നു് ആ അത്ഭുതപ്രപഞ്ചത്തിന്റെ ഒരു ഭാഗമാണു് ഞങ്ങളെന്ന പ്രതീതി നല്കാനും, എല്ലാം വേണ്ടപോലെ ഒരുക്കി, പണം ചെലവഴിക്കാൻ ആളുകൾ വരുന്നതും കാത്തു നില്ക്കുന്ന ലോകജ്ഞരിൽ ഞങ്ങളും പെട്ടും എന്നു കാണിക്കാനും ഞങ്ങൾ ശ്രമിക്കും.

ഒരുദിവസം ജോയി, എഡ്മേഴ്സൺ സ്കൂളിലെ

ക്ലാസ് മുറിയിലേക്ക്, പത്തു മിനിട്ട വൈകി, ഓടിക്കിതച്ചു കയറിവന്നു. എന്നിട്ട്, തൊപ്പി തലയിൽനിന്നെടുക്കാനോ, വൈകിയതെന്തുകൊണ്ടാണെന്നു പറയാനോ മുതിരാതെ, അവൻ വിളിച്ചുപറഞ്ഞു: "ആരം, നീ ഇവിടെ എന്താണു ചെയ്യുന്നതു്? സക്കസ്സ് പട്ടണത്തിൽ എത്തിയല്ലോ."

എനിക്കതു് ഓർമ്മയുണ്ടായിരുന്നില്ല, തീർച്ച. ഞാൻ ചാടിയെഴുന്നേററു് ക്ലാസ്സിനു പുറത്തേക്കു് ഓടി. പാവം, വയസ്സായ മിസ്സ് ഫ്ളിബെററി എന്റെ പിറകേ വിളിച്ചുപറഞ്ഞുകൊണ്ടേയിരുന്നു: "ആരം ഗാരോഗ്ലാനിയൻ, നീ ഈ മുറിയിൽ വന്നിരിക്കു്; നീ ഞാൻ പറയുന്നതു കേൾക്കുന്നുണ്ടോ, ആരം ഗാരോഗ്ലാനിയൻ?"

അവർ പറഞ്ഞതു ഞാൻ കേട്ടുവെന്നതു ശരിയാണു്; ക്ലാസ്സിൽ ചെന്നു് ഇരുന്നില്ലെങ്കിൽ എന്താണനുഭവം എന്നും എനിക്കറിയാമായിരുന്നു. ഹെഡ്മാസ്റ്റർ ഡാവ്സന്റെ കൈയിൽനിന്നും ഇനിയും അടി കിട്ടും, തീർച്ച. പക്ഷേ, ഞാൻ നിസ്സഹായനായിരുന്നു; സക്കസ്സിന്റെ കാര്യത്തിൽ ഞാനൊരു ഭ്രാന്തനാണു്.

വഴിയിൽ എത്തിയപ്പോൾ, ജോയി പറഞ്ഞു: "ഞാൻ എല്ലായിടത്തും നിന്നെ തിരക്കി നടക്കുകയായിരുന്നു."

"ഞാൻ മറന്നു. സക്കസ്സു വരുന്നുണ്ടെന്നു് ഞാനറിഞ്ഞിരുന്നു. പക്ഷേ, അതു് ഇന്നാണെന്നതു് ഞാൻ മറന്നു," ഞാൻ പറഞ്ഞു.

ജോയി പറഞ്ഞു: "നിനക്കതു് അറിയാമെന്നായിരുന്നു എന്റെ വിചാരം. കഴിഞ്ഞകൊല്ലത്തെപ്പോലെ, തീവണ്ടിയുടെ അട്ടത്തു നീ എത്തിയിരിക്കുമെന്നു ഞാൻ കരുതി. നീ എങ്ങനെ അതു മറന്നു?"

"എനിക്കറിയില്ല; പ്രത്യേകിച്ചൊന്നും ഇല്ലെന്നു തോന്നുന്നു," ഞാൻ പറഞ്ഞു.

ഞാൻ പറഞ്ഞതു തെറ്റായിരുന്നു; പക്ഷേ, അപ്പോൾ എനിക്കതു് അറിയാമായിരുന്നില്ല. വാസ്തവത്തിൽ ഞാൻ മറക്കുകയല്ല, ഓമ്മിക്കുകയാണുണ്ടായതു്. കഴിഞ്ഞകൊല്ലം സക്സ്സു വന്ന അന്നു്, ക്ലാസ്സിൽ പോകാതിരുന്നതിനു്, ഡാവ്സൻെറ കൈയിൽനിന്നു കിട്ടിയ അടി ഞാൻ ഓമ്മിച്ചുവെന്നതാണു് കാര്യം. ആ ഓമ്മയാണു്, നേരത്തെ എഴുന്നേററു്, ഉടുപ്പിട്ടത്തിട്ടു്, തീവണ്ടിയുടെ സമീപത്തേക്കു പോകേണ്ടതിനു പകരം, നേരം വൈകുന്നതുവരെ കിടന്നുറങ്ങാൻ എനിക്കു പ്രേരണയായതു്. ഡാവ്സൺ തന്ന അടി ഞാൻ ഓമ്മിക്കുന്നുണ്ടായിരുന്നു. പക്ഷേ, അപ്പോൾ എനിക്കതു് അറിയാമായിരുന്നില്ല. ശിക്ഷകൾ എന്തായാലും അതു ഞങ്ങൾ, ജോയിയും ഞാനും, സഹിക്കാറുണ്ടായിരുന്നു. കാരണം, വിദ്യാഭ്യാസബോർഡിനോടു നീതി ചെയ്യണമെന്നു ഞങ്ങൾക്കുണ്ടായിരുന്നു. സുഖക്കേടൊന്നുമില്ലാത്തപ്പോൾ ക്ലാസ്സിൽ പോകാതിരിക്കുന്നതു നിയമത്തിനെതിരാണെങ്കിൽ, ആ കുററത്തിനു് അടിയാണു് ശിക്ഷയെങ്കിൽ, കൊള്ളാം, ഞങ്ങളിതാ, ആ കുററം ചെയ്തിരിക്കുന്നു; വിദ്യാഭ്യാസബോർഡു് അവക്കാവുംവിധം ഭംഗിയായിത്തന്നെ കാര്യങ്ങൾ ചെയ്തോട്ടേ.

"സക്സ്സു്, അല്ലെ? സക്സ്സു്! ചന്തി കാണിക്കെടാ," ഡാവ്സൺ പറയും.

ആദ്യം ജോയിയും പിന്നെ ഞാനും ഞങ്ങളുടെ പിൻഭാഗം കാണിച്ചുകൊടുക്കും. ഡാവ്സൺ, തന്റെ തോളിനു് അല്പനേരത്തെ വ്യായാമം നല്കും; അപ്പോൾ ഉറക്കെ കരയാതിരിക്കാൻ ഞങ്ങൾ ശ്രമിക്കാറുണ്ടു്. അഞ്ചാറടിക്കൊന്നും

ഞങ്ങൾ കരയുകയില്ല. പക്ഷേ, അതു കഴിഞ്ഞാൽ ഞങ്ങൾ ഉറക്കെ കരയും. സ്കൂൾമുഴവൻ ഞങ്ങളുടെ കരച്ചിൽ കേൾക്കുമായിരുന്നു. അതുകൊണ്ടു്, ഞങ്ങളുമായുള്ള കൂടിക്കാഴ്ച ഏറെക്കുറെ സാധാരണമായിത്തീൎന്നപ്പോൾ, അതു് ഒരു വിദ്യാലയമായതുകൊണ്ടും, അവിടെ ആളുകൾ പഠിക്കാൻ ഉദ്യമിച്ചുപോരുന്നതുകൊണ്ടും, ഒച്ച ഒന്നു കുറയ്ക്കാൻ ഡാവ്സൺ ഞങ്ങളോടു് ആവശ്യപ്പെടുകയുണ്ടായി.

ഡാവ്സൺ പറഞ്ഞു: "മററുള്ളവരോടു് ഇങ്ങനെ ചെയ്യുന്നതു് ശരിയല്ല; അവൎക്കെന്തെങ്കിലും പഠിക്കണമെന്നുണ്ടാകും."

"പക്ഷേ, ഞങ്ങളെന്തു ചെയ്യാനാണു്? ഞങ്ങൾക്കു വേദനയെടുത്തിട്ടല്ലേ?" ജോയി പറഞ്ഞു.

"അതെനിക്കറിയാം; എങ്കിലും മററുള്ളവരെപ്പററി ചിന്തയില്ലാത്ത ഒരു കുട്ടി, ആവശ്യത്തിൽ കൂടുതൽ ഒച്ചയെടുക്കുമെന്നാണു് തോന്നുന്നതു്," ഡാവ്സൺ പറഞ്ഞു.

അനന്തരം, അദ്ദേഹം ജോയിയെ അടിച്ചു. ജോയി ഉറക്കെ കരയാതിരിക്കാൻ അവനെക്കൊണ്ടായപോലെ ശ്രമിക്കുകയും ചെയ്തു. അടി കഴിഞ്ഞപ്പോൾ ജോയിയുടെ മുഖമാകെ വല്ലാതെ ചുവന്നിരുന്നു; ഡാവ്സൺ വല്ലാതെ ക്ഷീണിക്കുകയുംചെയ്തു.

"ഇതെങ്ങനെ?" ജോയി ചോദിച്ചു.

"മുമ്പത്തേക്കാൾ ഭേദം; നീ ഇതുവരെ ചെയ്തിട്ടുള്ളതിൽ ഏററവും മര്യാദയുള്ളതു്," ഡാവ്സൺ പറഞ്ഞു.

"എന്നേക്കൊണ്ടാകുന്നത്ര നല്ലവണ്ണം ഞാൻ ശ്രമിച്ചു," ജോയി പറഞ്ഞു.

"അതിനു നിന്റെനേരെ എനിക്കു നന്ദിയുണ്ടു്." ഡാവ്സൺ പറഞ്ഞു.

ഇതിനകം അദ്ദേഹം ക്ഷീണിച്ചുപോയിരുന്നു. ഞാൻ അദ്ദേഹത്തിൻെറ മുമ്പിലുള്ള കസേരയുടെ അട്ടത്തേക്കു നീങ്ങിനിന്നു. അടിയുടെ വേദന സഹിക്കാൻ ഞങ്ങൾക്കദ്ദേഹം അനുവദിച്ചുതരുന്നതാണ് ആ കസേര. ഞാൻ യഥാസ്ഥാനം നിലയുറപ്പിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: "കുറച്ചു നില്ലെടാ, ആരം. എനിക്കല്പം സമയം തരൂ; എനിക്കു് ഇരുപത്തിമൂന്നു വയസ്സല്ല പ്രായം, അറുപത്തിമൂന്നാണ്. ഒരു മിനിട്ടു ഞാനൊന്നു വിശ്രമിച്ചോട്ടേ."

"ശരി, പക്ഷേ, ഇതങ്ങ് വേഗം കഴിഞ്ഞുകിട്ടുന്നതാണ് എനിക്കിഷ്ടം," ഞാൻ പറഞ്ഞു.

വിശ്രമം കഴിഞ്ഞു് അദ്ദേഹം എനിക്കുള്ള അടി തന്നു. ജോയിയേക്കാൾ അല്പംകൂടെ ഉറക്കെ കരഞ്ഞു, ഞാൻ. എല്ലാം കഴിഞ്ഞു ഞങ്ങൾ ക്ലാസ്സിലേക്കു മടങ്ങി. എല്ലാവരും ഞങ്ങളെത്തന്നെയാണ് നോക്കിയിരുന്നതു്.

"പിന്നെ നിങ്ങൾ എന്തു വിചാരിച്ചു? ഇതുപോലെ ഒരടി കിട്ടുകയാണെങ്കിൽ നിങ്ങളെല്ലാം ഉരുണ്ടുവീണു ചത്തുപോയേനേ. നിങ്ങൾ നിലവിളിക്കയല്ല, ചത്തുപോകുകതന്നെ ചെയ്യും," ജോയി പറഞ്ഞു.

ഇതാ, ഇപ്പോൾ സക്സ്സ് വീണ്ടും പട്ടണത്തിൽ എത്തിയിരിക്കുന്നു; ഒരു കൊല്ലം കഴിഞ്ഞുപോയി; വീണ്ടും ഏപ്രിൽ വന്നണഞ്ഞിരിക്കുന്നു; സക്സ്സുസ്ഥലത്തേക്കു ഞങ്ങൾ യാത്ര തിരിച്ചിരിക്കുന്നു. ഒന്നു മാത്രം. ഇത്തവണ, ഞങ്ങളെ സ്കൂളിൽ കണ്ടിരുന്നു; ഞങ്ങൾ സക്സ്സുസ്ഥലത്തേക്കു പോവുകയാണെന്നു് അവക്കറിയുകയും ചെയ്യാം.

"നമ്മുടെ പിറകേ അവർ സ്റ്റാഫോർഡിനെ വിട്ടുമോ?" ഞാൻ ചോദിച്ചു.

സ്കൂളിൽനിന്നു് ഓടിപ്പോകുന്ന കുട്ടികളെ പിടിച്ചുകൊണ്ടുവരാൻ നിയോഗിച്ചയയ്ക്കുന്ന ഉദ്യോഗസ്ഥനാണു്, സ്റ്റാഫോർഡ്.

"നമുക്കു് ഓടാമല്ലോ; അയാൾ വന്നാൽ ഞാൻ ഒരു വശത്തേക്കു് ഓടാം, നീ മറുവശത്തേക്കും ഓടിക്കോ. അയാൾക്കു നമ്മുടെ രണ്ടുപേരുടേയും പിറകേ ഓടാൻ കഴിയില്ലല്ലോ. നമ്മളിൽ ഒരാളെങ്കിലും രക്ഷപ്പെട്ടും," ജോയി പറഞ്ഞു.

സക്കസ്സുസ്ഥലത്തുചെന്നു് ഞങ്ങൾ എല്ലാം ചുററി നടന്നു കണ്ടു. അത്ഭുതകരമായ വിധത്തിലാണു് അവർ കാര്യങ്ങൾ ചെയ്യുന്നതു്. നൂറാളുകൾ വേണ്ടിവരുമെന്നു നമുക്കു തോന്നുന്ന ജോലി, അവർ ഏതാനുംപേരാണു് ചെയ്തുതീക്കുന്നതു്.

എല്ലാവരും റെഡ്ഡു് എന്നു വിളിച്ചുപോകുന്ന ഒരു മനുഷ്യൻ പെട്ടെന്നു് എന്നേയും ജോയിയേയും ഉറക്കെ വിളിച്ചു.

"നോക്കു്, നിങ്ങൾക്കു ഞങ്ങളെ വന്നു സഹായിച്ചുകൂടെ?" അയാൾ വിളിച്ചുചോദിച്ചു.

ജോയിയും ഞാനും അയാളുടെ അടുത്തേക്കു് ഓടിച്ചെന്നു.

"സഹായിക്കാമല്ലോ," ഞാൻ പറഞ്ഞു.

വിരിഞ്ഞ തോളുകളും വലിയ കൈകളും ഉള്ള ഒരു ചെറിയ മനുഷ്യനായിരുന്നു അയാൾ. അയാൾ വളരെ ശക്തനാണെന്നു തോന്നിച്ചിരുന്നതുകൊണ്ടും, അയാളുടെ തലയിൽ വളരെയധികം ചുവന്ന തലമുടിയുണ്ടായിരുന്നതുകൊണ്ടും, അയാൾ ചെറുതാണെന്നു് ആക്കും തോന്നുമായിരുന്നില്ല.

“എളുപ്പമുള്ള പണിയാണു്; ആ ആളുകൾ പറയു ന്നതങ്ങു ചെയ്താൽ മതി,” റെഡ് പറഞ്ഞു.

“ശരി,” ജോയി പറഞ്ഞു.

എല്ലാവരും തിരക്കുപിടിച്ചു ജോലി ചെയ്തുകൊണ്ടി രിക്കുമ്പോഴാണു് ഞങ്ങൾ സ്റ്റാഫോർഡിനെ കണ്ടതു്.

“നമുക്കു് ഇപ്പോൾ ഓടാൻ വയ്യല്ലോ,” ഞാൻ പറഞ്ഞു.

“അയാൾ വരട്ടെ. ജോലിയിൽ സഹായിച്ചുകൊടു ക്കാമെന്നു് നമ്മൾ ഏറ്റതല്ലേ? നമ്മൾക്കു് അതു ചെയ്തേ പററൂ,” ജോയി പറഞ്ഞു.

“ഞാൻ പറയാം എന്തു ചെയ്യണമെന്നു്. ഈ ജോലി തീൎന്നിട്ടു് അയാളുടെകൂടെ ചെല്ലാമെന്നു് നമുക്കു് അയാളോടു പറയാം. എന്നിട്ടു നമുക്കു് ഇവിടെനിന്നു് ഓടാം,” ഞാൻ പറഞ്ഞു.

ജോയി അതു സമ്മതിച്ചു.

സ്റ്റാഫോർഡ് വലിയ ഒരു മനുഷ്യനായിരുന്നു. അയാ ളുടെ വേഷവും ചുവന്ന മുഖവും എല്ലാം കണ്ടാൽ, വക്കീ ലായിട്ടോ മറേറാ പോകേണ്ട ഒരാളായിരുന്നു എന്നു തോന്നും. അയാൾ ഞങ്ങളുടെ അടുത്തുവന്നു പറഞ്ഞു: “നോക്കു്, നിങ്ങൾ രണ്ടുപേരും എൻെറ കൂടെ വരൂ.”

ജോയി പറഞ്ഞു: “റെഡ്ഡിനെ സഹായിക്കാമെന്നു ഞങ്ങൾ വാക്കുകൊടുത്തുകഴിഞ്ഞു. ഈ ജോലി തീൎന്നാൽ ഉടൻ ഞങ്ങൾ വരാം.”

റെഡ് ഓരോ നിർദ്ദേശങ്ങൾ നല്കിക്കൊണ്ടിരുന്നു. അവസാനം ജോലിയെല്ലാം തീൎന്നു; ഞങ്ങളുടെ പങ്കു് ഞങ്ങൾ ചെയ്തുകഴിഞ്ഞു.

റെഡ്, ഞങ്ങളോടെന്താണു പറയാൻ പോകുന്ന തെന്നു മനസ്സിലാക്കാനോ, അല്ലെങ്കിൽ അയാൾ ഞങ്ങ

ളോട്ട് അവരോടൊപ്പം ഉണ്ണാനോ മററോ ആവശ്യപ്പെട്ട മോ എന്നറിയാനോ, ഒന്നിനും ഞങ്ങൾക്കിടകിട്ടിയില്ല.

ജോയി അവിടെനിന്നു് ഊന്നു് ഒരുവഴിക്കോടി, ഞാൻ എതിർവശത്തേക്കും ഓടി. സ്റ്റാഫോർഡ് എൻെറ പിറകേ വന്നു. സക്സ്സുകാർ ചിരിക്കുന്നതും, റെഡ് "ഓടിക്കോ കുട്ടി, ഓടിക്കോ. അയാൾക്കു നിന്നെ പിടിക്കാൻ കഴിയില്ല. അയാൾക്കു ശേഷിയില്ല. അയാളെ ഇട്ടു നല്ലവണ്ണം ഓടിക്കു. അയാൾക്കു കുറെ വ്യായാമം വേണം." എന്നെല്ലാം വിളിച്ചുപറയുന്നതും ഞാൻ കേട്ടു.

സ്റ്റാഫോർഡിൻെറ ഒച്ചയും എനിക്കു കേൾക്കാമായിരുന്നു. അയാൾ ഒരുപാട്ട് ചീത്ത വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.

ഞാൻ ഓടി രക്ഷപ്പെട്ടു്, അയാൾക്കു കണ്ടുപിടിക്കാൻ കഴിയാത്ത ഒരിടത്തു് ഒളിച്ചിരുന്നു. അവസാനം അയാൾ തൻെറ ഫോർഡ് കാറിൽ കയറി ഓടിച്ചുപൊയ്ക്കഴിഞ്ഞപ്പോൾ, ഞാൻ സക്സ്സുസ്ഥലത്തേക്കു മടങ്ങിച്ചെന്നു. ജോയിയും അവിടെ ഉണ്ടായിരുന്നു.

"നമുക്കു് ഇത്തവണ ശരിക്കും നല്ല അടി കിട്ടും," ജോയി പറഞ്ഞു.

"അടി കിട്ടിയാൽ നമുക്കു് ഉറക്കെ നിലവിളിക്കേണ്ടിയുംവരും. ഡാവ്സണ് അറുപത്തിമൂന്നു വയസ്സായെങ്കിലും ഇപ്പോഴും നല്ല ശേഷിയാണു്," ഞാൻ പറഞ്ഞു.

"എന്തായാലും അതെല്ലാം നാളെയല്ലേ?" ജോയി സമാധാനിച്ചു.

സക്സ്സുസ്ഥലത്തു കുറെ ജോലികൂടെ റെഡ് ഞങ്ങൾക്കു തന്നു; ഭക്ഷണസമയത്തു് അയാളുടെ അരികിൽത്തന്നെ ഞങ്ങളെ ഇരുത്തുകയും ചെയ്തു. രസമായിരുന്നു അതു്. ഉച്ചതിരിഞ്ഞും സന്ധ്യയ്ക്കും ഉള്ള രണ്ടു കളി

കളും ഞങ്ങൾ കണ്ടു. അതുകഴിഞ്ഞു സക്സ്സ്കൂടാരങ്ങൾ അഴിച്ചെടുക്കാനും ഞങ്ങൾ കൂടി. പിന്നെ തീവണ്ടിവരെ ഞങ്ങൾ അവരെ അനുഗമിച്ചു. അനന്തരം ഞങ്ങൾ വീട്ടിലേക്കു മടങ്ങി. ഞാൻ വളരെ വൈകിയാണു് വീട്ടിൽ എത്തിയതു്. രാവിലെ, സ്കൂളിൽ പോകാൻവേണ്ടി എഴുന്നേല്ക്കാറുള്ള സമയമായപ്പോഴും ഉറക്കം എന്നെ വിട്ടിരുന്നില്ല.

ഞങ്ങളെ കാത്തിരിക്കയായിരുന്നു അവർ, സ്കൂളിൽ. കുമാരി ഫ്ളിബെററി ഞങ്ങളെ ഇരിക്കാൻകൂടി സമ്മതിച്ചില്ല. നേരെ ആപ്പീസിലേക്കു ചെല്ലാൻ അവർ ഞങ്ങളോടു പറഞ്ഞു. ഡാവ്സണും ഞങ്ങളെ കാത്തിരിക്കയായിരുന്നു. സ്റ്റാഫോർഡും അവിടെയുണ്ടായിരുന്നു. അയാൾക്കു വളരെയേറെ ദേഷ്യമുണ്ടായിരുന്നു.

“ദേ, അവർ എത്തിയിരിക്കുന്നു. വേണമെങ്കിൽ പിടിച്ചുകൊണ്ടു പൊയ്ക്കോ,” ഡാവ്സൺ സ്റ്റാഫോർഡിനോടു പറഞ്ഞു.

അവർ രണ്ടുപേരും കുറേനേരമായി അത്ര സുഖമല്ലാത്ത രീതിയിൽ സംസാരിക്കുകയായിരുന്നു എന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടായിരുന്നില്ല. ഡാവ്സണു്, സ്റ്റാഫോർഡിനേയും, സ്റ്റാഫോർഡിനു് ഡാവ്സണേയും ഇഷ്ടമില്ലായിരുന്നു എന്നു തോന്നി.

ഡാവ്സൺ പറഞ്ഞു: “ഈ സ്കൂളിൽ എന്തെങ്കിലും ശിക്ഷ നൽകേണ്ടതുണ്ടെങ്കിൽ അതു് ഞാനായിക്കൊള്ളാം. വേറെ ആരും അതിനു തുനിയേണ്ട. സ്കൂളിനു വെളിയിലേക്കു താൻ അവരെ വലിച്ചുകൊണ്ടുപോയാൽ, എനിക്കതു തടയാനാവില്ലെന്നു വച്ചോളൂ.”

സ്റ്റാഫോർഡ് ഒന്നും മിണ്ടാതെ ആപ്പീസിൽനിന്നു പോയി.

“ആ, കുട്ടികളെ, എങ്ങനെയുണ്ടായിരുന്നു?” ഡാവ്സൺ ചോദിച്ചു.

“വളരെ കേമമായി,” ജോയി പറഞ്ഞു.

“ആരാണ് ആദ്യം?” ഡാവ്സൺ തിരക്കി.

“ഞാൻ,” ഞാൻ പറഞ്ഞു.

“ശരി; ആരം; ആ കസേരയിൽ മുറുക്കിപ്പിടിച്ചോളൂ. വലിയ ഒച്ചയിൽ നിലവിളിക്കാതിരിക്കാൻ നോക്കു്,” ഡാവ്സൺ പറഞ്ഞു.

“എന്നേക്കൊണ്ടാവുന്നപോലെ ശ്രമിക്കാം സാർ,” ഞാൻ പറഞ്ഞു.

തുടന്നു് ഒരു അത്ഭുതകൃത്യം നടന്നു. അദ്ദേഹം എന്നെ തല്ലിയെന്നതു ശരിയാണു്; ഞാൻ കരയുകയും ചെയ്തു. പക്ഷേ, അതു പതുക്കെയുള്ള ഒരു കരച്ചിലായിരുന്നു. ഞാൻ നിലവിളിച്ചിട്ടുള്ളതിൽവച്ചു് ഏററവും ശബ്ദം കുറഞ്ഞ ഒരു നിലവിളിയായിരുന്നു അതു്. കാരണം, എനിക്കു കിട്ടിയിട്ടുള്ളതിൽവച്ചു് ഏറ്റവും മൃദുവായ അടിയായിരുന്നു അതു്. അതു കൊണ്ടിട്ടു്, വേദനയെടുത്തില്ല; അതിനാൽ, നേരത്തെ ഭയപ്പെട്ടപോലെ, ഞാൻ ഉറക്കെ കരഞ്ഞുമില്ല.

ജോയിയുടെ അനുഭവവും ഇതുതന്നെ ആയിരുന്നു. ആപ്പീസിൽനിന്നു പോകാനുള്ള അനുവാദത്തിന്നുവേണ്ടി ഞങ്ങൾ ഒപ്പം അവിടെ കാത്തുനിന്നു.

“നിങ്ങളിങ്ങനെ പതുക്കെ നിലവിളിച്ചതിനു് എനിക്കു നിങ്ങളോടു നന്ദിയുണ്ടു്; ഞാൻ നിങ്ങളെ കൊല്ലുകയാണെന്നു് ആളുകൾ ധരിക്കണമെന്നെനിക്കില്ല,” ഡാവ്സൺ പറഞ്ഞു.

ഇത്രയും പതുക്കെ ഞങ്ങളെ അടിച്ചതിനു് അദ്ദേഹത്തോടു നന്ദിപറയണമെന്നു് ഞങ്ങൾക്കുണ്ടായിരുന്നു.

പക്ഷേ, ഞങ്ങൾ ഒന്നും പറഞ്ഞില്ല. എങ്കിലും ഞങ്ങളുടെ വിചാരം അദ്ദേഹം മനസ്സിലാക്കി എന്നു് എനിക്കു തോന്നുന്നു. കാരണം, അദ്ദേഹത്തിനു മനസ്സിലായി എന്നു് ഞങ്ങൾക്കു് ഊഹിക്കാൻ കഴിയത്തക്കവിധം അദ്ദേഹം ഒന്നു ചിരിക്കുകയുണ്ടായി.

ഞങ്ങൾ ക്ലാസിലേക്കു മടങ്ങി.

എല്ലാം ഭംഗിയായി; അടുത്തകൊല്ലം സക്സസ്സ് വന്നെത്തുന്നതുവരെ എല്ലാം ശുഭമായിരിക്കുമെന്നു് ഞങ്ങൾക്കറിയാം.

## മൂന്നു നീന്തൽക്കാരും യേലിൽനിന്നുള്ള ഒരു കച്ചവടക്കാരനും

കൊല്ലത്തിൽ മിക്കസമയവും അരുവികൾ വററി വരണ്ടു കിടക്കും; വരണ്ടുകിടക്കാത്ത കാലത്ത് അവ ഇരമ്പിപ്പായുകയായിരിക്കും. മലയിലെ മഞ്ഞു് ഉരുകി വെള്ളമാകുന്നതോടെ, അരുവികൾ ഗജ്ജിച്ചുതുടങ്ങും. വസന്തകാലമാകുമ്പോൾ വെള്ളം കുതിച്ചുപായും; അതോടെ ഹൃദയവും. പക്ഷേ, പച്ചപ്പാടങ്ങൾ തവിട്ടുനിറം കൈക്കൊള്ളുന്നതോടെ, അരുവികൾ മന്ദഗതികളാകും; അതോടെ ഹൃദയവും ശാന്തമാകും. മലയിൽനിന്നുള്ള ആദ്യത്തെ ജലപ്രവാഹത്തിന് ഒരു കുട്ടിയുടെ നഗ്നശരീരത്തിനു താങ്ങാവുന്നതിൽ കൂടുതൽ തണുപ്പും വേഗതയും ഉണ്ടായിരിക്കും.

ഒററയ്ക്കോ സംഘംചേർന്നോ അരുവിക്കരയിൽ എത്തുന്ന ഒരു കുട്ടി, ഏറെനേരം ആ ജലപ്രവാഹവും നോക്കിയങ്ങനെ നില്ക്കും. അവസാനം, പെട്ടെന്നു് ഉടുപ്പുകളെല്ലാം അഴിച്ചുവച്ച് അരുവിയിലേക്ക് ഓടിവന്നു് ഒരു ചാട്ടം ചാടി മറുകരയിലേക്കു നീന്തും. സംഘത്തിൽ ബാക്കിയുള്ളവർ അവനെ അനുകരിക്കും. വെള്ളത്തിനു തണുപ്പുണ്ടു് എന്നതു മാത്രമല്ല കാര്യം. അതിനു കുട്ടികളെ കാത്തുനില്ക്കാൻ സാവകാശമില്ലെന്നതാണു മുഖ്യം. വസന്തകാലത്തെ ജലപ്രവാഹം തീരെ സൗഹൃദമില്ലാത്ത ഒന്നാണു്.

ഏപ്രിൽമാസത്തിലൊരുദിവസം ഞാനും മുറാദും അയാളുടെ ഒരു കൂട്ടുകാരനായ ജോബററൻകോർട്ടുംകൂടി

തോംപ്സൺ അരുവിയിലേക്കു പോയി. സ്വതന്ത്രമായി ച്ചുററിയലയുന്നതുപോലെ ഇഷ്ടമുള്ള മറെറാന്നുമില്ലായിരുന്നു ജോബെറ്റൻകോർട്ടിനു്. ക്ലാസ്സുമുറി അവനെ അലസനാക്കും. സ്കൂളിൽനിന്നു പുറത്തു കടന്നാൽ, സ്കൂൾവളപ്പിൽനിന്നു രക്ഷപ്പെട്ടാൽ പിന്നെ അവൻ ആകാവുന്നത്രമിടുക്കനും മര്യാദക്കാരനും സ്നേഹശീലനുമൊക്കെയാണു്.

ശനിയാഴ്ച രാവിലെയായിരുന്നു അതു്. ഞങ്ങൾ അരുവിക്കരയിലേക്കു നടക്കുവാൻ തീരുമാനിച്ചു; എങ്കിൽ ഉച്ചയാകുമ്പോഴേക്കും ഞങ്ങൾക്കവിടെയെത്താം. അപ്പോഴേക്കു ദിവസത്തിനു ചൂടുപിടിച്ചിരിക്കും. തോംപ്സൺ അരുവി ഒരു നാട്ടുനിരത്തിനു തൊട്ടായിരുന്നു. ആ നിരത്തിൽ, അരുവിക്കു മീതേക്കൂടി ഒരു പാലവുമുണ്ടായിരുന്നു. ആ പാലത്തിന്റെ തെക്കുഭാഗത്താണു് നീന്തൽ. അരുവിയുടെ പടിഞ്ഞാറു്, വേലികെട്ടി ഉറപ്പിച്ചിട്ടുള്ള ഒരു വളപ്പാണു്; കുതിരകളും മററു മൃഗങ്ങളും അവിടെ ഉണ്ടായിരുന്നു. അരുവിയുടെ കിഴക്കുഭാഗത്തായിരുന്നു നാട്ടുനിരത്തു്. അരുവിയും നിരത്തും വളരെ നാഴിക ദൂരം സമാന്തരമായി പൊയ്ക്കൊണ്ടിരുന്നു. അരുവി തെക്കോട്ടാണു് ഒഴുകിയിരുന്നതു്. അടുത്ത പാലം രണ്ടു നാഴിക അകലെയാണു്. വേനൽക്കാലത്തു്, ഒരുദിവസത്തെ നീന്തൽ മുഴുവനാകണമെങ്കിൽ, ഒരുവൻ ആദ്യത്തെ പാലത്തിന്റെ അരികിൽനിന്നു്, നദിയിലൂടെ കീഴോട്ടു നീന്തി രണ്ടാമത്തെ പാലംവരെ ചെന്നു്, അവിടെ നദിക്കരയിൽ ഒരു നിമിഷം ഇരുന്നു വിശ്രമിച്ചു്, ഒഴുക്കിനെതിരെ തിരിച്ചു നീന്തി ആദ്യത്തെ സ്ഥലംവരെ വരണം.

ഞങ്ങൾ തോംപ്സൺ അരുവിക്കടുത്തു് എത്തിയപ്പോഴേക്കു് പ്രഭാതത്തിന്റെ പ്രകാശം മാറി, മഞ്ഞുകാലംപോലെ, ആകെ ഇരുണ്ടുപോയിരുന്നു. ശക്തിയായ ഒരു

കാററിൻേറയും മഴയുടേയും ആരംഭമായിരുന്നു അതു്. അരുവി ഇരമ്പിക്കൊണ്ടിരുന്നു; ചാരനിറമായിരുന്ന ആകാശം, ഇരുണ്ടുതുടങ്ങിയിരുന്നു; കാററു്, തണുത്തതും അസുഖകരവും ആയിരുന്നു; ആ പ്രദേശം വിജനവും വിഷാദസങ്കുലവും ആയി കാണപ്പെട്ടതാനും.

ജോബെററൻകോർട്ട പറഞ്ഞു: "ഞാൻ ഈ വഴി മുഴവൻ വന്നതു നീന്താനാണു്. മഴ വന്നാലും ഇല്ലെങ്കിലും ഞാൻ നീന്താൻപോവുകയാണു്."

"ഞാനും അതേ," ഞാൻ പറഞ്ഞു.

എൻെറ ബന്ധുവായ മുറാദ് പറഞ്ഞു: "നീ ഇവിടെ നില്ക്കു, ഞാനും ജോയുംകൂടെ നോക്കട്ടെ എങ്ങനെയുണ്ടെന്നു്. അപകടമൊന്നുമില്ലെങ്കിൽ നീയും ചേന്നോ. നിനക്കു ശരിക്കും നീന്താനറിയാമോ?"

"മിണ്ടാതിരി," ഞാൻ പറഞ്ഞു.

"നിനക്കു നീന്താനറിയാമോ?" ജോ ചോദിച്ചു.

"ഓഹോ, എനിക്കു നീന്താൻ അറിയാം," ഞാൻ പറഞ്ഞു.

"അവനോടു ചോദിച്ചാൽ, അവൻ എല്ലാം ചെയ്യാമെന്നേ പറയൂ; ലോകത്തിൽ ആരേക്കാളും നല്ലവണ്ണം," മുറാദ് പറഞ്ഞു.

കലങ്ങിമറിഞ്ഞു് ഒഴുകുന്ന ആ തണുത്ത വെള്ളം മുറിച്ചു നീന്താൻ എനിക്കു കഴിയുമോ ഇല്ലയോ എന്ന കാര്യത്തിൽ എനിക്കു് എന്തുമാത്രം സംശയമുണ്ടായിരുന്നു എന്നു് അവക്കു രണ്ടുപേക്കും മനസ്സിലായിരുന്നില്ല. വാസ്തവത്തിൽ ആ ഇരമ്പിപ്പായുന്ന കറുത്ത ജലം കണ്ടതും ഞാൻ പേടിച്ചുപോയിരുന്നു.

"ശാന്തമായിരിക്കു്," ഞാൻ വെള്ളത്തിനോടു പറഞ്ഞു.

ഞാൻ റൊട്ടി പുറത്തെടുത്തു കടിച്ചുതിന്നാൻ തുടങ്ങി. മുറാദ് അതു പിടിച്ചെടുത്തു വെള്ളത്തിലേക്കെറിഞ്ഞി ല്ലെന്നേയുള്ളു; അയാൾ പറഞ്ഞു: "നീന്തൽ കഴിഞ്ഞിട്ടാ ണ് തീററ. നിനക്കു സുഖക്കേടു പിടിക്കണമെന്നുണ്ടോ?"

ഞാൻ അതു മറന്നുപോയി. ഞാൻ അത്രയ്ക്കു ഭയപ്പെ ട്ടിരുന്നു എന്നതാണു വാസ്തവം.

"ഒരു കഷണം റൊട്ടി തിന്നാൽ ആക്കും സുഖക്കേ ടൊന്നും പിടിക്കില്ല," ഞാൻ പറഞ്ഞു.

"പക്ഷേ, നീന്തൽ കഴിഞ്ഞു വരുമ്പോൾ അതിനു കൂടുതൽ രുചിയുണ്ടാകും," ജോ പറഞ്ഞു.

അവൻ അലിവുള്ള ഒരു പയ്യനായിരുന്നു. ഞാൻ ഭയപ്പെട്ടിരിക്കയാണെന്ന് അയാൾക്കു മനസ്സിലായിരുന്നു.

അയാൾ പറഞ്ഞു: "ശരി, നമുക്ക് അക്കരെയ്ക്കു നീന്താം; അവിടെ കുറച്ചു വിശ്രമിച്ചിട്ട്, തിരിച്ചു നീന്താം. അതിനുശേഷം ഉടുപ്പുകൾ എടുത്തിട്ട്, ഭക്ഷണം കഴിക്കാം. അപ്പോഴേക്കും കാററും മഴയും അടങ്ങിയിട്ടി ല്ലെങ്കിൽ, വീട്ടിലേക്കു മടങ്ങാം; അല്ല, അടങ്ങുകയാണെ ങ്കിൽ കുറെക്കൂടി നീന്തുകയും ചെയ്യാം."

മുറാദ് പറഞ്ഞു: "ഈ കാററും മഴയും അവസാനി ക്കാൻപോകുന്നില്ല. നമ്മൾ നീന്തുന്നുണ്ടെങ്കിൽ അതു വേഗം തീർത്തു വീട്ടിലേക്കു മടങ്ങണം."

ഇതിനകം ജോ അവൻെറ ഉടുപ്പുകൾ അഴിക്കാൻ തുടങ്ങിക്കഴിഞ്ഞിരുന്നു. മുറാദും തൻെറ വസ്തുങ്ങൾ അഴി ക്കാൻ തുടങ്ങി. ഞാനും. ഞങ്ങൾ നദിക്കരികെ ചെന്നു മെരുക്കമില്ലാത്ത ആ വെള്ളത്തിലേക്കു നോക്കിക്കൊണ്ടു നിന്നു. മുതലക്കുളപ്പു കുത്താൻ യാതൊരു പ്രേരണയും ആ അരുവി നല്കിയിരുന്നില്ല തീർച്ച. എങ്കിലും വെള്ളത്തി ലേക്കിറങ്ങാൻ അതൊഴിച്ചു മാനമായ ഒരു വഴിയുമില്ല

താനും. നടന്നിറങ്ങുകയാണെങ്കിൽ, നിങ്ങളൊരു നീന്തൽക്കാരനല്ല. കാല്യ് ആദ്യം വെള്ളത്തിൽ തൊടത്തക്കവണ്ണം ചാട്ടുന്നതുകൊണ്ടു വിരോധമില്ല; പക്ഷേ, അതൊരു മോശം സമ്പ്രദായമാണെന്നുമാത്രം. അരുവിയിലെ വെള്ളത്തിനു സൗഹൃദമോ ആകർഷണീയതയോ തീരെ ഇല്ലായിരുന്നുതാനും. വളരെവേഗം പ്രവഹിച്ചുകൊണ്ടിരുന്ന വെള്ളം, മറുകര വളരെ ദൂരത്താണെന്നു തോന്നിച്ചു.

ഒന്നും മിണ്ടാതെ ജോ എടുത്തുചാടി. യാതൊന്നും മിണ്ടാതെ മുറാദും ചാടി. ഭയത്തിനുപുറമെ തണുപ്പും എന്നെ ബാധിച്ചിരുന്നതുകൊണ്ട്, ആ ചാട്ടങ്ങൾക്കിടയ്ക്കുള്ള ഒന്നോ രണ്ടോ നിമിഷങ്ങൾ, മഞ്ഞുകാലത്തു സ്വപ്നം കണ്ടിരുന്ന നീണ്ട ദിവസങ്ങളെപ്പോലെ തോന്നി. ഭയത്തോടുകൂടിത്തന്നെ ഞാനും മുതലക്കുപ്പു കുത്തി.

പിന്നെ എനിക്ക് ഓർമ്മയുള്ളത്—മൂന്നു നിമിഷത്തിന്നുള്ളിലാണത്—ജോ അലറുന്നതും, മുറാദ് അലറുന്നതും, ഞാൻതന്നെ അലറുന്നതും, കേട്ടതാണ്. സംഭവിച്ചതിതാണ്: ഞങ്ങൾ തലയുംകുത്തിച്ചാടിയതു ചളിയിലേക്കായിരുന്നു. തോളുവരെ അതിൽ താണുപോയി. മററു രണ്ടുപേക്കും എന്തു സംഭവിച്ചിട്ടുണ്ടാകും എന്ന പരിഭ്രമത്തോടെയാണ് ഓരോരുത്തരും അതിൽനിന്നു പൊങ്ങിവന്നത്. ഞങ്ങളെല്ലാവരും ഇരമ്പിപ്പായുന്ന ആ തണുത്ത വെള്ളത്തിൽ മുട്ടോളം ചളിയിൽ നില്ക്കുകയായിരുന്നു.

നിന്ന നിലയിൽനിന്നുള്ള ചാട്ടമായിരുന്നു ഞങ്ങളുടേതു്. ഓടിവന്നാണു ചാടിയിരുന്നതെങ്കിൽ, തലകുത്തി വീഴുന്ന ഞങ്ങൾ കാല്വവരെ ചളിയിൽ ആണ്ടുപോകുമായിരുന്നു; വേനൽക്കാലംവരേക്കും, ചിലപ്പോൾ അതു കഴിഞ്ഞും, ഞങ്ങൾ ആ നില്പു നില്ക്കുകയും ചെയ്യേനേ.

ഇതു ഞങ്ങളെയെല്ലാം അല്പം ഭയപ്പെടുത്തി. പക്ഷേ,

അതേസമയം ജീവനോടെ രക്ഷപ്പെട്ടതിൽ ഞങ്ങൾ സന്തോഷിക്കുകയും ചെയ്തു.

അരുവിയിലെ ചളിയിൽ ഞങ്ങളങ്ങനെ നില്ക്കുമ്പോൾ കാററും മഴയും വന്നെത്തി.

ജോ പറഞ്ഞു: "നമ്മൾ മഴ നനയും എന്നു തീർച്ച. എന്നാൽ പിന്നെ അതു കുറെ കൊള്ളാം."

ഞങ്ങൾക്കെല്ലാം തണുപ്പു തോന്നിയിരുന്നു. എങ്കിലും ഒന്നു നീന്താൻ ആകുന്നപോലെ ശ്രമിച്ചുനോക്കേണ്ടതാണെന്നു ഞങ്ങൾക്കു തോന്നി. വെള്ളത്തിനു മൂന്നടിയിൽ കുറവേ ആഴമുണ്ടായിരുന്നുള്ളു. എന്നിരുന്നാലും, ജോ എങ്ങനെയോ അക്കരെയിക്കരെ നീന്തി ഒപ്പിച്ചു.

വളരെയേറെനേരം നീന്തിയെന്നു ഞങ്ങൾക്കു തോന്നിയെങ്കിലും, വാസ്തവത്തിൽ ഒരു പത്തു മിനിട്ടിൽക്കൂടുതലായിരുന്നില്ല. നീന്തലിനുശേഷം ഞങ്ങൾ വെള്ളത്തിൽ നിന്നു കയറി, ഒരു മരത്തിൻെറ ചുവട്ടിൽ ചെന്നുനിന്നു ഞങ്ങളുടെ ഭക്ഷണം കഴിച്ചു.

മഴ, നില്ക്കുന്നതിനുപകരം കൂടുകയാണുണ്ടായതു്. അതുകൊണ്ടു്, നേരെ വീട്ടിലേക്കു മടങ്ങുവാൻ ഞങ്ങൾ തീരുമാനിച്ചു.

"ഒരുപക്ഷേ, നമുക്കു വല്ല വാഹനവും കിട്ടിയേക്കും," ജോ പറഞ്ഞു.

മലാഗ എത്തുന്നതുവരെ നിരത്തു വിജനമായിരുന്നു. മലാഗയിൽ എത്തിയപ്പോൾ ഞങ്ങൾ ഒരു കടയിൽ കയറി തണുപ്പു മാററി.

"നിങ്ങൾ എവിടെ പോയിരുന്നു, കുട്ടികളെ?" കച്ചവടക്കാരൻ ചോദിച്ചു.

"നീന്താൻ," ജോ പറഞ്ഞു.

"നീന്താനോ?" അയാൾ തിരക്കി.

“അതേ, ഞങ്ങൾ ആ അരുവിയിൽ നീന്തി,” ജോ പറഞ്ഞു.

“എങ്ങനെയുണ്ടായിരുന്നു അരുവി?” കടക്കാരൻ അന്വേഷിച്ചു.

“മൂന്നടിയിൽ കുറവ് ആഴമേയുള്ളു,” ജോ പറഞ്ഞു.

“തണുപ്പ്”?

“മഞ്ഞുകട്ടിപോലെ.”

കടക്കാരൻ ചോദിച്ചു: “രസമായിരുന്നോ?”

“ആയിരുന്നോ?” ജോ മുറാദിനോട്ട് അന്വേഷിച്ചു.

നീന്തൽ രസമായിരുന്നുവോ അല്ലയോ എന്ന കാര്യത്തിൽ ജോയ്ക്കു തീർച്ചയുണ്ടായിരുന്നില്ല.

“എനിക്ക് അറിഞ്ഞുകൂടാ. ഞങ്ങൾ എടുത്തുചാടിയപ്പോൾ, തോളുവരെ ചളിയിലാണ്ടുപോയി,” മുറാദ് പറഞ്ഞു.

“കൊള്ളാം, എന്നെ കെട്ടിയെടുത്തു ദഹിപ്പിക്കട്ടെ, എന്തിനുവേണ്ടിയാണ് നിങ്ങൾ ഇതു ചെയ്തതു്?” കടക്കാരൻ അന്വേഷിച്ചു.

“വെറുതേ,” ജോ പറഞ്ഞു.

“അതുകൊള്ളാം; കുട്ടികളേ. നിങ്ങളുടെ വംശമേതാണ്?” കടക്കാരൻ ചോദിച്ചു.

ജോ പറഞ്ഞു: “ഞങ്ങളെല്ലാം കാലിഫോർണിയക്കാരാണ്. ഞാൻ ഫ്രെസ്നോവിലാണ് ജനിച്ചതു്. ഈ മുറാദും ഫ്രെസ്നോവിലാണ് ജനിച്ചതു്. അവൻെറ ഈ ബന്ധുവും അതേ.”

കച്ചവടക്കാരൻ ചോദിച്ചു: “നിങ്ങൾക്കെല്ലാം എന്തു വിദ്യാഭ്യാസമുണ്ട്?”

“ഞങ്ങൾ പഠിച്ചിട്ടേയില്ല,” ജോ പറഞ്ഞു.

“എന്നെ മരത്തിന്മേൽനിന്നു പറിച്ചെടുത്ത് ഒരു

പെട്ടിയിലേക്ക് എറിഞ്ഞോട്ടെ. ഇംഗ്ലീഷ്കൂടാതെ മറ്റെ ന്തു ഭാഷ അറിയാം നിങ്ങൾക്ക്?'' ആ കച്ചവടക്കാരൻ ചോദിച്ചു.

''എനിക്കു പോർച്ചുഗീസ് അറിയാം,'' ജോ പറഞ്ഞു.

കച്ചവടക്കാരൻ പറഞ്ഞു: ''നീ പഠിച്ചിട്ടില്ലെന്നോ? ഞാൻ യേലിൽ പോയിട്ടുണ്ട്. എനിക്കു പോർച്ചുഗീസ് പറയാൻ അറിഞ്ഞുകൂടാ. ആട്ടെ നിന്റെ കഥയെന്താണ്?''

''എനിക്ക് ആർമീനിയൻഭാഷ അറിയാം,'' മുറാദ് പറഞ്ഞു.

''മുന്തിരിവള്ളിയിൽനിന്നറുത്തെടുത്ത്, എന്നെ ഒരു ചെറിയ പെണ്ണു തിന്നോട്ടെ. എനിക്ക് ആർമീനിയനിൽ ഒരു വാക്കുപോലും പറയാൻ അറിഞ്ഞുകൂടാ. എടാ, കുഞ്ഞേ, നിന്റെ പേരെന്താ?'' കച്ചവടക്കാരൻ ചോദിച്ചു.

''ആരം ഗാരോഗ്ലാനിയൻ,'' ഞാൻ പറഞ്ഞു.

''എനിക്കതു പറയാൻ പററുമോ, നോക്കട്ടെ ഗർ–ഓഗ്–ലാനിയൻ, ശരിയല്ലേ?'' കടക്കാരൻ ചോദിച്ചു.

''അതെ,'' ഞാൻ പറഞ്ഞു.

''ആരം,' അയാൾ വിളിച്ചു.

''എന്താ,'' ഞാൻ വിളികേട്ടു.

''നിനക്ക് എന്തു ഭാഷയാണറിയാവുന്നത്?'' കടക്കാരൻ ചോദിച്ചു.

''എനിക്കും ആർമീനിയൻഭാഷ അറിയാം. അത് എന്റെ ബന്ധുവാണ്. മുറാദ്ഗാരോഗ്ലാനിയൻ,'' ഞാൻ പറഞ്ഞു.

ഒരു ഫോർഡ്കാർ ആ പീടികയുടെ മുമ്പിൽവന്നു നിന്നു. അതിൽനിന്ന് ഒരു വൃദ്ധൻ ഇറങ്ങി, മരത്തടിയിലൂടെ നടന്നു, കടയ്ക്കുള്ളിലേക്കു വന്നു.

"ആബട്ട്, എനിക്കൊന്നു കുടിക്കാൻ തരൂ," അയാൾ പറഞ്ഞു,

"മിസ്റ്റർ, ഹാർമൺ, ഈ വലിയ രാജ്യത്തെ ഏററവും നല്ല മൂന്നു കാലിഫോർണിയക്കാരെ അങ്ങു പരിചയപ്പെട്ടു," കടക്കാരൻ പറഞ്ഞു.

കടക്കാരൻ ജോയുടെ നേരെ ചൂണ്ടിക്കാണിച്ചു. ജോ പറഞ്ഞു: "ജോസഫ് ബററൻകോർട്ട്. പോർച്ചുഗീസ് ഭാഷ അറിയാം."

"സ്റ്റീഫൻ എൽ. ഹാർമൺ," ആ വൃദ്ധൻ സ്വയം പരിചയപ്പെടുത്തി.

കച്ചവടക്കാരൻ എന്റെ ബന്ധുവിന്റെ നേരെ ചൂണ്ടിക്കാണിച്ചു. മുറാദ് പറഞ്ഞു: "മുറാദ് ഗാരോഗ്ലാനിയൻ."

"നിങ്ങൾക്ക് എന്തു ഭാഷയാണ് അറിയാവുന്നതു്?" ഹാർമൺ ചോദിച്ചു.

"ആർമീനിയൻ," മുറാദ് പറഞ്ഞു.

കടക്കാരൻ, ഹാർമണ്, കുടിക്കാൻ കൊണ്ടുവന്നു കൊടുത്തു. അദ്ദേഹം അതു വാങ്ങിക്കുടിച്ചിട്ടു പറഞ്ഞു: "ആർമീനിയൻഭാഷ അറിയാവുന്ന ഒരു കാലിഫോർണിയക്കാരനെ കണ്ടുമുട്ടാൻ കഴിഞ്ഞതിൽ എനിക്കഭിമാനമുണ്ട്."

കച്ചവടക്കാരൻ എന്നെ ചൂണ്ടിക്കാണിച്ചു.

"ആരം ഗാരോഗ്ലാനിയൻ," ഞാൻ പറഞ്ഞു.

"സഹോദരന്മാരാണോ?" ഹാർമൺ ചോദിച്ചു.

"ബന്ധുക്കൾ," ഞാൻ പറഞ്ഞു.

"രണ്ടും ഒന്നുതന്നെ. ആബട്ട്, എന്താണു് ഈ സമ്മേളനത്തിനു കാരണം?" ഹാർമൺ ചോദിച്ചു.

“ഈ കുട്ടികൾ അരുവിയിൽ നീന്തലുംകഴിഞ്ഞു വരികയാണു്,” കടക്കാരൻ പറഞ്ഞു.

“എന്തുംകഴിഞ്ഞു വരുന്നു?” ഹാർമൺ ചോദിച്ചു.

“അവർ നീന്തലും കഴിഞ്ഞു വരുന്ന വഴിയാണു്,” കടക്കാരൻ പറഞ്ഞു.

“നിങ്ങളിലാക്കെങ്കിലും അസുഖം തോന്നുന്നുണ്ടോ?” ഹാർമൺ ചോദിച്ചു.

“അസുഖമോ? ഞങ്ങൾക്കു് അസുഖമൊന്നുമില്ല,” ജോ പറഞ്ഞു.

കടക്കാരൻ ചിരിച്ചു. അയാൾ പറഞ്ഞു: “അസുഖമോ? അസുഖം. മഞ്ഞുകാലത്തെ ഇരുണ്ട ജലത്തിലേക്കു കുതിച്ചുചാടിയവരാണു് ഈ കുട്ടികൾ.”

ജീവിതശേഷം മുഴവൻ ഞങ്ങളെ ഓമ്മിക്കാനെന്ന പോലെ, ഹാർമൺ ഞങ്ങളെ ഓരോരുത്തരേയും സൂക്ഷിച്ചുനോക്കി. അനന്തരം അദ്ദേഹം പറഞ്ഞു: “ശരി കുട്ടികളെ, എനിക്കു ജോലിക്കുപോണം, ഞാൻ പോട്ടെ.”

“ശരി, നമസ്കാരം!” ഞങ്ങൾ പറഞ്ഞു.

ഇതിനകം ഞങ്ങളുടെ വസ്ത്രങ്ങൾ ഏതാണ്ടു് ഉണങ്ങിക്കഴിഞ്ഞിരുന്നു. പക്ഷേ, മഴ നിന്നിരുന്നില്ല.

“മിസ്റ്റർ ആബട്ടു്, വളരെ നന്ദി. ഞങ്ങൾക്കും വീട്ടിലെത്തണമല്ലോ; പോകട്ടെ,” ജോ പറഞ്ഞു.

“നന്ദിപറയാൻപോലുമൊന്നുമില്ല,” കച്ചവടക്കാരൻ പറഞ്ഞു: “ഞാൻ നിങ്ങൾക്കു നന്ദി പറയുന്നു.”

ഞങ്ങൾ പതുക്കെ കടയിൽനിന്നിറങ്ങി റോഡിലൂടെ നടക്കുവാൻ തുടങ്ങി. മഴയുടെ ശക്തി വളരെയേറെ കുറഞ്ഞിരുന്നു. മഴ പെയ്യുന്നുണ്ടെന്നേ തോന്നുമായിരുന്നില്ല. എന്താണു് ആലോചിക്കേണ്ടതെന്നു് എനിക്കറിഞ്ഞുകൂടായിരുന്നു. ജോയാണു് ആദ്യം മൗനം ഭഞ്ജിച്ചതു്.

അയാൾ പറഞ്ഞു: "ആ ആബട്ട് ഒരു വിചിത്ര മനുഷ്യനാണ്."

"ബോർഡിന്മേലുള്ള പേര് ഡാർകസ് എന്നാണ്. ആബട്ട് അയാളുടെ ഒന്നാം പേരായിരിക്കാം." ഞാൻ പറഞ്ഞു.

"ആദ്യത്തേതായാലും അവസാനത്തേതായാലും, അയാൾ ഒരു വിചിത്ര മനുഷ്യനാണ്," ജോ പറഞ്ഞു.

ഞങ്ങൾ റോഡിലൂടെ വേഗം നടന്നു. കുറച്ചു മിനിട്ടുകൾ കഴിഞ്ഞപ്പോഴേക്ക് മേഘങ്ങൾ നീങ്ങി സൂര്യൻ പ്രത്യക്ഷപ്പെട്ടു.

ജോ പറഞ്ഞു: "നമ്മൾ അരുവിയിൽ നീന്തിയെന്നതു തീർച്ച. ആട്ടെ, അയാൾക്കു പിരിയുണ്ടോ?"

"എനിക്കറിയില്ല," മുറാദ് പറഞ്ഞു.

ഒരു മണിക്കൂർകൂടി വേണ്ടിവന്നു ഞങ്ങൾക്കു വീട്ടിലെത്താൻ. ആ രണ്ടു മനുഷ്യരെപ്പററി ഞങ്ങൾ ചിന്തിച്ചു; ആ കടക്കാരനു് പിരിയാണോ അല്ലയോ എന്നതിനെപ്പററിയും ഞങ്ങൾ ആലോചിച്ചു. അയാൾ ഭ്രാന്തനല്ലെന്നായിരുന്നു എൻെറ വിശ്വാസം; അതേ സമയം അയാൾ ഒരു പിരിയനെപ്പോലെയാണു് പെരുമാറിയതെന്നു് എനിക്കു തോന്നിതാനും.

"ശരി, പിന്നെക്കാണാം," ജോ പറഞ്ഞു.

"ശരി, പിന്നെക്കാണാം," ഞങ്ങളും പറഞ്ഞു.

അയാൾ റോഡിലൂടെ മുന്നോട്ടു നടന്നു. ഏതാണ്ട് അൻപതടി ദൂരെ ചെന്നപ്പോൾ അയാൾ തിരിഞ്ഞുനിന്നു്, മിക്കവാറും തന്നോടുതന്നെ എന്തോ പറഞ്ഞു.

"എന്താ?" മുറാദ് വിളിച്ചുചോദിച്ചു.

"അയാൾക്കു് അതുതന്നെയാ," ജോ വിളിച്ചു പറഞ്ഞു.

"ഏതു്?" ഞാൻ ഉറക്കെ ചോദിച്ചു.

"പിരി," ജോ മറുപടി പറഞ്ഞു.

"അതേയോ? തനിക്കെങ്ങനെ മനസ്സിലായി?" ഞാൻ വിളിച്ചുചോദിച്ചു.

ജോ വിളിച്ചുപറഞ്ഞു: "എങ്ങനെയാണ് ഒരാളെ, മുന്തിരിവള്ളിയിൽനിന്നു മുറിച്ചെട്ടുത്തു് ഒരു പെൺകുട്ടിക്കു് തിന്നാൻകഴിയുക?"

"അയാൾക്കു പിരിതന്നെയാണെന്നു വച്ചോ, അതിനെന്താ?" മുറാദ് ചോദിച്ചു.

ജോ കൈ മുഖത്തു വച്ചു് ആലോചിക്കുവാൻ തുടങ്ങി. സൂര്യൻ നല്ലവണ്ണം പ്രകാശിക്കുന്നുണ്ടായിരുന്നു; ലോകംമുഴുവൻ വെളിച്ചം നിറഞ്ഞിരുന്നു.

"അയാൾക്കു പിരിയാണെന്നു് എനിക്കു തോന്നുന്നില്ല," ജോ വിളിച്ചുപറഞ്ഞു.

അയാൾ നിരത്തിലൂടെ യാത്ര തുടർന്നു.

"അയാൾ പിരിയനാണ്," മുറാദ് പറഞ്ഞു.

"പക്ഷേ, എപ്പോഴും ഇളക്കം ഉണ്ടാവില്ലായിരിക്കാം," ഞാൻ പറഞ്ഞു.

അടുത്ത തവണ നീന്താൻ പോകുന്നതുവരെ, അക്കാര്യം അങ്ങനെ വിടുവാൻ ഞങ്ങൾ തീരുമാനിച്ചു. അടുത്ത പ്രാവശ്യം ആ കട ഒന്നുകൂടെ സന്ദർശിച്ചു് എന്താണ് സംഭവിക്കുന്നതെന്നു നോക്കാം.

ഒരു മാസം കഴിഞ്ഞതിനുശേഷം, ഒരു ദിവസം, നീന്തലും കഴിഞ്ഞു ഞങ്ങൾ മൂന്നുപേരും ആ കടയിൽ ചെന്നപ്പോൾ, അതിന്റെ ഉടമസ്ഥനായി കണ്ടതു്, ആബട്ട് ഡാർകസ്സിനേക്കാൾ വളരെയേറെ പ്രായം കുറഞ്ഞ ഒരാളെയാണ്.

“മിസ്റ്റർ ഡാർക്കസ് എവിടെ?” മുറാദ് ചോദിച്ചു.

“അയാൾ ഇവിടംവിട്ടു പോയി,” ആ ചെറുപ്പക്കാരൻ പറഞ്ഞു.

അവസാനം ജോ ആ ചോദ്യം ചോദിച്ചു: “അയാൾ ഒരു പിരിയനായിരുന്നോ?”

ചെറുപ്പക്കാരൻ പറഞ്ഞു: “അതു പറയാൻ വിഷമമാണ്. അയാൾ ഒരു പിരിയനാണെന്നാണ് ആദ്യം ഞാൻ വിചാരിച്ചതു്. പിന്നീട്ട ഞാൻ തീരുമാനിച്ചു, അയാൾ പിരിയനല്ലെന്നു്. ഈ കട നടത്തിയിരുന്ന സമ്പ്രദായം കണ്ടാൽ അയാൾ ഒരു ഭ്രാന്തനാണെന്നേ തോന്നൂ. വില്ക്കുന്നതിനേക്കാൾ കൂടുതൽ അയാൾ വെറുതെ കൊട്ടത്തിരുന്നു. സംസാരം കേട്ടാലും അയാൾ ഒരു പിരിയനാണെന്നേ തോന്നൂ.”

“വളരെ നന്ദി,” ജോ പറഞ്ഞു.

ആ കടയിൽ ഇപ്പോൾ അട്ടക്കും ചിട്ടയും ഉണ്ടായിരുന്നു; പക്ഷേ, മുമ്പത്തെപ്പോലെ അത്ര രസമുള്ള സ്ഥലമല്ലായിരുന്നു അതു്. ഞങ്ങൾ പുറത്തു കടന്നു് വീട്ടിലേക്കു നടന്നു.

“അയാൾ ഭ്രാന്തനാണ്,” ജോ പറഞ്ഞു.

“ആരു്?” ഞാൻ ചോദിച്ചു.

“ഇപ്പോൾ ആ കടയിൽ ഉള്ള ആൾ,” ജോ മറുപടി പറഞ്ഞു.

“ആ ചെറുപ്പക്കാരനോ?” ഞാൻ ചോദിച്ചു.

“അതേ, യാതൊരു പഠിപ്പുമില്ലാത്ത ആ പുതിയ മനുഷ്യൻ,” ജോ പറഞ്ഞു.

“താൻ പറയുന്നതു ശരിയാണെന്നാണ് എനിക്കു തോന്നുന്നതു്,” മുറാദ് പറഞ്ഞു.

വീട്ടിലേക്കു മടങ്ങുമ്പോൾ, വഴിനീളെ ഞങ്ങൾ, വിദ്യാസമ്പന്നനായിരുന്ന ആ പഴയ കടക്കാരനെപ്പററി ഓർത്തുകൊണ്ടിരുന്നു.

ഞങ്ങളെ പിരിഞ്ഞു യാത്രുടരാറായപ്പോൾ ജോ പറഞ്ഞു: "പിന്നെക്കാണാം."

"ശരി, പിന്നെക്കാണാം," മുറാദ്ദും പറഞ്ഞു.

"കൊള്ളാം, എന്നെ ഒരു മുന്തിരിവള്ളിയിൽനിന്നു് അറുത്തെടുത്തു്, ഒരു പെൺകുട്ടി തിന്നോട്ടേ," ഞാൻ പറഞ്ഞു.

അയാൾ വാസ്തവത്തിൽ ഒരു വിചിത്രമനുഷ്യനായിരുന്നു.

ഇരുപതു വർഷത്തിനുശേഷം എനിക്കു തോന്നി, അയാൾ ഒരു കവിയായിരുന്നിരിക്കണം. അയാൾ കട നടത്തിയിരുന്നതു്, അതിലെ കവിതയ്ക്കുവേണ്ടി ആയിരുന്നു, പണത്തിനുവേണ്ടിയല്ല.

## ഒജീബ്‌വേവംശക്കാരനായ ലോക്കോമൊട്ടീവ് 38

ഒരുദിവസം കുതിരപ്പുറത്ത് ഒരാൾ പട്ടണത്തിൽ വന്നെത്തി. അയാൾ മിക്കസമയവും പൊതുഗ്രന്ഥാലയത്തിലാണ് ചെലവഴിച്ചിരുന്നത്. ഞാനും അക്കാലത്തു മിക്കസമയവും ചെലവഴിച്ചിരുന്നത് അവിടെയാണ്. നല്ല ഉയരമുള്ള ആ ചെറുപ്പക്കാരൻ ഒജീബ്‌വേവംശക്കാരനായിരുന്നു. തൻെറ പേര് ലോക്കോമൊട്ടീവ് 38 എന്നാണെന്നാണ് അയാൾ എന്നോടു പറഞ്ഞത്. പട്ടണത്തിൽ എല്ലാവരും അയാൾ ഒരു ഭ്രാന്തനാണെന്നു കരുതി.

അയാൾ പട്ടണത്തിലെത്തി ആറുദിവസം കഴിഞ്ഞപ്പോൾ, ഒരു മോട്ടോർകാർ തട്ടി അയാളുടെ കുതിരയ്ക്കു വല്ലാതെ മുറിവുപറ്റി. പിറ്റേദിവസം ആ കുതിര ചാവുകയും ചെയ്തു. റോഡിൽ, ഒജീബ്‌വേക്കാരൻെറ കാലിന്മേലേക്കു മറിഞ്ഞുവീണാണ് അതു ചത്തത്. അയാൾ ആ മൃഗത്തിൻെറ കീഴിൽനിന്ന് കാലുവലിച്ചെടുത്ത്, അവിടെനിന്ന് എഴുന്നേററ്, തെരുവിൻെറ മൂലയിൽ ഉള്ള കടയിൽച്ചെന്ന്, വളരെദൂരെ ഒരിടത്തേക്കു ടെലിഫോൺ ചെയ്തു. ഒക്‌ലാഹോമയിലുള്ള തൻെറ സഹോദരനെയാണ് അയാൾ ടെലിഫോണിൽ വിളിച്ചത്. അതിന് അയാൾക്ക് ഒരുപാടു പണം ചെലവായി. പക്ഷേ, ദിവസേന ഇങ്ങനെ ടെലിഫോൺ ചെയ്യുന്ന ഒരാളെപ്പോലെ, അയാൾ, അതിനുള്ള പണം ടെലിഫോൺപെട്ടിയിൽ ഇട്ടു.

ആ സമയത്ത് ഞാൻ ആ കടയിലുണ്ടായിരുന്നു.

ടെലിഫോണിൽ സംസാരിച്ചുകഴിഞ്ഞപ്പോൾ അയാൾ എന്നെ കണ്ടു.

"ഹലോ വില്ലി," അയാൾ വിളിച്ചു.

എൻെറ പേരു് വില്ലിയെന്നല്ല എന്നു് അയാൾക്കു് അറിയാമായിരുന്നു. പക്ഷേ, എന്നെ അങ്ങനെ വിളിക്കാനായിരുന്നു അയാൾക്കിഷ്ടം.

"വലിയ കഷ്ടമായിപ്പോയി, നിങ്ങളുടെ കുതിരയുടെ കാര്യം," ഞാൻ പറഞ്ഞു.

അയാൾ പറഞ്ഞു: "ഈ ലോകത്തിൽ ഒരു മൃഗത്തിനു യാതൊരു സ്ഥാനവുമില്ല. ഞാൻ ഏതുതരം കാറാണു് വാങ്ങേണ്ടതു്?"

"നിങ്ങൾ ഒരു കാറു് വാങ്ങാൻപോവുകയാണോ?" ഞാൻ ചോദിച്ചു.

"കുറെ മിനിട്ടുകളായി, അക്കാര്യം ഞാൻ ആലോചിക്കുകയായിരുന്നു," അയാൾ പറഞ്ഞു.

"നിങ്ങൾക്കു പണമുണ്ടെന്നു് ഞാൻ വിചാരിച്ചില്ല; നിങ്ങൾ ഒരു ദരിദ്രനാണെന്നാണു് ഞാൻ കരുതിയതു്," ഞാൻ പറഞ്ഞു.

"അങ്ങനെയൊരു വിചാരമാണു ജനങ്ങൾക്കുള്ളതു്, അവർക്കുള്ള മറെറാരു ധാരണ ഞാൻ കിറുക്കനാണെന്നതാണു്," അയാൾ പറഞ്ഞു.

"നിങ്ങൾ ഒരു കിറുക്കനാണെന്നു് എനിക്കു വിചാരമില്ല. പക്ഷേ, നിങ്ങൾ സമ്പന്നനാണെന്നും ഞാൻ കരുതിയിരുന്നില്ല," ഞാൻ പറഞ്ഞു.

"ശരി, ഞാൻ സമ്പന്നനാണു്," അയാൾ പറഞ്ഞു.

"എനിക്കു പണമുണ്ടായിരുന്നെങ്കിൽ!" ഞാൻ പറഞ്ഞു.

"എന്തിനു്?" അയാൾ ചോദിച്ചു.

ഞാൻ പറഞ്ഞു: "മെൻഡോററയിൽ മീൻപിടിക്കാൻ പോകണമെന്നു്, കഴിഞ്ഞ മൂന്നുകൊല്ലമായി ഞാൻ വിചാരിക്കുന്നു. മീൻപിടിക്കാനുള്ള ഉപകരണങ്ങൾ വേണം; അവിടെ ചെന്നെത്താൻ എന്തെങ്കിലും വാഹനവും വേണം."

"തനിക്കു കാറോടിക്കാൻ അറിയുമോ?" ഒജീബ്വേക്കാരൻ ചോദിച്ചു.

"ഞാൻ എന്തും ഓടിക്കാം," ഞാൻ പറഞ്ഞു.

"താൻ എന്നെങ്കിലും ഒരു കാറു് ഓടിച്ചിട്ടുണ്ടോ?" അയാൾ ചോദിച്ചു.

ഞാൻ പറഞ്ഞു: "ഇതുവരെയില്ല. ഓടിച്ചുനോക്കാൻ ഇതുവരെ എനിക്കൊരു കാറു് കിട്ടിയിട്ടില്ല. കട്ടെടുക്കുന്നതു് ഞങ്ങളുടെ കുടുംബപാരമ്പര്യത്തിനെതിരാണുതാനും."

"ഒരു കാറിൽ കയറി ഇരുന്നു് ഓടിച്ചുപോകാൻ കഴിയുമെന്നു തനിക്കു വിശ്വാസമുണ്ടെന്നാണോ താൻ പറയുന്നതു്?" അയാൾ ചോദിച്ചു.

"അതെ," ഞാൻ പറഞ്ഞു.

"ഗ്രന്ഥശാലയുടെ വരാന്തയിൽവച്ചു് ഇന്നലെരാത്രി ഞാൻ പറഞ്ഞതു് ഓർമ്മയുണ്ടോ?" അയാൾ ചോദിച്ചു.

"ഈ പുതിയ യുഗത്തിൻെറ കാര്യമല്ലേ?" ഞാൻ അന്വേഷിച്ചു.

"അതെ," അയാൾ പറഞ്ഞു.

"എനിക്കു് ഓർമ്മയുണ്ടു്," ഞാൻ പറഞ്ഞു.

അയാൾ പറഞ്ഞു: "റെഡ്ഇന്ത്യന്മാർ ജനിക്കുന്നതുതന്നെ, കുതിര ഓടിക്കാനും, വഞ്ചി വലിക്കാനും, നായാടാനും, മീൻപിടിക്കാനും, നീന്താനും എല്ലാം അറിഞ്ഞുകൊണ്ടാണു്. അമേരിക്കക്കാർ ജനിക്കുന്നതു്, കാറോടിക്കാൻ അറിഞ്ഞുകൊണ്ടും."

"ഞാൻ അമേരിക്കനല്ല," ഞാൻ പറഞ്ഞു.

അയാൾ പറഞ്ഞു: "അതെനിക്കറിയാം. താൻ ഒരു ആർമീനിയക്കാരനാണു്. അതെനിക്കു് ഓർമ്മയുണ്ടു്. ഞാൻ തന്നോടു ചോദിക്കുകയും താൻ എന്നോടു പറയുകയും ചെയ്തിട്ടുണ്ടല്ലോ. താൻ അമേരിക്കയിൽ ജനിച്ച ഒരു ആർമീനിയക്കാരനാണു്. തനിക്കു വയസ്സു് പതിന്നാലേ ആയിട്ടുള്ളു. അപ്പോഴെല്ലാം, കാറിന്നുള്ളിൽ കയറിയിരുന്നാൽ മതി, ഉടനെ അതോടിക്കാൻ കഴിയുമെന്നു തനിക്കു ബോദ്ധ്യം വന്നിരിക്കുന്നു. താൻ ഒരമേരിക്കക്കാരനാണു്, തന്റെ തൊലിയും എന്റേതുപോലെതന്നെ കറുത്തതാണെങ്കിലും."

"കാറോടിക്കുന്നതു സാരമില്ല. കുതിര ഓടിക്കുന്നതിനേക്കാൾ എളുപ്പമാണതു്," ഞാൻ പറഞ്ഞു.

"ശരി, ശരി, താൻ പറയുന്നതുപോലെതന്നെ. ഞാൻ ഇപ്പോൾത്തന്നെ പോയി ഒരു കാറു വാങ്ങുകയാണെങ്കിൽ എനിക്കുവേണ്ടി താൻ അതു് ഓടിക്കാമോ?" അയാൾ ചോദിച്ചു.

"നിശ്ചയമായും," ഞാൻ പറഞ്ഞു.

"തനിക്കു് എന്തു ശമ്പളം വേണം?" അയാൾ ചോദിച്ചു.

"കാറോടിക്കുന്നതിനു് എനിക്കു കൂലി തരാനാണോ നിങ്ങൾ വിചാരിക്കുന്നതു്?" ഞാൻ അന്വേഷിച്ചു.

"അതേ," ആ ഒജീബ്‌വേക്കാരൻ പറഞ്ഞു.

"അതു് അങ്ങയുടെ സന്മനസ്സു്. പക്ഷേ, കാറോടിക്കുന്നതിനു് എനിക്കു കൂലിയൊന്നും വേണ്ട." ഞാൻ പറഞ്ഞു.

"ചില യാത്രകൾ നീണ്ടവയായിരിക്കും," അയാൾ പറഞ്ഞു.

"അത്രയും നല്ലതു്," ഞാൻ പറഞ്ഞു.

"തനിക്കെന്താ, ഇരിക്കപ്പൊറുതിയില്ലേ?" അയാൾ അന്വേഷിച്ചു.

"ഞാൻ ഈ പഴയ ചെറുപട്ടണത്തിലാണു് ജനിച്ചതു്," ഞാൻ പറഞ്ഞു.

"തനിക്കിതു് ഇഷ്ടമല്ലേ?" അയാൾ ചോദിച്ചു.

"പർവ്വതങ്ങൾ, അരുവികൾ, മലമ്പ്രദേശത്തെ തടാകങ്ങൾ—ഇവയെല്ലാമാണു് എനിക്കിഷ്ടം," ഞാൻ മറുപടി പറഞ്ഞു.

"എന്നെങ്കിലും മലയിൽ പോയിട്ടുണ്ടോ താൻ?" അയാൾ ചോദിച്ചു.

"ഇതുവരേക്കും ഇല്ല. പക്ഷേ, എന്നെങ്കിലും ഞാൻ പോകുന്നുണ്ടു്," ഞാൻ പറഞ്ഞു.

"ശരി, ഞാൻ ഏതു കാറു വാങ്ങണമെന്നാണു് തന്റെ അഭിപ്രായം," അയാൾ അന്വേഷിച്ചു.

"ഫോർഡായാലോ?" ഞാൻ ചോദിച്ചു.

"അതാണോ ഏറ്റവും നല്ലതു്?" അയാൾ തിരക്കി.

"ഏററവും നല്ലതാണോ വേണ്ടതു്?" ഞാൻ ചോദിച്ചു.

"ഏറ്റവും നല്ലതു വാങ്ങിക്കൂടെ?" അയാൾ പറഞ്ഞു.

"ആവോ, ഏററവും നല്ലതിന്നു കുറെയേറെ പണമാകും," ഞാൻ പറഞ്ഞു.

"ഏതാണു് ഏറ്റവും നല്ലതു്?" അയാൾ ചോദിച്ചു.

ഞാൻ പറഞ്ഞു: "കാഡിലാക്കാണെന്നു് ചിലർ പറയുന്നു. മററു ചിലർ പറയുന്നതു് പാക്കാർഡാണെന്നാണു്. അവ രണ്ടും നല്ലതാണു്. ഏതാണു് ഏററവും നല്ലതെന്നു് എനിക്കറിയില്ല. പാക്കാർഡു് റോഡിലൂടെ പോകുന്നതു കാണാൻ നല്ല ഭംഗിയുണ്ടു്. കാഡിലാക്കിനും

അങ്ങനെതന്നെ. ഈ നല്ല കാറുകൾ ധാരാളം റോഡിലൂടെ പോകുന്നതു ഞാൻ നോക്കിനിന്നിട്ടുണ്ട്."

"പാക്കാർഡിനെന്താകും?" അയാൾ ചോദിച്ചു.

"ഏതാണ്ട് മൂവായിരം ഡോളർ. ചിലപ്പോൾ അല്പം കൂട്ടതലായെന്നും വരാം," ഞാൻ പറഞ്ഞു.

"ഇപ്പോൾത്തന്നെ പോയി ഒരെണ്ണം വാങ്ങിക്കാമോ?" അയാൾ ചോദിച്ചു.

ഭ്രാന്താണ് അയാൾ പറയുന്നതെന്നു തോന്നിയെങ്കിലും അയാൾക്കു ഭ്രാന്തില്ലെന്ന് എനിക്കറിയാമായിരുന്നു.

"നോക്കൂ, മിസ്റ്റർ ലോക്കോമൊട്ടീവ്, ഇപ്പോൾ പോയി ഒരു പാക്കാർഡു വാങ്ങിക്കണമെന്ന് നിങ്ങൾ കാര്യമായി പറയുകയാണോ?" ഞാൻ ചോദിച്ചു.

"എൻെറ കുതിര ഏതാനും മിനിട്ടുകൾക്കു മുമ്പ് ചത്തുപോയതു തനിക്കറിയില്ലേ? എൻെറ കൈയിൽ നിറയെ പണമുണ്ടുതാനും," അയാൾ പറഞ്ഞു.

"അവസാനം, ഇയാൾ ഒരു കിറുക്കൻതന്നെ ആയിരിക്കുമോ?"—ഞാൻ ആലോചിച്ചു.

"എവിടെനിന്നാണ് നിങ്ങൾക്കിത്രവലരെ പണം?" ഞാൻ ചോദിച്ചു.

"ഒക്‌ലാഹോമയിൽ എനിക്കു കുറെ സ്ഥലമുണ്ട്—ഒരു അമ്പതിനായിരം ഏക്കർ," അയാൾ പറഞ്ഞു.

"വിലയുള്ള സ്ഥലമാണോ?" ഞാൻ അന്വേഷിച്ചു.

"അല്ല. ഒരു ഇരുപതേക്കർ ഒഴിച്ചു ബാക്കിയെല്ലാം വെറുതെ കിടക്കയാണ്. ഇരുപതേക്കർ സ്ഥലത്ത് എണ്ണക്കിണറുകൾ ഉണ്ട്; എനിക്കും എൻെറ സഹോദരനും കൂടി," അയാൾ പറഞ്ഞു.

"ഒജ്ജീബ്വ്‌വംശക്കാരനായ നിങ്ങൾ എങ്ങനെ ഒക്ലാഹോമയിൽ എത്തി? വടക്ക്, ഗ്രേററ്‌ലേക്കിനു ചുററു പാട്ടമായാണ് നിങ്ങളെല്ലാം താമസിക്കുന്നതെന്നായിരുന്നു എൻെറ ധാരണ," ഞാൻ പറഞ്ഞു.

ആ റെഡ്‌ഇന്ത്യൻ പറഞ്ഞു: "അതു ശരിയാണ്. ഗ്രേററ്‌ലേക്കിൻെറ സമീപത്തായിരുന്നു ഞങ്ങളെല്ലാം. പക്ഷേ, മററുള്ളവരെല്ലാം പടിഞ്ഞാട്ടു നീങ്ങിയപ്പോൾ കൂട്ടത്തിൽ മുത്തച്ഛനും പോന്നു."

"അതു ശരി," ഞാൻ പറഞ്ഞു.

അയാൾ പറഞ്ഞു: "ഈ ലോകത്തിൽ തനിക്കല്ലാതെ മററാക്കും അറിയില്ല, എനിക്കു പണമുണ്ടെന്നു്. ഒരു കാറു് ഉടനടി വാങ്ങാൻ കിട്ടുന്ന സ്ഥലം തനിക്കറിയാമോ?"

"പാക്കാർഡ്ഡുകൾ വില്ക്കുന്ന സ്ഥലം ഗ്രന്ഥശാലക്കു സമീപമാണ്," ഞാൻ പറഞ്ഞു.

"ശരി, എനിക്കുവേണ്ടി കാറോടിക്കാൻ തനിക്കു വിരോധമൊന്നുമില്ലെങ്കിൽ, നമുക്കു പോയി ഒരു കാറു വാങ്ങാം. നല്ല നിറമുള്ള ഒന്നു്. ചുമപ്പുണ്ടെങ്കിൽ ചുമപ്പു തന്നെ. ആദ്യമായി എങ്ങോട്ടു് ഓടിക്കാനാണ് തനിക്കിഷ്ടം?" അയാൾ പറഞ്ഞു.

"മെൻഡോററയിൽ മീൻപിടിക്കാൻ പോകുന്നതിനു വിരോധമുണ്ടോ?" ഞാൻ ചോദിച്ചു.

അയാൾ പറഞ്ഞു: "ഞാൻ അവിടംവരെ വരാം; താൻ ചൂണ്ടയിടുന്നതു നോക്കിയിരിക്കുകയും ചെയ്യാം. മീൻ പിടിക്കുന്നതിന്നുള്ള ഉപകരണങ്ങൾ എവിടെ വാങ്ങാൻ കിട്ടും?"

"അടുത്തുതന്നെ, ആ മൂലയിൽ ഉള്ള പീടികയിൽ," ഞാൻ പറഞ്ഞു.

ആ റെഡ്ഇന്ത്യൻ, ഇരുപത്തേഴ ഡോളർ ചെലവാക്കി, എനിക്കുവേണ്ടി മീൻപിടിക്കാനുള്ള ഉപകരണങ്ങളെല്ലാം വാങ്ങി; അതിനുശേഷം ഞങ്ങൾ പാക്കാർഡ്കാറുകൾ വില്ക്കുന്ന സ്ഥലത്തു ചെന്നു. ചുമന്ന നിറത്തിലുള്ള പാക്കാർഡ് കാറ് അവിടെയില്ലായിരുന്നു. പക്ഷേ, മനോഹരമായ പച്ചനിറത്തിൽ ഒന്നവിടെ ഉണ്ടായിരുന്നു.

"ഈ വലിയ കൂററൻ കാറ് ഓടിക്കാൻ കഴിയുമെന്നു തനിക്കു തോന്നുന്നുണ്ടോ?" ആ റെഡ്ഇന്ത്യൻ ചോദിച്ചു.

"ഇതു് ഓടിക്കാൻ കഴിയുമെന്നു് എനിക്കു ബോദ്ധ്യമുണ്ട്." ഞാൻ മറുപടി പറഞ്ഞു.

പാക്കാർഡ്കട നടത്തുന്ന ആളുടെ, ജിം ലൂയിസിൻെറ നേരെ തിരിഞ്ഞു് അയാൾ പറഞ്ഞു: "ഞാൻ ഈ കാറ് എടുക്കാം."

"മൂവായിരത്തി ഇരുനൂറ്റി പതിനേഴ ഡോളർ എഴപത്തഞ്ചു സെൻറു തരാൻ നിങ്ങൾ തയ്യാറാണെന്നാണോ പറയുന്നതു്?" ജിം ചോദിച്ചു.

"അതേ, ഇതു് ഇപ്പോൾത്തന്നെ ഓടിച്ചു കൊണ്ടു പോകാൻ പാകത്തിലാണല്ലോ, അല്ലേ?" ആ റെഡ് ഇന്ത്യൻ തിരക്കി.

"അതേയതെ," ജിം പറഞ്ഞു. അയാൾ തുടന്നു: "പണിക്കാർ പിള്ളേരെക്കൊണ്ടു്, പൊടി വല്ലതുമുണ്ടെങ്കിൽ പോകാൻ ഇതാകെ ഒരു തുണികൊണ്ടു തുടപ്പിക്കുകയും, എണ്ണ നിറപ്പിക്കുകയും ചെയ്യാം ഞാൻ. പത്തു മിനിട്ടിൽ കൂടുതലെടുക്കില്ല അതിനു്. അതിനിടയ്ക്കു് ആപ്പീസിലേക്കൊന്നു വന്നാൽ, നമുക്കു കച്ചവടത്തിലെ മററുകാര്യങ്ങളെല്ലാം ഒതുക്കാം."

ജിമ്മും ആ റെഡ്ഇന്ത്യനുംകൂടി ജിമ്മിൻെറ ആപ്പീസിലേക്കു കയറിപ്പോയി.

ഏതാണ്ട് മൂന്നു മിനിട്ടു കഴിഞ്ഞപ്പോൾ ജിം എന്റെ അടുക്കലേക്കു വന്നു.

അയാൾ ചോദിച്ചു: "ആരം, ആരാണീമനുഷ്യൻ? അയാൾക്കു കിറുക്കാണെന്നാണു ഞാൻ കരുതിയതു്. ഒക്‌ലാഹോമയിലെ അയാളുടെ ബാങ്കുകാരോടു ഞാൻ ടെലിഫോണിൽ അന്വേഷിച്ചപ്പോൾ, അവർ പറഞ്ഞതു്, അയാളുടെ കണക്കിൽ പത്തുലക്ഷം ഡോളറിൽ കൂടുതൽ ഉണ്ടെന്നാണു്. തനിക്കു് അയാളെ അറിയാമോ?"

"ലോക്കോമൊട്ടീവ് 38, എന്നാണു് അയാൾ പേരു പറഞ്ഞതു്. പക്ഷേ, അതൊരു പേരല്ല," ഞാൻ പറഞ്ഞു.

ജിം പറഞ്ഞു: "അതയാളുടെ റെഡ്ഇന്ത്യൻപേരാണു്. അയാളുടെ മുഴുവൻ അമേരിക്കൻപേരും, ഈ കച്ചവടത്തിന്നുള്ള രേഖകളിൽ എഴുതിയിട്ടുണ്ടു്. താൻ അയാളെ അറിയുമോ?"

ഞാൻ പറഞ്ഞു: "അയാൾ ഒരു കുതിരപ്പുറത്തു കയറി ഈ പട്ടണത്തിൽ വന്നെത്തിയ അന്നുമുതൽ എല്ലാ ദിവസവും ഞാൻ അയാളോടു സംസാരിക്കാറുണ്ടു്. ആ കുതിര ഇന്നു രാവിലെ ചത്തുപോയി. പക്ഷേ, അയാൾക്കിത്ര പണമുണ്ടെന്നു ഞാൻ ഒരിക്കലും കരുതിയില്ല."

ജിം പറഞ്ഞു: "താനാണു് കാറോടിക്കാൻപോകുന്നതെന്നാണല്ലോ അയാൾ പറഞ്ഞതു്. ഇത്തരം ഒരു വലിയ കാറു് ഓടിക്കാമെന്നു തനിക്കു ധൈര്യമുണ്ടോ?"

"മിസ്റ്റർ ലൂയിസ്, ഒരു മിനിട്ടു നില്ക്കൂ. ജീവകാലത്തൊരിക്കൽ മാത്രം കൈവരുന്ന ഇത്തരം ഒരു സന്ദർഭം നിങ്ങൾ പറഞ്ഞു പാഴാക്കല്ലെ. ഈ പട്ടണത്തിലെ മറ്റാ

രേയുംപോലെതന്നെ നല്ലവണ്ണം ഞാൻ ഈ വലിയ പാക്കാർഡ് ഓടിക്കാം,'' ഞാൻ പറഞ്ഞു.

ജിം പറഞ്ഞു: ''ഞാൻ തന്നെ ഒഴിവാക്കാൻ ശ്രമിക്കുകയല്ല. താൻ ഇവിടെനിന്നു കാറും ഓടിച്ചുപോയി, ആറോ ഏഴോ പേരുടെ മുതുകത്തു കയററണമെന്നെനിക്കില്ല. കാറോടിക്കുന്നതിനെപ്പററി തനിക്കെന്തെങ്കിലും അറിയാമോ?''

''തല്ക്കാലം ഒന്നും അറിഞ്ഞുകൂടാ. പക്ഷേ, ഞാൻ വേഗം പഠിച്ചോളാം,'' ഞാൻ പറഞ്ഞു.

''ഞാൻ തന്നെ സഹായിക്കാം,'' ജിം പറഞ്ഞു.

ഞാൻ കാറിന്നുള്ളിൽ കയറി, സ്റ്റീറിങ്‌വീലിനു പിറകിൽ ഇരുന്നു. ജിം എന്റെ സമീപത്തും ഇരുന്നു.

അയാൾ പറഞ്ഞു: ''എടോ, ഈ നിമിഷംമുതൽ താൻ എന്നെ ഒരു സ്നേഹിതനായി കണക്കാക്കണം. സ്വന്തം ഷർട്ടൂരിത്തരാൻകൂടി തയ്യാറുള്ള ഒരു സ്നേഹിതൻ. ഈ നല്ല മനുഷ്യനെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവന്നതിനു് തന്നോടു് എനിക്കു നന്ദിയുണ്ടു്.''

കിട്ടാവുന്നതിൽവച്ചു് ഏററവും നല്ല ഒരു കാർ വാങ്ങണമെന്നു് അയാൾ എന്നോടു പറഞ്ഞു. നിങ്ങൾക്കറിയാമല്ലോ, ഒരു പാക്കാർഡ് ഓടിക്കണമെന്നായിരുന്നു എന്നുമുള്ള എന്റെ ആശ. ഇനി ഇപ്പോൾ, ഞാൻ അതെങ്ങനെയാണു് ഓടിക്കുക?'' ഞാൻ പറഞ്ഞു.

''ശരി, നമുക്കു ശ്രമിക്കാം,'' ജിം പറഞ്ഞു. അയാൾ എന്റെ കാലിന്മേലേക്കു നോക്കി.

''എടോ, തന്റെ കാലു നിലത്തെത്തുന്നില്ലല്ലോ,'' അയാൾ പറഞ്ഞു.

''അതൊന്നും സാരമില്ല; ഈ കാറിന്റെ സൂത്രങ്ങൾ എല്ലാം എനിക്കു പറഞ്ഞുതരു,'' ഞാൻ ആവശ്യപ്പെട്ടു.

പണിക്കാർ കാറിൻെറ പൊടിതുടച്ച് പെട്രോൾ ഒഴിക്കുന്നതിനിടയ്ക്കു്, ജിം കാറിൻെറ സൂത്രങ്ങളെല്ലാം വിവരിച്ചുതന്നു. ആ റെഡ്ഇന്ത്യൻ ആപ്പീസിൽനിന്നു് ഇറങ്ങിവന്നു്, ഞാൻ പറഞ്ഞതനുസരിച്ച്, കാറിൻെറ പിറകുവശത്തെ ഇരിപ്പിടത്തിൽ കയറി ഇരുന്നു.

"ഇയാൾക്കു കാറോടിക്കാൻ അറിയാമെന്നാണു് പറയുന്നതു്. ഞാൻ അതു വിശ്വസിക്കുകയും ചെയ്തു," റെഡ്ഇന്ത്യൻ, ജിം ലൂയിസിനോടു പറഞ്ഞു.

"ആരമിനു് ഓടിക്കാനെല്ലാം അറിയാം," ജിം പറഞ്ഞു. തുടന്നു് അയാൾ ഉറക്കെ പറഞ്ഞു: "വഴിമാറി ക്കൊടുക്കിൻ. വേണ്ടത്ര സ്ഥലം കിട്ടട്ടെ അയാൾക്കു്."

ഞാൻ ആ വലിയ കാറു് പതുക്കെ തിരിച്ച്, അൻപതുമൈൽ വേഗതയിൽ പുറത്തേക്കു പാഞ്ഞു. ജിം ലൂയിസ്, കാറിന്റെ പിറകെ ഓടിക്കൊണ്ടു വിളിച്ചു പറഞ്ഞു: "എടോ, എടോ! പരിഭ്രമിക്കാതെ, റോഡിൽ എത്തുന്നതുവരെ പതുക്കെ പോകു."

എൻെറ വേഗതമൂലം, പിറകിലത്തെ ഇരിപ്പിടത്തിൽ അങ്ങുമിങ്ങും തെറിച്ചുപൊയ്ക്കൊണ്ടിരുന്നെങ്കിലും ആ റെഡ്ഇന്ത്യനു് അശേഷം പരിഭ്രമം ഉണ്ടായില്ല.

ഞാനതു മനഃപൂവ്വം ചെയ്യുകയായിരുന്നില്ല; കാറിൻെറ പ്രവത്തനരീതി എനിക്കു മനസ്സിലായിരുന്നില്ലെന്നതാണു് ചുരുക്കം.

"വില്ലി, താനൊരു നല്ല ഡ്രൈവറാണു്. ഇതാണു് ഞാൻ പറഞ്ഞതു്, താൻ ഒരമേരിക്കനാണെന്നും, താൻ ജനിച്ചതേ കാറോടിക്കാൻ അറിഞ്ഞുകൊണ്ടാണെന്നും," റെഡ്ഇന്ത്യൻ പറഞ്ഞു.

"നമ്മൾ ഒരു മണിക്കൂറിന്നുള്ളിൽ മെൻഡോറ്റയിൽ

എത്തും. അവിടെ ഗംഭീരമായ ഒരു മീൻപിടുത്തം നിങ്ങൾക്കു കാണാം.'' ഞാൻ പറഞ്ഞു.

“മെൻഡോറററയ്ക്കു് എത്ര ദൂരമുണ്ടു്?'' അയാൾ ചോദിച്ചു.

“തൊണ്ണൂറുമൈലോളം,'' ഞാൻ പറഞ്ഞു.

അയാൾ പറഞ്ഞു: “ഒരു മണിക്കൂറിൽ തൊണ്ണൂറു മൈൽ കുറെ അധികമാണു്. രണ്ടുമണിക്കൂർ എടുത്തോളൂ. നമ്മൾ, കൗതുകകരമായ പല പ്രദേശങ്ങളും കടന്നുപോകുന്നുണ്ടു്. അവയെല്ലാം കുറേക്കൂടി നല്ലവണ്ണം കണ്ടാൽ കൊള്ളാമെന്നുണ്ടെനിക്കു്.''

“ശരി, പക്ഷേ, വേഗം അവിടെ എത്തി മീൻപിടുത്തം തുടങ്ങാൻ എനിക്കു ധിറുതിയായി,'' ഞാൻ പറഞ്ഞു.

“എന്നാൽ ശരി,'' ആ റെഡ്ഇന്ത്യൻ സമ്മതിച്ചു. അയാൾ തുടന്നു: “ഇത്തവണ എത്രവേഗത്തിൽ വേണമെങ്കിലും പൊയ്ക്കോളൂ. പക്ഷേ, ഇനി എന്നെങ്കിലും ഒരിക്കൽ താൻ പതുക്കെ ഓടിക്കാൻ തയ്യാറാകണം. എന്നാൽ എനിക്കു്, ഈ പ്രദേശങ്ങളെല്ലാം നല്ലവണ്ണം കാണാൻ കഴിയുമല്ലോ. ഇപ്പോൾ ഒന്നും തന്നെ കാണാൻ കഴിയുന്നില്ല. വഴിയരികിൽ കാണുന്ന ബോർഡുകൾ വായിക്കാൻ കൂടി ഇടകിട്ടുന്നില്ല.''

“വേണമെങ്കിൽ ഇപ്പോൾത്തന്നെ ഞാൻ സാവധാനം ഓടിക്കാം,'' ഞാൻ പറഞ്ഞു.

“വേണ്ട, തുറന്നുവിട്ടോ, ആകുന്നത്ര വേഗത്തിൽ പൊയ്ക്കോട്ടേ ഇതു്,'' അയാൾ പറഞ്ഞു.

ഞങ്ങൾ ഒരു മണിക്കൂറും പതിനേഴ മിനിററുംകൊണ്ടു മെൻഡോററയിൽ എത്തി.

നദിയുടെ തീരംവരെ ഞാൻ കാറോടിച്ചുകൊണ്ടു പോയി. കാറിൻെറ മുകൾഭാഗം എടുത്തുമാററാൻ എനി

ക്കറിയാമോ എന്ന് ആ റെഡ് ഇന്ത്യൻ എന്നോട്ട ചോദിച്ചു. എങ്കിൽ അയാൾക്കു് തുറന്ന കാറിലിരുന്നു്, ഞാൻ മീൻപിടിക്കുന്നതു കാണാമല്ലോ. കാറിന്റെ മുകൾഭാഗം എടുത്തുമാറേറണ്ടതെങ്ങനെയെന്നു് എനിക്കറിഞ്ഞുകൂടായിരുന്നു; എങ്കിലും ഞാനതു ചെയ്തു. ഇരുപതു മിനിട്ട വേണ്ടിവന്നു എനിക്കതു ചെയ്യാൻ.

മൂന്നു മണിക്കൂറോളം ഞാൻ ചൂണ്ടലിട്ടുകൊണ്ടിരുന്നു. അതിനിടയ്ക്കു രണ്ടുപ്രാവശ്യം ഞാൻ പുഴയിൽ വീണു; അവസാനം ഒരു ചെറിയ മീൻ കിട്ടുകയും ചെയ്തു.

"ചൂണ്ടലിടുന്നതിന്റെ ആദ്യപാഠംപോലും തനിക്കറിയില്ല," ആ റെഡ് ഇന്ത്യക്കാരൻ പറഞ്ഞു.

"ഞാൻ ചെയ്തതിൽ എന്തായിരുന്നു തെററു്?" ഞാൻ ചോദിച്ചു.

"എല്ലാം; ആട്ടെ, താൻ ഇതിനുമുമ്പു ചൂണ്ടയിട്ടിട്ടുണ്ടോ?" അയാൾ ചോദിച്ചു.

"ഇല്ല," ഞാൻ പറഞ്ഞു.

"എനിക്കും അങ്ങനെ തോന്നിയില്ല," അയാൾ പറഞ്ഞു.

"എന്താണു് ഞാൻ ചെയ്തതിൽ തെററു്?" ഞാൻ അന്വേഷിച്ചു.

"കാറോടിക്കുന്നതുപോലെതന്നെ വേഗത്തിലാണു് താൻ ചൂണ്ടലിടുന്നതും," അയാൾ പറഞ്ഞു.

"അതു തെററാണോ?" ഞാൻ ചോദിച്ചു.

അയാൾ പറഞ്ഞു: "തെറെറന്നു പറഞ്ഞുകൂടാ. പക്ഷേ, അങ്ങനെ ചെയ്താൽ മീൻ കിട്ടുകയില്ലെന്നുമാത്രം. പിന്നെ തനിക്കു് ഇടയ്ക്കിടയ്ക്കു പുഴയിൽ മറിഞ്ഞുവീഴുകയുമാവാം."

"ഞാൻ വീണതല്ല, മീൻ എന്നെ വലിച്ചിട്ട താണ്," ഞാൻ പറഞ്ഞു.

എനിക്കൊരു ചെറിയ മീൻകൂടികിട്ടി. വീട്ടിലേക്കു പോകാറായോ എന്നു ഞാൻ അയാളോട്ട് അന്വേഷിച്ചു. എനിക്കായെങ്കിൽ താനും തയ്യാർ, എന്നായിരുന്നു അയാളുടെ മറുപടി. ഞാൻ ചൂണ്ടസ്സാമാനങ്ങളും രണ്ടു മീനും എല്ലാം എടുത്തുവെച്ച്, കാറിൽ കയറി തിരികെ പട്ടണത്തിലേക്കോടിക്കാൻ തുടങ്ങി.

ആ ഒജീബ്'വേക്കാരൻ ലോക്കോമൊട്ടീവ് 38, പട്ടണത്തിലുണ്ടായിരുന്ന കാലം മുഴവൻ, ആ വേനൽക്കാലമത്രയും, ഞാൻ അയാൾക്കുവേണ്ടി ആ വലിയ പാക്കാർഡ് ഓടിച്ചു. അയാൾ, മുഴവൻസമയവും ഹോട്ടലിലാണ് താമസിച്ചിരുന്നതു്. കാറോടിക്കാൻ പഠിക്കാൻ ഞാൻ അയാളെ പ്രേരിപ്പിച്ചു; പക്ഷേ, അതു് ചിന്തനീയമേയല്ലെന്നു പറഞ്ഞു് ഒഴിഞ്ഞുകളഞ്ഞു അയാൾ. ആ റെഡ് ഇന്ത്യനേയും പിറകിലിരുത്തിക്കൊണ്ടു് സാൻജോകവിൻ വാലി മുഴവൻ ഞാൻ ആ പാക്കാർഡ് ഓടിച്ചുനടന്നു. എനിക്ക് ഇഷ്ടമുള്ള ഏതെങ്കിലും സ്ഥലത്തേക്ക് ഓടിക്കാനാണ് അയാൾ പറയുക. അതുകൊണ്ടു് ഒന്നുകിൽ എനിക്കു മീൻപിടിക്കാൻ സൗകര്യമുള്ള പ്രദേശം, അല്ലെങ്കിൽ നായാട്ടിനു സൗകര്യമുള്ള പ്രദേശം—അങ്ങോട്ടായിരിക്കും പോവുക. ചൂണ്ടലിടുന്നതിനെപ്പററിയോ നായാട്ടിനെപ്പററിയോ എനിക്കു യാതൊന്നും അറിഞ്ഞുകൂടെന്നു് അയാൾ പറയുകയുണ്ടായി. പക്ഷേ, ഞാൻ അതെല്ലാം ചെയ്യാൻ ശ്രമിക്കുന്നതു കാണാൻ അദ്ദേഹത്തിനു സന്തോഷമായിരുന്നു. അവയിൽ ഒരിക്കലും മെച്ചം നേടാൻ എനിക്കു കഴിഞ്ഞില്ലെങ്കിലും, അയാൾ എന്നെ പരിഹസിച്ചിരുന്നില്ല.

അക്കൊല്ലം നവമ്പർമാസത്തിൽ, ഒരുദിവസം, അയാളുടെ സഹോദരൻ ഒക്'ലഹോമയിൽനിന്നു പട്ടണത്തിൽ വന്നു. പിറെറദിവസം അയാളെയും അന്വേഷിച്ചു ഞാൻ ഹോട്ടലിൽ ചെന്നപ്പോൾ അയാൾ സഹോദരനുമൊന്നിച്ച് ഒക്'ലഹോമയിലേക്കു പോയി എന്ന വിവരമാണ് കിട്ടിയതു്.

"ആ പാക്കാർഡ് എവിടെ?" ഞാൻ ചോദിച്ചു.

"പാക്കാർഡ് അവരു കൊണ്ടുപോയി," ഹോട്ടലുകാരൻ പറഞ്ഞു.

"ആരാണ് ഓടിച്ചതു്?" ഞാൻ അന്വേഷിച്ചു.

"ആ റെഡ്ഇന്ത്യൻ," ഹോട്ടലുകാരൻ പറഞ്ഞു.

"അവർ രണ്ടുപേരും റെഡ്ഇന്ത്യന്മാരാണല്ലോ. ആ സഹോദരന്മാരിൽ ആരാണ് ഓടിച്ചതു്?" ഞാൻ തിരക്കി.

"ഈ ഹോട്ടലിൽ താമസിച്ചിരുന്ന ആൾ," ഹോട്ടലുകാരൻ പറഞ്ഞു.

"തീർച്ചയാണോ?" ഞാൻ ചോദിച്ചു.

"അയാൾ കാറിൻെറ മുൻസീറ്റിൽ കയറി ഇരുന്നു് ഓടിച്ചുപോകുന്നതു ഞാൻ കണ്ടതല്ലേ," ഹോട്ടലുകാരൻ പറഞ്ഞു.

"അയാൾക്കു് കാറോടിക്കാൻ അറിയാമെന്നാണോ പറയുന്നതു്?" ഞാൻ ചോദിച്ചു.

"അറിയാമെന്നാണു തോന്നുന്നതു്. അയാൾക്കു് നല്ലവണ്ണം കാറോടിക്കാൻ കഴിയുമെന്നാണ് എനിക്കു തോന്നിയതു," ഹോട്ടലുകാരൻ പറഞ്ഞു.

"കൊള്ളാം, വളരെ നന്ദി," ഞാൻ പറഞ്ഞു.

വീട്ടിലേക്കു മടങ്ങുന്നവഴി ഞാൻ അതേപ്പററി ആലോചിച്ചു: എപ്പോഴും ഞാൻതന്നെ കാറോടിക്കാനും,

അങ്ങനെ എനിക്ക സന്തോഷംതോന്നാനും ഇടയാകത്തക്കവിധം, തനിക്ക കാറോടിക്കാൻ അറിയില്ലെന്നു് എന്നെ വിശ്വസിപ്പിക്കാൻ അയാൾ ശ്രമിച്ചതായിരിക്കണം എന്നെനിക്ക തോന്നി. പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാതെ ഒരു കുതിരയുമായി പട്ടണത്തിലെത്തിയ ഒരു ചെറുപ്പക്കാരനായിരിക്കണം അയാൾ; എന്നിട്ട് ആ പട്ടണത്തിൽ, പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാതെ ചുററി അലയുന്ന ഒരു കുട്ടിയുമൊത്തു നേരംപോക്കിനു് സന്ദർഭമുണ്ടാക്കിയതായിരിക്കാം അയാൾ. ഈ രീതിയിലേ അയാളുടെ പ്രവൃത്തി എനിക്ക ന്യായീകരിക്കാൻ കഴിയൂ, അയാൾ ഒരു കിറുക്കനാണെന്നുള്ള പൊതുധാരണ അംഗീകരിക്കാതിരുന്നാൽ.

## അമേരിക്കൻ യാത്രക്കാരനു ലഭിച്ച ഒരു പഴഞ്ചൻ ഉപദേശം

ഒരു കൊല്ലം എന്റെ അമ്മാവൻ മെലിക്, ഫ്രെസ്നോയിൽനിന്ന് ന്യൂയോക്കിലേക്ക് യാത്ര ചെയ്യുകയുണ്ടായി. അദ്ദേഹം തീവണ്ടി കയറുന്നതിനുമുമ്പ് അദ്ദേഹത്തിന്റെ അമ്മാവൻ ഗാരോ അദ്ദേഹത്തെ കാണാൻ വന്നു.

ആ വൃദ്ധൻ പറഞ്ഞു: "നീ തീവണ്ടികയറിയാൽ ശ്രദ്ധയോടെ നിൻെറ ഇരിപ്പിടം തിരഞ്ഞെടുക്കണം; അതിലിരുന്നുകഴിഞ്ഞാൽ പിന്നെ ചുററും നോക്കരുത്.

"ശരി," എൻെറ അമ്മാവൻ പറഞ്ഞു.

വൃദ്ധൻ തുടൎന്നു: "തീവണ്ടി ഓടിത്തുടങ്ങി കുറെ നേരം കഴിയുമ്പോൾ, രണ്ടാളുകൾ വന്നു നിൻെറ ടിക്കററു ചോദിക്കും. അവൎക്കു ടിക്കററു കാണിച്ചുകൊടുക്കരുത്. അവർ യഥാൎത്ഥത്തിൽ തീവണ്ടിക്കമ്പനിയുടെ ഉദ്യോഗസ്ഥന്മാരായിരിക്കില്ല."

"ഞാനെങ്ങനെയാണതറിയുക?" എൻെറ അമ്മാവൻ ചോദിച്ചു.

"നിനക്കറിയാൻ കഴിയും, നീ ഒരു കുട്ടിയൊന്നുമല്ല," വൃദ്ധൻ പറഞ്ഞു.

"ശരി," എൻെറ അമ്മാവൻ പറഞ്ഞു.

വൃദ്ധൻ തുടൎന്നു: "തീവണ്ടിയിലെ ഭക്ഷണമുറിയിലേക്കു പോകുന്നവഴി, സുന്ദരിയായ ഒരു ചെറുപ്പക്കാരി മനഃപൂൎവ്വം നിൻെറമേൽ വന്നു മുട്ടി, രണ്ടു കൈയുംകൊണ്ടും നിന്നെ കേറിപ്പിടിക്കും. ഞാൻ വ്യസനിക്കുന്നു എന്ന് അവൾ നിന്നോടു പറയുകയും ചെയ്യും. നിനക്കവളോടു

ലോക്യമായാൽ കൊള്ളാമെന്നും തോന്നും. പക്ഷേ, നേരെ ഉള്ളിൽപ്പോയി ഭക്ഷണം കഴിച്ചോ. ഏററവും നല്ല ഭക്ഷണം വാങ്ങിക്കോ. ആ സുന്ദരി നിന്റെ എതിരെ ഇരിക്കുന്നുണ്ടെങ്കിൽ, അവളുടെ കണ്ണുകളിലേക്കു നോക്കുകയേ അരുതു്. അവൾ സംസാരിക്കുന്നുവെങ്കിൽ ശ്രദ്ധിക്കയുമരുതു്."

"ശരി, "എന്റെ അമ്മാവൻ സമ്മതിച്ചു.

"അതിൽനിന്നു രക്ഷപ്പെടാൻ അതേ വഴിയുള്ളു," വൃദ്ധൻ പറഞ്ഞു.

"ഏതിൽനിന്നു്?" എന്റെ അമ്മാവൻ ചോദിച്ചു.

"കുഴപ്പങ്ങളിൽനിന്നു്. ഞാൻ ധാരാളം യാത്രചെയ്തിട്ടുണ്ടു്. ഞാൻ എന്താണു പറയുന്നതെന്നു് എനിക്കു നല്ലവണ്ണം അറിയാം," വൃദ്ധൻ പറഞ്ഞു.

"ശരി," എന്റെ അമ്മാവൻ പറഞ്ഞു.

"ഇനി അതേപ്പററി നമുക്കു കൂടുതലൊന്നും പറയേണ്ട," വൃദ്ധൻ പറഞ്ഞു.

"ശരി," എന്റെ അമ്മാവൻ സമ്മതിച്ചു.

വൃദ്ധൻ തുടന്നു: "അക്കാര്യത്തെപ്പററി നമുക്കു കൂടുതലൊന്നും പറയേണ്ട. അതു തീൻ. എനിക്കു് ഏഴു മക്കളുണ്ടു്. തികവും ഗുണവും ഉള്ള ഒന്നാണു് എന്റെ ജീവിതം. എനിക്കു്, നിലങ്ങൾ, മുന്തിരിത്തോപ്പുകൾ, ഫലവൃക്ഷങ്ങൾ, വളത്തുമൃഗങ്ങൾ, പണം—ഇവയെല്ലാമുണ്ടു്. എല്ലാംകൂടി ആക്കും കിട്ടില്ല, ഒന്നോ രണ്ടോ ദിവസത്തേക്കൊഴിച്ചു്."

"ശരി," എന്റെ അമ്മാവൻ സമ്മതിച്ചു.

വൃദ്ധൻ തുടന്നു: "ഭക്ഷണമുറിയിൽനിന്നു് നിന്റെ ഇരിപ്പിടത്തിലേക്കു മടങ്ങുമ്പോൾ, പുകവലിക്കാനുള്ള മുറിയിലൂടെയായിരിക്കും നീ കടന്നുപോരിക. അവിടെ

ചൂതുകളി നടക്കുന്നുണ്ടായിരിക്കും. മദ്ധ്യവയസ്കരായ മൂന്നു പേരായിരിക്കും അവിടെ കളിക്കുന്നതു്. അവരുടെ വിരലിൽ വിലപിടിച്ച മോതിരങ്ങൾ ഉണ്ടായിരിക്കും. അവർ നിന്നെ നോക്കി കുളുക്കെ ചിരിക്കും; കളിയിൽ കൂടാൻ അവരിലൊരാൾ നിന്നെ ക്ഷണിക്കുകയും ചെയ്യും. അവരോടു് ഇല്ല എന്നു് പറഞ്ഞേക്കണം."

"ശരി, ഈ ഉപദേശങ്ങൾക്കെല്ലാം നന്ദിയുണ്ടമ്മാവാ," എന്റെ അമ്മാവൻ പറഞ്ഞു.

വൃദ്ധൻ പറഞ്ഞു: "ഒരു കാര്യംകൂടി. രാത്രി കിടക്കാൻ പോകുമ്പോൾ പണമെല്ലാമെടുത്തു ഷൂസിന്നുള്ളിൽ വയ്ക്കണം; എന്നിട്ടു് ഷൂസ് കിടക്കവിരിപ്പിന്നുള്ളിൽ മറച്ചുവയ്ക്കണം; ഉറങ്ങുകയുമരുതു്."

"ശരി," എന്റെ അമ്മാവൻ പറഞ്ഞു.

"അത്രയേ ഉള്ളു," വൃദ്ധൻ പറഞ്ഞു.

വൃദ്ധൻ പോയി. പിറേറദിവസം മെലിക്അമ്മാവൻ തീവണ്ടികയറി നേരെ ന്യൂയോക്കിലേക്കു പുറപ്പെട്ടു. ടിക്കററു പരിശോധിക്കാൻ വന്നവർ തീവണ്ടിക്കമ്പനിയിലെ ഉദ്യോഗസ്ഥന്മാർതന്നെ ആയിരുന്നു; ഭക്ഷണമുറിയിൽ അമ്മാവന്റെ മേശയ്ക്കെതിരെ ഒരുസുന്ദരിയും ഇരുന്നിരുന്നില്ല; പുകവലിക്കാനുള്ള മുറിയിൽ ചൂതുകളിയും ഇല്ലായിരുന്നു. ആദ്യത്തെ രാത്രി, എന്റെ അമ്മാവൻ, പണമെല്ലാം എടുത്തു്, ഷൂസിന്നുള്ളിൽ തിരുകി, കിടക്കവിരിക്കടിയിൽ മറച്ചുവയ്ക്കുകയും, രാത്രിമുഴവൻ ഉറങ്ങാതെ കിടക്കുകയും ചെയ്തു. പക്ഷേ, രണ്ടാമത്തെ രാത്രി അദ്ദേഹം ഈ വയ്പുകളെല്ലാം നിറുത്തി.

രണ്ടാംദിവസം, ഭക്ഷണമുറിയിൽ, അമ്മാവൻ അങ്ങോട്ടു ചെന്നു് ഒരു ചെറുപ്പക്കാരിയുടെ സമീപം ഇരിപ്പുറപ്പിച്ചു. പുകവലിക്കാനുള്ള മുറിയിൽ അദ്ദേഹം

തന്നെ ചൂതുകളി ആരംഭിക്കുകയും ചെയ്തു. തീവണ്ടി ന്യൂയോക്കിൽ എത്തുന്നതിനുമുമ്പ് അമ്മാവൻ അതിനുള്ളിലെ എല്ലാവരുമായും പരിചയപ്പെട്ടുകഴിഞ്ഞിരുന്നു; തീവണ്ടിയിലുള്ളവരെല്ലാം അമ്മാവനേയും പരിചയപ്പെട്ടു.

രസകരമായിരുന്നു ആ യാത്ര.

മെലിക് അമ്മാവൻ ന്യൂയോക്കിൽനിന്നു മടങ്ങിവന്നപ്പോൾ, ഗാരോ അമ്മാവൻ അദ്ദേഹത്തെ വീണ്ടും വന്നു കണ്ടു.

അദ്ദേഹം പറഞ്ഞു: "നീ നന്നായിരിക്കുന്നല്ലോ. എൻെറ ഉപദേശങ്ങളെല്ലാം നീ അനുസരിച്ചോ?"

"ഉവ്വ്," എൻെറ അമ്മാവൻ പറഞ്ഞു.

വൃദ്ധൻ വിദൂരതയിലേക്കു നോക്കി.

അദ്ദേഹം പറഞ്ഞു: "എൻെറ അനുഭവങ്ങൾകൊണ്ട് ഒരാൾക്കെങ്കിലും പ്രയോജനമുണ്ടായല്ലോ, എനിക്കു സന്തോഷമായി."

## ദുഃഖിതനും പാവപ്പെട്ടവനും ആയ അറബി

ശേഷിയും വിഷാദവും നിറഞ്ഞ ഒരു മനുഷ്യനായിരുന്നു എൻെറ കൊസ്രോവമ്മാവൻ. ഒരുകൊല്ലം അദ്ദേഹത്തിന്, പൂർവ്വികരാജ്യത്തുനിന്ന്, പാറയെപ്പോലെ ശാന്തനായ ഒരു സുഹൃത്തിനെ കിട്ടി.

ഖലീൽ എന്നു പേരായ ഒരറബിയായിരുന്നു, അയാൾ. എട്ടു വയസ്സായ ഒരു കുട്ടിയേക്കാൾ ഒട്ടും വലിപ്പം കൂടുതലുണ്ടായിരുന്നില്ല അയാൾക്ക്. പക്ഷേ, എൻെറ കൊസ്രോവമ്മാവനെപ്പോലെതന്നെ അയാൾക്കും വളരെ വലിയ ഒരു മേൽമീശയുണ്ടായിരുന്നു. അയാൾക്ക് മിക്കവാറും ഒരറുപതു വയസ്സു കഴിഞ്ഞിരിക്കണം. ആ മേൽമീശയുണ്ടായിട്ടുപോലും അയാൾ, ഹൃദയംകൊണ്ട്, ഒരു മനുഷ്യനെന്നതിനേക്കാൾ ഒരു കുട്ടിയാണെന്നാണ് തോന്നിയിരുന്നത്. അയാളുടെ കണ്ണുകൾ ഒരു കുട്ടിയുടേതായിരുന്നു. പക്ഷേ, കൊല്ലങ്ങളുടെ ഓർമ്മകൾ—താൻ അഗാധമായി സ്നേഹിക്കുന്ന വസ്തുക്കളിൽനിന്ന്, സ്വന്തം രാജ്യം, അച്ഛൻ, അമ്മ, സഹോദരൻ, കുതിര മുതലായവയിൽ നിന്നു കൊല്ലങ്ങളായുള്ള വേർപാടിനെപ്പററിയുള്ള ഓർമ്മകൾ—അവയിൽ തങ്ങിനില്ക്കുന്നതായി തോന്നിയിരുന്നു. അയാളുടെ തലമുടി മൃദുവും ഇടതൂർന്നതും കറുത്തതുമായിരുന്നു. പൂർവ്വികരാജ്യത്തുനിന്ന് അമേരിക്കയിൽ എത്തുന്ന ചെറിയ കുട്ടികളെ തലമുടി വാരാൻ പഠിപ്പിച്ചിരുന്ന സമ്പ്രദായത്തിൽ, അയാൾ അതു് ഇടതുവശം പകുത്തു വാരിവച്ചിരുന്നു. അയാളുടെ തല, ആ മേൽമീശയൊഴി

ച്ചാൽ, വാസ്തവത്തിൽ ഒരു സ്കൂൾക്കുട്ടിയുടേതുതന്നെയായിരുന്നു. ആ വിരിഞ്ഞ തോളുകൾ ഒഴിച്ചാൽ അയാളുടെ ശരീരവും അങ്ങനെതന്നെ. അയാൾക്കു് ഇംഗ്ലീഷു വശമില്ലായിരുന്നു; ആർമീനിയനിൽ ഏതാനും വാക്കുകളേ അയാൾക്കറിയാമായിരുന്നുള്ളു. പക്ഷേ, അയാൾ അപൂർവ്വമായേ എന്തെങ്കിലും സംസാരിച്ചിരുന്നുള്ളു. വല്ലപ്പോഴും സംസാരിക്കുമ്പോൾ, അയാളുടെ ശബ്ദം അയാളിൽനിന്നെന്നതിനേക്കാൾ ആ പൂർവ്വികരാജ്യത്തുനിന്നു പുറപ്പെട്ടുന്നതായി തോന്നിയിരുന്നു. മാത്രമല്ല ഇഷ്ടമില്ലാത്തതു ചെയ്യുന്ന ഒരു മട്ടിലാണു് അയാൾ സംസാരിക്കുക. അതോടൊപ്പം, വാക്കുകൾകൊണ്ടു വിവരിക്കാൻ വയ്യാത്ത കാര്യങ്ങൾ പറയാൻ ശ്രമിക്കുന്നതു് സങ്കടകരമാണെന്ന ഭാവവും, എന്തെങ്കിലും പറയുന്നതു തന്നിലുള്ള ദുഃഖത്തെ വർദ്ധിപ്പിക്കാനേ ഉതകൂ എന്ന ഭാവവും ആ സംസാരത്തിൽ പ്രകടമായിരുന്നു.

ചുരുക്കം വല്ലതുമൊന്നു പറഞ്ഞേ പറയൂ എന്നുള്ള കൊസ്രോവമ്മാവന്റെ സ്നേഹം ഇയാൾ എങ്ങനെ നേടി എന്നതു് ഞങ്ങൾക്കാർക്കും ഒരിക്കലും മനസ്സിലാക്കാൻ കഴിഞ്ഞില്ല. എപ്പോഴും സംസാരിക്കുന്നവരിൽനിന്നുതന്നെ വളരെക്കുറച്ചേ മനസ്സിലാക്കാൻ കഴിയൂ; എന്റെ കൊസ്രോവമ്മാവനേപ്പോലെ, മററുള്ളവരോടു സംസാരം നിർത്താൻ ആവശ്യപ്പെടുന്നതൊഴിച്ചാൽ ദുർല്ലഭമായി മാത്രം സംസാരിക്കുന്നവരുടെ കാര്യം പറയാനുമില്ല. ആരക്കു് ക്ലബ്ബിൽ വച്ചായിരിക്കാം കൊസ്രോവമ്മാവൻ അയാളെ കണ്ടുമുട്ടിയതു്. പൂർവ്വികരാജ്യത്തെ 'താവ്ലി' കളിക്കാൻ ആളുകൾ അവിടെ വന്നുകൂടാറുണ്ടു്.

കൊസ്രോവമ്മാവനു് കളിയിൽ തോല്ക്കുന്നതു തീരെ ഇഷ്ടമായിരുന്നില്ല. പക്ഷേ, അതേസമയം കളിയിൽ

തോററു ദേഷ്യം പിടിക്കുന്നവരെ അദ്ദേഹത്തിനു വെറുപ്പായിരുന്നുതാനും.

തോററു ദുഃഖിക്കുന്ന ആളെ നോക്കി അദ്ദേഹം അലറും: "നിങ്ങൾ എന്തിനാണു കരയുന്നതു്. ഇതൊരു കളിയല്ലേ. ഇതോടുകൂടി ജീവിതംതന്നെ നഷ്ടപ്പെടുന്നുണ്ടോ?"

കളിയിൽ തോറ്റാൽ അദ്ദേഹത്തിനു് ജീവൻതന്നെ നഷ്ടപ്പെട്ടിരുന്നു. പക്ഷേ, മറെറാരാൾ, കളി, തന്നെപ്പോലെ കാര്യമായെടുക്കുമെന്നു് അദ്ദേഹത്തിനു വിശ്വസിക്കാൻ കഴിഞ്ഞില്ല. മറ്റുള്ളവക്കു കളി; വെറും കളി മാത്രമാണെന്നു് അദ്ദേഹം കരുതി; തനിക്കാകട്ടെ കളി ജീവിതംതന്നെയും.

മുൻകാലത്തു് ആരക്കു്ക്ലബ്ബ് പ്രസിദ്ധപ്പെട്ട ഒരു സ്ഥലമായിരുന്നു. ഇപ്പോഴും അതങ്ങനെതന്നെയാണു്, ഇരുപതുകൊല്ലംമുമ്പു് അവിടെ പൊയ്ക്കൊണ്ടിരുന്നവരിൽ പലരും മരിച്ചുകഴിഞ്ഞുവെങ്കിലും.

മിക്കസമയത്തും അവിടം ആർമീനിയക്കാരെക്കൊണ്ടു നിറഞ്ഞിരിക്കും; എങ്കിലും മററുള്ളവരും അവിടെ ചെല്ലാറുണ്ടു്. പൗർവ്വികരാജ്യത്തെപ്പററി ഓക്കുന്നവർ, ആ രാജ്യത്തെ ഭക്ഷണവും, വീഞ്ഞും, പാട്ടും, കഥകളും ഇഷ്ടപ്പെടുന്നവർ, സ്വന്തം വീട്ടിൽനിന്നു് ആയിരക്കണക്കിനു നാഴിക അകലെ, വീടുപോലെ തോന്നിക്കുന്ന ഒരു സ്ഥലത്തു ചെന്നിരിക്കാൻ ആഗ്രഹിക്കുന്നവർ—ഇവരെല്ലാം അവിടെ എത്താറുണ്ടു്.

മിക്കപ്പോഴും കൊസ്രോവമ്മാവൻ വൈകുന്നേരം ഒരു മൂന്നുമണിയോടുകൂടിയാണു് ഈ സ്ഥലത്തു വന്നെത്തുക. അദ്ദേഹം അവിടെ കൂടിയിട്ടുള്ള ആളുകളെയെല്ലാം ഒരു നിമിഷം നോക്കിനില്ക്കും; അതിനുശേഷം ഒറ്റയ്ക്കു് ഏതെങ്കിലും ഒരു മൂലയിൽ ചെന്നിരിക്കും. സാധാരണ

ഒരു മണിക്കൂറോളം അദ്ദേഹം അവിടെ അനങ്ങാതെ ഇരിക്കും; അനന്തരം ആരും അദ്ദേഹത്തോട്ട് ഒരക്ഷരംപോലും മിണ്ടിയിട്ടില്ലെങ്കിലും, വളരെ ദേഷ്യത്തോട്ടകൂടി അവിടം വിട്ടും.

അദ്ദേഹം പറയും: "സാധുക്കൾ; പാവപ്പെട്ടവരും ദുഃഖിതരുമായ അനാഥർ."

'പാവപ്പെട്ടവരും ദുഃഖിതരും'—ഈ ആശയം ശരിക്ക് ആവിഷ്ക്കരിക്കുക വിഷമമാണ്. 'ദാരിദ്ര്യവും ദുഃഖവും'—ജീവിതത്തിലും ഈ ലോകത്തിലും ഇതിനേക്കാൾ സങ്കടകരമായി യാതൊന്നുമില്ല.

അങ്ങനെ ക്ലബ്ബിൽ ഇരിക്കുന്ന ഒരു ദിവസമായിരിക്കണം കൊസ്സ്രോവമ്മാവൻ ആ ചെറിയ അറബിയെ കണ്ടെത്തിയതു്. അയാൾ കൊള്ളാവുന്ന ഒരുവനാണെന്നു് അദ്ദേഹത്തിനു തോന്നിയിരിക്കണം. ഒരുപക്ഷേ, തന്റെ കൊച്ചു ശിരസ്സിൽ ദുഃഖങ്ങളും അനുഭവങ്ങളും പേറിക്കൊണ്ടു്, തന്റെ വിരിഞ്ഞ തോളുകൾ മേശപ്പുറത്തേക്കു കുനിച്ചു പിടിച്ചു് അയാൾ താവ്ലി കളിച്ചുകൊണ്ടിരുന്നിരിക്കാം. കളി കഴിഞ്ഞു് എഴുന്നേറ്റപ്പോഴും ഒരു കുട്ടിയേക്കാൾ വലിപ്പമൊന്നുമില്ല അയാൾക്കു് എന്നു് അമ്മാവൻ കണ്ടിരിക്കണം.

ഒരുപക്ഷേ, ആ മനുഷ്യൻ ആരക്കു് ക്ലബ്ബിൽ വന്നു്, എന്റെ കൊസ്സ്രോവമ്മാവനുമായി, ആളറിയാതെ, താവ്ലി കളിച്ചു തോററു് ഒന്നും മിണ്ടാതെ ഇരുന്നിരിക്കാം.

അവരുടെ സ്നേഹം തുടങ്ങിയതു് എങ്ങനെയുമാകട്ടെ, അവർ തമ്മിലുള്ള ധാരണകൾ എന്തുമായിക്കൊള്ളട്ടെ, അവർ പരസ്പരം പറഞ്ഞിരുന്നതു് എന്തുമാകട്ടെ, അവർ ഇടയ്ക്കു്, ഒരുമിച്ചു ഞങ്ങളുടെ വീട്ടിൽ വരുമായി

രുന്നു; അവർ അവിടെ വരുന്നതു ഞങ്ങൾക്കു സന്തോഷ മായിരുന്നുതാനും.

ആദ്യത്തെ തവണ കൊസ്രോവമ്മാവൻ ആ അറ ബിയെ വീട്ടിൽ കൂടിക്കൊണ്ടു വന്നപ്പോൾ അതാരാണെ ന്നു ഞങ്ങളോടു പറയാൻ അദ്ദേഹം മറന്നു. ആ അറബി ഞങ്ങളുടെ നാട്ടുകാരിൽ ഒരാളായിരിക്കുമെന്നാണ് എന്റെ അമ്മ കരുതിയതു്; ഒരുപക്ഷേ, ഒരകന്ന ബന്ധുതന്നെ. പക്ഷേ, അയാൾ, ഞങ്ങളുടെ കുടുംബത്തിലെ മിക്കവരേ യുംകാൾ സ്വല്പംകൂടി കറുത്തതായിരുന്നു; ചെറുതും.

ആദ്യത്തെ ദിവസം എന്റെ അമ്മ ഒരാറുപ്രാവശ്യം പറഞ്ഞതിനുശേഷമേ ആ അറബി ഇരുന്നുള്ളു.

ഒരുപക്ഷേ, അയാൾക്കു ചെവി കേൾക്കില്ലായിരി ക്കാം, അവർ കരുതി.

അല്ല, അയാൾക്കു കേൾക്കാമായിരിക്കണം; അത്രശ്ശ്ര കാര്യമായി അയാൾ ശ്രദ്ധിച്ചിരുന്നു.

ഒരുപക്ഷേ, ഞങ്ങൾ ആർമീനിയൻ പറയുന്നതു് അയാൾക്കു മനസ്സിലാക്കാൻ കഴിഞ്ഞിരിക്കില്ല. ഏതു പട്ടണത്തിൽനിന്നാണു് വരുന്നതെന്നു് എന്റെ അമ്മ അയാളോടു് ചോദിച്ചു. അയാൾ മറുപടിയൊന്നും പറഞ്ഞില്ല.

"അയാൾ പാവപ്പെട്ടവനും ദുഃഖിതനുമായ ഒരനാഥ നാണു്," കൊസ്രോവമ്മാവൻ അടക്കിയ ശബ്ദത്തിൽ പറഞ്ഞു.

ആ അറബിക്കു സംസാരിക്കാൻ ആശ കാണുമെന്നു്, ഒരു നിമിഷത്തേക്കു് എന്റെ അമ്മയ്ക്കു തോന്നി. പക്ഷേ, കൊസ്രോവമ്മാവനെപ്പോലെതന്നെ അയാൾക്കും, അ തിൽക്കൂടുതൽ വേദനാകരമായി യാതൊന്നും ഇല്ല എന്നതു വളരെ വേഗം വ്യക്തമായി. അത്യാവശ്യമാണെങ്കിൽ

അയാൾക്കു സംസാരിക്കാൻ കഴിയും; പക്ഷേ, വാസ്തവത്തിൽ യാതൊന്നുമില്ലായിരുന്നു പറയാൻ, എന്നുമാത്രം.

എന്നോട്ട് ആ മുറിയിൽനിന്നു പോകാൻ അമ്മ ആവശ്യപ്പെട്ടു.

"അവക്കു സംസാരിക്കണം," അമ്മ പറഞ്ഞു.

"സംസാരിക്കുകയോ?" ഞാൻ ചോദിച്ചു.

"അവക്കു തനിയേയിരിക്കണം," അമ്മ പറഞ്ഞു.

ഞാൻ അടുത്ത മുറിയിലെ മേശയ്ക്കരികിൽ ചെന്നിരുന്ന് ഒരു പുസ്തകത്തിന്റെ താളുകൾ മറിക്കാൻ തുടങ്ങി. ആ പുസ്തകം കമ്പോട്ടുകമ്പ് എനിക്കറിയാമായിരുന്നു. ഞാൻ അതിന്റെ പേജുകൾ കുറെയേറെ വേഗത്തിൽ മറിച്ചിട്ടുണ്ടാകണം.

"പതുക്കെ, എടാ, പതുക്കെ," കൊസ്രോവമ്മാവൻ വിളിച്ചുപറഞ്ഞു.

അവർ രണ്ടുപേരും ഒരു മണിക്കൂറോളം അവിടെയിരുന്നു. അതിനുശേഷം ഒരക്ഷരം മിണ്ടാതെ അറബി അവിടെനിന്നു പോയി.

ഞാൻ അയാൾ ഇരുന്നിരുന്ന സ്ഥാനത്തു ചെന്നിരുന്നു.

"എന്താ അയാളുടെ പേര്?" ഞാൻ ചോദിച്ചു.

"മിണ്ടാതിരിക്ക്," കൊസ്രോവമ്മാവൻ പറഞ്ഞു.

"ശരി, അയാളുടെ പേരെന്താ?" ഞാൻ ചോദിച്ചു.

എന്തുചെയ്യണമെന്നറിയാൻ കഴിയാത്തവിധം കൊസ്രോവമ്മാവന് ദേഷ്യംവന്നു. തന്നെ ആരോ കൊല്ലാൻ ശ്രമിക്കുന്നതുപോലെ, അദ്ദേഹം ഉറക്കെ എന്റെ അമ്മയെ വിളിച്ചു.

"മറിയം, മറിയം!" അദ്ദേഹം അലറി.

എന്റെ അമ്മ ആ മുറിയിലേക്ക് ഓടിവന്നു.

"എന്താണിതു്?" അവർ ചോദിച്ചു.

"ദയവുചെയ്തു് അവനെ ഇവിടെനിന്നു് ഓടിക്കു," കൊമ്രോവമ്മാവൻ പറഞ്ഞു.

" എന്താണു് കാര്യം?"

"അവനു് ആ അറബിയുടെ പേരറിയണമത്രെ."

അമ്മ പറഞ്ഞു: "ശരി, അവൻ കുട്ടിയല്ലേ, അവനു് കാര്യങ്ങൾ അറിയണമെന്നുണ്ടാകും; അവനതു് പറഞ്ഞുകൊടുത്തേക്കു."

"അതുകൊള്ളാം, നീയും കൂടിയോ? എന്റെ സ്വന്തം പെങ്ങൾ. ദുഃഖിതയും പാവപ്പെട്ടവളുമായ എന്റെ കുഞ്ഞുപെങ്ങൾ," കൊമ്രോവമ്മാവൻ ഉറക്കെ പറഞ്ഞു.

"അതുപോട്ടെ, എന്താണു് ആ അറബിയുടെ പേരു്?" എന്റെ അമ്മ ചോദിച്ചു.

"ഞാൻ പറയില്ല; അത്രതന്നെ; ഞാൻ പറയില്ല." കൊമ്രോവമ്മാവൻ പറഞ്ഞു.

അദ്ദേഹം അവിടെനിന്നു് എഴുന്നേററുപോയി.

"അങ്ങോർക്കും ആ മനുഷ്യന്റെ പേരറിഞ്ഞുകൂടാ," എന്റെ അമ്മ വിശദീകരിച്ചു.

മൂന്നുദിവസത്തിനുശേഷം കൊമ്രോവമ്മാവനും ആ അറബിയുംകൂടി എന്റെ വീട്ടിൽ വന്നു. കൊമ്രോവമ്മാവൻ നേരെ എന്റെ അടുത്തുവന്നു പറഞ്ഞു: "അയാളുടെ പേരു് ഖലീൽ എന്നാണു്. ഇനി ഇവിടെനിന്നു പൊയ്ക്കോളൂ."

ഞാൻ വീട്ടിൽനിന്നിറങ്ങി പുറത്തുവന്നു്, എന്റെ മാതുലപുത്രന്മാരിൽ ഒരാളെ കാത്തുനിന്നു. പത്തു മിനിട്ടു കഴിഞ്ഞിട്ടും ആരും വന്നുകണ്ടില്ല. അതുകൊണ്ടു് ഞാൻ എന്റെ ബന്ധുവായ മുറാദിന്റെ വീട്ടിലേക്കു പോയി. അവിടെ, വരുന്ന അഞ്ചുകൊല്ലത്തിന്നുള്ളിൽ ഞങ്ങളിൽ

ആരായിരിക്കും കൂടുതൽ ശക്തിമാൻ എന്നതിനെപ്പററി തക്കിച്ചുകൊണ്ടു് ഞങ്ങൾ ഒരു മണിക്കൂറോളം ചെലവാക്കി.

ഞാൻ വീട്ടിൽ മടങ്ങിയെത്തിയപ്പോൾ രണ്ടാളുകളും പൊയ്ക്കഴിഞ്ഞിരുന്നു.

“അവർ എന്താണു് സംസാരിച്ചിരുന്നതു്?” ഞാൻ അമ്മയോടു ചോദിച്ചു.

“ഞാൻ ശ്രദ്ധിച്ചില്ല,” അമ്മ പറഞ്ഞു.

“അവർ എന്തെങ്കിലും സംസാരിച്ചോ?” ഞാൻ ചോദിച്ചു.

“എനിക്കറിയില്ല,” അമ്മ പറഞ്ഞു.

“അവർ ഒന്നും സംസാരിച്ചിട്ടില്ല,” ഞാൻ പറഞ്ഞു.

“ചില ആളുകൾ തങ്ങൾക്കെന്തെങ്കിലും പറയാനുള്ളപ്പോൾ, സംസാരിക്കും; മററു ചിലർ സംസാരിക്കില്ല,” അമ്മ പറഞ്ഞു.

“ഒന്നും സംസാരിക്കാതെ എങ്ങനെയാണു് എന്തെങ്കിലും പറയുക?” ഞാൻ ചോദിച്ചു.

“വാക്കുകൾ ഇല്ലാതെ സംസാരിക്കും. വാക്കുകൾ ഇല്ലാതെയാണല്ലോ നമ്മൾ എപ്പോഴും സംസാരിക്കുന്നതു്.”

“പിന്നെ വാക്കുകൾ എന്തിനാ?”

“മിക്കപ്പോഴും വലിയ പ്രയോജനമൊന്നുമില്ല. പലപ്പോഴും, യഥാർത്ഥത്തിൽ പറയാനാഗ്രഹിക്കുന്ന കാര്യം മറച്ചുവയ്ക്കാനേ അവ കൊള്ളൂ. അല്ലെങ്കിൽ പറയണമെന്നില്ലാത്തതു പറയാനും.”

“അതു പോട്ടെ, അവർ എന്തെങ്കിലും സംസാരിച്ചോ?” ഞാൻ ചോദിച്ചു.

അമ്മ പറഞ്ഞു: "ഉവ്വെന്നാണ് എനിക്കു തോന്നുന്ന ത്. അവർ ഒരിക്കലും വായ തുറക്കുകയുണ്ടായില്ല; പക്ഷേ, മുഴുവൻസമയവും അവർ സംസാരിക്കുകയായിരുന്നു. അവ ക്ക് അന്യോന്യം മനസ്സിലാകും; അതുകൊണ്ട് അവർക്കു വായ തുറക്കേണ്ട ആവശ്യമേയില്ല. അവക്ക് ഒന്നും മറച്ചു വയ്ക്കാനുമില്ല."

"അവർ എന്താണ് സംസാരിച്ചിരുന്നതെന്ന് അവ ക്ക് യഥാർത്ഥത്തിൽ അറിയാമോ?" ഞാൻ ചോദിച്ചു.

"തീർച്ചയായും," എന്റെ അമ്മ പറഞ്ഞു.

"എന്താണതു്?" ഞാൻ ചോദിച്ചു.

"വാക്കുകൾകൊണ്ടല്ലല്ലോ പറഞ്ഞതു്, അതുകൊ ണ്ട് എനിക്കു പറയാൻ പററില്ല; പക്ഷേ, അവക്കറി യാം," അമ്മ പറഞ്ഞു.

ഏതാണ്ട് ഒരു കൊല്ലത്തേക്ക്, കൊസ്രോവമ്മാവ നും ആ അറബിയും ഇടയ്ക്കിടയ്ക്കു ഞങ്ങളുടെ വീട്ടിൽ വന്ന് ഇരിക്കാറുണ്ടായിരുന്നു. ചിലപ്പോൾ ഒരു മണിക്കൂറോളം അവർ ആ ഇരിപ്പ് ഇരിക്കും; ചിലപ്പോൾ രണ്ടു മണി ക്കൂറും.

ഒരിക്കൽ കൊസ്രോവമ്മാവൻ പെട്ടെന്ന് അറബി യുടെ നേരെ അലറി: "ഞാൻ പറയാമെടോ, അതു നിസ്സാ രമാണ്." അറബി ഒരക്ഷരംപോലും മിണ്ടിയിരുന്നില്ല.

മിക്കവാറും മുഴുവൻ സമയവും അവർ യാതൊന്നും മിണ്ടാതിരിക്കയാണു പതിവ്. പിരിയാറാവുമ്പോൾ കൊസ്രോവമ്മാവൻ പറയും: "ദുഃഖിതരും പാവപ്പെട്ടവരു മായ അനാഥർ."

ഒരുദിവസം കൊസ്രോവമ്മാവൻ ഒറ്റയ്ക്കു ഞങ്ങളുടെ വീട്ടിൽ വന്നു. അപ്പോഴാണ്, കഴിഞ്ഞ കുറെ മാസങ്ങ

ളായി അറബി ഞങ്ങളുടെ വീട്ടിൽ വരാറില്ലെന്നു ഞാൻ ഓർത്തു്.

"അറബിയെവിടെ?" ഞാൻ ചോദിച്ചു.

"ഏതു് അറബി?" കൊസ്രോവമ്മാവൻ ചോദിച്ചു.

"നിങ്ങളുടെകൂടെ ഇവിടെ വരാറുള്ള ദുഃഖിതനും പാവപ്പെട്ടവനും ആയ ചെറിയ അറബി, അയാളെവിടെ?" ഞാൻ ചോദിച്ചു.

"മറിയം!" കൊസ്രോവമ്മാവൻ ഉറക്കെ വിളിച്ചു.

"ഇതിൽ എന്താണാവോ കുഴപ്പം? ഞാനിപ്പോൾ എന്താണു ചെയ്യുതു്?" ഞാൻ ആലോചിച്ചു.

"മറിയം, മറിയം!" അമ്മാവൻ ഉറക്കെ വിളിച്ചു.

എന്റെ അമ്മ മുറിയിലേക്കു വന്നു.

"എന്താണിതു്?" അവർ ചോദിച്ചു.

കൊസ്രോവമ്മാവൻ പറഞ്ഞു: "നിനക്കു മനസ്സുണ്ടെങ്കിൽ കേൾക്കു. ഇവൻ നിന്റെ മകനാണു്. നീ എന്റെ കുഞ്ഞനിയത്തിയുമാണു്. ദയവുചെയ്തു് ഇവനെ ഇവിടെനിന്നു് ഓടിക്കു. ഇവനോടെനിക്കു ഹൃദയത്തിൽ തട്ടിയ സ്നേഹമുണ്ടു്. ഇവൻ ഒരമേരിക്കക്കാരനാണു്. ഇവൻ ഇവിടെയാണു് ജനിച്ചതു്. ഇവൻ ഒരിക്കൽ വലിയ ഒരാളാകും. എനിക്കതിനെപ്പറ്റി സംശയമേയില്ല. പക്ഷേ, ദയവുചെയ്തു് ഇവനെ ഇവിടെനിന്നു പറഞ്ഞയയ്ക്കു."

"എന്തിനു്? എന്താണിതു്?" എന്റെ അമ്മ ചോദിച്ചു.

"എന്താണെന്നോ? എന്താണെന്നോ? അവൻ സംസാരിക്കുന്നു. അവൻ ചോദ്യം ചോദിക്കുന്നു; എനിക്കവനെ ഇഷ്ടമാണു്," അമ്മാവൻ പറഞ്ഞു.

"ആരം!" അമ്മ വിളിച്ചു.

കൊസ്രോവമ്മാവന്ന് എൻെറനേരെ ദേഷ്യമുണ്ടായിരുന്നു. പക്ഷേ, എനിക്ക് അദ്ദേഹത്തിൻെറ നേരെയും ദേഷ്യമുണ്ടായിരുന്നു.

"ആ അറബിയെവിടെ?" ഞാൻ ചോദിച്ചു.

കൊസ്രോവമ്മാവൻ എൻെറ അമ്മയുടെനേരെ തിരിഞ്ഞു. അദ്ദേഹം പറഞ്ഞു: "നീ കണ്ടോ? നിൻെറ മകൻ, എൻെറ മരുമകൻ, എൻെറ സ്വന്തം രക്തം; നീ നോക്ക്. നമ്മളെല്ലാം പാവങ്ങളും ദുഃഖിതരുമാണ്, അവനൊഴിച്ച്."

"ആരം!" അമ്മ വിളിച്ചു.

"നിങ്ങൾ പറഞ്ഞില്ലെങ്കിൽ എനിക്കറിയാൻ കഴിയുകയില്ല; ആ അറബിയെവിടെ?" ഞാൻ ചോദിച്ചു.

കൊസ്രോവമ്മാവൻ ഒരക്ഷരം മിണ്ടാതെ വീട്ടിൽ നിന്നിറങ്ങിപ്പോയി.

"ആ അറബി മരിച്ചുപോയി," എൻെറ അമ്മ പറഞ്ഞു.

"എപ്പോഴാണ്, അദ്ദേഹം അമ്മയോടു പറഞ്ഞത്," ഞാൻ ചോദിച്ചു.

"എന്നോടു പറഞ്ഞില്ല," അമ്മ പറഞ്ഞു.

"പിന്നെ അമ്മയെങ്ങനെയറിഞ്ഞു?" ഞാൻ ചോദിച്ചു.

"അതെനിക്കറിയില്ല; പക്ഷേ, അയാൾ മരിച്ചു," അമ്മ പറഞ്ഞു.

കൊസ്രോവമ്മാവൻ കുറെയേറെ ദിവസത്തേക്ക് ഞങ്ങളുടെ വീട്ടിലേക്കു വരികയുണ്ടായില്ല. അദ്ദേഹം ഇനി ഒരിക്കലും വരികയില്ലെന്ന് ഇടയ്ക്ക് എനിക്കു തോന്നി. പക്ഷേ, അദ്ദേഹം വന്നു. വന്നപാടെ തലയിൽ

തൊപ്പിയോട്ടുകൂടിത്തന്നെ മുറിയിൽ നിന്നുകൊണ്ടു് അദ്ദേഹം പറഞ്ഞു: "ആ അറബി മരിച്ചുപോയി. വീട്ടിൽ നിന്നു് ആറായിരം നാഴിക അകലെ, ഒരന്യലോകത്തിൽ വച്ചു്, ഒരനാഥനായി അയാൾ മരിച്ചു. വീട്ടിൽ ചെന്നു കിടന്നു മരിക്കണമെന്നു് അയാൾക്കുണ്ടായിരുന്നു. തൻെറ മക്കളെ വീണ്ടും കാണണമെന്നു് അയാൾക്കു് ആഗ്രഹമുണ്ടായിരുന്നു. അവരോടു വീണ്ടും സംസാരിക്കാൻ അയാൾ കൊതിച്ചു. അവരുടെ ശബ്ദം കേൾക്കാൻ അയാൾ ആഗ്രഹിച്ചു. അയാൾക്കു പണമില്ലായിരുന്നു. അവരെപ്പററി സദാസമയവും അയാൾ ഓർത്തുകൊണ്ടിരുന്നു. ഇപ്പോൾ, അയാൾ മരിച്ചുപോയിരിക്കുന്നു. ഇനി പൊയ്ക്കോളൂ; എനിക്കു നിന്നെ ഇഷ്ടമാണു്."

ആ അറബിക്കു് എത്ര മക്കളുണ്ടായിരുന്നു? എത്ര കാലമായി അയാൾ അവരെ വിട്ടുപോന്നിട്ടു്? എന്നിങ്ങനെ ചില ചോദ്യങ്ങൾകൂടി ചോദിക്കണമെന്നു് എനിക്കുണ്ടായിരുന്നു. പക്ഷേ, എൻെറ ബന്ധുവായ മുറാദിന്റെ അടുത്തുപോയി ഇപ്പോൾ ഞങ്ങളിലാരാണു് ശക്തിമാനെന്നു കണ്ടുപിടിക്കാനാണു് ഞാൻ തീരുമാനിച്ചതു്. അതുകൊണ്ടു് ഒരക്ഷരം മിണ്ടാതെ ഞാനവിടെനിന്നു പോന്നു. കൊസ്രോവമ്മാവനെ അതു വളരെയേറെ സന്തോഷിപ്പിച്ചിരിക്കണം. എന്തായാലും എന്നെപ്പററി ആശക്കുല്ലം വഴിയുണ്ടെന്നു് അദ്ദേഹത്തിനു തോന്നാനും അതു കാരണമായിട്ടുണ്ടാകാം.

•

## അവിശ്വാസികളോട്
## ഒരു വാക്ക്

ബസ്സിൽ യാത്രചെയ്യുകയാണെങ്കിൽ റെനോമുതൽ സാൾട്ട്ലേക്ക് പട്ടണംവരെ, നിങ്ങൾ മരുഭൂമി മാത്രമേ കാണൂ; ആഗസ്ററുമാസമാണെങ്കിൽ വരണ്ട ചൂടും നിങ്ങൾക്കനുഭവപ്പെടും. ആ മരുഭൂമി, ചിലപ്പോൾ വെളുത്തതായിരിക്കും; ചിലപ്പോൾ ചെമ്പിച്ചതും. സൂര്യാസ്തമയത്തോടടുത്ത്, അതിൻെറ നിറം, വെളുപ്പിൽനിന്നോ, തവിട്ടിൽനിന്നോ, മഞ്ഞയിലേക്കും തുടൎന്നു കറുപ്പിലേക്കും മാറും. പിന്നെ രാത്രിയായി—അപ്പോഴാണ് മരുഭൂമി ഏററവും ആകർഷകമായിരിക്കുക. മരുഭൂമിയും രാത്രിയും ഒരുമിച്ചു ചേരുമ്പോൾ അഗാധമായ ഒരു ശാന്തത നിങ്ങൾക്കനുഭവപ്പെടും.

നിങ്ങൾ എന്നുമെന്നും ഓൎമ്മിക്കുന്ന ഒന്നാണ് ആ സ്ഥിതിവിശേഷം.

ഒരിക്കൽ ന്യൂയോൎക്കിലേക്കു പോകുന്നവഴി, റെനോമുതൽ സാൾട്ട്ലേക്ക് പട്ടണംവരെ ബസ്സിൽ യാത്രചെയ്തതുകൊണ്ടാണ് എനിക്കിതെല്ലാം അറിയാൻ കഴിഞ്ഞത്.

ഗൈക്കോഅമ്മാവൻ ഒരിക്കൽ, എൻെറ പട്ടണം വിട്ട് ന്യൂയോൎക്കിലേക്കു പോകാൻ എന്നെ ഉപദേശിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു: "ഈ ചെറിയ പട്ടണത്തിൽ കഴിഞ്ഞുകൂടാതെ. അതു വെറും ഭ്രാന്താണ്. ആരം, നീ ന്യൂയോൎക്കിലേക്കു പൊയ്ക്കോ."

അങ്ങനെയാണ്, ഞാൻ റെനോമുതൽ സാൾട്ട്ലേക്ക് പട്ടണംവരെ ബസ്സിൽ യാത്രചെയ്യാനിടയായത്.

ഞാൻ അതിനുമുമ്പു കാണാത്ത ഒരു പ്രദേശമായിരുന്നു അതു്. ശൂന്യതനിറഞ്ഞ, ഉണങ്ങിവരണ്ട കിടക്കുന്ന വിശാലമായ ഭൂവിഭാഗങ്ങൾ. രാവും പകലും ഞാൻ ആ പ്രദേശങ്ങൾ നോക്കിക്കൊണ്ടേയിരുന്നു. ആകുന്നത്ര കാര്യങ്ങൾ കണ്ടു മനസ്സിലാക്കാൻ ശ്രമിക്കാതെ അത്തരം പ്രദേശങ്ങളിലൂടെ കടന്നുപോകാൻ ഞാൻ ഇഷ്ടപ്പെട്ടില്ല.

റെനോവിൽനിന്നു പുറപ്പെട്ട്, ബസ്സ് മരുഭൂമിയിലേക്കു പ്രവേശിച്ചു. നഗരത്തിലെ ഉജ്ജ്വലമായ പ്രകാശത്തിൽനിന്നു്, മരുഭൂമിയിലെ ഇരുട്ടിലേക്കു ബസ്സ് കടന്നു. ആ ഉജ്ജ്വലമായ പ്രകാശത്തേയും മരുഭൂമിയേയുംകുറിച്ച് പാതിരമുതൽ നേരം വെളുക്കുന്നതുവരെ ഞാൻ ചിന്തിച്ചുകൊണ്ടിരുന്നു. എന്നിട്ടും, അതിനെക്കുറിച്ച് ഏതാനും വാക്കുകളിൽ പറഞ്ഞൊപ്പിക്കാനുള്ള വകപോലും എനിക്ക് കണ്ടെത്താൻ കഴിഞ്ഞില്ല.

രാവിലെ ബസ്സു നിന്നപ്പോൾ ഞാൻ പുറത്തിറങ്ങി ചുറ്റും നല്ലവണ്ണം നോക്കി. ആകാശവും ഭൂമിയും മാത്രമേയുള്ളൂ. സൂര്യൻ ഉദിച്ചുയരുന്നു. വാക്കുകൾകൊണ്ട് എനിക്കതു വിവരിക്കാൻ വയ്യ. ശൂന്യതയായിരുന്നു അതു്—അത്രയേ പറഞ്ഞുകൂടൂ; വെറും ശൂന്യത. തെരുവുകളില്ല; കെട്ടിടങ്ങളില്ല; മൂലകളില്ല; വാതിലുകളില്ല; ജനാലകളില്ല; പരസ്യപ്പലകകളില്ല—യാതൊന്നുമില്ല.

എന്റെ ജന്മസ്ഥലംപോലുള്ള ഒരു ചെറിയ പട്ടണത്തിൽ കാലം കഴിക്കരുതെന്നു് ഗൈക്കോഅമ്മാവൻ എന്നെ ഉപദേശിക്കുകയുണ്ടായി. ഇപ്പോൾ, ഈ മരുഭൂമിയിൽനിന്നു പുറത്തു കടന്നു്, വലിയ ഒരു പട്ടണത്തിലെത്തി, വീണ്ടും എന്തെങ്കിലും മനസ്സിലാക്കാനുള്ള ക്ഷമ എനിക്കില്ലാതെയായി. ഞങ്ങളുടെ ചെറിയ പട്ടണത്തിൽനിന്നു പുറത്തു കടന്നു് ഈ മരുഭൂമിയിലൂടെ യാത്ര

ചെയ്യുന്നതു് ഗൈക്കോഅമ്മാവനും നല്ലതായിരിക്കും എന്നു് എനിക്കു തോന്നിത്തുടങ്ങി. അദ്ദേഹത്തിൻെറ ചുറ്റും, രാവും പകലും, മരുഭൂമിയങ്ങനെ പരന്നു കിടക്കുമ്പോൾ, എല്ലാ കാര്യത്തെപ്പററിയും ഇന്നുള്ള തീർച്ച അദ്ദേഹത്തിനുണ്ടായിരിക്കില്ല എന്നു് എനിക്കു തോന്നി.

ഇത്തരം ഒരു സ്ഥലത്തുവച്ചു്, എനിക്കു് ഒന്നും ചിന്തിക്കാൻ കഴിയില്ലെന്നും ഞാൻ കരുതി. അറിവുണ്ടെന്ന തോന്നൽതന്നെ എനിക്കുണ്ടായില്ല. എനിക്കു് ഏകാന്തത അനുഭവപ്പെട്ടുകയും ചെയ്തു. അതുകൊണ്ടാണു് ബസ്സിൽ ഉണ്ടായിരുന്ന ഒരേയൊരു യുവതിയോടു സംസാരിക്കാൻ ഞാൻ മുതിന്നതു്.

"ഈ സ്ഥലത്തിന്റെ പേരെന്താണു്?" ഞാൻ അവളോടു ചോദിച്ചു.

അവൾക്കു് ഒരു മുപ്പത്തഞ്ചു വയസ്സെങ്കിലും ആയിരിക്കും; ഒട്ടും സുന്ദരിയല്ലായിരുന്നുതാനും.

"ഏതു സ്ഥലത്തിൻെറ?" അവൾ ചോദിച്ചു.

"ഈ ചുറ്റുപാടും കാണുന്ന സ്ഥലത്തിന്റെ," ഞാൻ പറഞ്ഞു.

"ആവോ, എനിക്കറിഞ്ഞുകൂടാ," അവൾ പറഞ്ഞു.

അതോടെ തല്ക്കാലത്തേക്കു ഞങ്ങളുടെ സംസാരം അവസാനിച്ചു. പിറേറദിവസം വൈകുന്നേരം കുറെ വൈകിയപ്പോൾ അവൾ എന്നോടു് സമയമെത്രയായി എന്നു ചോദിച്ചു. എനിക്കറിഞ്ഞുകൂടെന്നു ഞാൻ മറുപടി പറഞ്ഞു.

ആഴ്ച എന്താണെന്നുകൂടി എനിക്കറിയില്ലായിരുന്നു. എനിക്കൊന്നും അറിഞ്ഞുകൂടാ എന്നതാണു് എനിക്കാകെ അറിയാവുന്നതു് എന്നു് എനിക്കു തോന്നാൻതുടങ്ങിയിരുന്നു. ആകുന്നത്ര വേഗത്തിൽ സാൾട്ട്ലേക്കു് പട്ടണ

ത്തിൽ എത്തിയാൽ മതിയെന്നായി എനിക്കു്. എങ്കിൽ, തെരുവുകളും സ്ഥലങ്ങളും, ആളുകൾ അങ്ങുമിങ്ങും നടക്കുന്ന കാഴ്ചകളും എല്ലാം എനിക്കു കാണാൻ കഴിയുമല്ലോ; മാത്രമല്ല, ഒരുപക്ഷേ, ഈ മരുഭൂമിയിൽ തീരെ ഉപയോഗശൂന്യമായിത്തീൎന്ന ഗ്രന്ഥവിജ്ഞാനം തിരിച്ചെടുക്കാനും എനിക്കു കഴിഞ്ഞേക്കാം.

ഞാൻ പറഞ്ഞു: "വീണ്ടും പട്ടണത്തിലൊന്നു് എത്തിക്കിട്ടിയാൽ മതി, ഞാൻ മററാരേയുംപോലെതന്നെ അറിവുള്ളവനായിത്തീരും—ഒരുപക്ഷേ, കൂടുതൽ അറിവുള്ളവൻ. ഈ മരുഭൂമിയിൽനിന്നു് എന്നെ ഒന്നു രക്ഷപ്പെടുത്തു; ഞാൻ എല്ലായിടത്തും പൊട്ടിച്ചിരിച്ചു് ഓടിനടക്കും."

ഇല്ല, എനിക്കു തെററുപററി. സാൾട്ട്ലേക്ക് പട്ടണത്തിൽ എത്തിയപ്പോൾ എനിക്കു്, അൻപതു സെൻറു് വാടകക്കു് ഒരു മുറിയോ, പതിനഞ്ചു സെന്റിനു് നല്ലൊരൂണു ലഭിക്കുന്ന ഇടമോ കണ്ടെത്താൻ കഴിഞ്ഞില്ല. എനിക്കു ക്ഷീണവും വിശപ്പും ഉറക്കവും ഉണ്ടായിരുന്നു; തെരുവിൽ കാണുന്ന ആളുകളോടും കെട്ടിടങ്ങളോടും എല്ലാം എനിക്കു ദേഷ്യംതോന്നി. വീട്ടിൽനിന്നു് ഒരിക്കലും പുറപ്പെടരുതായിരുന്നു എന്നു തോന്നിപ്പോയി എനിക്കു്.

ഒരു പഴയ ഹോട്ടലിലെ ചെറിയൊരു മുറിക്കുവേണ്ടി ഞാൻ ഒരു ഡോളർ കൊടുത്തു. ഞാൻ താമസിച്ചിട്ടുള്ള ഏററവും മോശമായ മുറിയായിരുന്നു അതു്. ഞാനവിടെ കഴിച്ചുകൂട്ടിയതിനിടക്കു് ലോകചരിത്രത്തിലുള്ള എല്ലാത്തരം ദൃശ്യങ്ങളും ഞാൻ കണ്ടു; എല്ലാത്തരം ഭയങ്കരശബ്ദങ്ങളും ഞാൻ കേട്ടു. രണ്ടുമണിക്കൂർ നേരത്തേക്കു്, മുറിയുടെ നടുവിൽ ഉണ്ടായിരുന്ന കസേരയിൽനിന്നു ഞാൻ അനങ്ങിയതേയില്ല. അവിടെനിന്നു് എഴുന്നേററു്

വാതില്ക്കലോ ജനാലയ്ക്കലോ എത്താൻ കഴിയുന്നതിനു മുമ്പ്, എന്തെങ്കിലും എന്നെ പിടികൂടി കൊന്നുകളയുമെന്ന് എനിക്കു തീർച്ചയായിരുന്നു. അവിടെനിന്നു് ജീവനും കൊണ്ടു ഞാൻ എങ്ങനെ രഷപ്പെട്ടുവെന്നു് എനിക്കറിഞ്ഞുകൂടാ; പക്ഷേ, ഞാൻ രക്ഷപ്പെട്ടുവെന്നതു വാസ്തവം.

സാൾട്ട്ലേക്ക് പട്ടണത്തിലെ തെരുവുകളിലൂടെ ഞാൻ അലഞ്ഞുതിരിഞ്ഞു; കാൽ ഡോളറിനു് ഒരു ചെറിയ ഊണു് കിട്ടുന്ന ഒരു ഹോട്ടൽ ഞാൻ കണ്ടെത്തുകയും ചെയ്തു.

ഊണുകഴിഞ്ഞു് ഞാൻ ആ ചെറിയ ഹോട്ടലിലെ ചെറിയ മുറിയിലേക്കു മടങ്ങിപ്പോയി, ഉടുപ്പുകൾ അഴിച്ചിടാൻനില്ക്കാതെ, തൊപ്പിയോ ഷൂസോ ഊരിവയ്ക്കുക പോലും ചെയ്യാതെ, കിടക്കയിൽ കയറി കിടന്നു. വിളക്കണെയ്ക്കുന്നതിന്നു മുമ്പ്, കിടക്കയിൽനിന്നു് എണീററു് വാതിൽക്കൽവരെ ചെന്നെത്താൻ ഞാൻ പരിശീലനം നേടുകയുണ്ടായി. ഒററക്കുതിക്കാണു് താൻ വാതിൽവരെ എത്തുക; അരമിനിട്ടിനുള്ളിൽ റോട്ടിലും. പക്ഷേ, നേരം വെളുത്തപ്പോൾ എനിക്കു വളരെ ആശ്വാസം തോന്നി.

ഞാൻ അഞ്ചുമണിക്കു് ഉണർന്നെണീററു. പട്ടണത്തിൽനിന്നു് ഒമ്പതരയ്ക്കു പോകുന്ന ബസ്സ് തെററരുതെന്നു് എനിക്കുണ്ടായിരുന്നു.

ഒമ്പതേകാൽ മണിക്കു്, ഞാൻ, ബസ്സുകയറാനുള്ള സ്ഥലത്തെത്തി. അവിടെവെച്ച് ഏതാണ്ടു് അമ്പതോളം വയസ്സുള്ള പാവംപിടിച്ച ഒരു മനുഷ്യൻ ചെറിയ ഒരു പുസ്തകം എന്റെ കൈയിൽ തന്നുകൊണ്ടു് ചോദിച്ചു: "മകനെ, നീ രക്ഷിക്കപ്പെട്ടുവോ?"

ഇത്രയ്ക്കു പാവംപിടിച്ച ഒരു മനുഷ്യനെ ഞാൻ അതുവരെയ്ക്കും കണ്ടിരുന്നില്ല. നല്ല ഉയരത്തിൽ, വളരെ

മെലിഞ്ഞു്, മതാന്തരീക്ഷത്തിന്റെ മൂത്തിമൽഭാവമായ ഒരു മനുഷ്യൻ. അയാൾ എന്നോട്ട പണം ചോദിക്കുമെന്നു് ഞാൻ കരുതി. പക്ഷേ, എനിക്കു് ആ പുസ്തകം തന്നിട്ടു്, ഞാൻ രക്ഷിക്കപ്പെട്ടോ എന്നു ചോദിക്കമാത്രമാണു് അയാൾ ചെയ്തതു്. ആ പുസ്തകത്തിന്റെ പേരു്, 'അവിശ്വാസികളോട്ടു് ഒരു വാക്കു്,' എന്നായിരുന്നു.

"ഇല്ല, ഞാൻ രക്ഷിക്കപ്പെട്ടിട്ടുണ്ടെന്നു് എനിക്കു തോന്നുന്നില്ല; പക്ഷേ, അതിന്നു ഞാൻ അനുകൂലിയാണു്," ഞാൻ പറഞ്ഞു.

"സഹോദരാ, എനിക്കു നിന്നെ, രക്ഷിക്കാൻ കഴിയും," ആ മനുഷ്യൻ പറഞ്ഞു.

"പതിനഞ്ച്യ മിനിട്ടിനകം ഞാൻ ഈ പട്ടണം വിട്ടുകയാണു്," ഞാൻ പറഞ്ഞു.

"അതു സാരമില്ല; ഒരിക്കൽ നാല്യ മിനിട്ടുകൊണ്ടു ഞാൻ ഒരാളെ രക്ഷിക്കുകയുണ്ടായി—" ആ മനുഷ്യൻ പറഞ്ഞു.

ഞാൻ പറഞ്ഞു: "കൈവേഗതയുണ്ടല്ലോ. രക്ഷിക്കപ്പെടാൻ ഞാൻ എന്താണു് ചെയ്യേണ്ടതു്."

ആ മനുഷ്യൻ പറഞ്ഞു: "മകനേ, നീയൊന്നും ചെയ്യേണ്ടതില്ല. ജീവിച്ചിരിക്കുന്ന ഓരോ മനുഷ്യനും രക്ഷിക്കപ്പെടലിനോട്ടു് എത്രമാത്രം അടുത്താണു് കഴിഞ്ഞുകൂട്ടുന്നതു് എന്നതിനെപ്പററി നിനക്കൊരു രൂപവുമില്ല. നിനക്കറിയാവുന്ന ആരും അങ്ങനെയാണു്. രക്ഷിക്കപ്പെടുന്നതിന്നു മുമ്പു് ഞാൻ, അപൂർവ്വതത്തിലുള്ള വസ്തുക്കൾ, ശക്തിയുള്ള മദ്യം, കുതിരകൾ, ചീത്ത സ്ത്രീകൾ—ഇവയെല്ലാം ഇഷ്ടപ്പെട്ടിരുന്നു. എല്ലാംതന്നെ. ഒരു രാത്രികൊണ്ടു പരിവത്തനം വന്നു."

"എങ്ങനെ?" ഞാൻ ചോദിച്ചു.

"ഉറങ്ങാൻ കഴിഞ്ഞില്ല; ചിന്തിക്കാൻ തുടങ്ങി. അവസാനം, ഒരിക്കലും സത്യത്തിന്റെ ശത്രുവാകാനല്ല ഞാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നു് ഞാൻ കണ്ടുപിടിച്ചു," ആ മനുഷ്യൻ പറഞ്ഞു.

"എന്തു സത്യം?" ഞാൻ ചോദിച്ചു.

അയാൾ പറഞ്ഞു: "യഥാർത്ഥ സത്യം. കക്കുകയോ, കുടിക്കുകയോ, യാത്രചെയ്യുകയോ ഒക്കെ ചെയ്യുന്ന ഓരോ മനുഷ്യനും സത്യം അന്വേഷിക്കുകയാണു്. മകനേ, നീ എവിടേക്കോ പോവുകയാണു് അല്ലേ? എവിടേക്കാണു പോകുന്നതു്?"

"ഞാൻ ന്യൂയോർക്കിലേക്കു പോകുന്നവഴിയാണു്," ഞാൻ പറഞ്ഞു.

അയാൾ പറഞ്ഞു: "കൊള്ളാം. നിനക്കവിടെ സത്യം കണ്ടെത്താൻ കഴിയുകയില്ല. കഴിഞ്ഞ മുപ്പതു കൊല്ലത്തിന്നുള്ളിൽ ആറുതവണ ഞാൻ അവിടെ പോയിട്ടുണ്ടു്. ലോകം മുഴുവൻ ചുറ്റിസ്സഞ്ചരിച്ചാലും യാതൊന്നും കണ്ടെത്താൻ കഴിയുകയില്ല. കാരണം, അതല്ല, എന്തെങ്കിലും കണ്ടെത്താനുള്ള വഴി. കാഴ്ചപ്പാടിൽ മാററം വരുത്തുകയാണു വേണ്ടതു്."

"അതു് എളുപ്പമായിരിക്കണമല്ലോ," ഞാൻ പറഞ്ഞു.

"ഈ ലോകത്തിൽവെച്ചു് ഏററവും എളുപ്പമുള്ള പണി," അയാൾ പറഞ്ഞു.

"ശരി, എനിക്കൊന്നും നഷ്ടപ്പെടാനില്ലല്ലോ. എങ്ങനെയാണു് ഞാൻ എന്റെ കാഴ്ചപ്പാടു മാറേറണ്ടതു്?" ഞാൻ ചോദിച്ചു.

"അതോ, കാര്യങ്ങൾ സങ്കല്പിച്ചുണ്ടാക്കാനുള്ള ശ്രമം

നിത്തണം; എന്നിട്ട വിശ്വസിക്കണം," ആ മതപ്രവത്തകൻ പറഞ്ഞു.

"വിശ്വസിക്കണം, എന്തു വിശ്വസിക്കണം?" ഞാൻ ചോദിച്ചു.

അയാൾ പറഞ്ഞു: "എല്ലാം. നിനക്ക് ആലോചിക്കാൻ കഴിയുന്നതെല്ലാം. ഇടത്തും, വലത്തും, വടക്കും കിഴക്കും, തെക്കും, പടിഞ്ഞാറും, മുകളിലും, താഴത്തും, ചുറ്റിലും, അകത്തും, പുറത്തും, കാണാവുന്നതും, കാണാൻ വയ്യാത്തതും, നല്ലതും, ചീത്തയും—എല്ലാം വിശ്വസിക്കണം. അതു മാത്രമാണ് വഴി. അമ്പതു കൊല്ലം വേണ്ടിവന്നു എനിക്കിതു കണ്ടെത്താൻ."

"ഇതു മാത്രമാണോ ഞാൻ ചെയ്യേണ്ടതു്?" ഞാൻ ചോദിച്ചു.

"അതേ മകനേ," അയാൾ പറഞ്ഞു.

"ശരി, ഞാൻ വിശ്വസിക്കുന്നു," ഞാൻ പറഞ്ഞു.

അയാൾ പറഞ്ഞു: "മകനേ, നീ രക്ഷിക്കപ്പെട്ടിരിക്കുന്നു. നിനക്കിനി ന്യൂയോർക്കിലേക്കല്ല, എവിടേക്കു വേണമെങ്കിലും പോകാം, എല്ലാം എളുപ്പമായിരിക്കും."

"നിങ്ങൾ പറയുന്നതു ശരിയായിരിക്കും എന്നു ഞാൻ കരുതുന്നു," ഞാൻ പറഞ്ഞു.

"നിനക്കതു സ്വയം ബോധ്യമാകും," ആ മനുഷ്യൻ പറഞ്ഞു.

ആ വലിയ ബസ്സ് വന്നുചേൎന്നു; ഞാൻ അതിൽ കയറി. മെലിഞ്ഞു്, ഉയരമുള്ള ആ മതപ്രവത്തകൻ അഭിമാനപൂൎവ്വം പുഞ്ചിരിച്ചുകൊണ്ട ജനാലവരെ വന്നു.

"ഞാൻ രക്ഷപ്പെടുത്തുന്ന മുപ്പത്തേഴാമത്തെ ആളാണ് നീ," അയാൾ പറഞ്ഞു.

"കൊള്ളാം, വളരെ നന്ദി, പോയ്‌വരട്ടെ," ഞാൻ പറഞ്ഞു.

"ഇതു ചെയ്യാൻ കഴിഞ്ഞതിൽ എനിക്കു സന്തോഷമുണ്ട്. മറക്കരുത്; വിശ്വസിച്ചോളു," അയാൾ പറഞ്ഞു.

"മറക്കില്ല, ഞാൻ വിശ്വസിക്കാം," ഞാൻ പറഞ്ഞു.

"എന്തും," അയാൾ പറഞ്ഞു.

ബസ്സ് പുറപ്പെട്ടു.

"ഏതു പഴഞ്ചൻകാര്യവും," ഞാൻ പറഞ്ഞു.

ബസ്സ് പതുക്കെ മുന്നോട്ടു നീങ്ങി.

നേരംപോക്കിനുവേണ്ടി, വെറുതെ, ഞാൻ ആ മനുഷ്യനെ കളിപ്പിക്കുകയായിരുന്നു എന്ന് ഞാൻ വിചാരിച്ചു. പക്ഷേ, എനിക്ക് തെററുപററിയിരിക്കുന്നു. ഞാൻ അറിയാതെതന്നെ ഞാൻ രക്ഷിക്കപ്പെട്ടിരിക്കുന്നു. ബസ്സ്, സാൾട്ട്‌ലേക്ക്‌പട്ടണം വിട്ട് പത്തുമിനിട്ടു കഴിയുമ്പോഴേക്ക്, ഞാൻ എന്തും വിശ്വസിക്കാൻ തുടങ്ങി. അയാൾ പറഞ്ഞതുപോലെ, ഇടത്തും വലത്തും എല്ലാം. അതിനുശേഷം എന്നും എൻെറ സ്ഥിതി അതാണ്.

★

MADRAS UNIVERSITY LIBRARY
MAR 2003
CHENNAI-600 005
03216
75

# എന്റെ പേർ ആരം

## വില്യം സരോയൻ

ലോകം അത്ഭുതങ്ങളുടെ കൂത്തരങ്ങും ജീവിതം മനോഹരമായ ഒരു സ്വപ്നവും ആയി അനുഭവപ്പെട്ടിരുന്ന ആ നല്ലകാലം—അന്ന് ആരമിന് ഒമ്പതുവയസ്സാണ് പ്രായം. അന്നവൻ അഴകുള്ള ഒരു വെള്ളക്കുതിരപ്പുറത്ത് ഒരു സവാരി ചെയ്തു; മാതുലപുത്രന്മാരിൽ ഒരാളായ മുറാദുചേട്ടനുമൊത്ത്. എന്തെന്ത് രസകരങ്ങളായ അനുഭവങ്ങളാണ് ആ ചെറുപ്രായത്തിൽ അവനുണ്ടായിരുന്നതെന്നോ? ഏഴുവയസ്സായി ഈ ലോകത്തിലെ ഒരു പ്രത്യേകവ്യക്തിയായി ജീവിക്കാൻ തുടങ്ങിയതു മുതൽ പതിനേഴാംവയസ്സിൽ സ്വന്തം ജന്മദേശം വിട്ട് ലോകത്തിന്റെ മററുചില ഭാഗങ്ങളിലേക്കു പോയതുവരെയുള്ള കാലഘട്ടത്തിലെ മധുരസ്മരണകൾ ആരം അയവിറക്കുകയാണ് ഈ കൃതിയിൽ. ഒരു കൊച്ചുകുട്ടി ഈ ലോകത്തെ നോക്കിക്കണ്ടാൽ അതെങ്ങനെയിരിക്കും? അവന്റെ ജീവിതത്തി
കടന്നുവരുന്ന മനുഷ്യ
വങ്ങളും